അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് വികസനരേഖ





ജനകീയ ആസൂത്രണ സമിതി

"ആരോഗ്യമുള്ള ഒരു പുരുഷനോ സ്ത്രീക്കോ ജോലിയോ ആഹാരമോ ഇല്ലാത്തിടത്തോളം കാലം നമ്മൾ വിശ്രമിക്കുന്നതിലും ആഹാരം കഴിക്കുന്നതിലും ലജ്ജിക്കേണ്ടിയിരിക്കുന്നു."

ഗാന്ധിജി

ഉള്ളടക്കം

1) ആമുഖം

2) അമ്പലപ്പുഴയുടെ ഇന്നലെകൾ

3) ഭൂമി, ജലം, ജനം.

4) പഞ്ചായത്തിന്റെ പൊതുവിവരണം

5) വികസന മേഖലകൾ

(I) കൃഷി ജലസേചനം

(II) മൃഗ പരിപാലനം, മത്സ്യബന്ധനം

(III) വ്യവസായം

(IV) ഊർജ്ജം–ഗതാഗതം–മാർക്കറ്റ്

(V) വിദ്യാഭ്യാസം

(VI) പാർപ്പിടവും സാമൂഹ്യക്ഷേമവും

(VII) കുടിവെള്ളവും പൊതുജനാരോഗ്യവും

(VIII) പട്ടികജാതി– പട്ടികവർഗ്ഗക്ഷേമം

(IX) സഹകരണം

(X) സംസ്കാരം

(XI) വനിതാക്ഷേമം

(XII) വിഭവസമാഹരണം

6) ഉപസംഹാരം

ആമുഖം

" സൃഷ്ടിപരമായ പ്രവർത്തനം വെറും തൊഴിൽദാനപരിപാടിയല്ല; അതിന്റെ ലക്ഷ്യവും മാർഗ്ഗവും ദയയോ ഭിക്ഷാദാനമോ അല്ല. മറിച്ച് ജനങ്ങളിൽ സ്വാശ്രയ ബോധവും ഇഛാശക്തിയും വളർത്തി അവരെ കർമ്മോൻമുഖരാക്കുക എന്നുള്ളതാണ്. അധികാരകേന്ദ്രങ്ങളെ നിയന്ത്രിക്കാനും ദുർവിനിയോഗത്തെ ചെറുക്കാനും ജനങ്ങൾ ശക്തി സംഭരിക്കണം. ഉൽബുദ്ധരും അഹിംസാധിഷ്ഠിതരുമായ വ്യക്തികൾ ഉൾക്കൊള്ളുന്ന ഗ്രാമങ്ങളുടെ ഒരു ഫെഡറേഷൻ ഉണ്ടാവുക–ഗാന്ധിജിയുടെ സ്വതന്ത്ര ഇന്ത്യയെ കുറിച്ചുള്ള സങ്കൽപ്പം വളരെ വ്യക്തമായിരുന്നു. കേന്ദ്രീകൃത അധികാരത്തിന്റെ ബീഭത്സരൂപം മുൻകൂട്ടി കാണാൻ കഴിഞ്ഞതുകൊണ്ടാവാം സ്വാതന്ത്ര്യ സമ്പാദന സമരപഥങ്ങളിലെ നെടുംതൂണായ ഈ അർദ്ധ നഗ്നൻ അധികാര കൈമാറ്റ വേദിയിൽ നിന്നും അകന്നു നിന്നത്.

അധികാരവും ആസൂത്രണവും മുകളിൽ നിന്നും താഴേക്ക് അടിച്ചേൽപ്പിച്ചതിന്റെ താളപ്പിഴകൾ ഇന്ന് വൻപ്രതിസന്ധി ആയി നമ്മുടെ വഴി മുടക്കുമ്പോൾ പരിഹാരാർത്ഥം ഗാന്ധിജിയെ തേടി – ഇന്ത്യയുടെ ആത്മാവു കുടികൊള്ളുന്ന ഗ്രാമങ്ങളിലേക്ക് യാത്രയാവാൻ നിർബന്ധിക്കപ്പെട്ടതും ഒരുനിമിത്തമാവാം.

സുവർണ്ണ ജൂബിലിയുടെ വഴിത്താരകൾ നാം പിന്നിടുമ്പോൾ അഭിമാനിക്കാൻ ഏറെ മുന്നോക്കം വന്നിട്ടുണ്ടെങ്കിലും അതിജീവിക്കുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാനാവും എന്ന സുചിന്ത്യമായ അന്വേഷണത്തിനാണ് പ്രാമുഖ്യം കൈവരുക. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുരോഗതിക്കായി അധികാരം കൈയാളിയവർ ഒട്ടേറെ പദ്ധതികൾക്ക് രൂപം നല്കുകയുണ്ടായി. അവരിൽ ഭാരതശില്പി എന്നറിയപ്പെടുന്ന പ്രഥമപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർ ലാൽനഹ്റു സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കുന്നതിനും സ്വാശ്രയഭാരതം കെട്ടിപ്പടുക്കുന്നതിനുമുള്ള അടിത്തറ പാകി. സോവിയറ്റ് മാതൃകയിൽ പഞ്ചവത്സര പദ്ധതിക്ക് 1951 ൽ രൂപംനല്കിയതിന് പിന്നിൽ ഈ ലക്ഷ്യ പ്രാപ്തിയായിരുന്നു മുന്നിൽ കണ്ടത്. ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചത് എങ്കിലും അത് ഉണ്ടായില്ല. മറിച്ച് കേന്ദ്രസംസ്ഥാന തലങ്ങളിൽ തീരുമാനിച്ച് ഉദ്യോഗസ്ഥന്മാരുമുഖേന നടപ്പിലാക്കുക എന്നതായിരുന്നു രീതി. അതുമൂലം ഉണ്ടായ നേട്ടങ്ങൾ ഏതാനും പേരുടെ കൈകളിലേക്ക് ഒഴുകിപോകുകയും ബഹുഭൂരിപക്ഷം ജനങ്ങളുടെ ആവശ്യം നിരാകരിക്കപ്പെടുകയും ചെയ്തു. മുടക്കുന്ന തുകയുടെ 15% തുക മാത്രമേ ഗുണഭോക്താക്കളിൽ എത്തുന്നുള്ളു എന്ന അന്തരിച്ച മുൻ പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധിയുടെ വെളിപ്പെടുത്തൽ ഇവിടെ പ്രസക്തമാണ്.

വികസനം എന്നാൽ ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹിക പ്രക്രിയയാണ്. സ്ഥായിയായതും ദ്രുതഗതിയിലുള്ളതും നീതിപൂർവ്വകമായ വിതരണത്തിലും അധിഷ്ഠിതമായ സാമ്പത്തിക വളർച്ചയെയാണ് ഇത് ലക്ഷ്യം വെയ്ക്കുന്നത്. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ ഉയർന്ന ജീവിത ഗുണമേന്മ കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് "കേരള മോഡൽ" വികസനമെന്ന പ്രക്രിയയുടെ ഏറെ പ്രകീർത്തിക്കപ്പെടുന്നവശമാ

ണ്. വിദ്യാഭ്യാസ – ആരോഗ്യ – പാർപ്പിട രംഗങ്ങളിലെ എല്ലാ നേട്ടത്തിനും ഇവിടെയുണ്ടായ പ്രബുദ്ധമായ സാമൂഹിക ചലനങ്ങളോടാണ് കേരളം കടപ്പെട്ടിരിക്കുന്നത്. അനുയോജ്യവും ബോധപൂർവ്വവുമായ സാമൂഹിക – രാഷ്ട്രീയ ഇടപെടലിലൂടെ കുറഞ്ഞവരുമാനത്തിലും ഒരുപ്രദേശത്തെ ജനതയുടെ ജീവിതഗുണ നിലവാരത്തിൽ ആശാസ്യമായ പുരോഗതി കൈവരിക്കാൻ കഴിയും എന്ന ഒരു രാഷ്ട്രീയ പ്രഖ്യാപനമാണ് "കേരള മോഡൽ".

എന്നാൽ സാമ്പത്തിക വിതരണത്തിന്റെ മേഖലയിൽ നിന്ന് സാമ്പത്തിക ഉത്പാദനത്തിന്റെ മേഖലയിലേക്ക് നീങ്ങുമ്പോഴാണ് കേരളത്തിന്റെ വികസനത്തിന്റെ ദൗർബല്യം വെളിവാകുന്നത്. കേരളത്തിന്റെ ആളോഹരി വരുമാനം ദേശീയശരാശരിയേക്കാൾ താഴ്ന്നതായി തുടരുന്നു. 1995 ൽ ഇന്ത്യാക്കാരന്റെ ശരാശരി പ്രതിശീർഷ ഉത്പാദനം 8237 രൂപായായിരുന്നപ്പോൾ കേരളത്തിന്റേത് 6983 രൂപ മാത്രമായിരുന്നു.

കാർഷികമേഖലയിലെ മുരടിപ്പ്, വ്യാവസായിക വളർച്ചയില്ലായ്മ, സ്ത്രീകളുടെ പ്രാന്തവല്ക്കരണം, തൊഴിലില്ലായ്മ, ദുർബലജനവിഭാഗങ്ങൾക്കിടയിൽ നിലനില്ക്കുന്ന ദാരിദ്ര്യ തുരത്തുകൾ, ആരോഗ്യ – വിദ്യാഭ്യാസ മേഖലയിലെ ഗുണ നിലവാര തകർച്ച ഇവയെല്ലാമാണ് പ്രധാന വെല്ലുവിളികളായി നാം തിരിച്ചറിഞ്ഞിട്ടുള്ളത്. ഇത് തുടർന്നാൽ നാനാവിധശിഥിലീകരണ ജനാധിപത്യ വിരുദ്ധപ്രവണതകൾക്ക് വിളനിലമായിത്തീരും നമ്മുടെ സംസ്ഥാനം. ആയതിനാൽ രാഷ്ട്രീയകക്ഷി ജാതിമത പരിഗണനകൾക്ക് അതീതമായ കേരളത്തിന്റെ നന്മയിൽ താല്പര്യമുള്ള ഏതൊരു പൗരന്റെയും കടമയാണ് ഇന്നത്തെ വികസന പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണുക എന്നുള്ളത്. മുൻകാലാനുഭവങ്ങളെ വിമർശനബുദ്ധ്യാ പരിശോധിക്കുക, മാമൂൽവിട്ട് ചിന്തിക്കുക, വികസനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും വർദ്ധിതമായ ജനപങ്കാളിത്തം ഉറപ്പ് വരുത്തുക തുടങ്ങിയവയിലൂടെ പുതിയൊരു പ്രവർത്തനശൈലി നാം കരുപ്പിടിപ്പിക്കുക ഈ പുതിയ വികസന രാഷ്ട്രീയ സംസ്കാരത്തിന് ഒൻപതാം പദ്ധതിയിലൂടെ ഊർജ്ജം പകരുക എന്നുള്ളതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ചരിത്ര നിയോഗവും.

ജനകീയാസൂത്രണ പ്രസ്ഥാനം – അമ്പലപ്പുഴയിൽ .....

ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന ആശയത്തെ ആവേശത്തോടെയാണ് നമ്മുടെ ഗ്രാമ നിവാസികൾ ഏറ്റുവാങ്ങിയത്. പ്രത്യേക ഗ്രാമസഭകളിൽ പങ്കാളിത്തം കൊണ്ടും പ്രശ്നപരിഹാരം തേടിയുള്ള സമഗ്രമായ ചർച്ചയിലുമെല്ലാം ഇത് പ്രകടമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ സൗഹൃദ വലയത്തിലേക്ക് നിസ്വാർത്ഥ സേവന തല്പരരായ ഒരു നിരയെ വളർത്തിയെടുക്കുവാൻ കഴിഞ്ഞതും നേട്ടമാണ്. പുനരർപ്പണ ദിനമായ നവംബർ 1 നു വിവിധവാർഡുകളിലായി 614 ഓളം ജനങ്ങൾക്ക് ഏതാണ്ട് 75000 രൂപയോളം ചെലവാകുമായിരുന്ന അദ്ധ്വാന ജോലി സന്നദ്ധപ്രവർത്തനത്തിലൂടെ സമ്പാദിച്ചതും കേരളീയ സാമൂഹ്യ ജീവിത ഘടനയിൽ ഈ പ്രസ്ഥാനം ചെലുത്തുവാൻ പോവുന്ന വമ്പിച്ച മാറ്റങ്ങളുടെ ദിശാസൂചകങ്ങളാണ്.

അമ്പലപ്പുഴയുടെ ഇന്നലെകൾ

ഒരു കാലത്ത് സഹ്യന്റെ മടിത്തട്ടോളം കടലായിരുന്നു. പിന്നീട് കടൽ നീങ്ങി പിറന്നവയിൽ ഒന്ന്, നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ ഇവിടം ബുദ്ധമത വിശ്വാസ കേന്ദ്രമായിരുന്നു എന്ന് കരുമാടിക്കുട്ടൻ ഉൾപ്പെടെയുള്ള ചരിത്രാവശിഷ്ടങ്ങളിൽ നിന്നും അനുമാനിക്കാം.

അംബര നദീതീരത്ത് അമ്പലപ്പുഴ മഹാക്ഷേത്രം സ്ഥിതിചെയ്യുന്നത് കൊണ്ടാണ് ഈ സ്ഥലത്തിന് അമ്പലപ്പുഴ എന്ന് പേരുവന്നതെന്ന് പറയപ്പെടുന്നു. ചേരൻ ചെങ്കുട്ടുവൻ, വേമ്പനാട്ട് രാജാവ്, ചെമ്പകശ്ശേരി രാജാവ്, മാർത്താണ്ഡവർമ്മ രാജാവ് എന്നിവർ ഈ പ്രദേശം ഭരിച്ചിരുന്നു. വേമ്പനാട്ട് രാജാവ് ഭരിച്ചിരുന്ന 'അമ്പലപ്പുഴ' കുട്ടനാടിന്റെ ഭാഗമായിരുന്നു. കുടമാളൂർ രാജാവ് അമ്പലപ്പുഴ വെട്ടിപിടിച്ചശേഷം ഇവിടെ രാജധാനിയും അമ്പലപ്പുഴ മഹാക്ഷേത്രവും പണികഴിപ്പിച്ചു. രാജധാനി അമ്പലപ്പുഴയിൽ സ്ഥാപിച്ചതോടെ ഇതിനെ 'ചെമ്പകശ്ശേരി രാജ്യം' എന്നറിയപ്പെടാൻ തുടങ്ങി.

ദേവനാരായണൻ എന്ന സ്ഥാനപേരിൽ അറിയപ്പെട്ടിരുന്ന മലയാള ബ്രാഹ്മണരായ നമ്പൂതിരി രാജാക്കന്മാരായിരുന്നു ഈ നാട്ടുരാജ്യത്തിന്റെ അധിപന്മാർ. രാജ്യത്തിനുപരിയായി കലാസമ്പത്തിനെ വിലയിരുത്തിപോന്ന അവർ ഏകദേശം ക്രിസ്ത്യബ്ദം 1425 മുതൽ മൂന്നു നൂറ്റാണ്ടിലധികം ചെമ്പകശ്ശേരി രാജ്യത്തെ സമർത്ഥമായി ഭരിച്ചിരുന്നു. ഒരാദ്ധ്യാത്മിക സാംസ്കാരിക കേന്ദ്രമെന്ന നിലയിൽ ചെമ്പകശ്ശേരിയുടെ ഖ്യാതി കേരളക്കരയിലുടനീളം പരത്തുവാൻ ദേവനാരായണന്മാർക്ക് കഴിഞ്ഞിരുന്നു. രാമയ്യന്റെ നേതൃത്വത്തിൽ മാർത്താണ്ഡവർമ്മ ചെമ്പകശ്ശേരി കീഴടക്കി 1746 ൽ തിരുവിതാംകൂറിൽ ലയിപ്പിച്ചു.

ജാതീയമായ ഉച്ചനീചത്വത്തിന്റെ ഭീകരതാവസ്ഥ ഈ നാടിന്റെയും ഗതകാലങ്ങളിലെ ഇരുൾ നിറഞ്ഞ അദ്ധ്യായങ്ങളാണ്. മാറുമറയ്ക്കാൻ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടവർ, വഴിനടക്കാനും, ക്ഷേത്രദർശനത്തിനുമൊന്നും അനുവദിക്കപ്പെടാതിരുന്നവർ - പീഢനങ്ങളേറ്റ് വാങ്ങിയ ഒരു തലമുറയുടെ നൊമ്പരം ഇനിയും മറക്കുവാനായിട്ടില്ല. അയിത്തത്തിനും അനാചാരത്തിനുമെതിരായി മറ്റു കേരളീയ ഗ്രാമങ്ങളിലെന്നോണം ഇവിടെയും സംഘടിത പ്രസ്ഥാനങ്ങളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. പിന്നോക്ക ജനവിഭാഗങ്ങളുടെ ഉള്ളിലെ പ്രതിഷേധങ്ങളെ കൊടുങ്കാറ്റായി വളർത്തിയെടുത്ത ശ്രീനാരായണ അയ്യൻകാളി പ്രസ്ഥാനങ്ങളെ ഇരുകൈകളും നീട്ടി ഗ്രാമീണർ ഏറ്റുവാങ്ങി. എസ്. എൻ. ഡി. പി. യുടെ ആദ്യത്തെ 13, 14, 16 ശാഖകളും നമ്മുടെ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഉള്ള കഞ്ഞിപ്പാടം, കോമന, കരുമാടി ശാഖകളാണ്. ടി. കെ. മാധവൻ, കുമാരനാശാൻ എന്നിവർ ഇവിടുത്തെ പ്രവർത്തനങ്ങൾക്ക് കരുത്തു പകരാൻ എത്തിയിരുന്നു. വൈക്കം സത്യാഗ്രഹത്തിനു മുൻപ് തന്നെ അമ്പലപ്പുഴ ക്ഷേത്രറോഡിൽ കൂടി വഴിനടക്കാൻ അവസരം ലഭിക്കണമെന്ന അവകാശവുമായി പിന്നോക്ക ജനതയുടെ 'റോഡ് സത്യാഗ്രഹം' എന്ന പേരിൽ അറിയപ്പെട്ട വ്യാഖ്യാതമായ സമരത്തിനു അമ്പലപ്പുഴ സാക്ഷ്യം വഹിച്ചിരുന്നു. ശ്രീ. ടി. കെ. മാധവൻ ഈ സമരനിരയിൽ ഉണ്ടായിരുന്ന പ്രമുഖനാണ്. 1936 ൽ ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായതോടെ അമ്പലപ്പുഴയിലും വണ്ടാനത്തുമെല്ലാം ജനങ്ങൾ സംഘടിച്ച് ക്ഷേത്രത്തിൽ ബലമായി പ്രവേശിക്കുകയും ആരാധന നടത്തുകയും ചെയ്തിരുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഈ നവോത്ഥാന പ്രസ്ഥാനങ്ങൾ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. നിരവധി ആശാൻ കളരികൾ സ്ഥാപിച്ചുകൊണ്ട് ഈ രംഗത്ത് മാറ്റത്തിനു തുടക്കം കുറിച്ചു. അമ്പനാട്ടുപണിക്കന്റെ നേതൃത്വത്തിൽ അമ്പലപ്പുഴ കച്ചുകുഴിയിൽ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ പേരു തന്നെ ന്യൂ ഈഴവ എൽ. പി. സ്കൂൾ എന്നായിരുന്നു.

1938 ൽ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ആവിർഭാവത്തോടെ ബ്രിട്ടീഷ് ഭരണത്തിനെതിരായ പോരാട്ടവും ശക്തമായി. അമ്പലപ്പുഴയിലും പ്രക്ഷോഭണത്തിന്റെ അലയൊലികൾ ഉയർന്നിരുന്നു. ശ്രീ. കെ. കെ. കുഞ്ചുപിള്ള, ശ്രീ. എൻ. ശ്രീകണ്ഠൻ നായർ, കെ. സി. എസ്. മണി, കഞ്ഞിപ്പാടം രാമകൃഷ്ണപണിക്കർ, തോട്ടയ്ക്കാട് ഗോപാലപിള്ള തുടങ്ങിയ മഹാരഥന്മാരുടെ നേതൃത്വം ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ അമ്പലപ്പുഴയുടെ പങ്ക് പ്രശോഭനമാക്കുന്നു.

1936 ലെ ക്ഷേത്രപ്രവേശന വിളംബര പ്രക്ഷോഭണ വേളയിൽ വൈക്കത്ത് സന്ദർശനം നടത്തിയ ഗാന്ധിജി 'മുസാവരി ബംഗ്ലാവിൽ' (ആയുർവ്വേദാശുപത്രി) താമസിച്ചിരുന്നു എന്ന വസ്തുത അമ്പലപ്പുഴയുടെ അമൃതസ്മൃതിയാണ്.

അന്തർദേശീയവും ദേശീയവുമായ നിരവധി രാഷ്ട്രീയ സംഭവഗതികളുടെയും ദേശീയപ്രസ്ഥാനത്തിന്റെ വീറുറ്റ പോരാട്ടങ്ങളുടെയും ഫലമായി ബ്രിട്ടീഷുകാർ ഇന്ത്യവിടുവാൻ നിർബന്ധിതരായി. എന്നാൽ മതാധിഷ്ഠിതമായി രാജ്യത്തെ വിഭജിച്ചുകൊണ്ടും നാട്ടുരാജ്യങ്ങളെ സ്വതന്ത്രമായി നിലനിർത്തികൊണ്ടും ഇന്ത്യയെ ദുർബലമാക്കി തീർക്കുവാനുള്ള കുടിലതന്ത്രമാണ് സായിപ്പ് ആവിഷ്കരിച്ചത്. സ്വതന്ത്രനാട്ടുരാജ്യ സിദ്ധാന്തത്തെ അനുകൂലിച്ചവർക്കെതിരായി ധീരോദാത്തമായ പോരാട്ടങ്ങൾ ഇന്ത്യയിൽ പല ദിക്കിലും ആഞ്ഞുവീശി. കാശ്മീർ രാജാവിനെതിരായി നടന്ന സമരം, സ്വതന്ത്ര ഹൈദരാബാദ് വാദിയായിരുന്ന നൈസാമിനെതിരായ തെലുങ്കാനാസമരം എന്നിങ്ങനെ.

ഇന്ത്യയിലെ സാമ്രാജ്യഭരണത്തെ താങ്ങിനിർത്തിയിരുന്ന അറുന്നൂറോളം നാട്ടുരാജ്യങ്ങളിൽ തിരുവിതാംകൂർ സംസ്ഥാനം ഏറ്റവും ശക്തമായ ഒന്നായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്ത്വത്തിന്റെ വിനീതദാസന്മാരിൽ അഗ്രഗണ്യനായ ദിവാൻ. സി. പി. രാമസ്വാമിഅയ്യർ സാമ്രാജ്യഭരണത്തെ ഇവിടെ അരക്കിട്ടുറപ്പിക്കാൻ ബദ്ധകങ്കണനായി ഇറങ്ങിതിരിച്ച ആളായിരുന്നു.

സൂര്യൻ ഉദിക്കുന്നതിനോടെപ്പം പാടത്തിറങ്ങുകയും നിലാവുപെയ്യുമ്പോഴും ചേറിൽനിന്ന് കയറാതെ ജന്മിമാരുടെ പത്തായങ്ങൾ നിറയ്ക്കാൻ വിധിക്കപ്പെട്ട കർഷകതൊഴിലാളികൾ, കടപ്പുറത്തെ മുതലാളിമാരുടെയും അവരുടെ പിണിയാളന്മാരുടെയും നാനാവിധമായ കൊടിയ ചൂഷണങ്ങൾക്കിരയായി അടിമതുല്യമായ ജീവിതം നയിച്ചിരുന്ന മത്സ്യതൊഴിലാളികൾ, നാടനും മറുനാടനുമായ കമ്പനി മുതലാളിമാരുടെ അടിമകളെ പോലെ ജോലിചെയ്തിരുന്ന കയർ ഫാക്ടറി തൊഴിലാളികൾ - ഇതായിരുന്നു അമ്പലപ്പുഴയിലേയും അന്നത്തെ തൊഴിലാളികളുടെ അവസ്ഥ.

ഒടുവിൽ മോചനത്തിന്റെ മാർഗ്ഗം പോരാട്ടം തന്നെയാണെന്നവർ തിരിച്ചറിഞ്ഞു. 1939 ലെ രണ്ടാം ലോകമഹായുദ്ധം സ്ഥിതിഗതികൾ കൂടുതൽ വഷളാക്കി. സ്വന്തം അവശതകൾ പരിഹരിക്കാൻ തൊഴിലാളികൾ സ്വയം രൂപീകരിച്ച ആദ്യ സംഘടന വർഗ്ഗബോധത്തിന്റെ പടവുകൾ കയറി. മുഴുവൻ മർദ്ദിത വിഭാഗങ്ങളുടെയും നാടിന്റേയും വിമോചന പ്രസ്ഥാനമായി വളർന്ന ആവേശോജ്ജ്വലമായ ചരിത്രം - പുന്നപ്ര വയലാർ സമരത്തിന്റെ നിണം നിറഞ്ഞ അദ്ധ്യായങ്ങൾ ഇവിടെ വിവരിക്കുന്നില്ല. 1946 ഒക്ടോബർ 22 നു ആരംഭിച്ചു പൊതുപണിമുടക്കിന്റെ രണ്ടാംനാൾ ഒക്ടോബർ 24 നു പുന്നപ്ര പോലീസ് ക്യാമ്പിലേക്ക് പതിനായിരങ്ങൾ മാർച്ച് ചെയ്തു. ഉത്തരവാദഭരണത്തിനും പ്രായപൂർത്തിവോട്ടവകാശത്തിനുമായി നടന്ന ഈ സോജ്ജ്വല പ്രക്ഷോഭത്തിനും അമ്പലപ്പുഴയുടെ പങ്ക് അഭിമാനത്തിനു വക തരുന്നു. വണ്ടാനം കോനാട്ടുപാക്കള്ളി വീട് കേന്ദ്രീകരിച്ച് വാളന്റിയർ പരിശീലനം നടന്നിരുന്നു. സമരഭൂമിയിലേക്ക് ഈ ക്യാമ്പിൽ നിന്നും ആയിരത്തോളം പേർ മാർച്ച് ചെയ്തു. ഈ സമര ഭൂമിയിൽ വാളന്റിയർമാർക്ക് നിർദ്ദേശവും നേതൃത്വവും നൽകിയവരിൽ പ്രധാനിയായ ചന്ദ്രാനന്ദൻ ദീർഘമായ ഒളിവു ജീവിതത്തിനുശേഷം ഇന്ന് അമ്പലപ്പുഴയിൽ സ്ഥിരതാമസക്കാരനാണ്.പോലീസിന്റെ ഭീകരമർദ്ദനങ്ങൾ ഏറ്റുവാങ്ങിയ ശ്രീ. കെ. കെ. നീലകണ്ഠനും സ്മരിക്കപ്പെടേണ്ട ഒരു സമരസേനാനിയാണ്. പിൽക്കാലത്ത് അദ്ദേഹം നമ്മുടെ പഞ്ചായത്ത് മെമ്പർ കൂടിയായിരുന്നു. ഈ സമരത്തോടനുബന്ധിച്ച് കിരാതനെന്ന് ഖ്യാതി നേടിയ സർ. സി. പി. യെ മൂക്ക്

മുറിച്ച് നാട്ടിൽ നിന്ന് ഓടിക്കുന്നതിനു കാരണക്കാരനായ ശ്രീ. കെ. സി. എസ്. മണിയും അമ്പലപ്പുഴയുടെ അഭിമാനമാണ്. അദ്ദേഹം പഞ്ചായത്തിലെ പ്രതിനിധിയുമായിരുന്നു.

ഈ പ്രദേശം മിക്കവാറും ബ്രഹ്മസ്വവും ദേവസ്വവും ഭണ്ഡാര വക വസ്തുക്കളുമായിരുന്നു. കൃഷിപ്പണിചെയ്യുന്നതിനുവേണ്ടി താഴ്ന്ന ജാതിക്കാരെ അടിയാന്മാരായി താമസിപ്പിച്ചിരുന്നു. ഇവർ വയൽ വരമ്പുകളിൽ കുടിലുകളായിട്ടാണ് താമസിച്ചിരുന്നത്. പിന്നീട് ജന്മിമാർ ഇടനിലക്കാർ വഴി വസ്തു പാട്ടത്തിനു നൽകിയിരുന്നു. ബ്രിട്ടീഷ് ഭരണത്തോടെ ജന്മിത്വസമ്പ്രദായത്തിനു മാറ്റം വന്നിരുന്നു. സ്വാതന്ത്ര്യത്തിനുശേഷവും തൊഴിലാളികളുടെ ജീവിതഗുണമേന്മയിൽ കാര്യമായ ദിശാവ്യതിയാനങ്ങൾ ഉണ്ടായില്ല.

അസംതൃപ്തരായ തൊഴിലാളികളുടെ മനസ്സുകളിലെ അഗ്നി കാട്ടുതീയായി പടർന്നു കയറുവാൻ പിന്നീട് അധികം വേണ്ടിവന്നില്ല. കൂലിവർദ്ധനവിനും മിച്ചഭൂമിക്കും വേണ്ടിയുള്ള പോരാട്ടം ഇവിടെയും തീക്ഷ്ണമായി സർവ്വശ്രീ. വി. കെ. സോമൻ, ടി. ഡി. കവിരാജൻ, ജി. പ്രഭാകരൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ 1966 ൽ അറുനൂറ്റും പാടത്ത് നടന്ന കൂലിവർദ്ധനവിനുവേണ്ടിയുള്ള സമരമാണ് കാർഷിക മേഖലയിലെ പ്രധാനപ്പെട്ട ജനമുന്നേറ്റം. 1969 ലെ അറവുകാട്ട് നടന്ന ഐതിഹാസികമായ കർഷകതൊഴിലാളി യൂണിയന്റെ സമ്മേളന പ്രഖ്യാപനമായിരുന്ന 'ഭൂമിവളച്ച് കെട്ടൽ' സമരം ഈ നാടിന്റെ ജീവിതചര്യകളെ മാറ്റിമറിച്ചു. പ്രസിഡന്റ് ഒപ്പിടുവാൻ മടിച്ച ഭൂപരിഷ്കരണ ബിൽ നിയമമായില്ലെങ്കിലും കുടിയാന്മാരുടെ ഭൂമി 1970 ജനുവരി 1 മുതൽ വളച്ച് കെട്ടാൻ തീരുമാനിക്കുകയും നമ്മുടെ പഞ്ചായത്തിൽ ആദ്യമായി കാരിയ്ക്കൽ ഗോവിന്ദനെന്ന കുടിയാന്റെ ഭൂമി വളച്ച് കെട്ടുകയും ചെയ്തതോടെ ഗ്രാമങ്ങളിൽ പുതിയൊരു സാമൂഹ്യമാറ്റത്തിന് കളമൊരുങ്ങുകയായിരുന്നു. മത്സ്യമേഖലയിലും ചൂഷണത്തിനും പീഢനത്തിനുമെതിരായ ചിന്താഗതികൾ കത്തിപടരുകയും മത്സ്യതൊഴിലാളി യൂണിയൻ സജീവമാവുകയും ചെയ്തിരുന്നു. സൈമൺ ആശാന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭണങ്ങളിൽ അമ്പലപ്പുഴയിലെ മത്സ്യതൊഴിലാളികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

കാർഷികബന്ധനിയമവും ഭൂപരിഷ്ക്കരണ നിയമവുമാണ് കീഴാള ജനതയെ ചരിത്രഗതിയുടെ നടുനായകത്വം ഏല്പിച്ചുകൊടുത്തത്. ഐതിഹാസിക സമരങ്ങൾ അനുസ്മരിക്കുന്നത് ഒരനുഷ്ഠാനമല്ല; പുതിയ കാലഘട്ടങ്ങളിലെ വെല്ലുവിളികളെ നേരിടാൻ അവ മാർഗ്ഗദർശകമാവും എന്നതുകൊണ്ടാണ്.

അമ്പലപ്പുഴ പഞ്ചായത്തിൽ വിവിധ ജാതിമതസ്ഥർ തിങ്ങിപ്പാർക്കുന്നു. എല്ലാ വിഭാഗം ജനങ്ങളും മതസൗഹാർദ്ദം ഊട്ടിഉറപ്പിച്ചുകൊണ്ട് ഏകോദര സഹോദരങ്ങളെപ്പോലെ ജീവിക്കുന്നു. എന്നാൽ ജനാധിപത്യവ്യവസ്ഥയുടെ അടിസ്ഥാനമായിരിക്കുന്ന സാമൂഹ്യനീതി ഇന്നും പൂർണ്ണാർത്ഥത്തിൽ സാക്ഷാൽകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

അമ്പലപ്പുഴ ക്ഷേത്രത്തിലെ തിരുവുത്സവവും കാക്കാഴം പള്ളിയിലെ ചന്ദനകുട മഹോത്സവവും കരുമാടി സെന്റ്. നിക്കോളാസ് ദേവാലയത്തിലെ പെരുന്നാളുമൊക്കെ ഓരോ മതവിഭാഗക്കാരും ആഘോഷമായികൊണ്ടാടിയിരുന്നു. അമ്പലപ്പുഴ തിരുവുത്സവത്തിന്റെ ചടങ്ങുകൾക്കാവശ്യമായ കാഴ്ചദ്രവ്യങ്ങളും വിഭവങ്ങളും വിവിധ മതസ്ഥരായ ജനങ്ങൾ ക്ഷേത്രത്തിൽ എത്തിച്ചിരുന്നു എന്നത് ഇവിടുത്തെ ജനങ്ങളുടെ മതസഹിഷ്ണുതയ്ക്ക് മകുടോദാഹരണമാണ്. അമ്പലപ്പുഴ പാൽപായസം ഈ ക്ഷേത്രത്തെ മാത്രമല്ല ഈ നാടിനെയും ഖ്യാതി ഉള്ളതാക്കി തീർത്തു.

കേരളത്തിന്റെ സാഹിത്യ സാംസ്കാരിക മേഖലയിൽ അമ്പലപ്പുഴ വഹിച്ചിട്ടുള്ള പങ്ക് നിസ്തുലമാണ്. ചെമ്പകശ്ശേരി രാജാവിന്റെ ആസ്ഥാന സദസ്യനും 'പ്രക്രിയാസർവ്വസ്വ'മെന്ന പ്രശസ്തവ്യാകരണ ഗ്രന്ഥത്തിന്റെ രചയിതാവുമായ മേല്പത്തൂർ ഭട്ടതിരി, ഭക്തിയുടെ പര്യായമായ എഴുത്തച്ഛൻ, കേരളത്തിന്റെ ജനകീയ കവി കുഞ്ചൻനമ്പ്യാർ, കഥകളി നടനും ആട്ടകഥാകാരനുമായ

ഇരട്ടകുളങ്ങര രാമവാര്യർ, സാഹിത്യ പഞ്ചാനൻ പി. കെ. നാരായണ പിള്ള, ഭാഷാ സാഹിത്യ രചയിതാവായ ആർ. നാരായണപണിക്കർ, അമ്പലപ്പുഴ സഹോദരന്മാരെന്ന പേരിൽ വിഖ്യാതരായ ശങ്കര നാരായണഷണിക്കർ, ഗോപാലകൃഷ്ണഷണിക്കർ, രാമകൃഷണഷണിക്കർ (രാവുണ്ണി), സംസ്കൃതാചാര്യനായ അമ്പലപ്പുഴ ഗണപതി ശർമ്മ, ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രോദ്ഘാടകനായ പി. എൻ. പണിക്കർ തുടങ്ങി ഈ രംഗത്ത് ശിരസ്സുയർത്തി നില്ക്കുന്ന മഹാരഥന്മാർ അനവധിയാണ്.

കൂത്തും കൂടിയാട്ടവും കഥകളിയും തുള്ളലും കൈകൊട്ടിക്കളിയും കാക്കരശിയും പടയണിയും അമ്പലപ്പുഴയുടെ സാംസ്കാരിക മണ്ഡലത്തിലെ നിറംമങ്ങാത്ത കലാവൈദഗ്ധ്യത്തിന്റെ ഉദാഹരണങ്ങളാണ്. കേരളഗ്രന്ഥശാലാ പ്രസ്ഥാനത്തിന് രൂപംകൊടുത്ത അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാല അമ്പലപ്പുഴയുടെ സാംസ്കാരിക വളർച്ചക്കും പുരോഗതിക്കും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. മണ്ഡപത്തും വാതുക്കൽ (താലൂക്ക് കച്ചേരി) ടൗൺഹാൾ, കാക്കാഴം പള്ളിക്ക് ഡച്ചുകാർ സൗഹൃദപ്രതീകമായി കൊടുത്ത 'നാഴികമണി' എന്നിവ കഴിഞ്ഞകാല സാംസ്കാരിക പൈതൃകത്തിന്റെ ചിഹ്നങ്ങളാണ്.

സാമൂഹ്യപ്രവർത്തകർ ഏറെ ആകാംക്ഷയോടെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന ദർശനത്തിന്റെ പരീക്ഷണ കേന്ദ്രമായ കഞ്ഞിപ്പാടം നമ്മുടെ പഞ്ചായത്തിലാണ് എന്നുള്ളത് അഭിമാനത്തിനു വക നല്കുന്നു. 1976 മുതൽ അമ്പലപ്പുഴ ബ്ലോക്ക്തലത്തിൽ പ്രവർത്തനം ആരംഭിച്ചു. 1993 മുതൽ കഞ്ഞിപ്പാടത്തെ മുഴുവൻ വീടുകളും 57 തറകളായി തിരിച്ചുകൊണ്ടുള്ള അയൽക്കൂട്ട പരീക്ഷണം സജീവമായി മുന്നേറുന്നു. ബന്ധുത്വത്തിലും പരസ്പരാശ്രയത്വത്തിലും, വ്യക്തി സ്വാതന്ത്ര്യത്തിലും ഊന്നിയിട്ടുള്ള ഈ നവസമൂഹരചനാ മാതൃക ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാവും എന്നുള്ളതിൽ തർക്കമില്ല.

പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് അമ്പലപ്പുഴ എൻ. എൻ. ഇളയതാണ്. തുടർന്ന് 1963 വരെ പറയാറു ഗോപാലപിള്ളയും 1963 മുതൽ 1979 വരെ പുതുമന ദാമോദരൻ നമ്പൂതിരിയും പ്രസിഡന്റുമാരായിരുന്നു. 1963 മുതൽ വൈസ്പ്രസിഡന്റായിരുന്ന ശ്രീ. കെ. വിജയൻ 1979 മുതൽ പ്രസിഡന്റായി പഞ്ചായത്തിന് നേതൃത്വം നൽകിവരുന്നു.

തിരുവിതാംകൂറിന്റെയും അതുവഴി കേരളത്തിന്റെയും സാമൂഹ്യ രാഷ്ട്രീയ ഭൂമികയിൽ ചേതസ്സുറ്റ മാറ്റങ്ങൾ എഴുതി ചേർത്ത ചലനങ്ങൾക്കൊക്കെ നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിഞ്ഞനാടാണ് അമ്പലപ്പുഴ. ഈ നാടിന്റെ രാഷ്ട്രീയാവബോധം കരുപ്പിടിപ്പിക്കുന്നതിന് ബൗദ്ധീകവും കായികവുമായ നേതൃത്വം നൽകിയ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന് വെള്ളവും വെളിച്ചവും എല്ലാം നല്കിയ നാടാണിത്. ഇന്നിന്റെ വെല്ലുവിളികളെ നേരിടാൻ സമ്പന്നമായ ഭൂതകാലത്തിന്റെ ആവേശം ഉൾകൊള്ളുക.

ഭൂമി - ജലം - ജനം

കേരളത്തിന്റെ തീരസമതലങ്ങളിൽപെടുന്ന മേഖലയാണ് അമ്പലപ്പുഴ, വടക്ക് അക്ഷാംശം 9°5' നും 9° 55' നും കിഴക്ക് രേഖാംശം 76° 17' നും 76° 46' നും ഇടയിലാണ് അമ്പലപ്പുഴ സ്ഥിതിചെയ്യുന്നത്. പടിഞ്ഞാറ് അറബിക്കടലും വടക്ക് പൂമീൻ പൊഴി മുതൽ പമ്പാനദിവരെയുള്ള കുറവൻതോട് റോഡും കിഴക്ക് പൂക്കൈതയാറും. തെക്ക് അപ്പാത്തികരിയും വെളാത്തലി തോടും പായൽകുളങ്ങരബീച്ച്റോഡും അതിരിടുന്നു. ആകെ വിസ്തീർണ്ണം 24.17 ച. കി. മീറ്റർ ആണ്.

സമുദ്രതീരത്തോടു ചേർന്നുകിടക്കുന്ന ഭാഗം നിരപ്പായ മണൽപ്രദേശമാണ്. സിലിക്കാ, അഭ്രം, അപൂർവ്വങ്ങളായ ലോഹാംശങ്ങളും പലതരം കക്കകളും അടങ്ങിയ മണ്ണാണ്. ഈ മണ്ണ് തെങ്ങ് കൃഷിക്ക് യോജിച്ചതാണ്. കശുമാവും വളരുന്നു. നദീതീരത്തോടു ചേർന്നുകിടക്കുന്ന വയലുകൾ സമുദ്ര ജലനിരപ്പിൽ നിന്നും താഴെയാണ്. ജൈവാംശം കലർന്ന പശിമരാശി മണ്ണാണ്. സമനിരപ്പിൽ നിന്നും അടിഭാഗത്തേക്ക് കുഴിച്ചാൽ സസ്യങ്ങളുടെ ജീർണ്ണാവശിഷ്ടങ്ങളുടെ നിക്ഷേപം കാണുന്നു. വയലുകളുടെ ആകെ വിസ്തീർണ്ണം 1160 ഹെക്ടറാണ്. അതിന്റെ തെക്ക് കിഴക്ക് ഭാഗത്തുള്ള 250 ഹെക്ടർ നിലം കരിനിലമേഖലയിലാണ്. അവിടെ ജീർണ്ണിച്ച മരങ്ങളുടെ അവശിഷ്ടങ്ങൾ കൂടുതലായിട്ടുണ്ട്. ഈ മണ്ണിൽ അമ്ലങ്ങളും ഇരുമ്പിന്റെയും സൾഫറിന്റെയും പലതരം ലവണങ്ങളുടെയും സൾഫേറ്റുകളും മറ്റും അടങ്ങിയിരിക്കുന്നു. വെള്ളം വറ്റുമ്പോൾ ക്യാപ്പിലറി ആക്ഷൻമൂലം ഇവ ദ്രവാവസ്ഥയിൽ പുറത്തേക്ക് വരുന്നു. ഈ ദ്രാവകം സസ്യങ്ങളുടെ വളർച്ചയ്ക്ക് ദോഷകരമാണ്. മഴയും നദീജലവും ലഭിക്കുന്നതിനാൽ ഇവിടെ നെൽകൃഷിയാണ് ചെയ്യുന്നത്. ചിറകൾ മിക്കവാറും വീതികൂടി പുരയിടങ്ങളായി മാറികഴിഞ്ഞു. ജൈവസമ്പുഷ്ടവും ഫലഭൂയിഷ്ടവുമായ ഇവിടെ തോടുകളുടെയും നദികളുടെയും സാമിപ്യവും ഉണ്ട്. ഇവിടെ തെങ്ങും, മാവും, വാഴയും മറ്റു സസ്യങ്ങളും നല്ലതുപോലെ വളരുന്നു.

പട്ടിക 1
അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത്
ഭൂമി സംബന്ധിച്ച വിവരങ്ങൾ (അടിസ്ഥാന വിവര രജിസ്റ്ററിൽ നിന്നും)

ഇനം	വിസ്തീർണ്ണം
നിലം	1160 ഹെക്ടർ
പുരയിടം	1155 ഹെക്ടർ
പുറമ്പോക്ക്	17 ഹെക്ടർ
കൃഷിയോഗ്യ തരിശ്	12 ഹെക്ടർ
കൃഷിയോഗ്യമല്ലാത്ത തരിശ്	4.2 ഹെക്ടർ
ആകെ	2348.2 ഹെക്ടർ

പട്ടിക 2

അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ (രജിസ്റ്റർ ബി. ടി. രജിസ്റ്റർ)

വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം (ഏക്കറിൽ)					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം Hr.	നിലം Hr.	പുറമ്പോക്ക്	തരിശ്	ആകെ	1-10 Hr.	10-25 Hr.	25-50 Hr.	50-100 Hr.	1-2 Hr.	2-5 Hr.	5 Hr.
1	2	3	4	5	6	7	8	9	10	11	12	13
അമ്പലപ്പുഴ	623.7666	194.2718	125.9468		943.9850	4877	2317	338	312	207	212	9
കരുമാടി	278.5978	809.5941	94.2396		1182.4315	550	2525	1000	700	600	185	12
പുന്നപ്ര	334.38	110.35	51.22		495.95	428	115	162	47	34	84	4
ആകെ	1236.7444	1114.2159	271.4064		2622.3667	5855	4957	1500	1059	841	481	25

കടൽത്തീരത്തിനും വയലുകൾക്കും ഇടയ്ക്കുള്ള കരഭാഗം ചെളികലർന്ന മണലാണ്. തെങ്ങും, മാവും, കമുകും, വാഴയും, പച്ചക്കറികളുമെല്ലാം കൃഷിചെയ്യുന്നു. ഹൈവേയുടെ പടിഞ്ഞാറ് സമുദ്ര തീരത്തോട് ചേർന്ന ഭാഗത്ത് മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവർ തിങ്ങിതാമസിക്കുന്നു. വയലു കളുടെ അടുത്തുള്ള പ്രദേശങ്ങളിൽ കർഷകരും കർഷകതൊഴിലാളികളുമാണ് താമസിക്കുന്നത്. കാവുകളും, കോവിലുകളും, കുളങ്ങളും, മനകളും, മഠങ്ങളും, കുടിലുകളും, മണിമന്ദിരങ്ങളും നിറഞ്ഞ മനോഹരമായ ഈ പ്രദേശത്ത് എല്ലാ ജാതിമതസ്ഥരും താമസിക്കുന്നു. ദശപുഷ്പം, കൂവ ളം, വേപ്പ്, തുടങ്ങിയ ഔഷധസസ്യങ്ങളും, വൗവ്വാൽ, കാക്ക, പച്ചക്കിളികൾ, പ്രാവ്, പരുന്ത്, ഉപ്പൻ, മരംകൊത്തി, മൂങ്ങ, പുള്ള്, മാടത്ത, കൊക്ക് തുടങ്ങിയ പക്ഷികളും കീരി, മൂർഖൻ, ചേര, കവു ങ്ങൻ, അണലി തുടങ്ങിയ ജന്തുക്കളും ഇവിടെ കാണുന്നു.

പട്ടിക 1

പട്ടിക 2

വില്ലേജ് രജിസ്റ്റർ അനുസരിച്ച് റീസർവ്വേയ്ക്കുശേഷം അമ്പലപ്പുഴ, കരുമാടി, പുന്നപ്ര വില്ലേജു കളിലായി അമ്പലപ്പുഴ പഞ്ചായത്തിന് 2622.3667 ഹെക്ടർ സ്ഥലം ഉണ്ട്. ഒരു ഹെക്ടറിനു താഴെ ഭൂമി കൈവശം ഉള്ളവർ 90% ആണ്.

കടലിന്റെയും ആറിന്റെയും സാമിപ്യം കൊണ്ടും ധാരാളം മഴയും സസ്യങ്ങളുടെ നിബി ഡതയും കൊണ്ട് സമശീതോഷ്ണാവസ്ഥയാണ് അനുഭവപ്പെടുന്നത്.

ജൂൺ മുതൽ ആഗസ്റ്റ് വരെ കാലവർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാ വർഷവും ഏപ്രിൽ മെയ് മാസങ്ങളിൽ കുറച്ച് വേനൽ മഴയും ലഭിക്കുന്നു.

ഡിസംബർ ജനുവരി ഫെബ്രുവരി മാസങ്ങളിൽ വേനലും ആണ്. 24° c മുതൽ 30° c വരെ ചൂട് അനുഭവപ്പെടുന്നു. 1 വർഷം ശരാശരി 2500 മില്ലീ മീറ്റർ മഴ ലഭിക്കുന്നു. 100 ദിവസങ്ങൾക്ക് മേൽ മഴ പെയ്യുന്നു. കേരളത്തിലെ സാധാരണ വർഷപാതം 2800 മില്ലീ മീറ്റർ ആണ്.

മഴയുടെ അളവ്

പട്ടിക 3 (കേരളാ കാർഷിക സർവ്വകലാശാലാ, കരുമാടി കേന്ദ്രം.)

Statement Showing Rainfall For The Period 1990 January To 1996 December

Year	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec	Total
1990	29.4 mm	29.4 mm	119.20 mm	41 mm	678.2 mm	357.2 mm	524.6 mm	168.8 mm	65.2 mm	252.8 mm	186.4 mm	Nil	2452.2
No. of Days	2 Days	1 Day	2 Days	4 Days	25 Days	22 Days	25 Days	10 Days	7 Days	18 Days	6 Days		122 Days
1991	Nil	Nil	25.6 mm	128 mm	299.9 mm	465 mm	450.6 mm	236.4 mm	14.1 mm	229.8 mm	66.4 mm	5mm	1906.7
No. of Days			3 Days	9 Days	12 Days	8 Days	16 Days	8 Days	3 Days	16 Days	6 Days	1 Day	74 Days
1992	Nil	Nil	Nil	9.7 mm	329.16 mm	499.8 mm	501.4 mm	348.4 mm	318.20 mm	282.6 mm	196.6 mm	17.2 mm	2503.06
No. of Days				2 Days	16 Days	20 Days	27 Days	17 Days	13 Days	9 Days	9 Days	1 Day	114 Days
1993	Nil	26 mm	51.6 mm	43.4 mm	95.6 mm	787.4 mm	793.6 mm	115.2 mm	126 mm	412 mm	191 mm	17.8 mm	2659.6
No. of Days		3 Days	1 Day	1 Day	8 Days	22 Days	18 Days	6 Days	6 Days	13 Days	10 Days	2 Days	90 Days
1994	3.6 mm	106.8 mm	13.2 mm	127.8 mm	323.2 mm	471.4 mm	506.4 mm	262.8 mm	91.4 mm	628 mm	443.2 mm	12 mm	2989.8
No. of Days	1 Day	2 Days	2 Days	8 Days	11 Days	20 Days	19 Days	11 Days	6 Days	11 Days	6 Days	1 Day	98 Days
1995	3 mm	Nil	Nil	48.4 mm	221.4 mm	380.8 mm	439.4 mm	253.20 mm	360.6 mm	295 mm	86 mm	Nil	2087.8
No. of Days	1Day			5 Days	8 Days	16 Days	19 Days	14 Days	12 Days	11 Days	4 Days		90 Days
1996	23.6 mm	Nil	Nil	149.8 mm	130 mm	272.8 mm	443.8 mm	115.4 mm	290.8 mm	158.4 mm	205.2 mm	19 mm	1808.8
No. of Days	1 Day			5 Days	3 Days	13 Days	21 Days	10 Days	12 Days	10 Days	5 Days	10 Days	80 Days

Due To The Rain And Water Signance In This Area The Rainfall Data Couldnot Be Taken For The Remaining Period Of The Month



പഞ്ചായത്തിന്റെ പൊതു ചിത്രം

പേര് : അമ്പലപ്പുഴ (സ്പെഷ്യൽ ഗ്രേഡ്)

വില്ലേജുകൾ : അമ്പലപ്പുഴ, പുന്നപ്ര ഭാഗികം, കരുമാടി ഭാഗീകം

ബ്ലോക്ക് : അമ്പലപ്പുഴ

ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ : 3

താലൂക്ക് : അമ്പലപ്പുഴ

ജില്ല : ആലപ്പുഴ

ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ : 2

(1) അമ്പലപ്പുഴ ഡിവിഷൻ ഭാഗീകം

(2) പുന്നപ്ര ഡിവിഷൻ ഭാഗീകം

അസംബ്ലി മണ്ഡലം : അമ്പലപ്പുഴ

പാർലമെന്റ് : ആലപ്പുഴ

വിസ്തീർണ്ണം : 24.17 ച. കി. മീറ്റർ

ജനസംഖ്യ (1991 സെൻസസ്) : 45103

സ്ത്രീകൾ : 22927

പുരുഷൻമാർ : 22176

പഞ്ചായത്ത് ഭരണസമിതി ഓഫീസ് : അമ്പലപ്പുഴ കച്ചേരിമുക്ക്

(സ്വന്തം കെട്ടിടം)

പ്രസിഡന്റ് : കെ. വിജയൻ

മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ :

1) അഡ്വ. എൻ. എൻ. ഇളയത്

2) പി. കെ. ഗോപാലപിള്ള

3) പുതുമന ദാമോദരൻ നമ്പൂതിരി

അമ്പലപ്പുഴ പഞ്ചായത്ത്

ALAPPUZHA DISTRICT





കെ. വിജയൻ
പ്രസിഡന്റ്



അഡ്വ. എൻ. ചന്ദ്രശേഖരൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



അഡ്വ. കരുമാടി ശശി
വൈസ് പ്രസിഡന്റ്

അംഗങ്ങൾ

താഹിറാ ജബാർ
പി. കെ. കുഞ്ഞപ്പൻ
ഡി. മുരളീധരൻ
പി. രാജു
ഫാത്തിമാ ബീവി
എൻ. രഘുനാഥൻനായർ
ബീന അനിൽകുമാർ
ജി. രാജേന്ദ്രൻ
സതി എസ്. നാഥ്
എസ്. രാധാകൃഷ്ണൻ നായർ
എസ്. ആർ. രാമഭദ്രൻ
കെ. മഹേശ്വരിയമ്മ

വിശേഷാൽ ഗ്രാമസഭ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	സ്ഥലം	തീയതി	പങ്കെടുത്തവർ		ആകെ
			സ്ത്രീ	പുരു.	
1	ശിശുവിഹാർ. വണ്ടാനം	14-9-96	57	43	100
2	വിക്ടറി കോളേജ്, വണ്ടാനം	15-9-96	4	51	55
3	H. I. L. P. S., നീർക്കുന്നം	29-9-96	10	74	84
4	തീരദേശ L. P. S., നീർക്കുന്നം	14-9-96	115	67	182
5	കാക്കാഴം H. S.	22-9-96	7	55	62
6	കന്യേൽ ട്യൂട്ടോറിയൽ, കാക്കാഴം	22-9-96	17	83	100
7	കാക്കാഴം എച്ച്. എസ്.	6-10-96	19	96	115
8	കട്ടക്കുഴി, എൽ. പി. എസ്.	13-10-96	48	105	153
9	കെ.കെ. കുഞ്ഞുപിള്ള മെമ്മോറിയൽ, ഗവ. H. S. അമ്പലപ്പുഴ	6-10-96	70	64	134
10	ലൂബിനാ ടൂറിസ്റ്റ് ഹോം	2-10-96	20	110	30
11	ഗവ. മോഡൽ എച്ച്. എസ്.	2-10-96	30	145	175
12	ആമയിട എൽ. പി. എസ്.	29-9-96	22	48	70
13	സെന്റ്. നിക്കോളാസ് എൽ. പി. എസ്. കരുമാടി	12-10-96	29	143	172
14	ടി. ബി. ഗ്രൗണ്ട്, കരുമാടി	12-10-96	61	229	290
15	കഞ്ഞിപ്പാടം എൽ. പി. എസ്.	13-10-96	139	231	370



ലിംഗസമത്വം

I
കൃഷിയും ജലസേചനവും

അമ്പലപ്പുഴ ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. പാവനമായ പമ്പാനദിയുടെ ഭാഗമായ പൂകൈതയാറിന്റെ സമീപത്തുള്ള നെൽപാടങ്ങളും അറബിക്കടലിന്റെ തീരത്തുള്ള സമതലവുമാണ് പ്രധാനമായിട്ടുള്ളത്. പ്രധാനവിളകൾ തെങ്ങും നെല്ലും ആണ്. മറ്റു ഇടവിളകളും ഉണ്ട്. ജനങ്ങളുടെ മുഖ്യ തൊഴിൽ കൃഷിയാണ്. സമുദ്രതീരപ്രദേശത്തുള്ളവർ മത്സ്യബന്ധനം നടത്തുന്നു.

കാർഷിക ചരിത്രം

ഇവിടെയുള്ള മിക്കവാറും ഭൂമി ബ്രഹ്മസ്വം ദേവസ്വം ഭണ്ഡാരം വകകളായിരുന്നു. സ്ഥിരം കൃഷിക്കാരും പാട്ടക്കാരും സ്ഥിരം പണിയാളന്മാരും ഉണ്ടായിരുന്നു. പിന്നീട് ഉണ്ടായ മാറ്റങ്ങൾ ഇവിടെയും സംഭവിച്ചു. മഴയെആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. ഉയർന്ന നിലങ്ങളിൽ വിരിപ്പും താഴ്ന്ന തലങ്ങളിൽ പുഞ്ചയും ചെയ്തുവന്നു. കന്നിയും മേടവും കൊയ്ത്തുകാലമായിരുന്നു. വേനൽക്കാലത്ത് പാടങ്ങളും പുരയിടങ്ങളും തോടുകളും വെള്ളമില്ലാതെ ഉണങ്ങി വരളും. ഇടവപ്പാതി ആരംഭിക്കുന്നതോടെ സ്ഥിതി മാറും. മഴവെള്ളവും മലവെള്ളവും കൊണ്ട് വയലുകൾ ഒരു കായലായി മാറും. കാലവർഷത്തിന്റെ ശക്തി കുറയുമ്പോൾ കൃഷിപണി ആരംഭിക്കും. മടകൾ തടുത്ത് പുറ വരമ്പുകൾ ശക്തിപെടുത്തും. ചക്കങ്ങൾ ഉപയോഗിച്ച് വെള്ളം പറ്റിക്കും. മരകലപ്പ ഉപയോഗിച്ച് ഉഴും. ചെമ്പാവു, ചെട്ടിവിരിപ്പു ചെമ്മൂക്കൻ, പൊക്കാളി, കൊളപ്പാല, കൊച്ചന്നക്കര, കൊച്ചുവിത്തു, കോടൻ, ഞവര തുടങ്ങിയവ ആയിരുന്നു വിത്തുകൾ. ചാരവും ചാണകവും മറ്റും ആയിരുന്നു വളങ്ങൾ. പുഴു, ചാഴി തുടങ്ങിയ കീടങ്ങളെ മാറ്റാൻ കുട്ട, മുറം, കുലഞ്ഞിൽ ഇവ ഉപയോഗിച്ചിരുന്നു. എല്ലാ ജോലിക്കും നെല്ലായിരുന്നു കൂലി. ഏറ്റവും നല്ല വിളവു പത്തു വിളവു ആയിരുന്നു. എങ്കിലും കർഷകർ സന്തുഷ്ടരായിരുന്നു. കുറഞ്ഞ മുടക്കിൽ അറയും പത്തായവും നിറഞ്ഞിരുന്നു. 1945 മുതൽ കൃഷിവികസന പരിപാടികൾ (ഗ്രോ മോർ കൃമ്പയിൻ) ആരംഭിച്ചു. ബലവത്തായ ബണ്ടു നിർമ്മാണം ഓയിൽ എൻജിൻ ഉപയോഗിച്ച് ജല നിർഗ്ഗമനം, '64 മുതൽ അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, 1950 മുതൽ വൈദ്യുതി മോട്ടോറുകൾ ട്രാക്ടർ, രാസവള കീടനാശിനി ഉപയോഗം, 1955 തോട്ടപ്പള്ളി സ്പിൽവേ, 1967 ഇരുപ്പു കൃഷി, 1972 തണ്ണീർമുക്കം സ്പിൽവേ 1956 എൻ. ഇ. എസ്. ബ്ലോക്ക്, 1987 കാർഷിക ഭവൻ ശാസ്ത്രീയമായ കൃഷി സമ്പ്രദായം, 199 നെല്ലുൽപാദക സമിതികളുടെ പ്രവർത്തനം ഇ യെല്ലാം കാർഷിക വികസന ചരിത്രത്തിലെ വാർഷിക കല്ലുകളാണ്.

മുഖ്യജീവന ഉപാധിയായിരുന്ന തെങ്ങ് കൃഷിക്ക് പ്രത്യേക പ്രാധാന്യം നല്കിയിരുന്നു

എല്ലാ പുരയിടങ്ങളിലും പാടങ്ങളുടെ വരമ്പുകളിലും ചിറപിടിച്ചും നിലം പൊക്കിയും തെങ്ങു കൃഷി ചെയ്തിരുന്നു. കൃത്യമായി കൊത്തിയും കിളച്ചും ഊളയും ചരലും ജൈവവളങ്ങളും ഉപ്പും ചാരവും കക്കായും മറ്റും ഇട്ട് ദേഹണ്ഡിച്ച് ധാരാളം നാളികേരം ഉണ്ടാക്കിയിരുന്നു. വിശിഷ്ടാതിഥികൾക്ക് കരിക്കുവെള്ളം നൽകി സൽക്കരിച്ചിരുന്നു. നാളീകേരം വീടുകളിൽ ചെന്ന് വാങ്ങി വെട്ടി കൊപ്രാ ആക്കി ആലപ്പുഴയിൽ കൊണ്ടുവിൽക്കുന്ന ജോലിയിൽ ധാരാളം പേർ ഏർപ്പെട്ടിരുന്നു. ചെത്തും കള്ള് കച്ചവടവും ഇതോടനുബന്ധിച്ച മറ്റൊരു തൊഴിലായിരുന്നു. മാവു, വാഴ, കാച്ചിൽ, കിഴങ്ങ്, ചേമ്പ്, പച്ചക്കറികൾ, കുരുമുളക് മുതലായവ ഇടവിളയായി കൃഷിചെയ്തിരുന്നു. ആധുനിക കൃഷി സമ്പ്രദായം വയലിലെയെന്ന പോലെ കരയിലും പ്രയോഗിച്ചു തുടങ്ങി വിളവു വളരെയധികം വർദ്ധിച്ചു.

1964 മുതൽ 72 വരെയുള്ള ഹരിത വിപ്ലവ പുരോഗതി പതുക്കെ താഴോട്ടായി. വിത്ത് വളം കീടനാശിനി എന്നിവയുടെ തീ പിടിയ്ക്കുന്ന വിലയും അമിതമായ കൂലിചെലവും കീടങ്ങളുടെ കടന്നാക്രമണവും പ്രകൃതിയുടെ പ്രതികൂല്യവും ഉത്പനങ്ങളുടെ കുറവും വിലകുറവും കർഷകനു നഷ്ടവും ദുഃഖവും വർദ്ധിപ്പിച്ചു.

വിളചേരുവ

പ്രധാന വിളകളുടെ ഉത്പാദനം സംബന്ധിച്ച പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 1

വിള വിസ്തീർണ്ണവും ഉത്പാദനവും (അടിസ്ഥാന വിവര രജിസ്റ്റർ 1995–96)

വിള	വിസ്തീർണ്ണം	മൊത്തം ഉത്പാദനം (മെ. ട)	ഉത്പാദന ക്ഷമത (ഹെക്.)
നെല്ല് (ഒന്നാം വിള)	950 ഹെക്ടർ	3610	3.8 മെ. ടൺ /ഹെകടർ
നെല്ല് (രണ്ടാം വിള)	930 ഹെക്ടർ	3720	40 മെ. ടൺ /ഹെക്ടർ
നെല്ല് (മൂന്നാം വിള)	—	—	—
പയർ	10 ഹെക്ടർ	0.800	0.4 മെ. ടൺ /ഹെക്ടർ
എള്ള്	—	—	—
പച്ചക്കറികൾ	50 ഹെക്ടർ	600	12 മെ. ടൺ /ഹെക്ടർ
തേങ്ങ	1155 ഹെക്ടർ	50,86,400	4404 എണ്ണം /ഹെക്ടർ
വാഴ	150 ഹെക്ടർ	1350	9 മെ. /ഹെക്ടർ
മരച്ചീനി	6 ഹെക്ടർ	60.00	10 മെ. /ഹെക്ടർ
കുരുമുളക്	105 ഹെക്ടർ	0.5	0.500 മെ./ഹെക്ടർ
പ്ലാവ്	5 ഹെക്ടർ	2.5	0.500 മെ./ഹെക്ടർ
കശുമാവ്	24 ഹെക്ടർ	9.6	0.400 മെ./ഹെക്ടർ
മാവ്	10 ഹെക്ടർ	150	15 മെ./ഹെക്ടർ
റബ്ബർ	—	—	—
കവുങ്ങ്	20 ഹെക്ടർ	40	2 മെ./ഹെക്ടർ

നെല്ല്

1160 ഹെക്ടർ സ്ഥലത്ത് നെല്ല് കൃഷി ചെയ്യുന്നു. അതിൽ ഒന്നാം വിള (പുഞ്ച) 950 ഹെക്റിലും രണ്ടാം വിള (വിരിപ്പു) 930 ഹെക്ടറിലും മാത്രമെ കൃഷി നടക്കുന്നുള്ളു. വർദ്ധിച്ച പുളിയിളക്കം ഉപ്പുവെള്ളകയറ്റം മുതലായവ കൊണ്ട് കൃഷിനാശം സംഭവിക്കുന്നതിനാൽ കരിനില മേഖലയിൽ കിടക്കുന്ന 250 ഹെക്ടർ സ്ഥലത്ത് ഒരു കൃഷിയെ ചെയ്യുന്നുള്ളു. പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ ആവശ്യത്തിനു 10000 മെട്രിക് ടൺ നെല്ലുത്പാദിപ്പിക്കണം. എന്നാൽ കഴിഞ്ഞ ഒരു വർഷത്തെ നെല്ലുത്പാദനം 7330 മെട്രിക് ടൺ ആയിരുന്നു. ഇത് മൊത്തം ആവശ്യത്തിന്റെ 60% ആണ് ഉത്പാദനക്ഷമത. ഹെക്ടറിനു 3.9 മെട്രിക് ടൺ 9-ാം പദ്ധതിക്കാലത്ത് ഉത്പാദനം 9500 മെട്രിക് ടൺ ആയി ഉയർത്തുവാൻ പരിപാടിയുണ്ട്. നാടൻ വിത്തുകളുടെ ഉത്പാദന ക്ഷമത ഹെക്ടറിന് 1200-1500 കിലോഗ്രാം ആയിരുന്നു. ഇപ്പോഴത്തെ അത്യുത്പാദന ശേഷി ഹെക്ടറിന് 4500-5500 കിലോഗ്രാം എട്ടാം പദ്ധതികാലത്ത് 12830 കിലോഗ്രാം നെൽവിത്ത് കൃഷിഭവൻ വഴി വിതരണം ചെയ്തിട്ടുണ്ട് .

തെങ്ങ്.

1165 ഹെക്ടർസ്ഥലത്ത് തെങ്ങുകൃഷിചെയ്യുന്നു. ഇപ്പോൾ മൊത്തം 1,94,428 തെങ്ങുണ്ട്. അതിൽ 96,072 കായ്കാത്തതും 27,754 എണ്ണം രോഗബാധിതവുമാണ്. 95-96 ലെ മൊത്തം ഉത്പാദനം 50,86,400 നാളികേരമാണ്.

1990ൽ ഉത്പാദനക്ഷമത ഹെക്ടറിന് 4700 നാളികേരമായിരുന്നു. ഇപ്പോൾ അത് 4400ആയി കുറഞ്ഞു.ഒരു തെങ്ങിൽ നിന്നും കിട്ടുന്ന ശരാശരിനാളികേരം 26. സംസ്ഥാന ശരാശരി 35 രോഗബാധകൊണ്ടും ശരിയായ പരിചരണമില്ലാത്തതുകൊണ്ടുമാണ് ഉത്പാദനം കുറഞ്ഞത്.

തെങ്ങുകളെ ശരിയായി പരിചരിച്ചാൽ ഉല്പാദനം നേരെ ഇരട്ടിയാക്കുവാൻ സാധിക്കും.

പഴം പച്ചക്കറി

ഇവിടെയുള്ള ആളുകൾക്ക് ഒരുവർഷം ആവശ്യമായ പഴം പച്ചക്കറി 5500 മെട്രിക് ടൺ ആണ്. എന്നാൽ ഇപ്പോഴത്തെ ഉത്പാദനം 10% മാത്രം ആണ്. 250 ഹെക്ടർ സ്ഥലം ഈ

പട്ടിക 2. (തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ)

വാർഡ് നമ്പർ	തെങ്ങുകൃഷി വിസ്തീ.	തെങ്ങ് എണ്ണം			രോഗം ബാധിച്ച തെങ്ങ്					
		കായ്ക്കാത്തത	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽറ്റ്	ലീഫ് റോട്ട്	ബഡ് റൂട്ട്	സ്റ്റംബ് ബ്ലീച്ച്	മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	11
1	127	12344	10515	22859	2743	2743	165	—	—	2908
2	62	5448	5030	10478	1570	1570	158	—	—	1728
3	81	7229	6946	14175	1842	1842	178	—	—	2020
4	79	6040	6162	12202	1090	1090	149	—	—	1239
5	60	5228	4890	10118	1215	1215	135	—	—	1350
6	56	4620	5300	9920	980	980	168	—	—	1148
7	74	6109	6619	12728	1212	1212	175	—	—	1387
8	101	5560	4550	10110	1100	1100	164	—	—	1264
9	73	6000	7100	13100	1270	1270	190	—	—	1460
10	75	6050	7075	13125	1390	1390	184	—	—	1574
11	88	8236	7604	15840	1480	1480	192	—	—	1672
12	75	6500	7100	13600	2312	2312	142	—	—	2454
13	65	5543	5370	10913	1800	1800	165	—	—	1965
14	67	5065	6995	12060	2230	2230	197	—	—	2427
15	72	6100	7400	13500	2943	2943	207	—	—	3150
ആകെ	1155	96672	98656	194728	25177	25177	2569	—	—	27754

കൃഷിക്കു യോഗ്യമായുണ്ട്. അത്രയും സ്ഥലത്തും ഇടവിളയായി കൃഷിചെയ്താൽ ആവശ്യമായത്രയും ഉത്പാദിപ്പിക്കുവാൻ കഴിയും. ഇതുമൂലം 4 കോടി രൂപാ ലാഭിക്കാവുന്നതാണ്.

മണ്ണിന്റെ ഫലപുഷ്ടി അത്യുല്പാദന ശേഷിയുള്ള വിത്തുകൾ, ജൈവരാസവസ്തുക്കളുടെ ഉപയോഗം സസ്യ സംരക്ഷണ ഉപാധികൾ ജലസേചനം ശരിയായ സമയത്ത് കൃഷിയിറക്കുകയും സംരക്ഷിക്കുകയും ചെയ്യുക ഇത്യാദി കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധവച്ചാൽ എല്ലാ കാർഷിക വിളകളുടെയും ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

ജലസേചനം

ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും പൂക്കൈതയാറുമായി ബന്ധപ്പെട്ട് ഇരുപതിലധികം തോടുകളും വയലുകളിൽ ധാരാളം വാച്ചാലുകളുമുണ്ട്. തോടുകളുടെ നീളം എഴുപതുകിലോമീറ്റർ വിസ്തൃതി 132.7 ഹെക്ടർ കൂടാതെ കുടിവെള്ളത്തിനും ജലസേചനത്തിനുമായി 678 കുളങ്ങളും ധാരാളം കിണറുകളും 140 കുഴൽ കിണറുകളുമുണ്ട്. മഴകൊണ്ട് പുരയിടങ്ങളും കുളങ്ങളും കിണറുകളും നിറഞ്ഞ ശേഷം

പട്ടിക 3

ജലസേചന സംവിധാനങ്ങൾ

വാർഡ് നമ്പർ	പൊതു. ജല സേചന കിണർ	കുഴൽ കിണർ	കുളം	ക്രോസ്ബാർ	ആയക്കെട്ട് (ഹെക്ടർ)
1	2	3	4	5	6
1	—	13	41	—	—
2	—	9	69	—	—
3	—	8	55	—	—
4	—	13	78	—	—
5	—	14	53	—	—
6	—	8	26	—	—
7	—	18	36	—	—
8	—	8	44	—	—
9	—	8	65	—	—
10	—	17	56	—	—
11	—	11	29	—	—
12	—	5	27	—	—
13	—	6	37	—	—
14	—	8	62	—	—
15					
ആകെ	—	146	678	—	—

പട്ടിക 4

പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങൾ (റെഫ്. പുറമ്പോക്ക് രജിസ്റ്റർ)

വില്ലേജിന്റെ പേര്	വിസ്തീർണ്ണം (ഏക്കറിൽ)									
	റോഡ്	തോട്	കുളം	പുഴ	ആകെ	റവന്യൂ	വനം	വഴി	മറ്റിനം	ആകെ
1	2	3	4	5	6	7	8	9	10	11
അമ്പലപ്പുഴ	18.4236	6.3012	—	—	5.8734	95.3486	—	—	—	125.9468
കരുമാടി	6.4810	58.1060	0.3160	—	9.7045	0.9425	—	9.554	8.1339	93.2396
പുന്നപ്ര	2.9500	68.30	—	—	5.00	16.9160	—	—	—	93.16660
ആകെ	27.8546	132.7072	0.3160	—	20.5779	113.2071	—	9.5557	8.1339	312.35

നിർഗ്ഗമിക്കുന്ന ജലവും ശബരിമല കുന്നുകളിൽ നിന്നും പമ്പയാറു വഴി ഒഴുകി വരുന്ന ജലവും കൊണ്ട് തോടുകളും വയലുകളും നിറയുകയും ചിലപ്പോൾ കവിയുകയും ചെയ്യുന്നു. അതിനാൽ ഈ സമയങ്ങളിൽ വയലുകളിൽ നിന്നും വെള്ളം മോട്ടോർ ഉപയോഗിച്ച് നിരന്തരം പമ്പു ചെയ്തു കൊണ്ടിരിക്കുന്നു. ആറുകളും തോടുകളും കവിയുമ്പോൾ തണ്ണീർമുക്കം തോട്ടപ്പള്ളി സ്പിൽവേയിൽ കൂടി കടലിലേക്ക് ഒഴുക്കിവിടുന്നു. അമ്ലരസം അധികം ഉള്ള ഇവിടുത്തെ വയലുകളിൽ 10 ദിവസത്തിൽ ഒരിക്കൽ 20 സെ.മി. വെള്ളം കയറ്റി കഴുകികൊണ്ടിരിക്കുന്നു. അതിനു ഒരു ഹെക്ടറിനു 70792 ഘ. മീ. ജലം ആവശ്യമാണ്. ശരിയായ ജലസേചന പദ്ധതികളുടെ അഭാവം മൂലം മഴനില്ക്കുമ്പോൾ കൃഷിക്കാവശ്യത്തിനുള്ള ശുദ്ധജലം കിട്ടുന്നില്ലെന്ന് മാത്രമല്ല മാർച്ച് ഏപ്രിൽ മാസങ്ങളിൽ പുരയിടങ്ങളും വയലുകളും വെള്ളമില്ലാതെ ഉണങ്ങി വരളുകയും ചെയ്യുന്നു. ചെക്ക്ഡാം, ബ്രിഡ്ജ് കം റെഗുലേറ്റർ, വെന്റഡ് ക്രോസ് ബാർ, ചെറു ജല സംഭരണികൾ ഒന്നും ഇവിടെ ഇല്ല. ജലസേചനത്തിനും ജലനിർഗ്ഗമനത്തിനും വേണ്ടി നിർമ്മിച്ചിരുന്ന തോടുകൾ പലതും ഗ്രാമീണറോഡുകളാക്കി മാറ്റി. ബാക്കിയുള്ളവ ശ്രദ്ധിക്കാത്തതു നിമിത്തം ചെളിയും മണ്ണും പോളയും പുല്ലും കാടുകളും കൊണ്ട് നിറഞ്ഞ് കിടക്കുകയാണ്. ഇത് ജലസേചനത്തെയും ജല നിർഗ്ഗമനത്തെയും സാരമായി ബാധിക്കുന്നുണ്ട്. സ്വകാര്യകുളങ്ങളും പൊതുകുളങ്ങളും നികന്നും നികത്തിയും പ്രയോജനരഹിതമായി തീരുകയാണ്. സർക്കാർ സബ്സിഡിയായും മറ്റും നലികിയിട്ടുള്ള പമ്പ് സെറ്റുകൾ 65 കുഴൽ കിണറുകൾ 140 ഇവ ആവശ്യത്തിനൊട്ടും മതിയായിട്ടില്ല. വേനൽകാലത്ത് വൈദ്യുതി ക്ഷാമം മൂലം പമ്പുകൾ പ്രവർത്തനക്ഷമമല്ല. വളം കളനാശിനി കീടനാശിനി ഫീലിംഗ് ഷെഡിൽ നിന്നും പുറംതള്ളുന്ന മാലിന്യം ഇവ കൊണ്ട് ദുഷിച്ച തോടുകളിലെ ജലം സേചനത്തിനു പറ്റിയതല്ല. മഴ കൂടുതൽ ഉള്ളപ്പോൾ ജലനിർഗ്ഗമനം ശരിയാകാത്തതിനാൽ വേരു ചീഞ്ഞും വേനൽകാലത്ത് ഉണക്ക് ബാധിച്ചും അമ്ലഉൽഗമനം വർദ്ധിച്ചും നാളികേരത്തിന്റെയും നെല്ലിന്റെയും മറ്റുള്ളവയുടെയും ഉത്പാദനം വളരെയധികം കുറഞ്ഞു. കുഴൽ കിണറുകളുടെ അമിതമായ ഉപയോഗം ദൂരവ്യാപകമായ ദോഷഫലത്തിനു കാരണമാകുന്നു എന്നാണ് വിദഗ്ധാഭിപ്രായം. ധൂളി ജലസേചനവും കണിക ജലസേചനവും 1.6 ഹെക്ടർ സ്ഥലത്തുകൂടി നടപ്പാക്കാൻ നടപടി ആയിട്ടുണ്ട്.



ഉല്പനങ്ങളുടെ വിലയും വിപണനവും

കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉത്പാദകനു ലഭിക്കുന്നതിനുള്ള യതൊരു വിപ ണന സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടി ല്ല. കച്ചവടക്കാരും ഇടനിലക്കാരും നിശ്ചയിക്കു ന്നതാണ് വില. വിളവെടുപ്പ് കാലത്ത് ഉല്പന്ന ങ്ങളുടെ വില താഴോട്ട് പോകും. രൊക്കം വില കിട്ടുവാൻ പ്രയാസം. സർക്കാർ താങ്ങുവില നിശ്ചയിക്കാറുണ്ടെങ്കിലും അതുകൊണ്ട് കർഷകനു വലിയ ഗുണം ലഭിക്കാറില്ല. 1990 ൽ നെല്ല് കൃഷിയുടെ ഉത്പാദന ചെലവു ഹെക്ട റിനു 7500 രൂപാ ആയിരുന്നു എങ്കിൽ '96 ൽ അത് 14,400 രൂപാ വരെയായി. '90 ൽ നെല്ലിന്റെ വില ഒരു കിന്റലിനു 380 രൂപായും '96 ൽ 550 രൂപായും ആണ്. അരിയുടെ മാർക്കറ്റ് വിലയുമായി തട്ടിച്ചു നോക്കുമ്പോൾ നെല്ലിന്റെ വില തുലോം കുറവാ ണ്. നാളീകേരത്തിന്റെയും മറ്റു ഉത്പനങ്ങളു ടെയും കാര്യവും ഇപ്രകാരം തന്നെയാണ്.

കാർഷിക ബന്ധം

ഈ ഗ്രാമപഞ്ചായത്തിൽ കൃഷിയെ ആശ്രയിച്ചാണ് ഭൂരിഭാഗം പേരും ജീവിക്കുന്നത്. മിക്കവാറും എല്ലാ വീടുകളിലും തെങ്ങു കൃഷി യുണ്ട്. നെല്ല് കൃഷിചെയ്യുന്ന എല്ലാവരും തന്നെ തെങ്ങും ഇടവിളകളും കൃഷി ചെയ്യുന്നുണ്ട്. കർഷകരിൽ 60% പേർ ഭാഗീകമായിട്ടെങ്കിലും കാർഷിക ജോലികൾ ചെയ്യുന്നവരാണ്. 1991 ലെ സെൻസസ് അനുസരിച്ച് കർഷകതൊഴിലാളികൾ 3764 ആണ്. പുരുഷന്മാർ 1639 ഉം സ്ത്രീകൾ 2125 ഉം ആണ്. ഇപ്പോഴത്തെ നെൽകർഷകർ 1781. കർഷകനും കർഷകതൊഴിലാളികളുമായുള്ള അനുപാതം 1:2 ആണ്. കേരളത്തിലേതും ഇതു തന്നെയാണ്. എന്നാൽ ഇന്ത്യയിലേതാകട്ടെ 1:1 ആണ്. പാടശേഖരങ്ങളിലെ 47 മോട്ടോർ തറക ളിൽ 47 പേർ ഡ്രൈവർ തൊഴിലാളികളായി പണി യെടുക്കുന്നു. ഉഴവുതൊഴിലാളികൾ 63. അവർ വളർത്തുന്ന കന്നുകാലികളുടെ എണ്ണം 32 ബാക്കി കൂലിക്ക് വാങ്ങുന്നു. ഒരാൾ 5 മണിക്കൂ

പട്ടിക 5
അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത്
കൈവശഭൂമി വിസ്തീർണ്ണം

വാർഡ് നമ്പർ	നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുക ളിൽ)
1	2	3	4
1	130	85	3
2	201	155	5
3	172	110	4
4	246	148	4
5	488	54	3
6	86	53	3
7	105	66	4
8	138	88	4
9	120	102	3
10	152	145	5
11	75	72	3
12	175	110	6
13	93	108	5
14	144	174	8
15	165	197	4
ആകെ	2490	1687	64



റാണ് ഒരു ദിവസം ഉഴവു പണിചെയ്യുന്നത്. 80 സെന്റും ഉഴുന്നു. കന്നിനെ കൊണ്ട് ഉഴവു നടത്തിയാൽ പാടത്തു വിതയ്ക്കാൻ പറ്റുകയില്ല. ട്രാക്ടറോ, ട്രില്ലറോ കൂടി ഉപയോഗിച്ചു ഉഴവു ജോലി നടത്തിയാൽ മാത്രമേ നിലം പരുവമായി വരുകയുള്ളു. 8 ട്രില്ലറുകൾ സബ്സിഡി റേറ്റിൽ കൃഷിഭവനിൽ നിന്നും പാടശേഖരത്തിനു നല്കിയിട്ടുണ്ട്. പവ്വർ ട്രില്ലറുകൾ കൊണ്ട് ഒരുദിവസം രണ്ട് ഹെക്ടർ സ്ഥലമാണ് സാധാരണ ഉഴുന്നത് പവ്വർ ട്രില്ലറുകൾ കൊണ്ടുമാത്രം ഉഴുതാൽ ഇവിടെയുള്ള പാടശേഖരങ്ങളിൽ ശരിയായ സമയത്ത് വിളവു ഇറക്കാൻ സാധിക്കുകയില്ല.

കൂലിയും സേവനവ്യവസ്ഥയും

വയലുകളിലെയും പുരയിടങ്ങളിലെയും ജോലിക്കു രണ്ട് തരമായി കണക്കാക്കിയിരിക്കുന്നു. ഇതിനു വ്യക്തമായ കൂലി വ്യവസ്ഥകൾ കാലാകാലങ്ങളിൽ ഉണ്ടാക്കുന്നുണ്ട്. വയലുകളിൽ 6 മണിക്കൂർ സമയമാണ് ജോലി ചെയ്യുക. സ്ത്രീതൊഴിലാളിക്ക് കൂലി 44 രൂപയാണ്. പുരുഷതൊഴിലാളിക്ക് 70 രൂപയാണ്. പുഞ്ചഉഴവു ഉഴവു തൊഴിലാളികളുടെ അവകാശമാണ്. ഏക്കറിനു പന്ത്രണ്ടരപ്പറ നെല്ലാണ് കൂലി. വിതയ്ക്കുന്നതിനു ഹെക്ടറിനു 75 രൂപായാണ് കൂലി. വളം ഇടുന്നതിനു ഹെക്ടറിനു 75 രൂപായാണ് കൂലി. മരുന്ന് അടിക്കുന്നതിനു കുറ്റിക്ക് 4 രൂപായാണ് കൂലി. ജലസേചനകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു ഒരു സീസണിൽ ഹെക്ടറിനു പന്ത്രണ്ടരപറ നെല്ലാണ് കൂലി. നെല്ല്, കച്ചി മുതലായവ ഉണക്കുന്നതിനു 100 രൂപായാണ്. കൊയ്തുമെതിക്കുന്നതിനു ഏഴിനു ഒന്നേകാൽ പറ നെല്ലാണ് പതം. കർഷകനു ഇപ്പോൾ ഒരു ഹെക്ടർ നിലത്തിൽ ഒരുപ്രാവശ്യം കൃഷിയിറക്കുന്നതിനു 8600 രൂപാവരെ കൂലി ചെലവു ഉണ്ടാകുന്നു. മൊത്തം പാടശേഖരങ്ങളിൽ ഒരുപ്രാവശ്യത്തെ കൃഷിക്ക് 98,21200 രൂപാ കൂലിയായി വേണ്ടിവരുന്നു. പുരയിടങ്ങളിൽ കിളയ്ക്കുന്നതിനും മറ്റും 85 രൂപായും 100 തെങ്ങ് കയറുന്നതിനു 100 രൂപായും 20 തേങ്ങായുമാണ് കൂലി.

മഴ അവസാനിക്കുന്നതോടെ തെങ്ങുംപുരയിടങ്ങളിൽ കൂമ്പൽ എടുക്കുന്നു. വേനൽ ആരംഭിക്കുന്നതിനു മുൻപ് കൂമ്പൽ നിരത്തി കളകൾ മാറ്റുന്നു. പിന്നീട് തടങ്ങൾ എടുത്ത് ജലസേചനം നടത്തുന്നു. ഇതിനു ധാരാളം തൊഴിലാളികൾ ആവശ്യമാണ്. ഇവിടെ



30 തെങ്ങുകയറ്റതൊഴിലാളികളാണ് ഉള്ളത്. നാലു തെങ്ങുകയറ്റയന്ത്രം കൃഷിഭവനിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. ഈ പഞ്ചായത്തിലെ 1,94,728 തെങ്ങുകളിൽ കായ്ഫലമുള്ള തെങ്ങുകളിൽ കയറുന്നതിനു ഈ തൊഴിലാളികൾ അപര്യാപ്തമാണ്.

കർഷകതൊഴിലാളികളുടെ എണ്ണവും കുറഞ്ഞുകൊണ്ടിരിക്കുന്നു. കാർഷികരംഗത്ത് പണിയെടുത്തുകൊണ്ടിരുന്ന 870 പേർ കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്നു. അവർക്കു പകരം പുതിയ തലമുറ രംഗത്ത് വരുന്നില്ല. ധാരാളം പേർ ഗൾഫ് നാടുകളിലേയ്ക്ക് പോയി. കെട്ടിട നിർമ്മാണത്തിനും മത്സ്യസംസ്കരണത്തിനും കൂടുതൽ കൂലി കിട്ടുന്നു. വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ഈ രംഗത്തേക്ക് വരുന്നില്ല. ഇതിന്റെ ഫലമായി കൊയ്യുന്നതിനും മെതിക്കുന്നതിനും തീരെ ആൾക്കാർ ഇല്ല. അതിനാൽ കർഷകനു ധനവും ധാന്യവും കാലിത്തീറ്റയും നഷ്ടമാകുന്നു.

വളംകീടനാശിനി ഉപഭോഗം

ഈ പഞ്ചായത്ത് പ്രദേശത്ത് ഉപയോഗിച്ച രാസവളത്തിന്റെയും കീടനാശിനിയുടെയും വിവരം.

സഹകരണമേഖലയിൽ 6 ഉം സ്വകാര്യമേഖലയിൽ 7 ഉം വളംകീടനാശിനി വില്പനശാലകൾ ഉണ്ട്. കീടനാശിനിയുടെ ഉപയോഗം ഓരോ വർഷവും കൂടികൊണ്ടിരിക്കുകയാണ്. തെറ്റായ ഉപയോഗം കീടങ്ങളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കും. ഇതു കീടനാശിനിയുടെ അളവു വർദ്ധിപ്പിക്കുവാൻ ഇടയാക്കുന്നു. ഇവയുടെ വർദ്ധിച്ച ഉപയോഗം സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്ന് മാത്രമല്ല ജീവജാലങ്ങളുടെ മുഴുവൻ ആരോഗ്യത്തെബാധിക്കുകയും ചെയ്യും.

കൃഷിവികസനസമിതികൾ

1) നെല്ലുത്പാദക സമിതി.

37 പാടശേഖരങ്ങളിലും നെല്ലുത്പാദക സമിതി പ്രവർത്തിക്കുന്നുണ്ട്. 1990 മുതലാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. കൃഷിഭവനം പുഞ്ചസെപ്ഷ്യൽ ആഫീസുമായി ബന്ധപ്പെട്ടാണ് സമിതികൾ പ്രവർത്തിക്കുന്നത്.



പട്ടിക 6

അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് രാസവള-കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം കി. ഗ്രാം.	കീടനാശിനികൾ		രാസവളം കി. ഗ്രാം.	കീടനാശിനികൾ		രാസവളം കി. ഗ്രാം.	കീടനാശിനികൾ	
			ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1	സഹകരണം	362,000	1050	2250	360,000	1075	2300	355,000	2000	2500
2	സ്വകാര്യം	510,000	1300	2560	458,000	1350	2600	455000	1450	2800
	ആകെ	8,72,000	2350	4810	818,000	2425	4900	810000	3450	5300

പാടശേഖരങ്ങളുടെ വിവരം താഴെ ചേർക്കുന്നു. (കൃഷിഭവൻ അമ്പലപ്പുഴ)
പട്ടിക 7

ക്രമനമ്പർ	പാടശേഖരങ്ങളുടെ പേരു	വിസ്തീർണ്ണം (ഹെക്.)	കർഷകരുടെ എണ്ണം
1	ഒറ്റവേലി	14.97	29
2	കപ്പാംവേലി	32.00	42
3	കാരാറ്റ്	4.80	10
4	നാനേകാട്	17.60	45
5	കറുകയിൽ കടവ്–കൊച്ചുപുരയ്ക്കൽ കടവ്	8.10	14
6	കുന്നത്തുകടവു	5.20	8
7	നാലുപാടം	176.80	325
8	കാട്ടുകോണം പട്ടത്താനം	104.00	125
9	വട്ടപ്പായിത്ര കടവ്	4.80	9
10	മൂലേപാടം	16.80	38
11	കോലടിക്കാട്	48.40	95
12	അറുനൂറുപാടം	22.80	28
13	ഉപ്പുങ്കൽ	12.00	22
14	കട്ടക്കുഴി കാട്ടുങ്കൽ പനച്ചിത്ര	52.80	97
15	കരിങ്ങാലിത്ര	22.40	32
16	മുക്കയിൽ വടക്ക്	6.00	11
17	കാക്കാഴം	36.00	81
18	പുളിക്കൽ	36.00	57
19	പാട്ടത്തറ നൂറുപറ	7.20	15
20	പാലൂക്കരി	12.00	22
21	അമ്പലപ്പുഴ കരപ്പാടം	6.00	8
22	തകഴിക്കരി	18.00	45
23	വെള്ളൂർ	6.80	23
24	നടുക്കേമേലത്തുങ്കരി	36.40	60
25	വടക്കേമേലത്തുങ്കരി	10.40	15
26	തെക്കെ മേലത്തുങ്കരി	16.52	48
27	മഠത്തിൽ പാടം	100.80	112
28	ചെമ്പിൽ പാടം	4.00	12
29	പടിഞ്ഞാറെ ഇടം പാടം	20.00	28
30	തെക്കുംമൂല	6.12	9
31	വലിയതുരുത്ത് ചെറിത്തുരുത്ത്	54.80	80
32	കാവിൽതെങ്ങ്	68.80	74
33	കുന്നുമ്മ എ ബ്ലോക്ക്	42.00	25
34	മുന്നൂറുപടവ്	90.80	78
35	അമ്പലപ്പുഴ പാടം	18.64	48
36	മാന്താനത്തു നൂറുപറ	3.20	2
37	വലിയതുരുത്ത് ചെറിതുരുത്ത്	4.00	9
ആകെ		1147.95	1781

2) കേരവികസന സമിതി

കേരകർഷകരെ സഹായിക്കുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി സഹായങ്ങൾ നേടുന്നതിനും വേണ്ടി അമ്പലപ്പുഴ പഞ്ചായത്ത് കേരവികസന സമിതി 1995 മുതൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ച് വരുന്നുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

3) സെറികൾച്ചർ സഹകരണസംഘം

പട്ടുനൂൽ വ്യവസായത്തിനു സഹായകമായമൾബറി കൃഷി നടത്തി കൊക്കൂൺ ഉത്പാദിപ്പിച്ച് വിപണനം നടത്തുന്നതിനു ഒരു സഹകരണ സംഘം 1990 മുതൽ പ്രവർത്തിച്ചുവരുന്നു.

നഴ്സറി

ഈ പഞ്ചായത്തിൽ ഒരു സ്വകാര്യ നഴ്സറിയുണ്ട്

കൃഷിഭവൻ

1-9-1984 ലാണ് കൃഷിഭവൻ ആരംഭിച്ചത്. ഒരു കൃഷി ആഫീസറും 4 കൃഷി അസിസ്റ്റന്റുമാരുമാണ് ഈ ആഫീസിലുള്ളത്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു നടീൽ വസ്തുക്കൾ, വളം, കീടനാശിനികൾ, കക്ക, ധാന്യ സംഭരണി, ടാർപ്പോളിൻ എന്നിവ കൊടുക്കുന്നതിനു പുറമെ കിണർ, കുഴൽകിണർ എന്നിവ കുഴിക്കുന്നതിനും കാർഷിക ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള സഹായധനവും, പ്രൊഡക്ഷൻ ഇൻസെന്റീവും, പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കാർഷിക നഷ്ടങ്ങൾക്കുള്ള സഹായങ്ങളും നല്കുന്നു. ബോധവല്കരണ ക്ലാസ്സുകൾ നടത്തുകയും കർഷകരുടെ സംശയങ്ങൾ നീക്കുകയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ വിദഗ്ദ ഉദ്യോഗസ്ഥന്മാരുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല എന്ന പരാതി പരക്കെ ഉണ്ട്.

കൃഷിഭവനിൽ നിന്നും വിതരണം ചെയ്തിട്ടുള്ളവയുടെ വിവരങ്ങൾ

പട്ടിക 8 നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്, WXT, TXD, DXT	1000, 70, 25	600, 100, 30	1450, 100, —
കശുമാവ്	160	—	150
കുരുമുളക്	—	2000	4000
കവുങ്ങ്	—	—	200
ഒട്ടുമാവ്	—	—	1
സപ്പോട്ട	—	23	—
ജാക്ക് ഫ്രൂട്ട്	—	10	—
നാട്ടുമാവ്	—	11	—
ഗ്രീൻ ഫ്രൂട്ട്	—	—	30
നാരകം	—	—	30
നെല്ലി	—	—	75
ചെറി	—	—	26
നെല്ലിപ്പുളി	—	—	75

പട്ടിക 9 ദുരിതാശ്വാസ വിതരണം

വർഷം	പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)				ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപൊട്ടൽ		
1	2	3	4	5	6	7
1993–94	—	—	—	—	—	—
1994–95	920.311	—	—	—	1502	8,66,585
1995–96	—	—	—	—	—	—

വായ്പാ സൗകര്യങ്ങൾ

ഒരു ഹെക്ടറിൽ കൃഷിനടത്തുന്നതിനു 14400 രൂപാവരെ ഉത്പാദന ചെലവു ഉണ്ടാകും. 1160 ഹെക്ടറിൽ നെല്ല് കൃഷിക്ക് മാത്രം 1,67,04,000 രൂപാ വേണ്ടിവരുന്നു

1995 – 96 ൽ നല്കിയ കൃഷി വായ്പയുടെ വിവരം താഴെ ചേർക്കുന്നു.

1)	കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണ സംഘം	693400
2)	കരുമാടി സർവ്വീസ് സഹകരണ ബാങ്ക്	2599500
3)	ഫെഡറൽ ബാങ്ക് അമ്പലപ്പുഴ	------
4)	സൗത്ത് ഇന്ത്യൻ ബാങ്ക്	------
5)	സ്റ്റേറ്റ് ബാങ്ക്	------
6)	സ്റ്റേറ്റ് ബാങ്ക് വണ്ടാനം	------
7)	ഡിസ്ട്രിക് കോ. ബാങ്ക് അമ്പലപ്പുഴ	------

പ്രശ്നങ്ങൾ

1) അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ആവശ്യാനുസരണം കൃഷിക്കാർക്ക് യഥാസമയം ലഭിക്കുന്നില്ല.

2) മിതമായ വിലയ്ക്ക് ഗുണനിലവാരമുള്ള കീടനാശിനികളും രാസവളങ്ങളും ലഭ്യമല്ല.

3) ജൈവവളം ആവശ്യത്തിനുണ്ടെങ്കിലും കർഷകർ അത് ഉപയോഗിക്കുന്നില്ല.

4) യഥാസമയം മണ്ണ് പരിശോധനയും. അതിന്റ അടിസ്ഥാനത്തിലുള്ള വള പ്രയോഗത്തിന്റെയും പോരായ്മ

5) നിശ്ചിത സമയത്ത് കൃഷി ഇറക്കാത്തതുകൊണ്ടുള്ള ദോഷങ്ങൾ

6) കർഷക തൊഴിലാളികളുടെ ദൗർലഭ്യം

7) വെള്ളപ്പൊക്കവും വരൾച്ചയും കൊണ്ടുള്ള കൃഷിനാശം.

8) വൈദ്യുതി കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ടും അത്യാവശ്യ സമയങ്ങളിൽ വൈദ്യുതി ലഭ്യമാകാതിരിക്കുകയും ചെയ്യുക

9) തണ്ണീർമുക്കം, തോട്ടപ്പള്ളി സ്പിൽവേകളുടെ പ്രവർത്തനക്ഷമതയുടെ പോരായ്മകൾ

10) തോട്ടപ്പള്ളി ചീപ്പുകളുടെ പ്രവർത്തന വൈകല്യം മൂലമുള്ള കൃഷിനാശം

11) പീലിങ്ങ് ഷെഡിൽ നിന്നും വരുന്ന മലിനജലവും പോളകളും മണ്ണും മൂലം തോടു

കൾ ജലസേചനത്തിന് ഉപയോഗിക്കുന്നില്ല.

12) വ്യാപകമായ എലിശല്യം മൂലമുള്ള കൃഷി നാശം.

13) കൃഷിഭവനിൽ നിന്നും തക്കസമയത്ത് കിട്ടേണ്ട ആനുകൂല്യങ്ങളും ഉപദേശനിർദ്ദേശങ്ങളും കർഷകർക്ക് ലഭിക്കുന്നില്ല.

14) ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായത്തിന്റെ (സംഘ കൃഷി) അപര്യാപ്തത

15) ഉൽപാദനോപാധികൾ എത്തിക്കുന്നതിനുള്ള യാത്രാസൗകര്യക്കുറവുകൾ.

16) ജലനിർഗ്ഗമനോപാധികളായ കലുങ്കുകൾ അടഞ്ഞുകിടക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ.

17) വിളവെടുപ്പു സമയങ്ങളിൽ ഉൽപാദനങ്ങൾക്ക് വിലയിടിവുമൂലമുള്ള നഷ്ടങ്ങൾ.

18) അശാസ്ത്രീയമായ കൃഷിസമ്പ്രദായവും രാസവളപ്രയോഗവും കീടനാശിനിപ്രയോഗവും മൂലമുണ്ടാകുന്ന നഷ്ടം.

19) വർദ്ധിച്ചരീതിയിലുള്ള പുളിയിളക്കം, കീടങ്ങൾ, കളകൾ ഇവ മൂലമുണ്ടാകുന്ന ദോഷങ്ങൾ

20) ആധുനിക യന്ത്രങ്ങളുടേയും വിദഗ്ദ തൊഴിലാളികളുടേയും ദൗർലഭ്യം.

21) ഇടവിളകൃഷികൾക്കുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ദൗർലഭ്യം.

22) കാർഷിക വായ്പകൾ യഥാസമയത്ത് ലഭിക്കുന്നില്ല.

23)വേരുചീയൽ, കൂമ്പുചീയൽ, കൊമ്പൻചെല്ലി മുതലായവയുടെ ഉപദ്രവം ചെന്നീരൊലിപ്പ് മുതലായ രോഗങ്ങൾ എന്നിവമൂലം കൃഷി നശിക്കുന്നു.

24)സർക്കാരിൽ നിന്നും സൗജന്യമായിനൽകുന്ന വിത്തുകൾക്കും വളങ്ങൾക്കും ഗുണനിലവാരക്കുറവാണ്

25) ജലസേചനത്തിനുള്ള പമ്പുസെറ്റുകൾ, സ്പ്രേയറുകൾ, തെങ്ങുകയറ്റയന്ത്രം മുതലായവ സൗജന്യ നിരക്കിൽ സർക്കാരിൽ നിന്നും ആവശ്യക്കാർക്ക് മുഴുവനും ലഭിക്കുന്നില്ല.

26) കുളങ്ങളും തോടുകളും വൃത്തിയാക്കുന്നതിനും ആഴം കൂട്ടുന്നതിനും സർക്കാരിൽ നിന്നും സഹായം ലഭിക്കുന്നില്ല.

27) പഴങ്ങൾ,പച്ചക്കറി, ഉദ്യാനകൃഷി മുതലാ വയ്ക്ക് ആവശ്യമായപ്രോത്സാഹനം ലഭിക്കുന്നില്ല.

28) കാർഷികോൽപ്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളുടെ അഭാവം മൂലമുള്ള നഷ്ടം

29) സമഗ്രമായ കൃഷിവികസനത്തിന് ആവശ്യമായ നയങ്ങളുടേയും പദ്ധതികളുടേയും നടപ്പാക്കലിന്റേയും അഭാവം.

പരിഹാര നിർദ്ദേശങ്ങൾ

1) അടിസ്ഥാന വിത്തുല്പാദന പരിപാടി അനുസരിച്ച് വിവിധ പാടശേഖരങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 25 ഹെക്ടർ സ്ഥലത്ത് അത്യുല്പാദനശേഷിയുള്ള വിത്തു ഉത്പാദിപ്പിച്ച് പകുതി വിലക്ക് ഓരോ കൃഷിക്കും കർഷകർക്ക് ആവശ്യാനുസരണം നല്കുക.

2) യഥാസമയങ്ങളിൽ മണ്ണുപരിശോധന നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഗുണമേന്മയുള്ള രാസവളങ്ങളുടെയും കീടനാശിനികളുടെയും ലഭ്യത ഉറപ്പുരുത്തുകയും ജൈവവളപ്രയോഗത്തിന് പ്രോത്സാഹനം നൽകുകയും ചെയ്യണം.

3) കാലാവസ്ഥ നിർണ്ണയിച്ച് അതിന്റെ അടിസ്ഥാനത്തിൽ കൃഷി ഇറക്കുന്നതിനും മറ്റും ആവശ്യമായ നടപടി സ്വീകരിക്കണം.

4) കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം പരിഗണിച്ച് ആവശ്യമായ മേഖലകളിൽ യന്ത്രവത്ക്കരണം നടത്തണം.

5) എല്ലാ പാടശേഖരങ്ങളുടെയും പുറംബണ്ടുകൾക്ക് കരിങ്കൽ കെട്ടുന്നതിനും ട്രാക്ടർ റോഡുകളും മോട്ടോർ തറകൾക്ക് സ്ഥിരം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും സ്ഥിരമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം.

6) തോട്ടപ്പള്ളി, തണ്ണീർമുക്കം സ്പിൽവേകളുടെയും തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ ചീപ്പുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

7) പഞ്ചായത്ത് പ്രദേശങ്ങളിൽ വ്യാപകമായി നിറഞ്ഞകിടക്കുന്ന പോളകളും പാഴ്ചെടികളും മറ്റും നിശേഷം നീക്കം ചെയ്യുന്നതിനോടൊപ്പം തോടുകൾ, കുളങ്ങൾ, വാച്ചാലുകൾ എന്നിവയ്ക്ക് ആഴം കുട്ടുന്നതിനും പലവിധത്തിലുള്ള മാലിന്യങ്ങൾ (പീലിംഗ് ഷഡ്) കൊണ്ട് വെള്ളം മാലിന്യമാകാതിരിക്കാനും വേണ്ടനടപടികൾ അടിയന്തരമായി സ്വീകരിക്കണം.

8) വ്യാപകമായി എലികളെ നശിപ്പിക്കുന്നതിനുള്ള തീവ്രയത്ന പരപാടി നടപ്പിലാക്കണം.

9) സർക്കാരിൽ നിന്നും കർഷകർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ താമസം വിനാ ലഭ്യമാക്കുകയും വിദഗ്ദോപദേശങ്ങളും നിർദ്ദേശങ്ങളും കൊണ്ട് സഹായമാകുകയും ചെയ്യണം.

10) ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം പ്രാവർത്തികമാക്കുക.

11) അടഞ്ഞുകിടക്കുന്ന കലിങ്കുകൾ തെളിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ തുടരെ ചെയ്യുക.

12) വിളവെടുപ്പ് കാലത്ത് നെല്ല്, പാടശേഖരകമ്മിറ്റിയുടെ ചുമതലയിൽ ശേഖരിച്ച് പൊതു ധ്യാനപുരകളിൽ സംഭരിക്കുക. ആധുനിക തരത്തിലുള്ള മില്ല് സ്ഥാപിച്ച് അരി, അരിപ്പൊടി, അവൽ, മലർ, എന്നിവകളായി സംസ്കരിച്ച് പാക്കറ്റുകളിലാക്കി നിശ്ചിതവിലക്ക് റേഷൻകടകൾ, മാവേലിസ്റ്റോർ എന്നിവ വഴി വില്പന നടത്തുക.

13) കൃഷിനിലങ്ങളിലെ അമ്ല രസം മാറ്റുന്നതിനു വേണ്ടി നീറ്റുകക്കാ സൗജന്യമായി കർഷകർക്ക് നല്കുക.

14) അഗ്രോ ക്ലിനിക്കുകൾ സ്ഥാപിച്ച് യന്ത്രസാമഗ്രികൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

15) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നഴ്സറികൾ സ്ഥാപിച്ച് കൃഷിയെ പ്രോത്സാഹിപ്പിക്കുക.

16) കാർഷിക വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ കർഷകർക്ക് യഥാസമയങ്ങളിൽ ലഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ദേശസാൽകൃത ബാങ്കുകൾക്ക് നൽകുക. കൃത്യമായ വായ്പതവണകൾ അടച്ച് തീർക്കുന്നവർക്ക് ഇളവുകൾ അനുവദിക്കുക.

17) അമ്പലപ്പുഴ, കഞ്ഞിപ്പാടം, വണ്ടാനം എന്നീ വാർഡുകളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

18) തെങ്ങുകളുടെ മാരകമായ രോഗങ്ങൾക്ക് പൊതുവായ പരിഹാര നടപടികൾ സ്വീകരിക്കുക.

19) ഫലം കുറഞ്ഞതും കേടുവന്നതുമായ തെങ്ങുകൾ നീക്കം ചെയ്യുന്നതിനും അത്യുല്പാദനശേഷിയുള്ള തൈകൾ വച്ച് പിടിപ്പിക്കുന്നതിനും സഹായം നൽകുക.

20) തെങ്ങുകയറ്റതൊഴിലാളികളുടെ ദൗർലഭ്യം പരിഗണിച്ച് തെരഞ്ഞെടുത്ത യുവാക്കൾക്ക് പരിശീലനവും തെങ്ങുകയറ്റ യന്ത്രങ്ങളും നല്കുക.

21) തെങ്ങുകൃഷിക്ക് ഗ്രൂപ്പ് ഇറിഗേഷൻ പ്രോജക്റ്റ് നടപ്പിൽ വരുത്തുക.

22) കൃഷിനാശം മൂലം നഷ്ടം സംഭവിച്ചവർക്ക് 50% ത്തിൽ കുറയാത്ത നഷ്ടപരിഹാരം താമസംവിനാ നല്കേണ്ടതാണ്.

23) വിള ഇൻഷ്വറൻസിനുള്ള പ്രീമിയം സർക്കാർ ചെലവിൽ അടയ്ക്കുക.

24) തെങ്ങുരോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള ശാസ്ത്രീയ ഗവേഷണങ്ങളുടെ വേഗത കൂട്ടുക.

25) കേരവികസന സമിതി വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.

26) പുഞ്ചകൃഷി ആഫീസിൽ കൂടി നടക്കുന്ന പ്രവർത്തനങ്ങൾ കൃഷിഭവൻ വഴി നടപ്പിലാക്കുക.

27) വൈദ്യുതി സംബന്ധമായ അഴിച്ചുപണികൾ കൃഷി ഇല്ലാത്ത സീസണുകളിൽ നടത്തേണ്ടതാണ്.

28) കുറ്റിമുല്ല, ആന്തൂറിയം, ഓർക്കിഡ്, മൽബറി മുതലായ നടീൽ വസ്തുക്കൾ സൗജന്യമായി നൽകുകയും മറ്റു സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്യുക. ഫാർമേഴ്സ് ക്ലബുകൾ നവീകരിച്ച് കൃഷി വികസിപ്പിക്കുക. ഈ ക്ലബു വഴി തരിശു ഭൂമി, ചതുപ്പു നിലം, മിച്ചഭൂമി, പുറമ്പോക്കു ഭൂമി എന്നിവിടങ്ങളിൽ കൃഷി നടത്തു

ക.

29) നബാർഡിന്റെ സേവനങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

30) ഈ പഞ്ചായത്തിലുള്ള പാടശേഖരങ്ങളെ കരിനില വികസന അതോറിറ്റിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

31) ഓരോ പാടശേഖരത്തിലെയും ബണ്ടുകളിൽ സ്ഥിരമായ മടകൾ ഇട്ട് വെന്റഡ് ക്രോസ് ബാർ സ്ഥാപിക്കുക.

32) ആവശ്യമായ സ്ഥലങ്ങളിൽ വെന്റഡ് ക്രോസ് ബാർ, ബ്രിഡ്ജ്സ്റ്റ് കം റഗുലേറ്റർ ചെക്കു ഡാം, ചെറു ജലസംഭരണികൾ ഇവ സ്ഥാപിച്ച് വെള്ള പ്പൊക്കം തടയുകയും ജലസേചനത്തിനു സഹാ യിക്കുകയും ചെയ്യുക.

33) ജൈവവസ്തുക്കൾ ഉപയോഗിച്ച് ജൈവവ ളവും ജൈവകീടനാശിനിയും വ്യാവസായികാ ടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നതിനു നടപടികൾ സ്വീകരിക്കണം.

34) കർഷകർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി ഏർപ്പെടുത്തി കുട്ടികളുടെ വിദ്യാഭ്യാസത്തിനും വിവാഹത്തിനും ചികിത്സക്കും മറ്റും സഹായം നല്കുകയും ഏറ്റവും നല്ല കർഷകന് അവാർഡ് നല്കി ആദരിക്കുകയും ചെയ്യേണ്ടതാണ്.

35) സൗകര്യമുള്ള പാടശേഖരങ്ങളിൽ ഒരു നെൽ കൃഷിയും ഒരു മത്സ്യകൃഷിയും നടത്തുന്നതിനും വീടുകളോട് ചേർന്നുള്ള കുളങ്ങളും ഇടത്തോ ടുകളും ചതുപ്പു നിലങ്ങളും വൃത്തിയാക്കി മത്സ്യ കൃഷി നടത്തുന്നതിന് ആവശ്യമായ സൗകര്യ ങ്ങൾ ഉണ്ടാക്കുക.



II

മത്സ്യബന്ധനവും മൃഗപരിപാലനവും

മത്സ്യബന്ധനം

അമ്പലപ്പുഴ പഞ്ചായത്ത് ഒരു തീരദേശ ഗ്രാമപഞ്ചായത്ത് ആണ്. പഞ്ചായത്തിൽ 1, 4, 5, 9 എന്നീ വാർഡുകൾ അറബിക്കടലിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നത്. പായൽകുളങ്ങര ക്ഷേത്രത്തിന്റെ വടക്കുവശം കിഴക്ക് പടിഞ്ഞാറായി കിടക്കുന്ന റോഡുമുതൽ വടക്കോട്ട് കുറവൻതോടിന് പടിഞ്ഞാറു ഭാഗത്തുള്ള പൂമീൻ പൊഴിവരെയുള്ള 6 കിലോമീറ്റർ ദൈർഘ്യം ഈ പഞ്ചായത്തിന്റെ തീരപ്രദേശത്തിനുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ തൊഴിൽ മത്സ്യബന്ധനവും വിപണനവും വ്യവസായവും അതിനോടനുബന്ധിച്ചുള്ളവയുമാണ്. പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകളിൽ താമസിക്കുന്ന ഏറെ കുടുംബങ്ങൾ പൂക്കൈത ആറ്റിലും അതിന്റെ കൈത്തോടുകളിലും ഉൾനാടൻ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നു. പീലിംഗ്, ചുമട്, ലോഡിംഗ്, ഐസ് അടി, കച്ചവടം എന്നീ വിപണന സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന 6350 ഓളം ജനങ്ങളും ഈ പ്രദേശങ്ങളിൽ ഉപജീവനം നടത്തുന്നുണ്ട്. 26 ഉൾനാടൻ മത്സ്യത്തൊഴിലാളികളും നേരിട്ട് മത്സ്യബന്ധനം നടത്തുന്ന 4800 കടൽ മത്സ്യതൊഴിലാളികളും ഉണ്ട്.

പട്ടിക 1

മത്സ്യബന്ധന തൊഴിലാളികൾ

പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
കടൽമത്സ്യബന്ധനം	4800
ഉൾനാടൻ മത്സ്യബന്ധനം	26
ആകെ	**4826**

പട്ടിക 2

മത്സ്യ വിപണന – സംസ്കരണ തൊഴിലാളികൾ

പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
പീലിംഗ്	5500
ചുമട്	150
കച്ചവടം	450
ഐസ് ഇടി & ലോഡിംഗ്	250
ആകെ	**6350**

ഈ തീരപ്രദേശത്തു മത്സ്യം ഉണ്ടായാൽ അതിന്റെ പ്രതിഫലനം പഞ്ചായത്തിൽ ആകെ അലയടിക്കും എന്നതാണ് ഏറെ സവിശേഷമായ വസ്തുത. കേരളത്തിന്റെ മൊത്തം മത്സ്യകയറ്റു മതിയിൽ 15 ശതമാനത്തോളം കടൽ വിഭവങ്ങൾ ഈ പഞ്ചായത്തിന്റെ കടൽ തീരത്തുനിന്നും പിടിച്ച് സംസ്കരിച്ച് അയക്കുന്നവയാണ്. ഇന്ത്യാ മഹാരാജ്യത്തിന് കയറ്റുമതിയിലൂടെ നേടികൊടുക്കുന്ന വിദേശനാണ്യത്തിന്റെ ഒരുഗണ്യമായ ഉറവിടം നമ്മുടെ പഞ്ചായത്ത് തീരപ്രദേശത്തെ ജന വിഭാഗങ്ങൾ ആണ് എന്നതിൽ നമ്മുക്ക് ഏറെ അഭിമാനിക്കാൻ വകയുണ്ട്. കൊച്ചിയും നീണ്ടകരയും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മത്സ്യബന്ധനവും വിപണനവും നടക്കുന്നത് അമ്പലപ്പുഴ വളഞ്ഞവഴി കേന്ദ്രീകരിച്ചാണ്.

ചെമ്മീൻ (പൂവാലൻ), നാരൻ, കരിക്കാടി, അയല, മത്തി, നെത്തോലി, ചൂടാ, ആവോലി, നങ്ക്, സ്രാവ്, നെൻമീൻ, തിരിയാൻ, മിക്ചർ എന്നീ പലവക മീനുകൾ കടലിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ ആണ്.

പട്ടിക 3

ഓരോകാലത്തും കിട്ടുന്ന മീനുകളുടെ ഇനം

മാസം	ഇനം
ജൂൺ, ജൂലൈ, ആഗസ്റ്റ്	പൂവാലൻ ചെമ്മീൻ, നാരൻ, അയല, സുന്ദരമത്തി, വട്ടമത്തി, തിരിയാൻ, ചൂടൻ, നെത്തോലി, താട, പരവ, തോടി, മണങ്ങ്.
സെപ്റ്റംബർ മുതൽ മെയ് വരെ	കരിക്കാടി, നങ്ക്, കുട്ടൻ, മത്തി, അയല, സ്രാവ്, നെൻമീൻ, കുടുക്കചൂര മുതലായവ.

ഉൾനാടൻ മത്സ്യങ്ങൾ :-

പൂഴനാരൻ, വരാൽ, പള്ളത്തി, കൈപ്പപരാൽ, കരിമീൻ, കൂരി, കാരി മുതലായവയാണ്. ഇതിൽ പൂഴനാരൻ, കടൽനാരൻ എന്നിവ ചെമ്മീൻ പോലെ തന്നെ കയറ്റുമതി പ്രാധാന്യമുള്ളവയാണ്.

ലോകത്ത് തന്നെ അപൂർവ്വ പ്രതിഭാസമായി കാണാറുള്ള "ചാകര" പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ളത് നമ്മുടെ പഞ്ചായത്തിന്റെ കടൽതീരത്തിലാണ്. ഈ ചാകര സമയത്ത് വലുതും ചെറുതുമായ മൂവായിരത്തോളം വള്ളങ്ങൾ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽനിന്ന് ഈ പ്രദേശത്ത് കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്താറുണ്ട്. കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധനവും വിപണനവും ഈ സമയത്ത് ഇവിടെ നടക്കുന്നുണ്ടെങ്കിലും നിർഭാഗ്യവശാൽ ആ തുകയുടെ അർഹമായ വിഹിതം ഈ മത്സ്യം പിടിച്ച് കരയ്ക്ക് കൊണ്ടുവരുന്ന മത്സ്യതൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്ന ദുഃഖ സത്യം ഇന്നും അവശേഷിക്കുകയാണ്. ചെമ്മീൻ മുതലായ കയറ്റുമതി സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് ഈ മേഖലയിലെ കുത്തക മുതലാളിമാരാണ്. ഇതിനു ഒരുമാറ്റം ഉണ്ടാകുന്നതിനു സർക്കാർ ഏജൻസികൾ അതായത് മത്സ്യഫെഡ് മുതലായവ രംഗത്ത് വരേണ്ടതാകുന്നു.

ഈ മേഖലയിൽ മത്സ്യബന്ധനത്തിനായി താങ്ങുവള്ളം, ഡിസ്കോ വള്ളം, മുറി വള്ളം (മിനി ട്രോളിംഗ്) ഒഴുക്കുവല വള്ളം, (അയല വല, ചാളവല) എന്നീ വള്ളങ്ങളാണ് ഉപയോഗിക്കുന്നത്. 30 മുതൽ 35 വരെ തൊഴിലാളികൾ താങ്ങുവള്ളത്തിൽ കയറുന്നു. 15 മുതൽ 20 വരെ ആളുകൾ ഡിസ്ക്കോ വള്ളത്തിൽ കയറുന്നു. മുറി വള്ളത്തിൽ (മിനി ട്രോളിംഗ്) 2 മുതൽ 4 വരെ. ഒഴുക്കുവല വള്ളത്തിൽ 2 ഉം 3 ഉം തൊഴിലാളികൾ പണിയെടുക്കുന്നു. നീർക്കുന്നം കേന്ദ്രീകരിച്ച് തിരുവനന്തപുരം ജില്ലയിലെ മത്സ്യതൊഴിലാളികൾ പണിയെടുക്കുന്ന ഒഴുക്കുവല വള്ളം ചൂണ്ട വള്ളം, മുതലായവയുടെ മത്സ്യബന്ധനവും നടക്കുന്നുണ്ട്.

പട്ടിക 4

വള്ളത്തിന്റെ ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം
താങ്ങുവള്ളം	5	150
ഡിസ്ക്കോ	22	440
മുറിവള്ളം (മിനി ട്രോളിംഗ്)	550	1650
ഒഴുക്കുവല (അയില വല, ചാളവല)	10	30
ആകെ	587	2300

നമ്മുടെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾ 4800 ആണെന്നിരിക്കെ 2300 പേർക്കാണ് മത്സ്യബന്ധനത്തിനായി പോകാനുള്ള സാധ്യതയുള്ളത് ബാക്കി 2500 തൊഴിലാളികൾക്ക് യഥാർത്ഥത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ലെന്നുള്ളതാണ് കണക്കുകളിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്.

ഈ പഞ്ചായത്തിൽ നിന്നും ഫിഷിംഗ് ബോട്ടുകളിൽ പോയി തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളികൾ ഏകദേശം 600 ഓളം വരും. പഞ്ചായത്തിൽ നിലവിൽ 63 ഫിഷിംഗ് ബോട്ടുകളും അതിൽ 378 തൊഴിലാളികളും ഉണ്ട്.

ഇന്നത്തെ മത്സ്യബന്ധന രീതി വളരെ ഭാരിച്ച ചെലവ് ഉണ്ടാക്കുന്നതാണ്. ആവശ്യത്തിനു മണ്ണെണ്ണ ലഭിക്കണമെന്നുണ്ടെങ്കിൽ കരിഞ്ചന്തയിൽ നിന്നും വാങ്ങേണ്ട അവസ്ഥയാണിന്നുള്ളത്. താങ്ങുവള്ളങ്ങൾക്കും ഡിസ്ക്കോ വള്ളങ്ങൾക്കും ഒരു ദിവസം പണികിട്ടിയാലും ഇല്ലെങ്കിലും കുറഞ്ഞത് 5000 രൂപായുടെ ചെലവു ഉണ്ടാകുന്നുണ്ട്. പെട്രോൾ, ഓയിൽ, മണ്ണെണ്ണ ഇനത്തിൽ ദിവസം 3000 രൂപായും തൊഴിലാളികളുടെ ബാറ്റ, ഭക്ഷണം എന്നിവയ്ക്ക് 2000 രൂപായുടേയും ചെലവു വരുന്നുണ്ട്. രണ്ടു വ്യാഴവട്ടക്കാലത്തിനു മുമ്പായിരുന്നുവെങ്കിൽ 5000 രൂപയ്ക്ക് മീൻ കിട്ടിയാൽ വള്ളത്തിൽ കയറുന്ന തൊഴിലാളികൾക്ക് വീട്ടിൽ പട്ടിണി മാറ്റാൻ പണം കൊണ്ടുപോകാമായിരുന്നു. ഇന്ന് 5000 രൂപാ കിട്ടിയാൽ ചിലവിനു മാത്രമേ തികയൂ എന്നവസ്ഥയിലാണ്. 9, 15, 25, H O H. P. യുടെ രണ്ട് എഞ്ചിൻ വീതമാണ് ഇപ്പോൾ വള്ളത്തിൽ ഘടിപ്പിക്കുന്നത്. ബഹുരാഷ്ട്ര കുത്തക കമ്പിനികളുടെ മാർക്കറ്റു പിടിച്ചടക്കുന്നതിനുവേണ്ടിയുള്ള മത്സര ഓട്ടത്തിൽ മത്സ്യതൊഴിലാളികളെ കരുവാക്കുകയാണ്. 40 ന്റെ രണ്ട് എഞ്ചിൻ വെയ്ക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതും നിയമം മൂലം അവ നിരോധിക്കേണ്ടതുമാണ്.

പീലിംഗ് അടക്കമുള്ള അനുബന്ധതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ 6350 പേരോളം ഉണ്ടെങ്കിലും അവരുടെ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വളരെയേറെ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഈ രംഗത്ത് ഒരു സ്തംഭനം ഉണ്ടായാൽ അതിന്റെ തിക്ത ഫലങ്ങൾ അനുഭവിക്കുന്നവർ ആയിരങ്ങൾ ആണ്. നമ്മുടെ പഞ്ചായത്തിൽ നിന്നും 500 ഓളം തൊഴിലാളികൾ അന്യ സംസ്ഥാനങ്ങളിലെ പീലിംഗ് ഷെഡുകളിൽ പണിയെടുക്കുന്നുണ്ട്. അവരുടെ ജീവിതവും സേവന രീതികളും വളരെ ദുഷ്ക്കരമാണ്. നമ്മുടെ പഞ്ചായത്തിൽ 110 പീലിംഗ് ഷെഡുകളും 25 ഐസ് പ്ലാന്റുകൾ 1 ഫ്രീസിംഗ് പ്ലാന്റ് എന്നീ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു.

പട്ടിക 5

മത്സ്യവിപണന സംസ്കരണ മേഖല

സ്ഥാപനത്തിന്റെ പേര്	എണ്ണം
പീലിംഗ് ഷെഡ് (വലുതും ചെറുതും)	110
ഐസ് പ്ലാന്റ്	25
ഫ്രീസിംഗ് പ്ലാന്റ്	1

ഈ രംഗം നേരിടുന്ന പ്രധാനപ്പെട്ട മറ്റൊരു വെല്ലുവിളി ഓരോവർഷം കഴിയുന്തോറും കടലിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്നു എന്നുള്ളതാണ്. പണ്ട് സുലഭമായി കിട്ടിക്കൊണ്ടിരുന്ന ചിലയിനം മത്സ്യങ്ങൾ കുറഞ്ഞുവരുകയോ കടലിൽ അന്യം നിന്ന് പോകുകയോ ചെയ്യുന്നുണ്ട്. എന്നാൽ കടലിൽ മത്സ്യസമ്പത്ത് നിലനിർത്തുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഈയിടെയായി ഗവൺമെന്റുകൾ എടുത്ത നടപടികൾ ആശാവഹമാണെങ്കിലും അപര്യാപ്തത ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മത്സ്യപ്രജനന മാസങ്ങളായ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ട്രോളിംഗ് കർശനമായി നിരോധിക്കുകയും വിദേശകപ്പലുകളുടെ ട്രോളിംഗ് നമ്മുടെ കടൽ അതിർത്തിയിൽ തടയുകയും ചെയ്യണം. മത്സ്യപ്രജനനം നടത്തുന്നതിനും മത്സ്യകൂട്ടങ്ങൾ കേന്ദ്രീകരിക്കുന്നതിനും സഹായകമായ കൃത്രിമ പാരുകൾ ഈ രംഗത്തെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ മൂന്ന് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘങ്ങൾ മുഖേനയാണ് മത്സ്യതൊഴിലാളികൾക്ക് വള്ളം, വല, എൻജിൻ മുതലായ ഉപകരണങ്ങൾ നല്കിവരുന്നത്. എങ്കിൽ പോലും എൻജിൻ, വല മുതലായ വിലകൂടിയ ഉപകരണങ്ങളുടെ കുത്തകസംഭരണവും വിതരണവും ഇപ്പോഴും വൻകിട കമ്പനികളും അവരുടെ ഇടനിലക്കാരുമാണ് നടത്തുന്നത്. നമ്മുടെ പഞ്ചായത്തിൽ തന്നെ ഒരു കോടിയോളം വില വരുന്ന 2500 കിലോ വല ഒരു വർഷം മത്സ്യതൊഴിലാളികൾ വാങ്ങുന്നുണ്ട്. കൂടാതെ ഒരു വർഷം 100 എൻജിൻ എങ്കിലും പുതിയതായി ഈ പഞ്ചായത്തിൽ വാങ്ങുന്നുണ്ട്. 45 ലക്ഷം രൂപായെങ്കിലും ആയിനത്തിലും ചിലവാകുന്നുണ്ട്. ഒരു എൻജിൻ 3 വർഷം കൂടുമ്പോൾ മാറേണ്ടതായിട്ടുള്ളതു കൊണ്ടാണ് പുതിയതു വാങ്ങാൻ തൊഴിലാളിയെ പ്രേരിപ്പിക്കുന്നത്. ഈ മേഖലയിൽ മത്സ്യതൊഴിലാളികൾക്ക് സാധനങ്ങൾ വിതരണം ചെയ്യുവാൻ മത്സ്യഫെഡിന്റെ ഒരു വ്യവസായ സ്റ്റോർ മാത്രമേയുള്ളു. മത്സ്യതൊഴിലാളികളുടെ ക്ഷേമത്തെ ലാക്കാക്കിയുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾ – മത്സ്യഫെഡ്, സഹകരണ സ്ഥാപനങ്ങൾ മുതലായവയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

മത്സ്യബന്ധനത്തെയും വിപണനത്തെയും വളരെയേറെ സഹായിക്കുന്ന മറ്റൊരു ഘടകമാണ് തീരപ്രദേശത്തെ യാത്രാ സൗകര്യങ്ങൾ പായൽകുളങ്ങരമുതൽ പൂമീൻപൊഴിവരെ ഒരു തീരപ്രദേശ റോഡ് നിലവിലുണ്ടെങ്കിലും ഫലത്തിൽ റോഡില്ലാത്തതിനു തുല്യമായ സ്ഥിതിയാണ് ഉള്ളത്. ഈ റോഡിന്റെ പലഭാഗങ്ങളും മുറിഞ്ഞുപോയിട്ടുണ്ട്. ഈ റോഡിന്റെ ശോച്യാവസ്ഥ പരിഹരിച്ചാൽ നാഷണൽ ഹൈവേയിലെ തിരക്കും അപകടവും വളരെ കുറയ്ക്കുവാൻ സാധിക്കും. (പുറക്കാട് പഞ്ചായത്തിലെ കരൂർ മുതൽ ആലപ്പുഴ വരെ ദേശീയപാതയ്ക്ക് പാരലൽ ആയി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന തീരദേശ സമാന്തര റോഡിന്റെ ഭാഗം.)

മത്സ്യതൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസ സാമൂഹ്യ സാംസ്കാരികപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി 1958 ൽ കേന്ദ്ര ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ സഹായം കൂടി ലഭ്യമാക്കി സ്ഥാപിച്ചതാണ് നീർക്കുന്നം തീരദേശ എൽ. പി. സ്കൂൾ. ഈ വിദ്യാലയം ഇന്നും നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. ഇവിടുത്തെ വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനത്തിനു മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ 4–ാം ക്ലാസ്സിനു ശേഷം വിദ്യാഭ്യാസ നിന്നുപോകുന്ന മത്സ്യതൊഴിലാളി കുടുംബങ്ങളിലെ കുട്ടികളുടെ എണ്ണം താരതമ്യേന

സ്ഥാപനങ്ങൾ	എണ്ണം
1) മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് (ഫിഷറീസ് ആഫീസ്)	1
2) മത്സ്യഫെഡ് പ്രോജക്ട് ഓഫീസ്	1
3) മത്സ്യഫെഡ് വ്യാസാ സ്റ്റോർ	1
4) അമ്പലപ്പുഴ – പുന്നപ്ര മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ 44	3
5) നീർക്കുന്നം മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം ക്ലിപ്തം നമ്പർ 71/92	2
6) അമ്പലപ്പുഴ മത്സ്യതൊഴിലാളി വികസന ക്ഷേമസഹകരണ സംഘം ക്ലിപ്തം 70/92	1

കൂടുതലാണ്.

മത്സ്യതൊഴിലാളികൾ പരമ്പരാഗതമായ രീതിയിൽ മാത്രം മത്സ്യബന്ധനം നടത്തുന്ന രീതിയിൽ നിന്നും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ വൻകിട ട്രോളറുകൾ ഉപയോഗിച്ചു മത്സ്യബന്ധനം നടത്തുവാൻ പരമ്പരാഗത മത്സ്യതൊഴിലാളികൾ ഉൾക്കൊള്ളുന്ന ഗ്രൂപ്പിനെ തെരഞ്ഞെടുത്ത് മത്സ്യതൊഴിലാളി വികസനസംഘങ്ങൾ വഴി നടപ്പാക്കാവുന്നതാണ്. അങ്ങനെ ആഴക്കടൽ മത്സ്യബന്ധനം വൻകിട വൻകിട ഗ്രൂപ്പുകളെ ഒഴിവാക്കി യഥാർത്ഥ മത്സ്യതൊഴിലാളികൾക്ക് ഗുണവും ഉണ്ടാക്കാൻ സാധിക്കും.

ഈ പഞ്ചായത്തിൽ വളരെ ആസൂത്രിതമായി മത്സ്യബന്ധന മേഖലയിൽ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കിയാൽ വളരെയേറെ കുതിച്ചുകയറ്റം നടത്തുവാൻ സാധിക്കും. ഈ മേഖലയിൽ മത്സ്യഫെഡിന്റെ പ്രവർത്തനം മൂലം ഒരു പരിധിവരെ വായ്പാസഹായങ്ങളും മറ്റും നൽകുന്നുണ്ടെങ്കിലും വൻകിടക്കാരിൽ നിന്നുള്ള ചൂഷണത്തിൽ നിന്നും മത്സ്യതൊഴിലാളികളെ രക്ഷിക്കുവാനായി മത്സ്യവിപണനസംസ്കരണ രംഗത്തേയ്ക്കു മത്സ്യഫെഡിന്റെ പ്രവർത്തനം വരേണ്ടതാണ്. ഈ പഞ്ചായത്തിൽ പൊതുമേഖലയിൽ (മത്സ്യഫെഡോ, മത്സ്യതൊഴിലാളി ക്ഷേമവികസന സംഘം) ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സംസ്കരണശാല സ്ഥാപിക്കേണ്ടതാണ്. മത്സ്യബന്ധന മേഖലയിൽ ഗ്രാമസഭകളിലൂടെ ഉയർന്നു വന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

പ്രശ്നങ്ങൾ :-

1) മത്സ്യ ഉത്പാദനം കുറയുന്നു.
(a) വിദേശ കപ്പലുകളുടെ അമിതമായ കടന്നാക്രമണം (b) മത്സ്യപ്രജനന കാലത്തെ ട്രോളിംഗ്.

2) മത്സ്യബന്ധനത്തിനു ആവശ്യമായ വലകളുടെ ദൗർലഭ്യവും വിലക്കയറ്റവും.

3) ചെറിയ കണ്ണികൾ ഉള്ള വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം.

4) ഔട്ട്ബോർഡ് എൻജിൻ പ്രവർത്തിപ്പിക്കുന്നതിനുള്ള എൻജിനുകളുടെ ദൗർലഭ്യവും അമിതമായ വിലക്കയറ്റവും.

5) രാത്രികാല ട്രോളിംഗ്, മത്സ്യസമ്പത്തിന്റെ സ്ഥാന നിർണ്ണയം.

6) എല്ലാവർക്കും മത്സ്യബന്ധന ഉപകരണങ്ങൾ ഇല്ല.

7) ഔട്ട്ബോർഡ് എൻജിൻ പ്രവർത്തിപ്പിക്കുന്നതിനുള്ള മണ്ണെണ്ണയുടെ ലഭ്യതകുറവും വിലക്കയറ്റവും.

8) ഔട്ട്ബോർഡ് എൻജിനുകളുടെ സ്പെയർപാർട്ട്സുകൾ കിട്ടുവാനുള്ള ബുദ്ധിമുട്ട്.

9) വള്ളം നിർമ്മിക്കുവാനുള്ള തടിയുടെ അമിതമായ വിലക്കയറ്റം.

10) മത്സ്യതൊഴിലാളികളുടെ മത്സ്യബന്ധനവേളകളിലെ ജീവൻ സുരക്ഷാ നടപടിയിൽ ഉള്ള പോരായ്മകൾ.

11) തീരദേശ പാരലൽ റോഡുകളുടെ ശോചനീയാവസ്ഥ.

12) കൂടുതൽ മത്സ്യം ഉണ്ടാകുമ്പോഴുള്ള വിലകുറവും ഐസിന്റെ ലഭ്യതകുറവും.

13) കോൾഡ് സ്റ്റോറേജുകളുടെ അഭാവം.

14) മത്സ്യ സഹകരണ സംഘങ്ങളുടെ പ്രവർത്തനപോരായ്മകൾ.

15) കടലാക്രമണ പ്രതിരോധ പ്രവർത്തന പോരായ്മകൾ.

16) തീരദേശപരിപാലന നിയമവുമായി ബന്ധപ്പെട്ട ആശങ്കകൾ ദൂരികരിക്കുക.

17) ഉൾനാടൻ മത്സ്യതൊഴിലാളികൾക്കുള്ള സംഘങ്ങളുടെ അഭാവം.

18) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യരോഗം.

19) ഗുണ മേന്മയുള്ള മത്സ്യബന്ധന ഉപകരണങ്ങളുടെ കുറവ്.

20) മത്സ്യം വളർത്തു കേന്ദ്രങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ ലഭിക്കാത്ത അവസ്ഥ.

21) മത്സ്യതൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലെ ശുദ്ധജല ദൗർലഭ്യം.

22) തീരപ്രദേശങ്ങളിലെ കക്കൂസുകളുടെ അഭാവം.

23) മത്സ്യതൊഴിലാളി മേഖലയിൽ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത.

പരിഹാര നിർദ്ദേശങ്ങൾ :-

1) മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനുവേണ്ടി വിദേശ കപ്പലുകളുടെ മത്സ്യബന്ധനം പൂർണ്ണമായും നിരോധിക്കുക. ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ (മത്സ്യപ്രജനന കാലം) ട്രോളിംഗ് പൂർണ്ണമായും നിരോധിക്കുക.

2) ഇപ്പോഴത്തെ വലകളുടെ വിലക്കയറ്റവും ദൗർലഭ്യവും ഉണ്ടാകുന്നതിനുള്ള പ്രധാനകാരണം കർണ്ണാടക, മഹാരാഷ്ട്ര, ഗോവ എന്നിവടങ്ങളിലെ വല നിർമ്മാണ ഫാക്ടറികളിൽ നിന്നുമാണ് അമിതമായ വിലയ്ക്ക് വലകൾ വാങ്ങുന്നത് എന്നതാണ്, എറണാകുളത്ത് ഒരു വല നിർമ്മാണ ഫാക്ടറി ഉണ്ടെങ്കിലും മത്സ്യതൊഴിലാളികളുടെ ആവശ്യത്തിനു വല ലഭിക്കുന്നില്ല. അതുകൊണ്ട് അമ്പലപ്പുഴ പഞ്ചായത്തിൽ ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഒരു വലനിർമ്മാണ ഫാക്ടറി സ്ഥാപിക്കേണ്ടതാണ്. അതിനു ആവശ്യമായ സ്ഥലം അമ്പലപ്പുഴ പഞ്ചായത്തിലെ വളഞ്ഞവഴിയിൽ ഉള്ള ഫിഷറീസ് വക സ്ഥലം പ്രയോജനപ്പെടുത്താവുന്നതാണ്. അതിൽ സർക്കാരിന്റെയും പൊതുജന പങ്കാളിത്തത്തോടുകൂടിയും ഈ ഫാക്ടറി സ്ഥാപിക്കാവുന്നതാണ്. ഇതിൽ ആവശ്യമായ ഓഹരികൾ എടുക്കുവാൻ മത്സ്യതൊഴിലാളികൾ തയ്യാറാവും.

3) ചെറിയ കണ്ണികൾ കൊണ്ടുള്ള വലകളുടെ ഉപയോഗം മൂലം മത്സ്യകുഞ്ഞുങ്ങൾവരെ നശിക്കുന്നതിനാൽ ഇത്തരം വലകളുടെ അമിതമായ ഉപയോഗം നിയന്ത്രിക്കുക.

4) ഔട്ട്ബോർഡ് എൻജിൻ അർഹരായ മത്സ്യതൊഴിലാളികൾക്ക് കാലതാമസം കൂടാതെ മിതമായ വിലയ്ക്ക് ലഭിക്കത്തക രീതിയിൽ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക.

5) കടലിൽ മത്സ്യശേഖരം കുറയുന്നതുകൊണ്ട് രാത്രികാല മത്സ്യബന്ധനം പൂർണ്ണമായും നിരോധിക്കുക. കടലിൽ മത്സ്യസമ്പത്ത് കണ്ടുപിടിക്കുന്നതിന് കൃത്രിമ ഉപകരണങ്ങളുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

6) മത്സ്യബന്ധന രീതിക്ക് അനുസരണമായി കൂട്ടായിട്ടോ വ്യക്തികൾക്കായിട്ടോ മത്സ്യബന്ധന ഉപകരണങ്ങൾ ലഭ്യമാക്കുക. അത് മത്സ്യഫെഡ് വഴിയോ മത്സ്യസഹകരണസംഘങ്ങൾ വഴിയോ ആയിരിക്കണം.

7) ഔട്ട്ബോർഡ് എൻജിൻ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന 600 ലിറ്റർ മണ്ണെണ്ണയുടെ തോത് 3000 ലിറ്റർ ആയി ഉയർത്തുക ഇത് മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾക്ക് കീഴിൽ വിതരണം ചെയ്യുകയോ അല്ലെങ്കിൽ പൊതുവായി മത്സ്യഫെഡിന്റെ കീഴിൽ മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുകയോ ചെയ്യുക.

8) മത്സ്യഫെഡ് നേരിട്ട് കുറഞ്ഞവിലയ്ക്ക് ഗുണമേന്മയുള്ള എൻജിനുകളുടെ സ്പെയർ പാർട്ട്സുകൾ വിതരണം ചെയ്യുക.

9) മത്സ്യബന്ധന വള്ളങ്ങൾ നിർമ്മിക്കുന്നതിനുള്ള തടികൾക്ക് സബ്സിടി അനുവദിക്കുക. ഫൈബർ ഗ്ലാസ്സ് കൊണ്ടുള്ള വള്ളങ്ങൾ നിർമ്മിക്കുന്നതിന് ഒരു ഫാക്ടറി അമ്പലപ്പുഴയിൽ അനുവദിക്കുക.

10) മത്സ്യബന്ധനവേളയിൽ മത്സ്യതൊഴിലാളികളുടെ ജീവനു ഇന്നും സുരക്ഷിതത്ത്വം ഇല്ല. ഇവ പരിഹരിക്കുന്നതിനുവേണ്ടി ആധുനിക സജ്ജീകരണങ്ങളോടു കൂടിയ (ആംബുലൻസ് സൗകര്യങ്ങൾ ഉൾപ്പെടെ) ടഗ്ഗുകൾ 24 മണിക്കൂറും അമ്പലപ്പുഴ തീരകടലിൽ പെട്രോളിംഗ് നടത്തേണ്ടതാണ്.

11) രാത്രികാലങ്ങളിൽ ദിക്കും കരയും തിരിച്ചറിയുന്നതിനുവേണ്ടി അമ്പലപ്പുഴയിലും വളഞ്ഞവഴിയിലും ഓരോഗൈഡ് ലൈറ്റുകൾ സ്ഥാപിക്കുക.

12) ജീവൻ സുരക്ഷയ്ക്കുവേണ്ടി ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തേണ്ടതാണ്. ഉദാഹരണം ഒസില്ലുലാർ ഫോൺ, ലൈഫ് ജാക്കറ്റുകൾ മുതലായവ സൗജന്യമായി മത്സ്യതൊഴിലാളികൾക്ക് നല്കുക.

13) ഈ പഞ്ചായത്തിലെ അമ്പലപ്പുഴ പായൽകുളങ്ങര മുതൽ വണ്ടാനം പൂമീൻ പൊഴിവരെയുള്ള തീരദേശ പാരലൽ റോഡുകൾ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

14) മത്സ്യം കൂടുതൽ ലഭിക്കുമ്പോൾ ഐസ് ദൗർലഭ്യം പരിഹരിക്കുന്നതിന് അമ്പലപ്പുഴ പഞ്ചായത്തിന്റെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കോൾഡ് സ്റ്റോറേജും ഐസ്പ്ലാന്റും സ്ഥാപിക്കുക. വള്ളങ്ങൾ അടുക്കുന്ന സ്ഥലങ്ങളിൽ മത്സ്യതൊഴിലാളി സഹകരണസംഘങ്ങളുടെ വകയായി സഞ്ചരിക്കുന്നതാൽക്കാലിക കോൾഡ്സ്റ്റോറേജുകൾ നിർമ്മിക്കുക.

15) മത്സ്യസഹകരണ സംഘങ്ങളുടെ കീഴിൽ ഉണക്കമീൻ സംസ്കരിച്ച് വില്പന നടത്തുക.

16) കോൾഡ്സ്റ്റോറേജുകൾ മത്സ്യതൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ സ്ഥാപിക്കുക.

17) മത്സ്യസഹകരണ സംഘങ്ങൾ മത്സ്യതൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾ ഇവയുടെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് അനുവദിക്കുകയും മതിയായ ജീവനക്കാരെ നിയമിക്കുകയും ചെയ്യുക.

18) കടലാക്രമണ പ്രതിരോധപ്രവർത്തനത്തിനായി വണ്ടാനം മുതൽ കാക്കാഴം വരെ കടൽ ഭിത്തി നിർമ്മിക്കേണ്ടതാണ്. ഇപ്പോൾ ഉണ്ടായിട്ടുള്ള കര സംരക്ഷിക്കുന്നതിന് വേണ്ടി നിലവിലുള്ള കടൽ ഭിത്തി പൊളിച്ച് പടിഞ്ഞാറോട്ട് മാറ്റി സ്ഥാപിക്കുക.

19) ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഉൾനാടൻ മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

20) ഉൾനാടൻ മത്സ്യരോഗം തടയുന്നതിനു ജലാശയങ്ങളുടെ മലിനീകരണം തടയുക.

21) ഗുണമേന്മയുള്ള മത്സ്യബന്ധന ഉപകരണങ്ങൾ ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് നല്കുക.

22) പഞ്ചായത്തിലെ കുളങ്ങളിലും തോടുകളിലും മത്സ്യകൃഷി വ്യാപിപ്പിക്കുക. ഗ്രാമപഞ്ചായത്തിന്റെ കീഴിൽ മത്സ്യഫാക്ടറി സ്ഥാപിക്കുക.

23) മത്സ്യതൊഴിലാളികൾക്ക് ശുദ്ധജലം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുക. വളഞ്ഞവഴിയിൽ ഫിഷറീസ് കോമ്പൗണ്ടിലെ വാട്ടർടാങ്കിൽ നിന്നും തീരപ്രദേശ വാർഡുകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

24) തീരപ്രദേശങ്ങളിലെ എല്ലാ വീടുകൾക്കും സൗജന്യമായി കക്കൂസ് നിർമ്മിച്ചു നല്കുക.

25) മത്സ്യതൊഴിലാളി മേഖലയിൽ ഉള്ള ഏക വിദ്യാഭ്യാസ സ്ഥാപനമായ തീരദേശ എൽ. പി സ്കൂൾ യൂ. പി. ആയി അപ്ഗ്രേഡ് ചെയ്യുക.

(A) മത്സ്യതൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി എല്ലാവർക്കും കിട്ടുന്ന തരത്തിൽ ഫണ്ട് അനുവദിക്കുകയും കൊടുക്കുന്ന തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

(B) മത്സ്യതൊഴിലാളി പെൻഷൻ കുടിശിക പൂർണ്ണമായും നല്കുകയും തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

(C) മത്സ്യതൊഴിലാളികളുടെ പെൺമക്കളെ വിവാഹം ചെയ്ത് അയക്കുന്നതിനുള്ള ധനസഹായം 10000 രൂപായായി വർദ്ധിപ്പിക്കുക.

(D) അമ്പലപ്പുഴയിൽ തീരപ്രദേശത്ത് ഒരു ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ സ്ഥാപിക്കുക.

(E) മത്സ്യതൊഴിലാലികൾക്ക് മത്സ്യം ലേലം ചെയ്യുന്നതിനു ആധുനിക രീതിയിൽ ഉള്ള ഒരു ലേലഹാൾ വളഞ്ഞവഴിയിൽ സ്ഥാപിക്കുക.

(F) അമ്പലപ്പുഴ വെസ്റ്റ് ഹൈസ്കൂൾ ഷിഫ്റ്റ് അവസാനിപ്പിച്ച് ആവശ്യമായ കെട്ടിടങ്ങൾ സ്ഥാപിക്കുക. അലങ്കാര മത്സ്യകൃഷിക്കുള്ള സാധ്യത ഉപയോഗപ്പെടുത്തുക.

മൃഗപരിപാലനം.

കൃഷി ഭൂമിയുടെ വ്യാപ്തി കുറയുകയും നെൽ കൃഷി തെങ്ങ് കൃഷി ഇവകൾ ആധായകമല്ലാതായി മാറിയതിനാൽ കൂടുതൽ ആളുകൾ കന്നുകാലി വളർത്തലിൽ താല്പര്യം കാണിക്കുന്നുണ്ട്. അമ്പലപ്പുഴ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നാല്ല് പാൽ സൊസൈറ്റികൾ മുഖാന്തരം 95, 96 വർഷത്തിൽ മാത്രം ക്ഷീരകർഷകർക്കു വിതരണം ചെയ്തതു പാൽ വില 6274510 രൂപായാണ്. പാൽ സൊസൈറ്റികളിൽ അളക്കുന്നത് കൂടാതെ 40 ശതമാനം പാൽ എങ്കിലും മറ്റു വിധേന വിൽക്കപ്പെടുകയോ ഗൃഹാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നുണ്ട് എന്ന വസ്തുത കൂടി കണക്കിലെടുക്കുകയാണെങ്കിൽ ഒരു കോടി രൂപയിൽ പരം ക്ഷീരവിഭവങ്ങൾ അമ്പലപ്പുഴ പഞ്ചായത്തിൽ കൈകാര്യം ചെയ്യുന്നുണ്ട് എന്ന് മനസ്സിലാക്കാം പ്രത്യക്ഷത്തിൽ കാണുന്ന ചിത്രം ഇതാണ് എങ്കിലും ക്ഷീര കർഷകരും കോഴി, താറാവ് കർഷകരും ഒരു വൻപ്രതിസന്ധി നേരിട്ട്കൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിൽ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയും വളർത്തു പക്ഷികളിൽ കോഴി, താറാവു എന്നിവയ്ക്കുമാണ് പ്രാധാന്യം. 1996 ലെ കന്നുകാലി, വളർത്തു പക്ഷികൾ ഇവയുടെ കണക്കുമാരി ചുവടെ ചേർക്കുന്നു.

മൃഗങ്ങളുടെ ഇനം	ആകെ എണ്ണം	കറവ ഉള്ളത്
സങ്കരയിനം കാള	141	
സങ്കരയിനം പശു	1905	1250
എരുമ	90	43
പോത്ത്	32	
ആട്	1321	
പട്ടി	1478	
ആന	1	

വളർത്ത് പക്ഷി ഇനം	ആകെ എണ്ണം
പൂവൻകോഴി	3650
പിടക്കോഴി മുട്ടയിടുന്നത്	6315
പിടക്കോഴി മുട്ടയിടാത്തത്	7490
താറാവു ആൺ	9810
താറാവു പെൺ	39230
മറ്റുള്ളവ	44

(മൃഗാശുപത്രി 1)

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് 11 -ാം വാർഡിലാണ് സ്ഥിതിചെയ്യുന്നത്. ഇതിന്റെ പ്രയോജനം മറ്റു വാർഡുകളിൽ കിട്ടുന്നില്ല. സമയത്തിനു ചികത്സ കിട്ടാതെ കന്നുകാലികളും പക്ഷികളും മരണമടയുന്ന സാഹചര്യമുണ്ടാകുന്നു. കന്നുകാലികളിൽ കണ്ടുവരുന്ന പ്രധാന രോഗങ്ങൾ ദഹന സംബന്ധം, അകിടുവീക്കം, കുളമ്പ് രോഗം, ശ്വാസകോശ സംബന്ധം, പനി തുടങ്ങിയവയാണ്. ശുചിത്വം ഇല്ലായ്മയും രോഗപ്രതിരോധ നടപടിയെ സംബന്ധിച്ച് നിലനിൽക്കുന്ന അറിവില്ലായ്മ ആരംഭത്തിലെ രോഗങ്ങൾ ചികത്സിച്ചു മാറ്റുന്നതിനു തടസ്സം ആകുന്നു.



രോഗവിവരങ്ങളെ സംബന്ധിച്ചുള്ള പട്ടിക. 1996

രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി	താറാവു
1) ദഹനസംബന്ധമായ Digestive Disorders	1800	25	300	10	300	250
2) ശ്വാസകോശ സംബന്ധം Respiratory Diseases	480	15	300		450	25
3) ഉപാപചയ സംബന്ധം Metavolice Diseases	40	5				
4) ത്വക്ക് രോഗങ്ങൾ Skin Diseases	185		90	20		
5) ധാതു ലവണങ്ങളുടെ അഭാവം Dificiency Diseases	350		15			
6) പരാദ രോഗങ്ങൾ Parasetic Diseases	650	5	120	180	300	
7)പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ Gynological Disorders	640	5	25			
8) വന്ധ്യത Infertility	95	2	15			
9) അകിടു വീക്കം Mastitis	65	1.	30			
10) മുടന്തൻ പനി Ephemeral Fever	350					
11) പകർച്ചവ്യാധികൾ Contagion Diseases	240	35			600	4000

(Vetenery Hospital, Ambalapuzha)

പേവിഷബാധ – പ്രതിരോധവും ചികൽസയും

വിവരം	പശു	ആട്	പട്ടി
പ്രതിരോധ കുത്തിവെയ്പു നല്കിയവയുടെ എണ്ണം			145
കടിയേറ്റതിനു ശേഷം കുത്തി വെയ്പ് നടത്തിയവയുടെ എണ്ണം	4	5	

പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യത്തിനുള്ള പാൽ ഉൽപാദനം ഇനിയും വേണ്ടിയിരിക്കുകയാണ്. ഈ രംഗത്തെ വികസനത്തിനു വേണ്ടി നൂതന പദ്ധതികൾ ഇനിയും ആവിഷ്ക്കരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലുള്ള നാലു പാൽ സഹകരണ സംഘങ്ങൾ വഴി 95-96 വർഷത്തിൽ 771785 ലിറ്റർ പാൽ ആണ് സംഭരിച്ചത്. ഉല്പാദിപ്പിക്കുന്ന പാലിന്റെ 60 ശതമാനം മാത്രമേ ഈ സംഘങ്ങൾ വഴി വിപണനം ചെയ്യുന്നുള്ളു. ബാക്കി 40 ശതമാനം വീട്ടാവശ്യത്തിനും ഹോട്ടലുകൾക്കും മറ്റും ഉപയോഗിക്കുകയാണ്.

പാൽ സഹകരണ സംഘങ്ങൾ വഴി സംഭരിച്ച പാലിന്റെ കണക്കുകൾ 95-96

പട്ടിക

ക്ഷീര സഹ. സംഘം	മെത്തം ശേഖരിക്കുന്ന പാൽ ലിറ്റർ	പ്രാദേശികമായി വില്പനനടത്തുന്നത് ലിറ്റർ	മിൽമയ്ക്ക് കൊടുക്കുന്നത് ലിറ്റർ
1) ആമയിട ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 10 H(D)	311640	40169	271471
2) നീർക്കുന്നം ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 31 (D) APCS	132234	48476	83758
3) അമ്പലപ്പുഴ ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 105 (D)	204050	124294	79756
4) കഞ്ഞിപ്പാടം ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 198 (D)	123861	25080	98781
ആകെ	771785	238019	533766

ലോകാരോഗ്യ സംഘടന യുടെ നിർദ്ദേശപ്രകാരം പ്രതിദിനം ഒരാൾ 250 മില്ലി ലിറ്റർ പാലും പകുതി മുട്ടയും 15 ഗ്രാം മാംസ്യവും കഴിച്ചിരിക്കണം. പഞ്ചായത്തിലെ ജനസംഖ്യ 47028 ആണ്. ഇതു കണക്കാക്കിയാൽ പ്രതിദിനം 11757 ലിറ്റർ പാലും 23514 മുട്ടയും 705 കിലോ മാംസ്യവും വേണം എന്നാൽ പഞ്ചായത്തിലെ പാൽ ഉല്പാദനം പ്രതിദിനം 2114 ലിറ്ററും മുട്ട 1247 എണ്ണവും ഇറച്ചി 400 കിലോയുമാണ്. അതു കൊണ്ട് സ്വയംപര്യാപ്തത കൈവരിക്കണമെങ്കിൽ 9644 ലിറ്റർ പാലും 22267 മുട്ടയും 305 കി. ഗ്രാം മാംസ്യവും വേണം.

പഞ്ചായത്ത് ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാൻ ആവശ്യമായ കന്നുകാലികളെയും കോഴി താറാവുകളെയും വളർത്തുവാൻ വേണ്ട പ്രോത്സാഹനം ജനങ്ങൾക്ക് നല്കുവാൻ അടിയന്തരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ വിവിധ ഗ്രാമസഭകളിലൂടെ ഉന്നയിച്ച പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

പ്രശ്നങ്ങൾ :-

1) നല്ലയിനം കന്നുകാലികളുടെ ദൗർലഭ്യത.
2) ക്ഷീര സഹകരണ സംഘങ്ങളുടെ കുറവ്.
3) ഉല്പാദിപ്പിക്കുന്ന പാലിന്റെ വിലകുറവ്.
4) കാലിത്തീറ്റകളുടെയും മറ്റുതീറ്റകളുടെയും വിലവർദ്ധനവും, തീറ്റപുല്ലുകളുടെ ദൗർലഭ്യവും
5) കർഷകർ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളും, വായപ്കൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും.
6) കാലിത്തൊഴുത്തുകൾ ശാസ്ത്രീയമായി നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടും, തൊഴുത്തുകൾ കൂടുകൾ എന്നിവ ശരിയായ രീതിയിൽ ശുചീകരിക്കുന്നതിനുള്ള അജ്ഞതയും അതുമൂലം ഉണ്ടാകുന്ന രോഗങ്ങളും.
7) ഇറച്ചികോഴികളുടെ വളർച്ചയ്ക്ക് ആവശ്യമായ ചൂടുനൽകുന്നത് വൈദ്യുതി മുഖാന്തിരമാണ് വൈദ്യുതിരംഗത്തെ പ്രതിസന്ധിമൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു.

8) കന്നുകാലികൾ, കോഴി, താറാവ് മുതലായവ ഇൻഷർ ചെയ്യുന്നതിനുള്ള നിയമ സങ്കീർണ്ണത.

10) പൊതുകുളങ്ങളും തോടുകളും മാലിന്യവല്ക്കരിക്കപ്പെടുന്നത് കൊണ്ടും, പാടങ്ങളിലെ അമിതമായ വിഷപ്രയോഗം കൊണ്ടും താറാവുകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും അവയ്ക്ക് അനുഭവിപ്പെടുന്ന സാംക്രമിക രോഗങ്ങളും

11) മുട്ട, ഇറച്ചി എന്നിവയുടെ വിപണനത്തിനുള്ള അസൗകര്യം.

12) പഞ്ചായത്തിൽ അലഞ്ഞു തിരിഞ്ഞു നടക്കുന്ന മൃഗങ്ങളും പ്രത്യേകിച്ചും പട്ടികൾ – ജനങ്ങൾക്ക് ബുദ്ധിമുട്ടുകളും പേവിഷബാധയും ഉണ്ടാകുന്നു.

പരിഹാര നിർദ്ദേശങ്ങൾ :-

1) സഹകരണ സംഘങ്ങൾ വഴിയോ, പഞ്ചായത്ത് നേരിട്ടോ നല്ല ഇനം കന്നുകാലികളെ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക. അതിനു ആവശ്യമായ പരിജ്ഞാനം (കന്നുകാലി വളർത്തലിനു) നല്കുക.

2) അമ്പലപ്പുഴ പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിൽ ക്ഷീരസഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

3) അമ്പലപ്പുഴ പഞ്ചായത്തിൽ ഇന്നുള്ള ഒരു മൃഗാശുപത്രി അപര്യാപ്തമാണ്. പഞ്ചായത്തിലെ വിവിധമേഖലകളിലായി മൂന്നു മൃഗാശുപത്രികൾ കൂടിയെങ്കിലും സ്ഥാപിക്കുകയും അവിടെ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഉണ്ടാക്കുകയും ജീവനക്കാരെ നിയമിക്കുകയും മാസത്തിൽ ഒരിക്കലെങ്കിലും കർഷക കുടുംബത്തിൽ എത്തി മൃഗങ്ങളെയും പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങളും ചികത്സാവിധികളും നല്കേണ്ടതാണ്. മൃഗഡോക്ടറുടെ സേവനം ലഭിക്കണമെങ്കിൽ മിൽമായിൽ 60 രൂപാ കെട്ടിവയ്ക്കണമെന്ന വ്യവസ്ഥ ഒഴിവാക്കണം.

4) കാലിതീറ്റകളുടെയും മറ്റുകോഴിത്തീറ്റകളുടെയും അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വിലവർദ്ധനവു തടയണം. സഹകരണ സംഘങ്ങൾ വഴി ഈ തീറ്റകൾ കുറഞ്ഞവിലനിരക്കിൽ വിതരണം ചെയ്യണം. തരിശു ഭൂമികളിൽ തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കണം.

5) സഹകരണ സംഘങ്ങളിൽ നിന്നും ക്ഷീരകർഷകർക്ക് കിട്ടുന്ന വില ന്യായമായ രീതിയിൽ അല്ല.

കർഷകരെ സഹായിക്കാനായി സ്ഥാപിതമായ സഹകരണസംഘങ്ങൾ യഥാർത്ഥത്തിൽ ഇടത്തട്ടുകാരായിമാറിയിരിക്കുകയാണ്. അതുകൊണ്ട് പാലിന്റെ വില വർദ്ധിപ്പിക്കണം. (വാങ്ങുന്നതും വില്ക്കുന്നതുമായുള്ള അന്തരം കുറയ്ക്കണം)

6) കർഷകർക്ക് സഹകരണസംഘങ്ങൾ മുഖാന്തരമോ ബാങ്കുകൾ വഴിയോ വായപ്കൾ ലഭ്യമാക്കേണ്ടതാണ്. ഇതിനു ആവശ്യമായ നിയമവ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യണം.

7) അമ്പലപ്പുഴ പഞ്ചായത്തിലേക്ക് ആവശ്യമായ പാൽ മാംസം മുട്ട ഇവകൾ ഇവിടെ തന്നെ ഉല്പാദിപ്പിക്കണം. പച്ചക്കറി സ്വാശ്രയം പോലെയുള്ള മാർഗ്ഗങ്ങൾ ഇതിനും അവലംബിക്കാവുന്നതാണ്. ഈ രംഗത്തെ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡുകൾ ഏർപ്പെടുത്തേണ്ടതാണ്.

8) സ്കൂളുകൾ വഴി കോഴിക്കുഞ്ഞുങ്ങളെയും മറ്റും വിതരണം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങളും നല്കുക.

9) കെട്ടിട നിർമ്മാണ ഏജൻസികളുമായി (നിർമ്മിതി) ബന്ധപ്പെട്ടു ശാസ്ത്രീയമായ രീതിയിൽ ഉള്ള തൊഴുത്തുകളും കൂടുകളും കുറഞ്ഞചിലവിൽ നിർമ്മിക്കുകയും അതിനാവശ്യമായ സാമ്പത്തിക സഹായം സബ്സിഡി നിരക്കിൽ കർഷകനു ലഭ്യമാക്കുകയും വേണം. മാത്രമല്ല ഇവകൾ ശരിയായി പരിചരിക്കുന്നതിനും മറ്റും ബോധവല്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്.

10) അനർട്ട് പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഇറച്ചികോഴികളുടെ വളർച്ചയ്ക്കാവശ്യമായ ചൂട് നല്കുന്നതിനു വൈദ്യുതി ഊർജ്ജം അല്ലാതെയുള്ള സംവിധാനങ്ങൾ കണ്ടുപിടിക്കണം.

11) കന്നുകാലികൾ കോഴി, താറാവു മുതലായവ ഇൻഷർ ചെയ്യുവാൻ നിർബന്ധിക്കുകയും അതിനുള്ള നിയമ്മവ്യവസ്ഥകൾ ലഘൂകരിക്കുകയും വേണം.

12) പൊതുകുളങ്ങളിലേയും തോടുകളിലേയും മാലിന്യവല്ക്കരണവും പാടങ്ങളിലെ അമിതമാ

വിഷപ്രയോഗവും തടയണം.

13) മുട്ട, ഇറച്ചി എന്നിവയുടെ സംഭരണത്തിനും വിപണനത്തിനുമായി പ്രത്യേക സംഘങ്ങൾ രൂപീകരിക്കണം.

14) പഞ്ചായത്തിൽ അലഞ്ഞുനടക്കുന്ന പട്ടികളെ കൊന്നൊടുക്കുവാൻ നടപടി സ്വീകരിക്കണം.

15) അടുക്കള കോഴി കൃഷിക്ക് രൂപം കൊടുക്കണം. ആട്, മുയൽ, പന്നി എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തുക.

16) മൃഗാശുപത്രിയുടെയും ക്ഷീരസഹകരണ സംഘങ്ങളുടെയും പഞ്ചായത്ത് നിലവാരത്തിലുള്ള ഒരു കൂട്ടായ്മ വളർത്തിയെടുക്കുക.

III

വ്യവസായം

അമ്പലപ്പുഴയുടെ സാംസ്കാരിക വളർച്ചയ്ക്കും പ്രശസ്തിക്കും ഒരു വിധത്തിലും വ്യാവസായിക വളർച്ചനേടാൻ കഴിഞ്ഞിട്ടില്ല. ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ കാര്യമായ വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. മത്സ്യമേഖലയിലും, കാർഷികമേഖലയിലും ഭൂരിപക്ഷം ജനങ്ങളും ഉപജീവനം കണ്ടെത്തുന്നു. ഈ രണ്ടു മേഖലകളിലും ലഭ്യമായിട്ടുള്ള വിഭവങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തിയാൽ വ്യാവസായിക മുന്നേറ്റത്തിനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും കഴിയുന്നതാണ്. പരമ്പരാഗത വ്യാവസായമായ കയർ ഒരു കാലത്ത് പഞ്ചായത്തിലെ മുഖ്യവ്യാവസായങ്ങളിൽ ഒന്നായിരുന്നു. എങ്കിലും ഇപ്പോൾ ഈ വ്യാവസായം ജീർണ്ണിച്ച് നാമമാത്രമായിരിക്കുന്നു. കൂടുതൽ പല വ്യാവസായങ്ങൾക്കും ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല. സമൂ

ദ്രോല്പന മേഖലയിൽ സ്വകാര്യ വ്യക്തികൾ നടത്തുന്ന ഏതാനും യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കാർഷിക മേഖലയിൽ ഉല്പാദനക്കുറവും, മാന്ദ്യവും കഴിഞ്ഞ കുറെ വർഷങ്ങളായി ദർശിക്കുവാൻ കഴിയുന്നതാണ്. കർഷകരും കർഷകതൊഴിലാളികളും ഈ മേഖലയിൽ നിന്നും പിൻതിരിയുന്ന സാഹചര്യം വസ്തുനിഷ്ഠമായി പരിശോധിച്ച് പരിഹാരം തേടണം.

വ്യാവസായിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽരംഗത്ത് പുരുഷന്മാരുടെ ആധിപത്യം കാണാമെങ്കിലും സമുദ്രോല്പന-കാർഷിക മേഖലകളിൽ സ്ത്രീകളാണ് കൂടുതൽ. ചെറുകിട മേഖല പ്രാഥമിക മേഖലകളായ നാളികേരം, ഭക്ഷ്യം എന്നിവയെ ആശ്രയിച്ചു പ്രവർത്തിക്കുന്നു. മത്സ്യ-കാർഷിക രംഗത്ത് ഭൂരിപക്ഷം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

പടിഞ്ഞാറ് അറബികടലും മറ്റുവശങ്ങളിൽ പാടശേഖരങ്ങളും, പൂകൈത ആറിന്റെ ചെറിയ വശങ്ങളാലും ചുറ്റപ്പെട്ട് കിടക്കുന്ന പഞ്ചായത്തിനെ എൻ. എച്ച്. 47, കായകുളം-ആലപ്പുഴ റയിൽവേ ലൈനും, കൊല്ലം-ആലപ്പുഴ സ്റ്റേ എസ്. കനാൽ പല ഭാഗങ്ങളാക്കി വേർതിരിച്ചു കൊണ്ട് കടന്നു പോകുന്നു. വ്യാവസായിക വികസനത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം, വിവങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു വരാൻ തുടങ്ങിയിട്ടുണ്ട്.

24.17 ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണവും അറുപതിനായിരത്തിനു മേൽ ജനസംഖ്യയും 12293 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യാവസായ യൂണിറ്റ് പോലും വളർന്നു വരാത്തത് ഗൗരവമായി ചിന്തിക്കേണ്ടതാണ്.

ഈ പഞ്ചായത്തിനെ സംബന്ധിച്ച് വ്യാവസായിക വളർച്ചയ്ക്കാവശ്യമായിട്ടുള്ള അടിസ്ഥാന ഘടകങ്ങളായ ഉയർന്ന തോതിലുള്ള സാക്ഷരത, ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, ജനക്ഷേമപ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കുവാൻ

നുള്ള തല്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യാവസായ വളർച്ച കൈവരിക്കുവാൻ കഴിയാത്തത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1) കാർഷികമേഖല ആകർഷകമാകുന്നതിനും അനുബന്ധ വ്യാവസായങ്ങൾ തുടങ്ങുന്നതിനും കഴിഞ്ഞിട്ടില്ല.

2) സമുദ്രോല്പന മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള സംസ്കരണ വിപണന രംഗത്തിന്റെ അപര്യാപ്തത.

3) മത്സ്യമേഖലയിൽ സാധ്യതയ്ക്കനുസരണമായി അനുബന്ധവ്യാവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടില്ല.

4) നാളികേരം, കയർ, കശുവണ്ടി മേഖലകൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തുന്നതിനു കഴിഞ്ഞിട്ടില്ല.

5) സാങ്കേതിക പരിജ്ഞാന കുറവ്.

6) ധനസഹായം ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ട്.

7) വിപണന സാധ്യത കുറവ്.

8) പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കുവാൻ സാധ്യതയില്ല.

9) വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.

10) സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നല്കാനുള്ള സാധ്യതയില്ല.

11) ഒരു സംരംഭകനു അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണ കുറവ്.

12) വ്യവസായ മേഖലയുമായി ഉള്ള സമ്പർക്ക കുറവ്.

13) വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയ ബോധവല്കരണ കുറവ്.

14) ഊർജ്ജ പ്രതിസന്ധി.

15) പരമ്പരാഗത വ്യവസായങ്ങളോടു ഉണ്ടായിരുന്ന സർക്കാർ സമീപനം.

വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് കുറഞ്ഞ കൂലി നിരക്ക്. സ്ത്രീകളുടെ കൂലി നിരക്ക് വളരെ കുറവാണ്.

സാധ്യതകൾ

ജില്ലയുടെ ഇതര ഭാഗങ്ങളെ അപേക്ഷിച്ച് വിദ്യാസമ്പന്നരായ യുവതിയുവാക്കൾ ധാരാളം ഉള്ള നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ആളുകളും മറ്റു പ്രദേശങ്ങളിലായി ജോലി ചെയ്യുന്നവരാണ്. കൂടാതെ ഏറെ പേർ കേരളത്തിനു പുറത്ത് ഇന്ത്യയിലും വിദേശത്തും ജോലി ചെയ്യുന്നു. എങ്കിലും വളരെ അധികം വ്യവസായ സാധ്യതയുള്ള പ്രദേശമാണ്.

1 A) സമുദ്രോല്പന മേഖല

പഞ്ചായത്തിൽ നിലവിൽ എടുത്തുകാട്ടാൻ കഴിയുന്ന ഏക വ്യവസായ മേഖലയാണ്. രാജ്യത്തിനു വിദേശനാണ്യം നേടിത്തരുന്നതിൽ നിർണ്ണായക സ്ഥാനം ഉള്ളതാണ് സമുദ്രോല്പന മേഖല. ഇതിൽ കടപ്പുറത്തെ ചെറിയ മത്സ്യങ്ങളെ മറ്റു ഇടനിലക്കാർ മുതൽ സൈക്കിളിൽ മത്സ്യം കൊണ്ട് വിറ്റഴിക്കുന്ന കച്ചവടക്കാർ തുടങ്ങി വൻകിട കയറ്റുമതിക്കാർ വരെയും ഐസ് പ്ലാന്റ് മുതലായ അനുബന്ധ മേഖലയിൽ പെടുന്നു. പഞ്ചായത്തിൽ ഏകദേശം 20 ഐസ്പ്ലാന്റും 1 ഇടത്തരം ഫ്രീസിംഗ് പ്ലാന്റും, 150 ൽ പരം ചെറുകിട സംസ്കരണ യൂണിറ്റുകളിലുമായി പഞ്ചായത്തിലെ ഏകദേശം 40% ജനങ്ങൾ ഈ മേഖലയിൽ ഉപജീവനം നടത്തിവരുന്നു. വൻവിജയ സാധ്യതയുള്ള ഈ മേഖലയുടെ വികസനം ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ചാൽ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വ്യവസായ വളർച്ചക്ക് ഇട നല്കും.

ഈ മേഖലയുടെ സാധ്യതയും, വളർച്ചയും കണക്കിലെടുത്ത് മത്സ്യ-വിപണന -സംസ്കരണ യൂണിറ്റ് പൊതുമേഖലയിൽ ഇല്ലാത്തതും, മൂലധന നിക്ഷേപത്തിൽ ഉള്ള പരിമിതിയും, ലോകമാർക്കറ്റിന്റെ ചാഞ്ചാട്ടവും, മാർക്കറ്റിംഗിൽ വരുന്ന അവ്യക്തതയും, സ്ഥിരതയില്ലാത്ത ഉല്പാദനവും, ഊർജ്ജ പ്രതിസന്ധിയും ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. വൻകിട സംസ്കരണ യൂണിറ്റുകൾക്ക് എന്നപോലെ സാമ്പത്തിക വായ്പ ലഭ്യമാക്കുകയും, മാർക്കറ്റിംഗിനു സഹായിക്കുന്നതിനു നിലവി

ലുള്ള ഏജൻസികളായ എം. പി. ഡി. ഏ. (മറൈൻ പ്രോഡക്ടസ് & ഇംപോർട്ട് & എക്സ്പോർട്ട് ഡവലപ്പ്മെന്റ് ഏജൻസി) കളുടെ പ്രവർത്തനം പ്രയോജനപ്പെടുത്തിയും ഈ മേഖല കാര്യക്ഷമമാക്കാവുന്നതാണ്. വളഞ്ഞവഴിയിൽ സമുദ്രോല്പന സംസ്കരണത്തിന്റെ ഫലമായി ഉണ്ടാകുന്ന മലിന ജലം സംസ്കരിച്ച് കടലിൽ ഒഴുക്കുന്നതിനു പൊതു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. സംസ്കരണ രംഗത്ത് ഉള്ള കാര്യശേഷി വർദ്ധിപ്പിച്ച് പാഴായി പോകുന്ന കടൽസമ്പത്ത് മുതൽ കൂട്ടാവുന്നതാണ്. തീരദേശ വാർഡുകളിൽ ആധുനിക രീതിയിലുള്ള സംസ്കരണ-ശിഥിലീകരണ-വിപണന യൂണിറ്റ് പൊതുമേഖലയിൽ സ്ഥാപിക്കാവുന്നതാണ്. പുന്നപ്ര, അമ്പലപ്പുഴ പഞ്ചായത്തുകളുടെ സംഗമ സ്ഥാനത്ത്-പൂമീൻപൊഴി ഫിഷ്ലാൻഡിംഗ് സെന്ററിനു പ്രകൃതിദത്തമാണ്.

B വലനിർമ്മാണ ഫാക്ടറി

തീരദേശ മേഖലയിലെ സ്ത്രീകളെ പ്രയോജനപ്പെടുത്തി മത്സ്യബന്ധനത്തിനു ഉപയോഗിക്കുന്ന വലകൾ നിർമ്മിക്കുന്ന ഒരു യൂണിറ്റ് അമ്പലപ്പുഴ പഞ്ചായത്തിന്റെ തീരദേശ വാർഡുകൾ കേന്ദ്രീകരിച്ച് ആരംഭിക്കാവുന്നതാണ്. മത്സ്യബന്ധനത്തിനു അത്യാവശം വേണ്ട വലകൾ അന്യ സംസ്ഥാനത്തു നിന്നും വാങ്ങി വരുന്നു.

C ഫൈബർ ബോട്ട് നിർമ്മാണ ശാല

മത്സ്യബന്ധനത്തിനു ഉപയോഗിച്ചു വരുന്ന ഫൈബർബോട്ട് നിർമ്മിക്കുന്ന ഒരു യൂണിറ്റ് പഞ്ചായത്തിൽ തീരദേശ വാർഡുകളിൽ എവിടെങ്കിലും സ്ഥാപിക്കാവുന്നതാണ്.

D വള നിർമ്മാണ ശാല

സമുദ്രോല്പന സംസ്കരണത്തിൽ നിന്നുള്ള ഉപോല്പനങ്ങളായ തോക്ക, ചെല്ലി മുതലായവ പ്രയോജനപ്പെടുത്തി ഒരു വ്യവസായ യൂണിറ്റ് (വളനിർമ്മാണ വ്യവസായ യൂണിറ്റ്) പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

II കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

മത്സ്യമേഖല പോലെ തന്നെ പഞ്ചായത്തിന്റെ വ്യവസായ വികസനത്തിനു അവലംബിക്കേണ്ട മറ്റൊരു പ്രധാന ഘടകമാണ് കാർഷിക രംഗം. പഞ്ചായത്തിന്റെ ജനസംഖ്യയുടെ ഏതാണ്ട് 40% ഓളം ഈ രംഗത്തെ ആശ്രയിക്കുന്നു. പഞ്ചായത്തിന്റെ ആകെ ഉള്ള വിസ്തൃതിയിൽ ഏതാണ്ട് 65% ഓളം കൃഷിയിടങ്ങളാണ്. നെൽകൃഷിക്കായി ഉപയോഗിച്ചു വരുന്ന 36 പാടശേഖരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. നെല്ല്, നാളികേരം, മാവ്, കശുമാവ്, വാഴ, അടയ്ക്കാമരം, പച്ചക്കറി എന്നിവയാണ് പ്രധാനപ്പെട്ട കൃഷിയിനങ്ങൾ. ഉല്പാദന കുറവും, മാന്ദ്യവും കാർഷിക മേഖലയിൽ നിന്നും കർഷകർ പിന്തിരിയുന്നതിനു കാരണമാകുന്നു. അനുബന്ധ വ്യവസായങ്ങൾ ഉണ്ടാകാതിരുന്നതും ഈ മേഖലയുടെ വളർച്ചയ്ക്ക് പ്രതിബന്ധമായി നിലനില്ക്കുന്നു.

a) ആധുനിക നെല്ല് കുത്ത് കേന്ദ്രം

നെല്ലുകൃഷി വ്യാപകമായി നടക്കുന്ന പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾക്ക് പ്രയോജനപ്പെടുമാറു ഒരു റൈസ്മിൽ കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

b) ഹാർഡ് ബോർഡ് നിർമ്മാണ ശാല

പഞ്ചായത്തിലെ പ്രധാന കാർഷികോല്പ്പനമായ കച്ചി, ഉമി എന്നിവ വൻതോതിൽ പ്രയോജനപ്പെടുത്താതെ നഷ്ടപ്പെട്ട് പോകുന്നു. ഇവ പ്രയോജനപ്പെടുത്തി ഹാർഡ്ബോർഡ് നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സ്ഥാപിക്കാവുന്നതാണ്.

c) ഓയിൽ മിൽ വ്യവസായം

പഞ്ചായത്തിലെ പ്രധാന രണ്ടാം കൃഷിയായ നാളീകേരം പ്രയോജനപ്പെടുത്തി പഞ്ചായത്തിൽ ഒരു ഓയിൽ മിൽ വ്യവസായ യൂണിറ്റ് സ്ഥാപിക്കാവുന്നതാണ്.

d) കശുവണ്ടി

പഞ്ചായത്തിന്റെ തീരദേശ വാർഡുകളിൽ കശുമാവു സമൃദ്ധിയായി വളരുന്നുണ്ട്

എന്നാൽ കശുവണ്ടി വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. കശുമാവു കർഷകർ ചൂഷണത്തിനു വിധേയരാണ്. വളരെയേറെ സാധ്യതകൾ ഉള്ള ഈ മേഖല ശക്തിപ്പെടുത്തുന്നതിനു പഞ്ചായത്തിന്റെ വടക്കൻ പ്രദേശത്ത് സഹകരണ മേഖലയിൽ ഒരു കശുവണ്ടി സംഭരണ-സംസ്കരണ-വിപണന യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

ii) കാലിത്തീറ്റ ഫാക്ടറി

ഓയിൽ മില്ലുകളിൽ നിന്നുള്ള ഉപോല്പന്നങ്ങൾ പ്രയോജനപ്പെടുത്തി പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കാവുന്നതാണ്.

ii) മാമ്പഴ സംസ്കരണശാല

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് മാമ്പഴം സുലഭമായി ലഭിക്കുന്നു. എന്നാൽ ഇവ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നതിനു കഴിയുന്നില്ല. മാമ്പഴം സംഭരിച്ച് സംസ്കരിച്ച് ശീതളപാനിയങ്ങൾ, ജാമുകൾ, അച്ചാറുകൾ മുതലായവ നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

III) ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടത്തിയിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിൽ ടൂറിസം സാധ്യതകൾ ഉള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ ആളുകൾക്ക് തൊഴിൽ ലഭിക്കുന്നതിനും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവു ഉണ്ടാകുന്നതിനും സാധിക്കും.

പ്രസിദ്ധമായ അമ്പലപ്പുഴ ക്ഷേത്രവും, കരുമാടികുട്ടനും, നമ്മുടെ സാംസ്കാരിക പൈതൃകവും ഇതിനു അനുകൂലഘടകങ്ങളാണ്. കുട്ടനാടൻ പാടശേഖരങ്ങളും, പമ്പാനദിയും, കൈവഴികളും ഫലപ്രദമായി ഉപയോഗിക്കാം.

കൊല്ലം-ആലപ്പുഴ ടി. എസ്. കനാലിന്റെ തീരത്ത് കരുമാടിക്കുട്ടന്റെ സമീപത്ത് വിദേശികളും സ്വദേശികളുമായ വിനോദ സഞ്ചാരികളെ പ്രയോജനപ്പെടുത്തി ഒരു വിനോദസഞ്ചാര വിശ്രമകേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

വൈദ്യുതി വിതരണം കാര്യക്ഷമമാക്കുക

പഞ്ചായത്തിന്റെ തീരപ്രദേശത്തും, കാർഷിക മേഖലയിലും ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനു ഓരോ വൈദ്യുതി ഉല്പാദന കേന്ദ്രം ആരംഭിക്കണം. തിരമാലയിൽ നിന്നും കാറ്റിൽ നിന്നും ഉള്ള വൈദ്യുത ഉല്പാദനത്തിന്റെ സാധ്യതകൾ പരിശോധിച്ച് പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും വ്യവസായ പുരോഗതിക്ക് ആവശ്യമായ വൈദ്യുതി ലഭ്യതയ്ക്ക് അമ്പലപ്പുഴ കേന്ദ്രമാക്കി ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കാവുന്നതാണ്.

IV) ചെറുകിട വ്യവസായ എസ്റ്റേറ്റ്

ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യതകുറയുവാൻ സാധ്യതയുള്ളതുകൊണ്ട് 5 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റ് ആക്കി വ്യവസായ സംരംഭകർക്ക് വാടകയ്ക്ക് നല്കാവുന്നതാണ്.

V) വിവിധ വാർഡുകളിൽ നിന്നുള്ള ഗ്രാമസഭാ നിർദ്ദേശങ്ങൾ

1) വസ്ത്ര നിർമ്മാണം
2) തീപ്പെട്ടി നിർമ്മാണം
3) മെഴുകുതിരി നിർമ്മാണം
4) സോപ്പ് നിർമ്മാണം
5) തഴപ്പായ് നിർമ്മാണം
6) പാലുല്പന്നങ്ങൾ
7) അലൂമിനിയ പാത്ര നിർമ്മാണം
8) അച്ചാർ നിർമ്മാണം
9) കരകൗശല വസ്തുക്കളുടെ നിർമ്മാണം
10) പപ്പട വ്യവസായം
11) ബുക്ക് നിർമ്മാണം
12) പ്രിന്റിംഗ് പ്രസ്സ്
13) അടയ്ക്കാ സംസ്കരണം
14) ഇലക്ട്രോണിക്സ് ഉല്പന്നങ്ങൾ
15) കുറ്റിമുല, തേൻ
16) കൊപ്രാ

17) മെക്കനൈസ്ഡ് കൊയർ പ്രൊഡക്ഷൻ സെന്റർ

നിർദ്ദേശങ്ങൾ

1) നിലവിലുള്ള വ്യാവസായങ്ങൾ നിലനിർത്തുന്നതിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതി വിലയിരുത്തുന്നതിനും വേണ്ട ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി പഞ്ചായത്ത് തലത്തിൽ ഉപസമിതി രൂപീകരിക്കേണ്ടതാണ്.

2) പുതിയ വ്യാവസായ സംരഭങ്ങൾ ആരംഭിക്കുന്നവർക്ക് വിദഗ്ദ സേവനം ലഭ്യമാക്കുന്നതിന് വിവധ ഏജൻസികളുടെ സഹായത്തോടുകൂടി വ്യാവസായിക സെമിനാറുകൾ സംഘടിപ്പിക്കേണ്ടതാണ്.

3) അമ്പലപ്പുഴ ബ്ലോക്കിൽ, അമ്പലപ്പുഴ പഞ്ചായത്ത് കേന്ദ്രീകരിച്ച് വ്യവസായ വകുപ്പിന്റെ ഒരു ഇൻഫർമേഷൻ കം ട്രെ.യിനിംഗ് സെന്റർ ആരംഭിക്കേണ്ടതാണ്.

4) പ്രൈമിനിസ്റ്റേഴ്സ് റോസ്ഗാർ യോജന മറ്റു സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ പ്രകാരം ഓരോവർഷവും അപേക്ഷകർക്കു വേണ്ടി വരുന്ന വായ്പകൾ കൃത്യമായും ബാങ്കുകളിൽ നിന്നും ലഭിക്കുന്നതിലേക്ക് വായ്പാ അപേക്ഷകരെ പഞ്ചായത്ത് തെരഞ്ഞെടുത്ത് വേണ്ടി വരുന്ന വായ്പാ തുക ബാങ്കുകളെ അറിയിച്ച് വായ്പാ സൗകര്യം തരപ്പെടുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളുക.

5) വ്യാവസായിക മേഖലയിലും വികസന പ്രവർത്തന രംഗത്തും മാറിയ പരിതസ്ഥിതിയിൽ പുതിയ ഒരു തൊഴിൽ സംസ്കാരം വളർത്തിയെടുക്കുന്നതിനു വേണ്ട ബോധവല്ക്കരണ ക്യാമ്പുകൾ നടത്തണം.

6) കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നല്കുന്നതിനു ഡെപ്യൂട്ടി കമ്മീഷണർ, മിനിസ്റ്ററി ഓഫ് ഹാൻഡ് ലൂം ആൻഡ് ടെക്സ്റ്റൈൽസ്, ടൂറിസം എന്നിവയുമായി ബന്ധപ്പെട്ട ഒരു ക്രാഫ്റ്റ് ഡെവലപ്പ്മെന്റ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

7) റെഡിമെയ്ഡ് വ്യവസായം തുടങ്ങുവാൻ ആഗ്രഹിക്കുന്ന സംരഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിന്റെ വിപണന സാധ്യതകളെപ്പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി മദ്രാസ് എന്ന സ്ഥാപനത്തിന്റെ കീഴിൽ വിദഗ്ദ പരിശീലനം നല്കണം.

8) അമ്പലപ്പുഴ പഞ്ചായത്തിൽ വ്യവസായ വളർച്ചയ്ക്കാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതിനു ആലപ്പുഴ ജില്ലാ വ്യവസായ കേന്ദ്രം, ആലപ്പുഴ ജില്ല ചെറുകിട വ്യവസായ കേന്ദ്രം, ഖാദി ബോർഡ് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ 10 ദിവസം നീണ്ടുനില്ക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനവും ശില്പശാലയും സംഘടിപ്പിക്കുക.

9) വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പു വരുത്തുന്നതിനു നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും ത്രീഫേസ് ആക്കി മാറ്റുവാൻ വേണ്ട നടപടി കൈകൊള്ളണം.

10) 'വ്യവസായ കേരളം' പ്രസിദ്ധീകരണം പഞ്ചായത്ത് മെമ്പർമാർക്ക് ലഭിക്കുന്നതിനുള്ള നടപടി കൈകൊള്ളണം.

11) പഞ്ചായത്തിൽ ഒരു വൈറ്റ് സിമന്റ് ഫാക്ടറി സ്ഥാപിക്കുക.

12) ചകിരി നാരു കൊണ്ട് മെഷീനിൽ കയർ പിരിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുക.

13) ഭസ്മം, ചാണകവരളി, ചന്ദനത്തിരി ഇവയുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക.

മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവ ഉണ്ടാക്കുവാനും എല്ലാറ്റിനും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും. ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലാത്തവർക്ക്

തൊഴിൽ നല്കുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തി നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും, പുതിയ സാമൂഹ്യ ജീവിതാനുഭവങ്ങളും ഉയർന്ന സാക്ഷരതയും വളർന്നു വരുവാൻ കാരണമാക്കുകയും ചെയ്യും.



IV

ഊർജ്ജം ❖ ഗതാഗതം ❖ മാർക്കറ്റ്

ഊർജ്ജം

ഊർജാസൂത്രണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വൈദ്യുതാസൂത്രണം മാത്രമല്ല. വൈദ്യുതിയും വൈദ്യുതേതര ഊർജ്ജസ്രോതസ്സുകളായ വിറക്, മണ്ണെണ്ണ, എണ്ണയുൽപ്പന്നങ്ങൾ, ജൈവവാതകം, സൂര്യതാപം തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള സമഗ്ര ഊർജ്ജാസൂത്രണമാണ്. നില വിലുള്ള ഊർജ്ജാസൂത്രണ പദ്ധതിയുടെ പ്രധാനപരിമിതി അത് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളെ ഒഴിച്ചുനിർത്തികൊണ്ടുള്ളതും അങ്ങേയറ്റം പരിമിതമായ ജനപങ്കാളിത്തത്തോടു കൂടിയതുമാണെന്നതാണ്. എല്ലാത്തരത്തിലും ഉള്ള ഊർജ്ജ ഉപയോഗങ്ങളും കണക്കിലെടുക്കുന്ന അവയുടെ ഉപയോഗം മെച്ചപ്പെടുത്താനും ലാഭകരമാക്കാനും ജീവിതനിലവാരം ഉയർത്താനും ഉതകുന്ന വിപുലമായ ജനകീയ താല്പര്യങ്ങൾ പരിഗണിക്കുന്നതുമായ ഒരു ബദൽ ഊർജ്ജാസൂത്രണത്തിന്റെ പ്രസക്തി ഇവിടെയാണ്.

അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസുകൾ വിറകും വൈദ്യുതിയുമാണ്. ഏകദേശം 90% വീടുകളിലും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ആവശ്യമായ വിറകിന്റെ നല്ലൊരു പങ്ക് പ്രാദേശികമായി ശേഖരിച്ചിരുന്ന ജനങ്ങൾ ഇന്ന് പുറമേ നിന്ന് എത്തുന്ന വിറകിനെയാണ് ആശ്രയിക്കുന്നത്. വിറകിനെ ആശ്രയിക്കുന്നവരിൽ നല്ലൊരു ഭാഗവും വിറക് വിലകൊടുത്ത് വാങ്ങുന്നവരാണ്. 1.60 രൂപയാണ് ഒരു കിലോഗ്രാം പച്ചവിറകിന്റെ വില. ഏകദേശം 100 കി. ഗ്രാം വിറക് ഒരു കുടുംബം പ്രതിമാസം വാങ്ങുന്നു എന്ന കണക്കനുസരിച്ച് 5,00,000 കി. ഗ്രാം. വിറക് ഒരു മാസം പഞ്ചായത്തിലെ ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനായി കണക്കാക്കാം. വിലയിനത്തിൽ പ്രതിമാസം 8 ലക്ഷത്തോളം രൂപ പഞ്ചായത്തിന് വെളിയിലേക്ക് ചോർന്നു പോയ്കൊണ്ടിരിക്കുന്നു.

ഉയർന്ന സാമ്പത്തിക ശേഷിയുള്ള വളരെ ചെറിയ ശതമാനം ആളുകൾക്ക് മാത്രമെ എൽ. പി. ജി. ലഭ്യമായിട്ടുള്ളു. നിലവിലുള്ള കണക്കിനനുസരിച്ച് 1800 എൽ. പി. ജി. വീടുകൾ പഞ്ചായത്തിലുണ്ട്. മണ്ണെണ്ണ ലഭ്യമല്ല എന്നതിനാലാവാം പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗം നാമമാത്രമാണ്. ഊർജ്ജ രംഗത്തെ ഏതൊരു വികസന പരിപാടിയും വിറകിന്റെ ലഭ്യതയേയും കാര്യക്ഷമമായ വിനിയോഗത്തേയും ഊന്നുന്നതായിരിക്കണം. ഉപയോഗിക്കുന്ന അടുപ്പുകളുടെ സ്വഭാവം കൂടി പരിഗണിച്ചാൽ ഈ രംഗത്ത് അടിയന്തിരമായി നടത്തേണ്ട ഇടപെടലുകൾ എന്തൊക്കെയെന്ന് ബോദ്ധമാകും.

ഏതാണ്ട് 98% അടുപ്പുകളും പ്രാചീനമായ മൂന്നു കല്ലടുപ്പുകളും സാധാരണ കല്ലടുപ്പുകളുമാണ്. ദക്ഷത കൂടിയ പരിഷത്തടുപ്പ് ഉപയോഗിക്കുന്ന കുടുംബങ്ങളുടെ എണ്ണം 2% ൽ താഴെ മാത്രമാണ്. മൂന്നുകല്ലടുപ്പുകളും സാധാരണ കല്ലടുപ്പുകളും മാറ്റി പകരം ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ സ്ഥാപിച്ചാൽ വിറകിന്റെ ഉപയോഗം ഇപ്പോഴുള്ളതിന്റെ 1/3 ആയി കുറയ്ക്കാൻ കഴിയും. അടുപ്പുകളുടെ കാര്യക്ഷമത താഴെ ചേർക്കുന്നു.

മൂന്നുകല്ലടുപ്പ് 10%ൽ താഴെ
വശങ്ങൾ അടച്ച സാധാരണ അടുപ്പ് 12%
പരിഷത്ത് അടുപ്പ് 27.25 %

പ്രശ്നങ്ങൾ

പാചകാവശ്യത്തിനുള്ള വിറകിന്റെ ലഭ്യത കുറവ്.

ബഹുഭൂരിപക്ഷം വീടുകളിലും കല്ലടുപ്പുക ാണ് ഉപയോഗിക്കുന്നത്. കാര്യക്ഷമത കുറവാ ണെന്ന് മാത്രമല്ല അടുപ്പുകൾ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഗുരുതരമാണ്.

അനാവിശ്യമായ ഊർജ്ജ ദുർവ്യയവും സാമ്പ ത്തിക നഷ്ടവും.

വനശോഷണവും മറ്റനവധി കാരണങ്ങളാലും വിറകിന്റെ വിലയിൽ ഗണ്യമായ വർദ്ധനവ്.

സാധ്യതകൾ

ദക്ഷത കൂടിയ അടുപ്പിന്റെ വ്യാപനം.

) പഞ്ചായത്തിലെ മുഴുവൻ മൂന്നടുപ്പുകളും രണ്ട് വർഷം കൊണ്ട് മാറ്റി ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക. മെച്ചപ്പെട്ട അടുപ്പുകൾക്കാവശ്യമായ മോൾഡുകൾ ബ്ലോക്ക് തല ത്തിൽ ഉണ്ടാക്കാൻ കഴിയും. ഇത്തരം അടുപ്പുകൾ ഫിറ്റുചെയ്യുന്നതി നായി വാർഡടിസ്ഥാനത്തിൽ യുവാക്കളുടെ അടുപ്പുബ്രിഗേഡുകൾ രൂപീകരിക്കാ നാവും.

) നാലഞ്ചു കന്നുകാലികളുള്ള വീടുകളിൽ ബയോഗ്യാസ് ഉല്പാദിപ്പിക്കാനാകും. വീടുക ളിലെ ജൈവമാലിന്യങ്ങൾ, ഇറച്ചി – മീൻചന്ത, പച്ചക്കറി ചന്ത ഇവയുടെ അവശിഷ്ടങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി ബയോഗ്യാ സ് പ്ലാന്റുകൾക്ക് സാധ്യതയുണ്ട്.

പച്ചിലവളത്തിനും വിറകാവശ്യത്തിനുമായി പഞ്ചായത്ത് പുറംപോക്കിനേയും മറ്റു പൊതു സ്ഥലങ്ങളേയും ഹരിതവത്ക്കരിക്കാനാകും.

ഊർജ്ജം ലഭിക്കുവാനുതകുന്ന പാചകരീതി കളുടെ പ്രചരണം.

സൗര – താപ ഹീറ്ററുകൾ ചൂടുവെള്ളത്തിന്റെ ആവശ്യമുള്ള ഇടങ്ങളിൽ പ്രോൽസാഹിപ്പിക്കുക.

വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് പ്രധാനമായി പുന്നപ്ര 110 കെ. വി. സബ് സ്റ്റേഷ നിൽ നിന്നും, മങ്കൊമ്പ് സബ് സ്റ്റേഷനിൽ നിന്നും, കരുവാറ്റാ 66 കെ. വി. സബ് സ്റ്റേഷനിൽ നിന്നു മാണ്. പഞ്ചായത്തിലെ ഉപഭോഗത്തിൽ 9868 പേർ ഗാർഹീകാവശ്യത്തിനും 102 കാർഷികവും 157 വ്യവസായികവും 2621 വാണിജ്യാവശ്യത്തിനു മാണ് ഉപയോഗിക്കുന്നത്.

അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത്
(കെ. എസ്. ബി. രേഖകൾ)

10.1 (6) പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിത രണം ചെയ്യുന്ന
എൽ. ടി. ട്രാൻസ്ഫോർമറുകളുടെ പേരുകൾ
അമ്പലപ്പുഴ ഇലക്ട്രിക്കൽ മേജർ സെക്ഷൻ

1. റെയിൽവേ
2. മുടാമ്പാടി
3. കിഴക്കേനട
4. കൃഷ്ണപിള്ള ജംഗ്ഷൻ
5. ശാന്താടിമ്പേഴ്സ്
6. ശാന്താമംഗലം
7. മെജസ്റ്റിക്
8. കുഞ്ചൻ സ്മാരകം
9. കളപ്പുരയ്ക്കൽ
10. സിസ്ക്കോ
11. വക്കീൽസ്
12. സുധീർ
13. ഐലന്റ്
14. RF - 1
15. RF - 2
16. രാജ്
17. നിസ്സാം
18. വളഞ്ഞവഴി കിഴക്ക്
19. സെൻഡിഷാ
20. സ്റ്റാർ
21. അൻസിലാ
22. കാക്കാഴം
23. ഭാരത് ഫുഡ്സ്
24. അമ്പലപ്പുഴ വെസ്റ്റ്
25. പുത്തൻ കുളം
26. കട്ടക്കുഴി
27. കാരിയ്ക്കൽ
28. വൈഷ്ണമുട്ട്
29. കോലടിക്കട
30. തൈക്കൂട്ട്

31. അറുനൂറ്
32. കാട്ടുകോണം
33. നീർക്കുന്നം കിഴക്ക്
34. നാലുപാടം
35. സഫീദ – 1
36. സഫീദ – 2
37. എസ്സ്. ബി
38. അൽ അമീൻ
39. ഖദീജ
40. കരുമാടി (അമ്പലപ്പുഴ + തകഴി)
41. താന്നിപ്പാലം (അമ്പലപ്പുഴ + പുറക്കാട്)

തകഴി പൂഞ്ചസെക്ഷൻ

42–1 മഠത്തിൽ പാടം വടക്ക്
43–2 മഠത്തിൽ പാടം തെക്ക്
44–3 കരുമാടി ഡി. ബി.
45–4 പടിഞ്ഞാറേ ഇടം പാടം
46–5 വലിയതുരുത്ത് – ചെറിയതുരുത്ത്

ചമ്പക്കുളം ഇലക്ട്രിസിറ്റി ആഫീസ്

47–1 മുക്കയിൽ
48–2 വെട്ടിക്കരി കിഴക്ക്
49–3 നാലുപാടം പരുത്തിക്കാട്ടു തറ
50–4 ചെറുകരി തറ

പുന്നപ്ര ഇലക്ട്രിസിറ്റി ആഫീസ്

51–1 വെള്ളാപ്പള്ളി
52–2 കുറവൻതോട്
53–3 വണ്ടാനം
54–4 T.D.M.
55–5 T.D.M. Complex
56–6 കാട്ടുംപുറത്ത് വെളി
57–7 Asha Enterprises.

വെളിച്ചത്തിനും കൃഷിയ്ക്കും വ്യവസായത്തിനും ആധുനിക ഗൃഹോപകര ണങ്ങളുടെ ഉപയോഗത്തിനുമാണ് വൈദ്യുതി പ്രധാനമായും ഉപയോഗിക്കു ന്നത്. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം ഇപ്രകാരമാണ്.

ബൾബ് (40o, 60o) 539 ട്യൂബ് – 170
മെർക്കുറി വേപ്പർ – 6

4 പട്ടികജാതി – പട്ടികവർഗ്ഗ കോളനികൾ വൈദ്യുതീകരിച്ച് 356 പുതിയ കണക്ഷൻ ഈ റിപ്പോർട്ട് വർഷത്തിൽ നൽകി. 990 പുതിയ കണക്ഷൻ പണമടച്ചത് കൊടുക്കാനുണ്ട്. പ്രതിമാസം തെരുവു വിളക്കിന് കറണ്ടുചാർ ജ് 11557 രൂപ അടയ്ക്കുന്നുണ്ട്.

വീടുകളിൽ ടെലിവിഷൻ, പമ്പ്സെറ്റ്കൾ തുടങ്ങിയ ആധുനീക ഉപകരണങ്ങളുടെ ഉപയോഗം വളരെയധികം വർദ്ധിച്ചുവരുന്നുണ്ട്. വെളിച്ചത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ ഏതാണ്ട് 90% വും ദക്ഷത കുറഞ്ഞ് ബൾബുകളാണെന്ന് കാണാം. 40w., 60w, 100w എന്നീ ബൾബുകളാണ് പ്രചാരത്തിലുള്ളത്. കുറഞ്ഞ വോൾട്ടതയിലും കാര്യക്ഷമമായി വെളിച്ചം നല്കുവാൻ കഴിയുന്ന ട്യൂബുകൾ വെളിച്ചത്തിനായി ഉപയോഗിക്കുന്നവർ നാമമാത്രമാണ്. വളരെയധികം ഊർജ്ജം നഷ്ടപ്പെടുത്തുന്ന വൈദ്യുത ഹീറ്റർ പോലുള്ള ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടത്.

പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. പവർകട്ട്
3. കാര്യക്ഷമതയില്ലാത്ത വൈദ്യുതോപകരണങ്ങൾ
4. ഏകദേശം ആയിരത്തോളം വീടുകൾ അപേക്ഷനൽകി കണക്ഷൻ കിട്ടുവാൻ കാത്തിരിക്കുന്നവരുണ്ട്.
5. വൈദ്യുത ലൈനുകൾ ഇനിയും എത്തിച്ചേരാത്ത ചില പ്രദേശങ്ങൾ
6. പ്രസരണ നഷ്ടം – ഏതാണ്ട് 30% വൈദ്യുതി ഇതുമൂലം നഷ്ടം
7. തെരുവു വിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല.

പുതിയ വൈദ്യുത ലൈൻ നിർദേശങ്ങൾ

സാധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.

a) പ്രേക്ഷണ വിതരണ വ്യൂഹത്തെ ശക്തിപ്പെടുത്തി നഷ്ടമൊഴിവാക്കിവാക്കാനുള്ള ഒരു യൂ

കാല പരിപാടികൾ ആസൂത്രണം ചെയ്യുക.

b) ടച്ച് ക്ലിയറൻസ് : വർഷത്തിൽ രണ്ടു പ്രാവശ്യം എങ്കിലും ടച്ച്ക്ലിയറൻസ് നടത്തുക.

c) കൂടുതൽ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കുക. വോൾട്ടേജ് ക്ഷാമത്തിന് ശാശ്വതപരിഹാരം കാണണമെങ്കിൽ അമ്പലപ്പുഴ സബ്സ്റ്റേഷൻ സ്ഥാപിക്കുകയും കൂടുതൽ ഫീഡർ വലിയ്ക്കുകയുമാണ് ചെയ്യേണ്ടത്.

d) വൈകുന്നേരം 6 മണി മുതൽ 10 മണി വരെയുള്ള വീക് ലോഡ് സമയത്ത് തേപ്പുപ്പെട്ടി, ഹീറ്റർ, മോട്ടോർ മിക്സി, ഗ്രൈന്റർ മുതലായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിയ്ക്കുക.

2. കേന്ദ്രീകൃതമായി ഏതാണ്ട് 300400 പശുക്കളുടെ ചാണകം ഉപയോഗിച്ചു കൊണ്ടുള്ള കമ്മ്യൂണിറ്റി ബയോഗ്യാസ് സ്ഥാപിക്കുക.

3. ഡിമാന്റ് സൈഡ് ഊർജ്ജാസൂത്രണത്തിന് പഞ്ചായത്തുകൾക്ക് മുൻകൈ ലഭിക്കുന്നതിനായി പഞ്ചായത്തുതല വൈദ്യുത വിതരണം പഞ്ചായത്തുകളെ ഏല്പിക്കുന്നതിന് ആലോചിക്കേണ്ടതാണ്.

4. കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം

a) പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും വരുന്ന 5 വർഷം കൊണ്ട് മാറ്റി 40w ട്യൂബുകൾ സ്ഥാപിക്കുക.

b) ഹീറ്റർ പോലുള്ള കാര്യക്ഷമതയില്ലാത്ത വൈദ്യുതോപകരണങ്ങൾ നിരുൽസാഹപ്പെടുത്തുക.

c) ദക്ഷതയേറിയ വിളക്കുകൾക്ക് നിലവിലുള്ള സബ്സിഡിക്കു പുറമെ പഞ്ചായത്തുതല പ്രത്യേക സബ്സിഡി ലഭ്യമാക്കുന്നത് കൂടുതൽ ആകർഷകമാക്കും.

d) ദക്ഷതയേറിയ കോംപാക്ട് ഫ്ളൂറസെന്റ് ലാമ്പുകൾ (CFL) വ്യാപകമാക്കുക. 60w ന്റെ സാധാരണ വെളിച്ചം 9w CFL ന് നല്കാൻ കഴിയും. പ്രാരംഭം മുതൽ മുടക്ക് CFL ന് വളരെയേറുമെങ്കിലും ദീർഘകാലാടിസ്ഥാനത്തിൽ അത് സാധാരണ വിളക്കുകളേക്കാൾ ലാഭകരമാണ്.

ഉദാ: 1000 CLF വിളക്കുകൾ സ്ഥാപിക്കുന്നത് പീക്ക്ഡിമാന്റ് 51ഗണ ലാഭമുണ്ടാക്കുന്നു. ഇത്രയും വൈദ്യുതി പുതിയതായി ഉത്പാദിപ്പിക്കുന്നതിന് ഏതാണ്ട് 25 കോടി രൂപ ചിലവ് വരും. എന്നാൽ ഇത്രയും CFL കൾക്ക് 24 ലക്ഷം രുപയേ ചിലവു വരൂ.

5. ഘർഷണ രഹിത ഫുട് വാൽവുകൾ, ചിരട്ട അടിസ്ഥാനമാക്കിയുള്ള സ്റ്റെർലിങ്ങ് എൻജിനുകൾ എന്നിവ വെള്ളം പമ്പ് ചെയ്യുന്നതിനായി ഉപയോഗിയ്ക്കാം.

6. ചിരട്ട, ചകിരിച്ചോറ് എന്നിവ കത്തിച്ച് ഡീസൽ എൻജിനുകൾക്ക് പകരം പ്രവർത്തിക്കുന്ന സ്റ്റെർലിങ്ങ് എൻജിനുകൾക്ക് സാധ്യതയുണ്ട്.

7. സമ്പൂർണ്ണ ഊർജ്ജാസൂത്രണ പരിപാടിയുടെ ഭാഗമായി സൗര അടുപ്പുകൾ, സൗരവിളക്കുകൾ, സോളാർ ടിവി, സോളാർ വാട്ടർ ഹീറ്ററുകൾ, പ്രഷർകുക്കർ തുടങ്ങിയവ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക.

8. a) അലങ്കാര വൈദ്യുത ദീപങ്ങളും വൈദ്യുതിയുടെ ആർഭാടഉപയോഗവും നിരോധിക്കുക.

b) വൈദ്യുതി മോഷണം കണ്ടുപിടിയ്ക്കാൻ കാര്യക്ഷമമായ സംവിധാനം ഉണ്ടാകണം.

9. കുറഞ്ഞ വിലയ്ക്ക് കിട്ടുന്ന വൈദ്യുതി തോന്നിയപോലെ ദുർവ്യയം ചെയ്യുന്നതിനെതിരെ നടപടികൾ സ്വീകരിക്കുക. ഉപകരണങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെയും ഉപയോഗശീലങ്ങളിൽ മാറ്റം വരുത്തുന്നതിലൂടെയും കുറെയേറെ വൈദ്യുതി ലാഭിക്കാവുന്നതാണ്.

10. തീരജ്യോതി, ഗൃഹജ്യോതി പദ്ധതികൾ ഗുണഭോക്താക്കൾക്ക് കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

വൈദ്യുതോല്പാദനം വർദ്ധിപ്പിച്ചു കൊണ്ടേ നിലവിലുള്ള പ്രതിസന്ധിയെ അതിജീവിക്കാൻ കഴിയൂ. പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികളുടെ പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിലാവണം ആദ്യ ശ്രദ്ധ. ചെറുകിട താപ നിലയങ്ങളുടെ ഒരു ശൃംഖല തന്നെയുണ്ടാകണം. പാരമ്പര്യേതര ഊർജ്ജത്താൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ പ്രോൽസാഹിപ്പിക്കണം. കായംകുളം താപനിലയത്തിനായി ബഹുജനമുന്നേറ്റം, വിപുലമായ

പ്രാദേശിക പഠനം, ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി നിർവ്വഹണം, ശ്രദ്ധാപൂർണ്ണമായ ചിലവ് ചുരുക്കൽ പ്രാദേശികമായി ലഭ്യമായ നിർമ്മാണ സാമഗ്രികളുടെ ഉപയോഗം എന്നിവയിലൂടെ സമഗ്ര ഊർജ്ജാസൂത്രണം യാഥാർത്ഥ്യമാക്കാം.



ഗതാഗതം

പ്രധാന ഗതാഗത മാർഗ്ഗം റോഡായി മാറിയിരിക്കുന്നു. ആദ്യകാലങ്ങളിൽ റോഡു ഗതാഗതത്തോടൊപ്പം തന്നെ ജലമാർഗ്ഗവും നമ്മുടെ പഞ്ചായത്തിലും പ്രധാനമായിരുന്നു. ചരക്കു ഗതാഗതത്തിൽ അടുത്ത കാലത്തുവരെ ജലഗതാഗതത്തിനു തന്നെയായിരുന്നു പ്രാധാന്യം. വണ്ടാനം, നീർക്കുന്നം, കൊപ്പാറക്കടവു, കാക്കാഴം, അമ്പലപ്പുഴ, കിഴക്കേനട എന്നിവടങ്ങളിലേക്ക് ജലമാർഗ്ഗം വഴി ചരക്കുകൾ എത്തിയിരുന്നു. എന്നാൽ റോഡുകൾക്ക് അമിതപ്രാധാന്യം കൈവന്ന ഈ പുതിയ കാലഘട്ടത്തിൽ ആ രംഗത്തേക്കുള്ള കുതിപ്പിനു നമ്മുടെ പഞ്ചായത്തും പിന്നിലായിരുന്നില്ല.

ദേശീയ പാതയും അമ്പലപ്പുഴ തകഴി റോഡും എസ്. എൻ. കവല റോഡും ആണ് പ്രധാനമായും. നമ്മുടെ പഞ്ചായത്തിൽ ബസ് സർവ്വീസ് ഉൾപ്പെടെയുള്ള പ്രധാന റോഡുകൾ. എന്നാൽ ഇതിനോടൊപ്പം തന്നെ പ്രാധാന്യമുള്ള തീരദേശ റോഡുൾപ്പെടെ നിരവധി റോഡുകൾ കാര്യക്ഷമമാക്കുവാൻ നിലവിലുണ്ട്. പഞ്ചായത്തിലെ റോഡു ലഭ്യത സംസ്ഥാന ശരാശരി അപേക്ഷിച്ചു എറെ ഉയർന്നിട്ടുണ്ട്. എങ്കിലും ആവശ്യങ്ങൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലായെന്ന് ഗ്രാമസഭാ നിർദ്ദേശങ്ങളിൽ നിന്നും മനസ്സിലാവും. ഉള്ള ഗ്രാവൽ റോഡുകൾ ബഹുഭൂരിപക്ഷവും ഗതാഗത യോഗ്യമല്ലാത്ത അവസ്ഥയിലുമാണ്. ആവശ്യമായ സ്ഥലങ്ങളിൽ ഓടയില്ലാത്തതും റോഡു തകർച്ചയ്ക്ക് കാരണമാവുന്നുണ്ട്. റോഡു നിർമ്മാണ കമ്മിറ്റികൾ രൂപീകരിക്കും പോലെ റോഡു സംരക്ഷണ സമിതിയും ഉണ്ടാക്കാവുന്നതാണ്. സ്വഭാവിക ജല നിർഗ്ഗമന മാർഗ്ഗങ്ങളായിരുന്ന തോടുകളും മറ്റും മറന്നുകൊണ്ടുള്ള റോഡു നിർമ്മാണാങ്ങൾ വെള്ളം കെട്ടിനില്ക്കാനും മറ്റും കാരണമായിട്ടുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ വയലുകൾ തോടുകൾ എന്നിവ നികത്തപ്പെടുന്നില്ലെന്നും ജലനിർഗ്ഗമന മാർഗ്ഗങ്ങൾ അടയുന്നില്ലാ എന്നും ഉറപ്പു വരുത്തണം. പുതിയ റോഡുകൾ നിർമ്മിക്കുന്നതിനേക്കാൾ നിലവിലുള്ള വയെ സംരക്ഷിക്കുന്നതിനു പ്രാധാന്യം കൊടുക്കണം. അത്യാവശ്യം വേണ്ട റോഡുകളാകട്ടെ ജനപങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനം ആസൂത്രണം ചെയ്യണം. സന്നദ്ധപ്രവർത്തനം ഉറപ്പു വരുത്താൻ കഴിയണം. ഗ്രാവൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും കോൺട്രാകടർമാരെ ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

നിലവിൽ പഞ്ചായത്തിലെ റോഡുകളും ആവശ്യകതയും ചുവടെ പട്ടികപ്പെടുത്തുന്നു.

റോഡിന്റെ പേര്	4	5	6	7	8	9	10	11
					നിർദ്ദേശങ്ങൾ			
	നീളം	വീതി	ടാർ	ഗ്രാവൽ	ടാർ ചെയ്യേണ്ടത	ഗ്രാവൽ ചെയ്യേണ്ടത	റിപ്പയറിംഗ്	പുതിയ നിർമ്മാണം
വാർഡ് ഒന്ന്								
1) മാക്കിയിൽ ജംഗ്ഷൻ-അഴിക്കോടൻ ജംഗ്ഷൻ								
2) വടക്കേ പഞ്ചായത്ത് റോഡ്								
3) രാജകോളനി-ശിശുവിഹാർ വഴി തെക്കോട്ട്								

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
4) വടക്കേ പഞ്ചായത്ത് കോളനി-ഭജനമഠം								
5) വൃക്ഷ വിലാസം തോപ്പ്-ശിവരാമൻ മുക്ക്								
6) പുതുവൽ പടിഞ്ഞാറ്-നീർക്കുന്നം								
7) ജാഫിയാ കോളനി റോഡ്								X
8) തെക്കെപഞ്ചായത്ത് വടക്ക് കിഴക്ക് റോഡ്								X
വാർഡ് നമ്പർ രണ്ട്								
9) കുറവൻതോട്-നാലുപററോഡ്								
10) മെഡിക്കൽ കോളേജ് മുക്കയിൽ റോഡ്								
11) വെള്ളാപ്പള്ളി-ചാലടി റോഡ്								
12) മുണ്ട് പറമ്പ്-ചെങ്ങരപ്പള്ളി റോഡ്								
13) കവിതാ-താരമേഴം								
14) കമ്പിവളപ്പിൽ-തുണ്ടിൽ								
15) കുടത്തിങ്കൽ-കുരിയ്ക്കാ പറമ്പ്								
16) കൊച്ചുപറമ്പ്-വെള്ളൂർ								
17) പരിയാരം-കാടാറ്റുപാടം								
18) പള്ളിമുക്ക്-ചെങ്ങരപ്പള്ളി								
19) പത്തിൽ-ആറ്റുപുറം								
20) പരിയാരം-ഉണ്ണിയുടെ പറമ്പ് വരെ								
21) ചാലടി ലക്ഷം വീട് കോളനി						X		
22) കൊച്ചുപറമ്പ്-തുണ്ടിപറമ്പ്						X		
23) വണ്ടാനം കാവിൽ തെക്ക്-കുമരപ്പുഴ						X		
24) ചക്കം കേരിതറ-ആനില						X		
25) തെക്കെകുറ്റ്-കുറുപ്പശ്ശേരി						X		
വാർഡ് മൂന്ന്								
26) നീർക്കുന്നം തേവരു നട-കവല						X		
27) എസ്. എൻ. കവല-കഞ്ഞിപ്പാടം			X					
28) ഇജാബാ റോഡ്						X		
29) നീർക്കുന്നം ചന്ത-പള്ളിത്തറ								X

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			പുതിയ നിർമ്മാണം
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	
30) കൊപ്പാറ കടവു-ഐ. എച്ച്. ഡി. പി.					X			
31) ഗുരുകുലം-പന്നിമുക്ക്					X			
32) എച്ച്. ഐ. എൽ. പി. എസ്. റോഡ്-നീർക്കുന്നം						X		
33) മന്നം മെമ്മോറിയൽ റോഡ്						X		
34) വയലാറ്റ മഠം-കൊല്ലശ്ശേരി റോഡ്						X		
35) എസ്. ഡി. വി. ഗവ. യു. പി. എസ്.-കൊങ്ങന്നൂർ						X		
36) ഫാത്തിമാ ലോഡ്ജ്-കണ്ടനാട്						X		
37) ഇജാബാ ജംഗ്ഷൻ-ഐ. എച്ച്. ഡി. പി. കോളനി								X
38) ഐ. എച്ച്. ഡി. പി. കോളനി-കവല								X
39) ചാണയിൽ-കുമ്പനാട്								X
40) കാവനാട്-യക്ഷണയിൽ								X
41) ഇളന്താശ്ശേരി-കൊല്ലശ്ശേരി-പുളിമാവു								X
വാർഡ് നാല്								
42) ഗാന്ധിജംഗ്ഷൻ-മാധവൻ മുക്ക്					X			
43) റോജി ഹോട്ടൽ-നടുവിലേ വീട് റോഡ്					X			
44) എൻ. എച്ച്.-എസ്. എൻ.കവല-അപ്പക്കൽകാവു ജം.					X			
45) തേവരുനട-തീരദേശ എൽ. പി. എസ്.					X			
46) കളപ്പുരയ്ക്കൽ ക്ഷേത്രം-തീരദേശ റോഡ്					X			X
47) എ. കെ. എഫ്. ഷഡ്-തീരദേശ എൽ. പി. എസ്.					X		X	
48) മെഡിക്കൽ കോളേജ്-തീരദേശറോഡ്							X	X
49) പാരലൽ റോഡ്-പഴു പാർലിൽ-തീരദേശം								X
50) നീർക്കുന്നം വടക്ക് കാട്ടുംപുറവെളി-ഗോപാൽ നിവാസ്								X
51) കളപ്പുരയ്ക്കൽ ക്ഷേത്രം-പാരലൽ റോഡ്								X
52) തീരദേശ റോഡ്-കൊച്ചുപറമ്പ്-ബീച്ച്								X
53) തീരദേശ റോഡ്-പുതുവൽ ബീച്ച്								X
54) ഐ സുധാകരന്റെ വീട്-ഫ്ളാറ്റ് ജംഗ്ഷൻ								X
55) ഹരിജൻ കോളനി-അപ്പയ്ക്കൽ ക്ഷേത്രം								X

റോഡിന്റെ പേര്	4	5	6	7	8	9	10	11
					നിർദ്ദേശങ്ങൾ			
	നീളം	വീതി	ടാർ	ഗ്രാവൽ	ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
വാർഡ് അഞ്ച്								
56) ബീച്ച്റോഡ്-റെയിൽവേ ക്രോസ് (സമാന്തര റോഡ്)								X
57) റെയിൽവേ ട്രാക്കിനു പടി. സമാന്തര റോഡ്								X
58) കമ്പിവളപ്പു റോഡ്								X
59) പാരലൽ റോഡ് (സുകുമാരന്റെ വീട്)-ബീച്ച്								X
60) വളഞ്ഞവഴി-ബീച്ച് റോഡ്							X	
61) നിഹാസ് ഐസ് പ്ലാന്റ്-കണ്ടൻകുളങ്ങര						X		
62) തീരദേശ റോഡ്					X			
63) നാഷണൽ ഹൈവേ-കായിപ്പിള്ളി-ബീച്ച്					X			
വാർഡ് ആറ്								
64) കായിപ്പിള്ളി മഠം-പയ്യംമ്പള്ളി					X			
65) ഐ. സി. ഡി. എസ്.-ആഞ്ഞിലിപ്പറം					X			
66) ഏഴരതോട്ടമംഗലം-ഉമ്മൻ പറമ്പ് (പാരൽ റോഡ്)					X			
67) കണ്ടത്തിൽ പറമ്പ് റോഡ്						X		
വാർഡ് ഏഴ്								
68) എൻ. എച്ച്.-ഇടമ്പാടം						X		
69) കണ്ടത്തിൽ പറമ്പ്-മഹാത്മാഗാന്ധി സെറ്റിൽമെന്റ് കോളനി						X		
70) ഏഴരപീടിക-മാമ്പലത്തറ-റെയിൽവേസ്റ്റേഷൻ						X		
71) അയ്യപ്പാ ലോഡ്ജ്-പുഴുക്കപറമ്പ്						X		
72) എൻ. എച്ച്. ലെവൽ ക്രോസ്-ലക്ഷ്മി നിവാസ്							X	
73) കൊപ്പാറ കടവു-മാപ്പിളശ്ശേരി കടവു						X		
74) വിരുന്തുവേലി-ഐ. എച്ച്. ഡി. പി. കോളനി						X		
75) ഏഴര-മാപ്പിളശ്ശേരി കടവു								X
76) തൈവീട്ടിൽ ക്ഷേത്ര റോഡ്								X
77) മാപ്പിളശ്ശേരി റോഡ്-കളത്തിൽ പറമ്പ്								X
78) മാമ്പലത്തറ പഞ്ചായത്ത് കിണർ-കാമിനശ്ശേരി								X
79) അരീപ്പുറം-ഇടമ്പാടം								X
80) നാഗപറമ്പ് റോഡ്								X

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
81) കളരിക്കൽ പറമ്പ്-കാക്കാഴം തോട്								X
82) ഏഴര-കണ്ടത്തിൽ-അരീപ്പുറം								X
83) പുഴുക്കു പറമ്പ്-കോമന റോഡ്					X			
84) കോമനകൃഷ്ണനിലയം-അമ്പലപ്പുഴ ക്ഷേത്രം റോഡ്					X			
വാർഡ് എട്ട്								
85) മുടാംമ്പാടി-കോമന എൽ. പി. എസ്.					X			
86) കോമ്പാട്ട് മഠം-വടക്കോട്ട് മംഗലം-കോത്തറ പാലം					X			
87) മാപ്പിളശ്ശേരി-കട്ടക്കുഴി എൽ. പി. എസ്.					X			
88) കർത്താ മഠം മിൽസ്-വാടക്കുഴി ജംഗ്ഷൻ								X
89) കറുകത്തറ-പാലുക്കേരി പാടം-അമ്പലപ്പുഴ തോട്								X
90) ഷൺമുഖ പുരം റോഡ്						X		
91) കളത്തിൽ-പുളിക്കൽ ക്ഷേത്രം								X
92) കട്ടക്കുഴി-പത്തിൽ ചിറ-കടപൂരിൽ								X
93) മോനിശ്ശേരി ചിറ-പീടിക ചിറ-പതിനഞ്ചിൽ ചിറ								X
94) കൃഷ്ണാ തീയേറ്റർ-റെയിൽവേ സ്റ്റേഷൻ								X
95) വായനശാലാ-എസ്. എൻ. എൽ. പി. എസ്.						X		
96) തുണ്ടുപറമ്പ്-തെയ്യം പറമ്പ്								X
വാർഡ് ഒൻപത്								
97) പായൽകുളങ്ങര-പഞ്ചായത്ത് ശ്മശാനം					X			
98) പാരൽ റോഡ്-ഗവ. ഹോസ്പിറ്റൽ-എൻ. എച്ച്.					X			
99) പാരൽ റോഡ്-ലക്ഷം വീട് കോളനി					X			
100) എൻ. എച്ച്-പള്ളിമുക്ക്-ബീച്ച്					X			
101) തീരദേശ പാരലൽ റോഡ്-ബീച്ച്					X			
102) കാക്കാഴം റെയിൽവേ ക്രോസ്-പള്ളിമുക്ക് റോഡ് (പള്ളിക്കാവ് ക്ഷേത്രം വഴി)								X
103) എൻ. എച്ച്.-പാരലൽ-ബീച്ച്								X
104) എൻ. എച്ച്-രാജീവു കോളനി								X
105) നവരായ്ക്കൽ ക്ഷേത്രം-പായൽകുളങ്ങര								X

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
106) പായൽകുളങ്ങര-പള്ളിക്കാവു ഭഗവതി ക്ഷേത്രം (പാരലൽ റോഡ്)					X			
107) ഇരട്ടകുളങ്ങര-പാരലൽ റോഡ്-തീരദേശ റോഡ്						X		
108) പാരലൽ റോഡ്-ബീച്ച് റോഡ് (സഹൃദയാ കോളനി)								X
109) പാരലൽ റോഡ്-ബീച്ച് റോഡ് (വെളിയിൽ കാവു പടിഞ്ഞാർ)								X
110) പാരലൽ റോഡിൽ നിന്നും ബീച്ച് റോഡ് (കാക്കാഴം)								X
111) പാരലൽ റോഡ്-കിഴക്ക് ലക്ഷം വീട്								X
112) പാരലൽ റോഡ്-പള്ളിക്കാവു ക്ഷേത്രം								X
113) കച്ചേരിമുക്ക്-പാരലൽ റോഡ്-ബീച്ച്								X
114) പാരലൽ റോഡ് (താഴ്ചയിൽ കോളനി)-എൻ. എച്ച്.								X
വാർഡ് പത്ത്								
115) നവരാക്കൽ-വെള്ളാഞ്ഞിലി-ഇസ്താന					X			
116) ബി. കെ. എം.-കാളന്തറ					X			
117) എൻ. എച്ച്. (കനേൃൽ)-മിനി പ്രിന്റേഴിസ്-അമ്പലപ്പുഴ					X			
118) തൈപ്പറമ്പിൽ-ഓണിയപ്പുറം				X				
119) കച്ചേരിമുക്ക്-അമ്പലപ്പുഴ റോഡ്							X	
120) പ്ലാക്കുടി-പുത്തൂർ പറമ്പ്-കാരാത്ത്								X
121) വൃന്ദാവൻ-പ്ലാക്കുടി				X				
122) മൂടാമ്പാടി-കോമന എൽ. പി. എസ്.					X			
123) പോസ്റ്റാഫീസ്-കോമന എൽ. പി. എസ്.					X			
124) ഇരട്ടകുളങ്ങര-റെയിൽവേസ്റ്റേഷൻ					X			
125) കാക്കാഴം പള്ളി-തട്ടാപറമ്പ്					X			
126) കളത്തി പറമ്പ്-കാക്കാഴം					X			
127) കോവിലകത്ത്-വൈമ്പാല						X		
128) പൊള്ളയിൽ-കാളന്തറ						X		
129) മിനി പ്രിന്റേഴ്സ്-അമ്പനാട് മുക്ക് എൻ. എച്ച്.						X		
130) കാമേഴത്ത്-ഭൈരവ സ്വാമിക്ഷേത്രം					X			

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			പുതിയ നിർമ്മാണം
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	
വാർഡ് പതിനൊന്ന്								
131) ചിറ പറമ്പ്-വെള്ളാഞ്ഞിലി					X			
132) ശേഖരം പറമ്പ് - വാഴക്കളം					X			
133) രോഹിണി സൗണ്ട്സിൽ നിന്നു വടക്കോട്ടുള്ള റോഡ്					X			
134) സമൂഹ മഠം-അമ്പലപ്പുഴ തോട്				X				
135) കോയിക്കൽ മുക്ക്-മാധവ ഭവനം				X				
136) കിഴക്കേ റെയിൽവേ ഗേറ്റ്-പടിഞ്ഞാറോട്ട്					X			
137) കമ്മ്യൂണിക്കേഷൻ റോഡ്					X			
138) കിഴക്കേ നട-പടിഞ്ഞാറെ നട (ഊട്ടു പുരയ്ക്ക് വടക്ക് വശം വഴി)					X			
139) സമൂഹമഠം-പുത്തൻ കുളം-ദ്വാരക (നായിക്)				X				
140) പടിഞ്ഞാറെനട - തെക്കെനട വഴി കിഴക്കേനട				X				
141) അട്ടിയിൽ - കൊച്ചട്ടി വഴി പൊയ്യാണി								X
142) റെയിൽവേ ക്വാർട്ടേഴ്സ്-വടക്കേനട								X
143) കറുകതറ-ചിറക്കോട്								X
144) പള്ളിക്കൽ റോഡ്								X
145) കറുകതറ-അമ്പലപ്പുഴ പാടശേഖരം								X
146) പുത്തൻകുളം-താന്നിയിൽ പാലം								X
147) വെളാഞ്ഞിലി-ഇസ്താനാ റോഡ്						X		
148) കിഴക്കേനട-വെള്ളാഞ്ഞിലി തോട്-താന്നിയിൽ								X
149) ശേഖരം പറമ്പ് - പട്ടേരി മഠം								X
150) മൃഗാശുപത്രിയ്ക്ക് പടിഞ്ഞാറുവശമുള്ള റോഡ്				X				
151) കിഴക്കേ റെയിൽവേക്രോസ്-ചേന്നാട്				X				
വാർഡ് പന്ത്രണ്ട്								
152) ആമയിട എൽ. പി. എസ്.-ലക്ഷം വീട് കോളനി			X					
153) മാളിയേക്കൽ -ശാന്തമംഗലം-ഹരിജൻ സെറ്റിൽമെന്റ് കോളനി			X					
154) തട്ടുപുരയ്ക്കൽ പനയ്യനാർ കാവു			X					

റോഡിന്റെ പേര്	4	5	6	7	8	9	10	11
					നിർദ്ദേശങ്ങൾ			
	നീളം	വീതി	ടാർ	ഗ്രാവൽ	ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
155) മാളിയേക്കൽ-ആര്യാട്ട് പറമ്പ്				X				
156) കഞ്ഞിയേൽ-കടമ്പാട്ട്				X				
157) കുന്നുപറമ്പ്-തൈപ്പറമ്പ്							X	
158) കൊച്ചുപറമ്പ് - മുട്ടാശ്ശേരി				X				
വാർഡ് പതിമൂന്ന്								
159) അമ്പലപ്പുഴ ജെട്ടി-ദേശീയ ജലപാത വരെ								X
160) കൃഷ്ണപിള്ള ജംഗ്ഷൻ-പുത്തൂർ റോഡ്-ആറ്റു തീരം					X			X
161) കരുമാടി പാലത്തിനു പടിഞ്ഞാറു വശം തെക്കോട്ടുള്ള റോഡ്								X
162) മാമൂട് ജംഗ്ഷൻ-തെക്കോട്ട്							X	
163) അമ്പലപ്പുഴ കനാൽ-കരുമാടി എൽ. പി. എസ്.								X
164) വെള്ളക്കട-ലക്ഷം വീട്					X			
165) പുത്തൂർ ജംഗ്ഷൻ-അയ്യങ്കാളി ജംഗ്ഷൻ-ആറ്റുമുഖം					X			
166) പയ്യമ്പള്ളി ജംഗ്ഷൻ-വെട്ടിക്കാട്ട്				X				
167) മാമൂട്-പ്രദീപ് ഭവൻ								X
168) കരുമാടി പാലം - ആറ്റുമുഖം								X
169) തുരുത്തേൽ മുക്കയ്യിൽ - ആറ്റുമുഖം								X
170) കട്ടത്തറ - വലിയ വീട്								X
171) പതിനഞ്ചിൽ പടിഞ്ഞാർ-വടക്കോട്ട്								X
172) ആമയിട - വെള്ളക്കട								X
173) കൃഷ്ണ പിള്ള ജംഗ്ഷൻ-പുത്തൻ പറമ്പ്								X
174) രണ്ടു പറ ജംഗ്ഷൻ-തോട്ടയ്ക്കാട്								X
175) അനിരുദ്ധന്റെ പടിഞ്ഞാർ-അഞ്ചിൽ വീട്								X
176) പുത്തൻ പുര ജംഗ്ഷൻ - പുത്തൻ പറമ്പ് - ആറ്റുമുഖം								X
177) മേല്ലൂർ ചിറ-മാധവശ്ശേരി - പള്ളി								X

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
177 a) കഞ്ഞിനിലം – താഴാമഠം റോഡ്			X					
177 b) കുന്നുപറമ്പ് ജംഗ്ഷൻ-നാട്ടു റോഡ്			X					
177 c) പൂണിയിൽ – കളത്തിൽ			X					
177 d) പാട്ടത്തിൽ – കരിലാൻഡ് – അറയ്ക്കൽ			X					
177 e) പ്ലാ പറമ്പ്-പുന്നശ്ശേരി			X					
177 f) കൊച്ചു പറമ്പ്-വടക്കേ മംഗലം			X					
177 g) എൽ. പി. എസ്. -കൊല്ലം ആലപ്പുഴ കനാൽ -ചെറിതുരുത്ത്								X
177 h) മുത്തങ്ങാ പള്ളി – തുണ്ടിൽ ചിറ						X		
177 i) മുപ്പതിൽ ചിറ-കരിലാൻഡ് ലക്ഷം വീട്								X
177 j) എൻ. എസ്. എസ്. കരയോഗം-കളത്തിൽ								X
177 k) വെള്ളാപ്പള്ളി-കന്യേൽ						X		
177 l) പുന്നാക്കോയി-വഴുതക്കാട്								X
177 m) നെല്ലു പറമ്പ്-നാട്ടു റോഡ്						X		
X								
X വാർഡ് പതിനാല്ല്								
178) എട്ടിൽ കടവു – പന്നക്കളം								X
179) ശക്തീശ്വരി അശോക് ഭവൻ-കുടിലിൽ-പുത്തൻ പുര								X
180) മുപ്പറ ഇരട്ടയ്ക്കൽ – പീടിക ചിറ – കലിക്കോട്ട				X				
181) കരുമാടിക്കുട്ടൻ-തെക്കോട്ട്								X
182) കാവിൽ ക്ഷേത്രം-പുത്തൻ പറമ്പ്				X				
183) ചക്കാല പറമ്പ് – പെരുമ്പള്ളിത്തറ				X				
184) കരുമാടി ചാപ്പൽ – ചക്കാലത്തറ								
185) ശ്രീ നിലയം – മുളഞ്ഞിയിൽ – എൻ. എസ്. എസ്. കരയോഗം								
186) പുളക്കോടത്ത് പാലം-കിഴക്കോട്ട് പഞ്ചായത്ത് അതിർത്തി വരെ								
187) ടി. ബി. ഗ്രൗണ്ട് മുതൽ വിളക്കു മരം വരെ					X			
188) വഴുതക്കാട് മഠത്തിൽ പാടം റോഡ്					X			

റോഡിന്റെ പേര്	4	5	6	7	8	9	10	11
	നീളം	വീതി	ടാർ	ഗ്രാവൽ	നിർദ്ദേശങ്ങൾ			
					ടാർ ചെയ്യേണ്ടത്	ഗ്രാവൽ ചെയ്യേണ്ടത്	റിപ്പയറിംഗ്	പുതിയ നിർമ്മാണം
വാർഡ് പതിനഞ്ച്								
189) അരീപ്പുറം-തേജസ്സ്							X	
190) വട്ടപ്പായിത്തറ - പുലക്കാട്ടുങ്കൽ							X	
191) തൈക്കൂട്ടം കടവു - മുക്കൈൽ				X				
192) ഷൺമുഖ വിലാസം-വൈപ്പിൽ ചിറ					X			
193) മുക്കൈൽ-ഷൺമുഖ വിലാസം				X				
194) നാലുപാടം ലക്ഷം വീട് കോളനി-അംഗൻവാടി								X
195) ചെറുവള്ളിത്തറ-പൈപ്പുംമൂട്								X
196) കഞ്ഞിപ്പാടം - അമ്പലപ്പുഴ റോഡ്					X			
197) കടത്തുകടവു-ഗോവിന്ദവിലാസം							X	
198) ലക്ഷം വീട് കോളനിയിലേക്ക് റോഡ്								X
199) പുലക്കാട്ടുങ്കൽ പാലം - ചെറകരി ചിറ								X
200) അയ്യങ്കാളി ജംഗ്ഷൻ-വൈപ്പിൻ പീടിക								X
201) പോട്ടത്തറ - പുലകാട്ടുങ്കൽ								X
202) വൈപ്പിൻ - മാവേലിത്തറ - ശാസ്താ ക്ഷേത്രം								X
203) എസ്. എസ്. ഭവൻ - നാലു പറ								X
204) കടത്തുകടവു - രാമപുരം								X
205) പുതുക്കരി പീടിക - മുപ്പതിൽ - മംഗലത്ത് ചിറ								X
206) മംഗലം - നാലുപറ								X
207) പന്ത്രണ്ടിൽ നിന്നു നാല്പത്തിഒൻപതാം നമ്പർ അംഗൻവാടി								X
208) കെ. കെ. ഭവൻ - മേവുശ്ശേരി								X

ജലഗതാഗതം

കാക്കാഴം കഞ്ഞിപ്പാടം തോട്ടിലെ പോള വാരി ആഴം കൂട്ടുക. ആലപ്പുഴ – അമ്പലപ്പുഴ കനാലിൽ അമ്പലപ്പുഴ മുതൽ വണ്ടാനം വരെ സഞ്ചാര യോഗ്യമാക്കുക. കൊപ്പാറ കടവു കഞ്ഞിപ്പാടം തോട്ടിലെ പോളവാരി സഞ്ചാര യോഗ്യമാക്കുക. ചെമ്പു തോട്ടിലെ പോള വാരി സഞ്ചാര യോഗ്യമാക്കുക.

പാലങ്ങളുടെ ലിസ്റ്റ് – പുതുതായി നിർമ്മിക്കേണ്ടവ

വാർഡ് 1
1) പൂമീൻ പൊഴിയിൽ

വാർഡ് 2
1) നാലുചിറ
2) മുക്കയിൽ
3) പത്തിൽ ചിറ
4) ആഞ്ഞിലിവേലി–കൊങ്ങന്നൂർ

വാർഡ് 3
1) കൊപ്പാറ കടവു
2) കവലയിൽ
3) നാനേക്കാട് പാടത്തിന്റെ ചിറയിൽ

വാർഡ് 4
1) വാലയിൽ തോട്ടിൽ
2) തീരദേശ റോഡ്
3) തീരദേശ എൽ. പി. എസ്. കിഴക്ക് കാപ്പിതോട്ടിൽ
4) ഗോപാൽ നിവാസിന്റെ പടിഞ്ഞാറു

വാർഡ് 7
1) ചെത്തിക്കാട്ട് പാലം
2) അരീപ്പുറത്ത് പാലം
3) ഏഴരപീടികയിൽ (ആറും ഏഴും വാർഡുകളെ ബന്ധിപ്പിക്കുന്നത്)
4) ഏഴരപീടികയിൽ–കാക്കാഴം പാടം
5) വടക്കേപറമ്പിൽ–പാലൂക്കേരി
6) പാലൂക്കേരി–കളത്തിൽ
7) ഏഴരചിറയിൽ നിന്നു പടിഞ്ഞാറോട്ട്
8) കാക്കാഴം പാടശേഖരത്തിന്റെ പടിഞ്ഞാറെ മൂലയിൽ നിന്നു കഞ്ഞിപ്പാടം റോഡിലേക്ക്

വാർഡ് 8
1) കോനാക്കൽ പാലം
2) പാലൂക്കേരി തെക്കെ മൂലയിൽ നിന്ന് കിഴക്കോട്ട്
3) നാല്പത്തിയഞ്ചിൽ പാലം
4) എട്ടും പതിനൊന്നും വാർഡുകൾ ബന്ധിപ്പിക്കുന്ന പാലം
5) ഈട്ടുങ്കൽ പാലം

വാർഡ് 9
1) മേനകപൊഴിയിൽ പാലം
2) പാരലൽ റോഡിനും തീരദേശ റോഡിനും മദ്ധ്യേ
3) കാക്കാഴം പള്ളിമുക്കിനും പി. ബി. ജംഗ്ഷനും മദ്ധ്യേ
4) തീരദേശ പാരലൽ റോഡിൽ പുഷ്പാംഗദന്റെ വീടിനു സമീപം

വാർഡ് 11
1) അട്ടിയിൽ റോഡും അമ്പലപ്പുഴ പാടവും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം

2) അമ്പലപ്പുഴ തോട്ടിൽ തേവലക്കാട്ട് മഠം
3) പതിനൊന്നും പന്ത്രണ്ടും വാർഡുകളെ ബന്ധിപ്പിച്ചുകൊണ്ട് ബോട്ടുജട്ടിക്കു സമീപം
4) ഈട്ടുങ്കൽ പാലം
5) ചിറപറമ്പ് റോഡ് – പുറക്കാട് പഞ്ചായത്ത്
6) പുല്ലാംതറ – എട്ടാം വാർഡ്
7) കിഴക്കേ നടയിൽ വെള്ളാഞ്ഞിലി തോട്ടിൽ

വാർഡ് 13

1) കാനയ്ക്കാ പള്ളി പാലം
2) അറവീടിനു സമീപം
3) കരുമാടി പാലത്തിനും പടിഞ്ഞാറു ഫൽഗുണന്റെ വീടിനു സമീപം
4) അയ്യങ്കാളി ജംഗ്ഷൻ

വാർഡ് 14

1) കുന്നുമ്മ തോട്
2) വിളക്കു മരത്തിൽ നിന്നും പടിഞ്ഞാറോട്ട്
3) ആറ്റുമുഖത്തു നിന്നും കഞ്ഞിപ്പാടം

വാർഡ് 15

1) റോയി ഭവനിൽ നിന്നും വടക്കോട്ട്
2) ചെമ്പിൻ തോട്ടിൽ – കരുണാലയം (നടപ്പാലം)
3) അറുനൂറ്റിൽ പാടശേഖരം – കഞ്ഞിപ്പാടം റോഡ്
4) ഏട്ടിൽ ചിറ – അറുനൂറ്റിൽ പാലം (നടപ്പാലം)
5) കൊപ്പാറ കടവു – കഞ്ഞിപ്പാടം തോട്ടിൽ ലേഖാ ഭവനത്തിനു സമീപം

പുതുതായി നിർമ്മിക്കേണ്ട കലിങ്കുകളുടെ ലിസ്റ്റ്

വാർഡ് 4

1) കാട്ടൂക്കാരൻ പറമ്പിൽ കിഴക്കുവശത്ത് കാപ്പിതോട്ടിൽ

വാർഡ് 6

1) തോട്ടമംഗലത്ത്
2) വാവുമ്മ പറമ്പ് വടക്ക് വശത്ത്

വാർഡ് 8

1) പുളിക്കൽ ക്ഷേത്രത്തിനു വടക്കുവശം
2) മേവുശ്ശേരി – പീടിക ചിറയിൽ

വാർഡ് 9

1) ബി. കെ. എം. ആശുപത്രിക്കു പടിഞ്ഞാറു വശം പാരലൽ റോഡിൽ

വാർഡ് 10

1) പോസ്റ്റാഫീസ് – കോമന എൽ. പി. എസ്. റോഡിൽ

വാർഡ് 11

1) ഇസ്താന – വെള്ളാഞ്ഞിലി തോട്
2) ചിറപ്പറമ്പ് റോഡിനു തെക്കെ അറ്റത്ത്
3) അമ്പലപ്പുഴ എൽ. പി. എസ്.നു തെക്കുവശം.
4) ഗവ. മോഡൽ എച്ച്. എസ്. നു തെക്കുവശം
5) നാല്പത്തിയഞ്ചിൽ ചിറയിൽ

വാർഡ് 15

1) പുലക്കാട്ടുങ്കൽ
2) പോട്ടത്തറ
3) തോട്ടങ്കര
4) ചെറുവള്ളിത്തറ
5) പൈപ്പിൻ (ഓവുചാലിൽ)
6) എട്ടിൽചിറ
7) കുന്നേൽ
8) ചേച്ചാപറമ്പ്
9) തുണ്ടിൽ തോടിന്റെ കിഴക്കേ അറ്റത്ത്



മാർക്കറ്റ്

അമ്പലപ്പുഴ പഞ്ചായത്തിൽ പടിഞ്ഞാറേ നടയിലും നീർക്കുന്നത്തും മറ്റും പബ്ലിക്ക് മാർക്കറ്റ് പ്രവർത്തിച്ചിരുന്നു. ഇന്ന് ഈ മാർക്കറ്റുകൾ പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. ഈ മാർക്കറ്റുകളിൽ പ്രധാനമായും മത്സ്യവും ചെറിയതോതിൽ നാട്ടിൽ കൃഷിചെയ്യുന്ന പച്ചക്കറികളുമായിരുന്നു.

പഞ്ചായത്തിലെ പ്രധാന ഉത്പന്നങ്ങളായ നെല്ല്. മത്സ്യം, നാളികേരം ഇവയുടെ വിപണനത്തിൽ ഇന്ന് ഉത്പാദകർ ഏറെ ചൂഷണം ചെയ്യപ്പെടുന്നു കാർഷികമേഖലയിൽ കൊയ്ത്തുകാലങ്ങളിൽ എത്തുന്ന ഇടത്തട്ടുകാർ ബോധപൂർവ്വം നെല്ലിനു ഡിമാന്റില്ലെന്നു വരുത്തിത്തീർക്കുകയും വിലകുറച്ചും രൊക്കം പണം നൽകാതെയും കർഷകന്റെ നിവർത്തികേടിനെ ചൂഷണം ചെയ്യുന്നു. ഏറെ കഷ്ടപ്പെട്ട് ഉത്പാദിപ്പിക്കുന്ന കാർഷികവിളകൾക്ക് വില നിശ്ചയിക്കുന്നതിനു കർഷകന് അവകാശമില്ല. ഇതുമൂലം കാർഷികമേഖലയിൽ നിന്നും കർഷകൻ പിൻതിരിയുന്നതിനുവരെ കാരണമാകുന്നു.

ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് നെല്ലുത്പാദക സമിതികളുടെ നേതൃത്ത്വത്തിൽ നെല്ല് സംഭരിച്ച് വിപണനം നടത്തുന്നതിന് മാർക്കറ്റിംഗ് സംവിധാനങ്ങൾ ഉണ്ടാവണം. അതുപോലെ നിലവിലുള്ള പോരായ്മകൾ പരിഹരിച്ച് സഹകരണ സംഘങ്ങൾ വഴിയും നെല്ല് സംഭരണ വിപണന രംഗത്തിടപെടണം.

മറ്റൊരു പ്രധാന ഉത്പന്നമായ മത്സ്യരംഗത്ത് വിപണന മേഖലയിൽ ചൂഷണം നിലനിൽക്കുന്നു. മത്സ്യം പിടിച്ചു കൊണ്ടു വരുന്നവർക്ക് അത് വില്ക്കുന്നതിനാവകാശമില്ല. ഈ അവസ്ഥ മാറുന്നതിന് മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾ ഈ രംഗത്ത് കാര്യമായി ഇടപെടേണ്ടതാണ്. മത്സ്യബന്ധനത്തിന് പോകുന്നവർക്ക് ഈ സഹകരണ സംഘങ്ങൾ വഴി സാമ്പത്തിക സഹായം നല്കുകയും മത്സ്യവിപണനം മത്സ്യ സഹകരണ സംഘങ്ങൾ വഴി നടത്തുകയും വേണം. ഇതിലൂടെ കൈ നനയാതെ മീൻ പിടിക്കുന്ന ഇടത്തട്ടുകാരെ ഒഴിവാക്കാം. പ്രധാനമായും വള്ളം അടുക്കുന്ന മാധവൻ മുക്ക്, വളഞ്ഞവഴി, കാക്കാഴം, അമ്പലപ്പുഴ എന്നിവടങ്ങളിൽ സൗകര്യപ്രദമായ ലേലഹാളും വാഹനങ്ങൾ പാർക്കുചെയ്യുന്നതിനാവശ്യമായ സൗകര്യങ്ങളും പഞ്ചായത്തിൽ നിന്ന് നിർമ്മിച്ച് നല്കണം. അതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യസ്റ്റാളുകളും ഇറച്ചി വിൽക്കുന്നതിനുള്ള സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടത്

നാളികേരം ഉത്പാദനത്തിലുണ്ടായ മാന്ദ്യം വിപണനത്തേയും ബാധിച്ചു. ദൂരസ്ഥലങ്ങളിൽ കൊണ്ടുപോയി വിൽക്കുന്നതിനു കഴിയാതായി. പ്രാദേശികമായി ചെറുകിട കച്ചവടക്കാർ അവർക്ക് തോന്നുന്ന വിലയ്ക്കാണ് കർഷകരിൽ നിന്നും നാളികേരം എടുക്കുന്നത്.

കേരസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ വാർഡുതലത്തിൽ നാളികേരം സംഭരിക്കുകയും പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംസ്കരണ സംവിധാനം ഉണ്ടാക്കുകയും വേണം ഇന്ന് പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന പച്ചക്കറി വിൽക്കുന്നതിന് കർഷകന് യാതൊരു സംവിധാനവുമില്ല. കൃഷിഭവൻ വഴി ഉത്പാദിപ്പിക്കപ്പെടുന്ന പച്ചക്കറി ശേഖരിച്ച് സഹകരണ സംഘങ്ങളിൽ ഓണക്കാലത്തുമാത്രം ആരംഭിക്കുന്നതുപോലുള്ള സ്റ്റാളുകൾ വഴി വിൽപന നടത്തുന്നതിന് സംവിധാനം ഉണ്ടാകണം.

നമ്മുടെ പഞ്ചായത്തിൽ വളഞ്ഞവഴിയും പടിഞ്ഞാറേനടയും പൊതുമാർക്കറ്റായി വളർത്തി

യെടുക്കുവാൻ കഴിയും നിലവിൽ പൊതുവഴിയിൽ മത്സ്യം വിൽക്കുന്ന സ്ഥിതിക്ക് മാറ്റം വരുത്തി ശുചിത്വമുറപ്പുള്ള മത്സ്യവിപണന കേന്ദ്രം പഞ്ചായത്തിൽ പണിതുകൊടുക്കുവാ കഴിയണം. ഉത്പാദകനും ഉപഭോക്താവിനും ഒ പോലെ ഇതു പ്രയോജനപ്പെടും.



V വിദ്യാഭ്യാസം

ലോകത്തലത്തിൽത്തന്നെ ഒട്ടേറെ പുത്തൻ മാതൃകകൾ പ്രദാനം ചെയ്ത നാടാണ് നമ്മുടെ കേരളം. ഈ മാതൃകകൾക്കും തനിമകൾക്കും അടിസ്ഥാനപരമായി വർത്തിച്ച പൊതു വിദ്യാഭ്യാസം കടുത്ത വെല്ലുവിളികളെ നേരിടുകയാണ്. ഗുണനിലവാര തകർച്ച, സാമൂഹ്യബന്ധമില്ലായ്മ, വരേണ്യ- വാണിജ്യവത്ക്കരണം, ഭരണാധികാരികളുടെ ദീർഘ വീക്ഷണമില്ലായ്മ തുടങ്ങി നിരവധി ഘടകങ്ങൾ ഇതിന് നിദാനമായി ചൂണ്ടികാണിയ്ക്കപ്പെടുന്നുണ്ട്. വിദ്യാഭ്യാസത്തിന് വ്യക്തമായ ഒരു നയം ഇല്ലാതെ പോയത് കൊണ്ട് കാലാകാലങ്ങളിൽ അധികാര സ്ഥാനങ്ങളിൽ നിന്നും വരുന്ന വ്യക്തി മസ്തിഷ്ക്കങ്ങളുടെ സൃഷ്ടികൾ പലപ്പോഴും വികലമായ നയങ്ങളെന്നോണം പുറത്തു വരുന്നു.

സമൂഹതാല്പര്യത്തെ മുൻനിർത്തി സമൂഹം ആവിഷ്ക്കരിക്കുന്ന ഒരു സാമൂഹിക പദ്ധതിയാവണം വിദ്യാഭ്യാസം. അതിനായി വിദ്യാഭ്യാസത്തെ സമൂഹനിഷ്ഠവും ജനോന്മുഖ

വുമായി പൊളിച്ചെഴുതുന്നതിനു വേണ്ടിയുള്ള സമര സമ്മർദ്ദ പ്രവർത്തനങ്ങൾ നടക്കുന്നതോടൊപ്പം നിലവിലുള്ള ചട്ടക്കൂടുകൾക്കകത്ത് ഇടപെട്ടുകൊണ്ട് ബോധന – പഠന – മൂല്യനിർണ്ണയ രീതികളിൽ ഗുണപരമായ വ്യതിയാനങ്ങൾ ഉണ്ടാക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാകണം. ഈ ഇടപെടൽ സാധ്യതയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ നാം നേടാൻ ശ്രമിക്കുന്നത്.

തന്റെ ആദ്യത്തെ കടമ പഠിക്കുക എന്നുള്ളതാണ് വിദ്യാർത്ഥിയും, സ്വപ്നങ്ങളിൽ നിന്ന് ഇനിയും വിരിയാത്ത ഈ രാജ്യത്തിന്റെ ഭാവി തന്റെ ക്ലാസ് മുറിയിൽ രൂപം കൊള്ളുന്നുവെന്ന് അദ്ധ്യാപകരും, ഹൃദയത്തിൽ നന്മ കൾ വിരിയേണ്ട ഈ മക്കളിലാണ് തന്റെയും നാടിന്റെയും സുരക്ഷയെന്ന് രക്ഷിതാവും വിദ്യാഭ്യാസമെന്നാൽ പണം വെച്ചു കളിക്കുവാനുള്ള പന്തയമല്ലെന്ന് ഭരണാധികാരികളും തിരിച്ചറിയേണ്ടിയിരിക്കുന്നു; എങ്കിൽ മാത്രമെ നിലവിലുള്ള വെല്ലുവിളികളെ നമുക്ക് നേരിടാൻ കഴിയൂ.

തുഞ്ചത്തെഴുത്തച്ഛൻ, മേല്പത്തൂർ ഭട്ടതിരിപ്പാട്, കുഞ്ചൻ നമ്പ്യാർ ഇരട്ടക്കുളങ്ങര രാമവാര്യർ തുടങ്ങിയ പ്രതിഭകളുടെ സാന്നിദ്ധ്യം കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും വിദ്യാഭ്യാസ – സാംസ്ക്കാരിക രംഗങ്ങളിൽ തിളക്കമാർന്ന വ്യക്തിത്വം നേടുവാൻ കഴിഞ്ഞിട്ടുള്ള ഒരു പ്രദേശമാണ് അമ്പലപ്പുഴ, സാഹിത്യ പഞ്ചാനൻ പി,കെ. നാരായണപിള്ള, സാഹിത്യ ചരിത്ര കാരനായ ആർ നാരായണ പണിക്കർ, വേദാദ്ധ്യായനത്തിന് വേദിയൊരുക്കിയ ഭട്ടതിരിമാർ ഒളശ്ശ വൈദ്യൻമാരുടെ ഗുരുവായ ചിരട്ടപ്പുറത്തില്ലത്തെ തിരു മുല്പാടന്മാർ, പുതുമന ദാമോദരൻ നമ്പൂതിരി, എൻ. എൻ. ഇളയത്, അമ്പലപ്പുഴ ഗണപതി ശർമ്മ വരെ നിരവധി പണ്ഡിതൻമാർ അമ്പലപ്പുഴയുടെ സംഭാവനയാണ്. വിദ്യാഭ്യാസപരമായി അമ്പലപ്പുഴക്കുണ്ടായിരുന്ന പ്രാധാന്യമാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രാഥമിക വിദ്യാലയം അമ്പലപ്പുഴ ക്ഷേത്രത്തിന് തെക്കുകിഴക്കുള്ള ഗവ. പ്രാഥമിക വിദ്യാലയമാണ്. ആദ്യത്തെ അപ്പർപ്രൈമറി സ്ക്കൂൾ കച്ചേരി ജംഗ്ഷനിൽ 1883 ൽ ആരംഭിച്ച ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ ആണ്. കാക്കാഴത്ത് താമരഗത്ത് ഗോപാല പണിക്കർ സ്ഥാപിച്ച് നടത്തിവന്നിരുന്ന പ്രാഥമിക സ്ക്കൂൾ, മലയാളം മിഡിൽ സ്ക്കൂൾ, മലയാളം ഹൈസ്ക്കൂൾ എന്നിവയും തുടർച്ചയായി 1936 ൽ ഒരു ഇംഗ്ലീഷ് ഹൈസ്ക്കൂളും അനുവദിച്ചു നടപ്പിലാക്കി ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്ക്കൂൾ. നിലവിൽ നമുക്കുള്ള സ്ക്കൂളുകളുടെ വിവരം താഴെ കൊടുക്കുന്നു.

A. ഹൈസ്ക്കൂൾ

1. ഗവ: മോഡൽ ഹൈസ്ക്കൂൾ അമ്പലപ്പുഴ ഈസ്റ്റ്.
2. ഗവ: കെ. കെ. കെ. പി. എം. ഹൈസ്ക്കൂൾ അമ്പലപ്പുഴ വെസ്റ്റ്.
3. ഹൈസ്ക്കൂൾ കാക്കാഴം. (എയ്ഡഡ് സ്ക്കൂൾ).

B. യു.പി സ്ക്കൂൾ.

1. കെ. കെ. കെ. പി. എം ഹൈസ്ക്കൂളിനോട് ചേർന്നുള്ളത്.
2. ഗവ: മോഡൽ ഹൈസ്ക്കൂളിനോട് ചേർന്നുള്ളത്.
3. എസ്.ഡി.വി.യു.പി.എസ്. നീർക്കുന്നം (സർക്കാർ).
4. എസ്. എൻ. വി. ടി. ടി. ഐ യോട് ചേർന്ന് (എയ്ഡഡ്).

C. എൽ. പി. സ്ക്കൂൾ

1. കെ.കെ.കെ.പി.എം ഹൈസ്ക്കൂളിനോട് ചേർന്നുള്ളത്.
2. എസ്. ഡി. വി. യു. പി. എസി. നോട് ചേർന്നുള്ളത്.
3. ഗവ: എൽ. പി. എസ്. ആമയിട.
4. ഗവ: എൽ. പി. എസ്. അമ്പലപ്പുഴ.
5. എസ്. എൻ. വി. ടി. ടി. ഐ. യോട് ചേർന്ന് (എയ്ഡഡ്).
6. തീരദേശ എൽ. പി. എസ്. (എയ്ഡഡ്).
7. എച്ച്. ഐ. എൽ. പി. എസ്. (എയ്ഡഡ്).

കഞ്ഞിപ്പാടം എൽ. പി. എസ്. (എയ്ഡഡ്).
എസ്. എൻ. എൽ. പി. എസ്. കോമന. എയ്ഡഡ്).
. സെന്റ് നിക്കോളാസ് എൻ. പി. എസ്. കരു ാടി. (എയ്ഡഡ്).
. കോമന എൽ. പി. എസ്. (എയ്ഡഡ്).

ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു മെഡി ൽ കോളേജും അമ്പലപ്പുഴ ഗവ. മോഡൽ ഹൈസ്ക്കൂളിൽ വൊക്കേഷൻ ഹയർ സെക്കന്റ യും പ്രവർത്തിക്കുന്നു. കാക്കാഴത്ത് അദ്ധ്യാ ക പരിശീലന ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കു ന്നു. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് രണ്ട് ഐ. ടി. സി. യും പ്രവർത്തിക്കുന്നു. പ്രാഥമിക വിദ്യാ ലയ രംഗത്ത് 27 ആശാൻ കളരിയും 37 അംഗൻ വാടികളും കൂടി ചേരുന്നതാണ് അമ്പലപ്പുഴയുടെ ദ്യൗപചാരിക വിദ്യാഭ്യാസ മേഖല. ഇതു കൂടാതെ 0 അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളു കളും, എട്ട് സമാന്തര വിദ്യാലയ സ്ഥാപനങ്ങളും ഈ മേഖലയിൽ പ്രവർത്തിക്കുന്നു.



ടി. ഡി. മെഡിക്കൽ കോളേജ്

ഉന്നത വിദ്യാഭ്യാസരംഗത്ത് തലയു യർത്തി നില്ക്കുന്ന ഈ സ്ഥാപനത്തെക്കുറിച്ച് പ്രത്യേക പരാമർശം അർഹിക്കുന്നു.

തിരുമല ദേവസ്വം ഉടമയിൽ 1961ൽ ആണ് മെഡിക്കൽ കോളേജ് സ്ഥാപിതമായത്. സ്വകാര്യ മാനേജ്മെന്റ് ആയിരുന്നു എങ്കിലും നമ്മുടെ നാട്ടിലെ സാമൂഹ്യരംഗത്ത് പ്രവർത്തി ക്കുന്ന പല പ്രമുഖവ്യക്തികളുടേയും സഹായ സഹകരണങ്ങൾ ഇതിന്റെ പ്രാരംഭപ്രവർത്തന ത്തിന് നിർലോഭം ലഭിച്ചിട്ടുണ്ട്. ശ്രീമാൻ എസ്. ചക്രപാണി വാര്യർ, കെ. ജി. എസ്. എൻ. പിള്ള, സി. കെ. ഗോവിന്ദപിള്ള, കെ. ഗോവിന്ദപിള്ള തുട ങ്ങിയവരുടെ ഈ മേഖലയിലുള്ള പ്രവർത്തനം എടുത്തുപറയേണ്ടിയിരിക്കുന്നു. ഇവരുടെ ശ്രമ ഫലമായി ഗവ. അകയർ ചെയ്യാതെ തന്നെ അഞ്ചു രൂപാ മുതൽ നൂറ് രൂപ വരെ കൊടുത്ത് നൂറുകണക്ക് ഏക്കർ സ്ഥലം എടുക്കുവാൻ കഴിഞ്ഞു. എന്നാൽ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ആശുപത്രി സൗകര്യങ്ങൾ മെഡിക്കൽ കാമ്പസ് ഉണ്ടാക്കുന്നതിന്റെ പേരിൽ ഭരണം മാത്രം ഗവൺമെന്റ് ഏറ്റെടുത്തു. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാതെ വന്ന താണ് ഇതിന് കാരണം. അഞ്ച് വർഷം കഴി ഞ്ഞിട്ടും മാനേജ്മെന്റ് വ്യവസ്ഥകൾ നടപ്പിലാ ക്കാത്തതുകൊണ്ട് സ്ഥാപനം മുഴുവനായി തന്നെ ഗവ. ഏറ്റെടുക്കേണ്ടി വന്നു. 1971 ൽ സംഘടി പ്പിച്ച മെഡിക്കൽ കോളേജ് ആശുപത്രി സമ്പാ ദക സമിതിയുടെ ദീർഘമായ പ്രത്യക്ഷസമര പരി പാടികളിലൂടെയാണ് കോളേജ് ഏറ്റെടുക്കുന്നതി നുള്ള സാഹചര്യം ഉണ്ടായത്. ശ്രീ. കെ. വിജ യൻ കൺവീനറായിരുന്ന ആശുപത്രി സമ്പാദ കസമിതിയിൽ വിശ്വസാഹിത്യകാരൻ തകഴി ശിവശങ്കരപിള്ള, എസ്. ചക്രപാണി വാര്യർ, പി. കെ. ചന്ദ്രാനന്ദൻ, കെ. മഹേശ്വരിയമ്മ, കെ.എ ഉത്തമൻ നിരവധി പഞ്ചായത്ത് പ്രസിഡന്റുമാർ, മെമ്പർമാർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ, തുടങ്ങിയവർ അംഗങ്ങളായിരുന്നു. ഇവരുടെ നേതൃത്വത്തിലായിരുന്നു ആയിരകണക്കിനാളു കൾ പങ്കെടുത്ത മാസങ്ങളോളം നീണ്ടുനിന്ന സമ രപരിപാടികൾ നടന്നത്. ഇതിന്റെ ഫലമായിട്ടാണ് 1977 ൽ മെഡിക്കൽ കോളേജ് ആശുപത്രി വണ്ടാ നത്ത് സ്ഥാപിക്കാമെന്ന് ഗവ. ഉറപ്പ് നൽകിയത് ഈ സമരത്തിന് മെഡിക്കൽ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നും നല്കിയ സംഭാവനകൾ വിസ്മ രിക്കാൻ കഴിയുന്നതല്ല. ഈ ഉറപ്പ് പാലിക്കുന്ന തിന് മാറി മാറി വന്ന സർക്കാരുകൾക്ക് കഴി ഞ്ഞില്ല. 1980ൽ മാത്രമാണ് ചീഫ് ആർകിടെക് മെഡിക്കൽകോളേജ് ആശുപത്രിക്കുള്ള പ്ലാൻ അംഗീകരിച്ച് ടെന്റർ ചെയ്യുവാനുള്ള നയപടികൾ

സ്വീകരിച്ചത്. അന്ന് ശ്രീ. പി.കെ ചന്ദ്രാനന്ദൻ ആയിരുന്നു എം. എൽ. എ. എന്നാൽ 1982 ൽ മാത്രമാണ് ആശുപത്രി കെട്ടിടത്തിന് ടെന്റർ നടന്നത്. അന്ന് ശ്രീ. വി. ദിനകരൻ ആയിരുന്നു അമ്പലപ്പുഴ എം. എൽ. എ. ദീർഘമായ എട്ട് വർഷങ്ങൾക്ക് ശേഷം 1990ൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ ഏതാനും ഡിപ്പാർട്ടുമെന്റുകൾ ആലപ്പുഴയിൽ നിന്നും വണ്ടാനത്തേയ്ക്കു മാറ്റി സ്ഥാപിച്ചു കൊണ്ട് മെഡിക്കൽ കോളേജ് ആശുപത്രി ഉത്ഘാടനം ചെയ്തു. വർഷങ്ങൾ വീണ്ടും ആറ് കഴിഞ്ഞെങ്കിലും ക്യാൻസർ ചികിത്സക്കുള്ള കോബാൾട്ട് തെറാപ്പി ഡിപ്പാർട്ട്മെന്റ് മാത്രമെ ഇവിടെ സ്ഥാപിക്കാൻ കഴിഞ്ഞുള്ളൂ. മെഡിക്കൽ സർജറി, സ്ത്രീകളുടേയും, കുട്ടികളുടേയും ഡിപ്പാർട്ടുമെന്റ് തുടങ്ങിയവ കൂടെ സ്ഥാപിക്കണം. ആയിരം കിടക്കകൾ ഉണ്ടെങ്കിൽ മാത്രമെ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഈ ആശുപത്രിയ്ക്ക് ലഭിക്കുകയുള്ളൂ.

വിദ്യാഭ്യാസ നിലവാരം പൊതുവെ ഉയർന്ന ഒരു പ്രദേശം എന്ന് വിലയിരുത്താം എങ്കിലും ഇനിയും ചില തിരുത്തുകൾ ഇതിന് അപവാദം ആയിട്ട് നിൽക്കുന്നു. അടിസ്ഥാന വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത; ഉന്നത സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ കാണിക്കുന്ന അനാസ്ഥ, തുടങ്ങിയവയാണ് ഇതിന് കാരണം.

നമ്മുടെ പഞ്ചായത്തിലെ സ്ക്കൂളുകളിൽ 7612 കുട്ടികൾ പഠിക്കുന്നു. ഇതിൽ 3712 പേർ പെൺകുട്ടികളാണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കുവാൻ തയ്യാറാണ്.

എന്നാൽ അടുത്ത കാലത്തായി ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉയർന്നു വരുന്നുണ്ട്. വിദ്യാഭ്യാസത്തെ വരേണ്യ വത്ക്കരിക്കാൻ നടന്ന ബോധപൂർവ്വമായ ശ്രമങ്ങൾ നാട്ടിൻ പുറത്തെ ഇടത്തരക്കാരിൽ പോലും ചെലുത്തിയ സ്വാധീനം ചെറുതല്ല. ഗവ: സ്ക്കൂളുകളുടെ ഗുണ നിലവാരത്തെക്കുറിച്ചെല്ലാം പറഞ്ഞ് പരത്തു പ്രചരണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെ നമ്മുടെ പഞ്ചായത്തിലെ ഗവ: സ്ക്കൂളുകളു ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. അ ലപ്പുഴ ഗവ: മോഡൽ എച്ച്. എസ്, നീർക്കുന്ന എസ്. ഡി. വി. ഗവ: യു. പി. എസ്. എന്നി യുടെ തിളക്കമാർന്ന പ്രവർത്തനം ഇ സ്ക്കൂളുകൾക്കു പോലും മാതൃകയാക്കാവു താണ്. പഠനത്തിനിടയിലെ കൊഴിഞ്ഞ്പോ വലിയതോതിലില്ലെങ്കിലും കുട്ടികളുടെ എ ത്തിൽ വരുന്ന കുറവ് ചില സ്ക്കൂളുകളു യെങ്കിലും നിലനിൽപ്പിന് ഭീക്ഷണിയായിട്ടുണ്ട്

വിദ്യാലയങ്ങളുടെ ഭൗതീക സാഹച ങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാ മേഖലയുടെ അപര്യാപ്തതയാണ്. ഭൂരിപക്ഷ സ്കൂളുകളിലും ആവശ്യഘടകങ്ങളായ ബ ഡസ്ക്ക് തുടങ്ങിയവയുടെ അപര്യാപ്തത പ്ര ടമാണ്. മൂത്രപുരയില്ലാത്ത മൂന്നും കക്കൂ ല്ലാത്ത ഏഴും വൈദ്യുതിയില്ലാത്ത മൂന്നും ക വെള്ള സംവിധാനമില്ലാത്ത രണ്ട് സ്കൂളും പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസ ഗുണമേന്മ ശോധിക്കുന്ന റിപ്പോർട്ടിൽ പ്രഥമപരിഗണ അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗക ങ്ങൾ. ഇത് ഒരു വിദ്യാലയത്തെ സംബന്ധി ടുത്തോളം പരമ പ്രധാനമാണ്. ക്ലാസ് മുറിയി വിരസത കഴിയുന്നത്ര കുറയ്ക്കുവാനും ഉന്മേ പകരുവാനും സൗകര്യങ്ങൾ ലഭ്യമാക്കണ ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങ ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ വൃത്തിയും വ പ്പവുമുള്ള ബോർഡുകൾ, ഫർണിച്ചറുകൾ, ങ്ങിയവ ഒരു വിദ്യാലയത്തിന്റെ യോഗ്യ ചിഹ്നങ്ങളായി കണക്കാക്കാം. ഇവിടുത്തെ വി ലയ പരിമിതി വെളിപ്പെടുത്തുന്ന പട്ടിക മു ശ്രദ്ധിക്കുക.

അക്കാദമിക് സൗകര്യങ്ങൾ.

ദൃശ്യ-ശ്രാവ്യ ഉപകരണങ്ങ ദൗർലഭ്യം പഞ്ചായത്തിലെ മുഴുവൻ സ്ക്കൂ കളുടേയും പ്രശ്നമാണ്. പ്രഭാഷണത്തിലൂ

പട്ടിക 1 (കുട്ടികളെ സംബന്ധിക്കുന്ന വിവരം).

വിദ്യാലയത്തിന്റെ പേര്	STD I			STD II			STD III			STD IV			STD V			STD VI			STD VII			STD VIII			STD IX			STD X		
	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T	B	G	T
കാക്കാഴം തൈക്കൽ	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	193	186	369	175	179	354	123	166	289
K.K.K.M.H.S അമ്പലപ്പുഴ	43	39	82	48	47	95	59	43	102	53	38	91	63	50	113	57	54	111	46	50	96	32	47	79	54	43	97	33	36	69
ഗവ.മോഡൽ തൈക്കൽ	x	x	x	x	x	x	x	x	x	x	x	x	121	131	252	140	138	278	122	125	247	126	138	264	147	129	276	121	122	243
S.N.V.T.T.I. കാക്കാഴം	70	63	133	72	68	140	67	77	164	90	83	173	159	131	290	154	126	280	165	157	322	x	x	x	x	x	x	x	x	x
GDV ഗവ. UPS നീർക്കുന്നം	64	63	127	56	56	112	68	72	140	83	52	135	133	125	258	102	84	186	80	76	156	x	x	x	x	x	x	x	x	x
സെന്റ് നിമോസ് LPS കരുമാടി	27	36	63	39	29	68	33	27	60	30	29	59	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
തെക്കിപ്പാടം LPS	19	9	28	19	9	28	18	11	29	27	27	54	10	16	26	x	x	x	x	x	x	x	x	x	x	x	x	x	x	x
SN LPS കുട്ടമംഗലം	18	14	32	14	16	30	13	16	29	13	8	21	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
HILPS നീർക്കുന്നം	28	25	53	32	24	56	27	34	61	34	22	56	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
തീരദേശ L.P.സ്കൂൾ	52	51	103	62	49	111	49	56	105	52	49	101	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
ഗവ. LPS അമ്പലപ്പുഴ	16	20	36	12	17	29	13	15	28	14	14	28	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
നന്ദാവനം LPS	12	11	23	17	13	30	19	15	34	18	13	31	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
തുമ്പോളി ഗവ.L.P.S.	6	12	18	10	10	20	8	14	22	10	7	17	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x	x
ആകെ	355	343	698	381	338	719	394	380	774	424	342	766	486	453	939	453	402	855	413	408	821	341	371	712	376	351	727	277	324	601

പട്ടിക 2 ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | അനുവദിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം | കെട്ടിടങ്ങളുടെ സ്വഭാവം: സ്വന്തം | കോൺക്രീറ്റ് | ഓടിട്ടത് | ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തത് | ഓടിട്ടതിൽ നിലവിലുള്ള കെട്ടിടത്തിന്റെ തുടർച്ചയായി നിർമ്മിച്ചത് | ഓടിട്ടതിൽ പുതിയ കെട്ടിടം | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ കോൺക്രീറ്റ് ചെയ്തത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തതിൽ നിലവിലുള്ള കെട്ടിടത്തിന്റെ തുടർച്ചയായി നിർമ്മിച്ചത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തതിൽ പുതിയ കെട്ടിടം | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്തതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടത് | ഓടിട്ടതിൽ ഓഫീസിനായി മാത്രം നിർമ്മിച്ചതിൽ ഓടിട്ടതിൽ ഭാഗികമായി കോൺക്രീറ്റ് ചെയ്ത

ഇത്തരം മാധ്യമങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണം. ഓവർ ഹെഡ്പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ എന്നിവയുടെ ഉപയോഗം അനന്തമായ സാദ്ധ്യതകളുടെ സങ്കേതം തന്നെയാണ്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. സമഗ്രപരിശോധനയ്ക്കും പുനർചിന്തനത്തിനുമായി പഞ്ചായത്തിലെ 4, 7, 8 എന്നീ ക്ലാസ്സുകളിലെ കുട്ടികളുടെ പൊതുനിലവാരം ചേർക്കുന്നു.

സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് നാം അ
മുഖീകരിക്കുന്ന പ്രധാനപ്പെട്ട വെല്ലുവിള
എന്തെന്ന് പട്ടിക പരിശോധിച്ചാൽ മനസ്സിലാകും
പകുതിയിലേറെ കുട്ടികളും ജയിക്കുന്നതിനാവ
ശ്യമായ മാർക്ക് ലഭിക്കാതെയാണ്. തോറ്റു പഠ
ക്കുന്നവരുടെ എണ്ണം വളരെ കൂടുതലാണ്
അക്ഷരവും അക്കവും ഉറക്കാതെതന്നെ ക്ലാസ്
കയറ്റം ലഭിക്കുന്നതും അതതു ക്ലാസുകളിൽ
ഗ്രഹിക്കേണ്ടത് ഗ്രഹിക്കാതിരിക്കുന്നതുമെല്ലാ

പട്ടിക

SL NO	IV-ാം STD ലെ അക്കാദമിക് നിലവാരം സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം	പൊതുനിലവാരം 30% താഴെ കിട്ടിയവർ	30-40 മാർക്കോടെ	40-50 മാർക്കോടെ	50-60 മാർക്കോടെ	60 % മുകളിൽ കിട്ടിയവർ	
1	സെന്റ് നിക്കോളസ് LPS	59	5	10	16	9	19	
2	കിഞ്ഞിപ്പാടം LPS	53	8	15	16	10	4	
3	SN LPS അമ്പലപ്പുഴ	21	-	2	2	7	10	
4	HILPS നീർക്കുന്നം	56	8	11	11	10	16	
5	തീരദേശ LPS	101	15	16	30	20	20	
6	SNVTTI കാക്കാഴം	172	70	28	12	19	43	
7	SDV ഗവ. UPS	135	25	70	10	15	15	
8	തുമയിട LPS	17	-	-	4	10	13	
9	കോമന LPS	31	7	1	1	3	19	
10	KKKPMHS അമ്പലപ്പുഴ	91	22	17	16	19	17	
11	ഗവ. LPS അമ്പലപ്പുഴ	4	28	4	5	2	12	
12		ആകെ 764	164	175	120	127	178	

പട്ടിക IV B
അക്കാദമിക് നിലവാരം
കുട്ടികളുടെ പൊതു നിലവാരം

സ്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	30% താഴെ മാർക്കു നേടുന്നവർ	30%–40% മാർക്കു നേടുന്നവർ	40%–50% മാർക്കു നേടുന്നവർ	50%–60% മാർക്കു നേടുന്നവർ	60% ത്തിൽ മുകളലൽ മാർക്കു നേടുന്നവർ
അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്.	7	247	8	126	33	26	54
കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഗവ. ഹൈസ്കൂൾ	7	96	40	16	15	12	13
എസ്. ഡി. വി. ഗവ. യൂ. പി. എസ്. നീർക്കുന്നം	7	156	35	81	15	15	10
എസ്. എൻ. വി. ടി. ടി. ഐ., കാക്കാഴം	7	311	214	34	20	18	25

സ്കൂളിന്റെ പേര്	ക്ലാസ്സ്	ആകെ	30% താഴെ മാർക്കു നേടുന്നവർ	30%–40% മാർക്കു നേടുന്നവർ	40%–50% മാർക്കു നേടുന്നവർ	50%–60% മാർക്കു നേടുന്നവർ	60% ത്തിൽ മുകളലൽ മാർക്കു നേടുന്നവർ
എച്ച്. എസ്. കാക്കാഴം	8	369	312	25	14	11	7
അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്.	8	264	14	138	47	28	37
കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഗവ. ഹൈസ്കൂൾ	8	79	38	10	8	14	9

എസ്. എസ്. എൽ. സി. വിജയശതമാനം

സ്കൂളിന്റെ പേര്	വിജയശതമാനം					
	ക്ലാസ്സ്	91–92	92–93	93–94	94–95	95–96
എച്ച്. എസ്. കാക്കാഴം	10	28%	24%	23%	22%	30%
അമ്പലപ്പുഴ ഗവ. മോഡൽ എച്ച്. എസ്.	10	42.4%	45.4%	54.3%	49.4%	50%
കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഗവ. ഹൈസ്കൂൾ	10	32.5%	33%	28%	29%	29%

തുടർന്നുള്ള പ്രയാണത്തിൽ കുട്ടിയെ ബുദ്ധിമുട്ടിലാക്കുന്നു. വളരെ വിവേകത്തോടും എന്നാൽ ഒട്ടും വൈകാതെയും ഈ മേഘലയിൽ ഇടപെടേണ്ടിയിരിക്കുന്നു.

വർദ്ധിച്ച തോതിൽ മോഡറേഷൻ ഉണ്ടെന്നിരിക്കെ നമ്മുടെ പഞ്ചായത്തിലെ 95-96 ൽ എസ്. എസ്. എൽ. സി. വിജയശതമാനം 36 ശതമാനം മാത്രമാണ്. സംസ്ഥാനത്തിശരാശരി 51% ആണ്. ഈ അദ്ധ്യയന വർഷം തന്നെ വിജയ ശതമാനം സംസ്ഥാന ശരാശരിയ്ക്കെങ്കിലും തുല്യമാക്കാൻ കർമ്മ പദ്ധതികൾ ആരംഭിക്കേണ്ടിയിരിക്കുന്നു. തീരദേശ മേഖലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പട്ടിക 5, 6 എന്നിവ പരിശോധിച്ചാൽ മനസ്സിലാകും. ഈ മേഖലയിൽ ജനകീയ പിൻബലത്തോടെ ചെയ്യാൻ കഴിയുന്ന വിദ്യാഭ്യാസ പദ്ധതിയ്ക്കു പ്രത്യേകം ഊന്നൽ നൽകണം.

37 അംഗൻവാടികളും 26 ആശാൻ കളരികളുമുള്ള പ്രീ പ്രൈമറി തലത്തിൽ ദീർഘകാല ലക്ഷ്യം വച്ചുകൊണ്ടുള്ള ഇടപെടലിനു വേദിയാക്കണം. വിദ്യാഭ്യാസരംഗത്തേയ്ക്ക് പിഞ്ചുമനസ്സുകളെ ആകർഷിക്കാൻ കഴിയുന്ന തരത്തിൽ മധുരതരമാവണം ഇവിടുത്തെ ശിക്ഷണം. അശാസ്ത്രീയമായ ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറികളിലേയ്ക്ക് കുട്ടികളെ വിടുന്ന പ്രവണതയ്ക്ക് മാറ്റം വരണമെങ്കിൽ അംഗൻവാടികളെ കൂടുതൽ ആകർഷകമാക്കേണ്ടിയിരിക്കുന്നു.

നാല് ടെയ്‌ലറിംഗ് സ്ക്കൂളുകളും 9 ടൈപ്പ് റൈറ്റിംഗ് സ്ക്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

അനൗപചാരികം

ബഹുജന വിദ്യാഭ്യാസ രംഗത്ത് അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ചെലുത്തിയിരുന്ന സ്വാധീനം വിസ്മരിക്കത്തക്കതല്ല. ദേശീയ-നവോദ്ധാന പ്രസ്ഥാനങ്ങളുടെ ഉദയവും വളർച്ചയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഗതകാലങ്ങളിലെ അവകാശ സമര പോരാട്ടങ്ങളിലെല്ലാം വിദ്യാഭ്യാസം ഒരാവശ്യ വിഷയം തന്നെയായിരുന്നു. പ്രാദേശികതലത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ചുള്ള ക്ലാസ്സുകളും ചർച്ചാ യോഗങ്ങളും ബഹുജനങ്ങളെ വിദ്യാഭ്യാസത്തെക്കുറിച്ച് ബോധവാന്മാരാകാൻ സഹായിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ കീഴിൽ 5 ഗ്രന്ഥശാലകളും 6 വായനശാലകളും ഉണ്ട്. ഇവയുടെ ആദ്യകാല ജനകീയ പിൻബലത്തിന് ശോഷണം സംഭവിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ആവേശത്തിന്റെ അലകളുയർത്തിയ സാക്ഷരത പ്രസ്ഥാനത്തിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. അക്ഷരങ്ങൾ അറിയുക എന്നതിൽ നിന്നും ചുറ്റുപാടുകളെ അറിയുക എന്നിടത്തേയ്ക്ക് കൂട്ടി കൊണ്ടുപോകുവാൻ ഇ സാക്ഷരതാ പ്രസ്ഥാനത്തിന് കരുത്തും മിഴിവും ഏകേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. വിരസവും ജീവനില്ലാത്തതുമായ സ്ക്കൂൾ വിദ്യാഭ്യാസ സമ്പ്രദായം.
2. അംഗൻവാടികളുടെ അപര്യാപ്തത
3. ഡെസ്ക്ക്, ബഞ്ച്, മൂത്രപ്പുര, കുടിവെള്ളം മുതലായ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത
4. സംസ്ഥാന ശരാശരിയെക്കാളും താഴ്ന്ന പൊതുനിലവാരം.
5. കാര്യക്ഷമമല്ലാത്ത പി. റ്റി. എ., മാതൃസംഘങ്ങൾ
6. അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തത
7. കലാലയ - സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ്
8. കുട്ടികളുടെ എണ്ണം കുറയുന്നതു മൂലം ഉണ്ടാകുന്ന ഡിവിഷൻ ഫാൾ.
9. സാദ്ധ്യായ ദിവസങ്ങളുടെ കുറവ്
10. പാഠ്യേതര പ്രവർത്തനങ്ങളിലെ പങ്കാളിത്തക്കുറവ്.
11. അൺ എയ്ഡഡ് പ്രീ-പ്രൈമറി ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളുടെ തള്ളിക്കയറ്റം
12. ലൈബ്രറി - ലബോറട്ടറി സൗകര്യങ്ങൾ ഉപയോഗിക്കാതിരിക്കൽ
13. സാമൂഹ്യ ജീവിതവുമായി ബന്ധപ്പെടുത്താത്ത വിദ്യാഭ്യാസ രീതി.

14. വിദ്യാഭ്യാസത്തിന്റെ വരേണ്യ-വാണിജ്യ വൽക്കരണം.
15. ഗ്രന്ഥശാല - വായനശാല രംഗത്തെ നിർജ്ജീവാവസ്ഥ.
16. തുടർ സാക്ഷരതാ പരിപാടിയുടെ ഗൗരവമില്ലായ്മ.

സാദ്ധ്യതകൾ

അംഗൻവാടികളെ ആകർഷണമാക്കുക; നടത്തിപ്പിനും മേൽനോട്ടത്തിനുമായി ജനകീയ കമ്മറ്റികൾ, ഇംഗ്ലീഷ് മീഡിയം പ്രീ-പ്രൈമറി വിദ്യാലയങ്ങളെ നിരുത്സാഹപ്പെടുത്തുക, പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽതന്നെ വിതരണം ചെയ്യുക, കുറഞ്ഞ ചിലവിലുള്ള പഠനോപകരണങ്ങൾ നിർമ്മിക്കുക, കൃഷി-കൈത്തൊഴിൽ എന്നിവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകുക, ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്തിന്റെ നിയന്ത്രണത്തിലാക്കുക, അദ്ധ്യയനത്തിൽ ദൃശ്യ - ശ്രാവ്യ മാദ്ധ്യമങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, പി. റ്റി. എ. മാതൃസംഘം, ക്ലാസ്സ് റൂം എന്നിവ ഫലപ്രദമാക്കുക, വിദ്യാഭ്യാസ തൽപ്പരരെ കൂട്ടിയോജിപ്പിച്ച് സ്ക്കൂൾ തോറും സ്ക്കൂൾ വിദ്യാഭ്യാസ സമിതിക്കു രൂപം നൽകുക, പാഠ്യേതര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക, സ്ക്കൂൾ പാർലമെന്റുകൾ, ക്ലബുകൾ, സാഹിത്യ സമാജങ്ങൾ, പൂന്തോട്ട പച്ചക്കറി തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, പഠന വിനോദ യാത്രകൾ തുടങ്ങിയവ ഉഷാറാക്കുക, സ്ക്കൂൾ ആരംഭത്തിൽതന്നെ ആവശ്യത്തിനുള്ള അദ്ധ്യാപകരെ നിയമിക്കുക, സ്ക്കൂൾ ലൈബ്രറിയും ലബോറട്ടറിയും ഉപയോഗ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക, ഗവ. മോഡൽ എച്ച്. എസ്സ്, കെ. കെ. കെ. പി. എം. എച്ച്. എസ്സ്. ഇവ ഹയർ സെക്കന്ററി സ്ക്കൂളുകളായി ഉയർത്തുക, എസ്സ്. ഡി. വി ഗവ. യു. പി. എസ്സ്. മെഡിക്കൽ കോളേജ് ഹൈസ്ക്കൂളായി ഉയർത്തുക, നിർദ്ദിഷ്ട ഗവ. കോളേജിനായി സമ്മർദ്ദം ചെലുത്തുക, ഫിഷറീസ് ടെക്നിക്കൽ ഹൈസ്ക്കൂൾ, പോളിടെക്നിക്ക്, ഗവ. ഐ. റ്റി. ഐ. എന്നിവ സ്ഥാപിക്കുക, മെഡിക്കൽ കോളേജിൽ പി.ജി കോഴ്സുകൾ ആരംഭിക്കുക. തീരദേശ എൽ. പി. എസ്സ്., H.I. LPS, SNV TTI, കഞ്ഞിപ്പാടം LPS, LPS കോമന എന്നീ സ്ക്കൂളുകളിൽ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ അടിയന്തിരമായി സഹായിക്കുക, കഞ്ഞിപ്പാടം LPS ഗ്രമപഞ്ചായത്ത് ഏറ്റെടുത്ത് ഗ്രാമസഭക്ക് കൈമാറുക, 1, 2, 6, 14 വാർഡുകളിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദി ക്കുക, തീരദേശ LPS, HI LPS എന്നിവയു.പി സ്ക്കൂളായി അപ്ഗ്രേഡ് ചെയ്യുക, സ്ക്കൂൾ തല കലാ മത്സര വിജയികൾക്ക് കുഞ്ഞൻ നമ്പ്യാർ സ്മാരകം കേന്ദ്രമാക്കി തുടർ പരിശീലനം നൽകുക, ഓപ്പറേഷൻ ഒളിംപ്യാഡ് പദ്ധതി പഞ്ചായത്തിലെ മുഴുവൻ സ്ക്കൂളുകളിലേക്കും വ്യാപിപ്പിക്കുക, സ്ക്കൂൾ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ അഭ്യസ്തവിദ്യരുടെ അദ്ധ്യാപക ബ്രിഗേഡുകൾക്കു രൂപം നൽകുക.

S.S.L.C വിജയശതമാനം ഉയർത്താൻ പഞ്ചായത്തുതല പരിപാടികൾ നടപ്പിലാക്കുക, പഞ്ചായത്തുതല സ്ക്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്ക്കൂൾ കോംപ്ലക്സ് സംവിധാനം നടപ്പിലാക്കുക, പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രാന്റ് വർദ്ധിപ്പിക്കുക, വായനശാലകളേയും ഗ്രന്ഥശാലകളേയും നാട്ടിൻപുറത്തെ വിദ്യാകേന്ദ്രങ്ങളാക്കി മാറ്റിയെടുക്കുക, ലക്ഷ്യ ബോധത്തോടു കൂടിയ തുടർ സാക്ഷരതാ പരിപാടിക്ക് രൂപം നൽകുക, പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് പൊതുവായ പാഠ്യപദ്ധതി അംഗീകരിക്കുകയും അദ്ധ്യയന മാദ്ധ്യമം മാതൃഭാഷയിലായിരിക്കുകയും വേണം, ഇംഗ്ലീഷ് മാധ്യമത്തോടുള്ള അമിതാവേശത്തിനെതിരേ സാമൂഹ്യ ബോധവത്ക്കരണം ഗ്രാമം തോറും നിർബന്ധമാക്കുക. സംസ്ഥാന ശരാശരിയെക്കാളും താഴ്ന്ന പൊതുനിലവാരം.



VI

പാർപ്പിടവും സാമൂഹ്യക്ഷേമവും

സമൂഹത്തിന്റെ ആരോഗ്യകരമായ നില നിൽപ്പിന്റെ പ്രശ്നം പാർപ്പിട പ്രശ്നവുമായി ബന്ധപ്പെട്ടു കിടക്കുന്നു. മോശമായ പാർപ്പിടവും പരിസരവും ജനങ്ങളുടെ ആരോഗ്യത്തേയും സംസ്കാരത്തേയും പ്രതികൂലമായി ബാധിക്കുന്നു. നിരവധി സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക ഘടകങ്ങൾ അടങ്ങിയ ഈ സാമൂഹ്യപ്രശ്നം പരിഹരിക്കുവാൻ സാദ്ധ്യമായ എല്ലാ വഴികളും തേടേണ്ടിയിരിക്കുന്നു. നിരവധി ഭവന നിർമ്മാണ പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും ലക്ഷ്യം വളരെ അകലെയാണ്. രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം നേടാൻ കഴിയണമെങ്കിൽ നിലവിലുള്ള ഭവന നിർമ്മാണപദ്ധതികളുടെ ഘടനയിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. ജനസംഖ്യാ വർദ്ധനവിനെ ഒരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പാർപ്പിട പ്രശ്നത്തിൽ കേരളവും വെല്ലുവിളികളെ നേരിടുന്നു. കാർഷിക വ്യാവസായിക രംഗത്തെ മുരടിപ്പ് സാമ്പത്തിക രംഗത്തെ സാരമായി ബാധിച്ചു. നാലാം പഞ്ചവൽസര പദ്ധതിക്കാലത്ത് ഭവന നിർമ്മാണം ഒരു സംസ്ഥാന വിഷയമായി മാറിയതോടുകൂടി കേരളത്തിൽ 1973 ൽ കർഷകതൊഴിലാളി കുടുംബങ്ങളെ ഉദ്ദേശിച്ച് വീട് നിർമ്മിക്കുന്നതിനുള്ള ലക്ഷം വീട് പദ്ധതി ആവിഷ്ക്കരിച്ചു. ഇതിന്റെ നടത്തിപ്പിനായി ബഹുജന സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രാദേശിക തലം മുതൽ കേന്ദ്രതലം വരെയുള്ള ഭരണകൂടങ്ങളുടെയും സഹായം ലഭിച്ചു. എല്ലാ വിഭാഗങ്ങളുടേയും ആത്മാർത്ഥമായ സഹകരണത്തോടുകൂടി 57,000 കുടുംബങ്ങൾക്ക് പാർപ്പിടം ലഭ്യമാക്കി, ലോക ശ്രദ്ധ പിടിച്ചുപറ്റിയ അഭിമാനകരമായ ചരിത്ര പശ്ചാത്തലം കേരളത്തിനുണ്ട്.

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ മുൻപന്തിയിൽ നില്ക്കുന്ന നമ്മുടെ പഞ്ചായത്ത് കരുമാടി, പുന്നപ്ര വില്ലേജുകളിലെ കുറെ ഭാഗങ്ങളും അമ്പലപ്പുഴ വില്ലേജ് പൂർണ്ണമായും ചേർന്നതാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. ഈ പണം ക്രീയാത്മകമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സാധനങ്ങളിൽ ഒതുങ്ങിനില്ക്കുന്നു.

നമ്മുടെ പഞ്ചായത്തും ഭവനനിർമ്മാണ രംഗത്ത് പ്രതിസന്ധിയെ നേരിട്ട് കൊണ്ടിരിക്കുന്നു. കഴിഞ്ഞ നാലു വർഷക്കാലത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങളിൽ പ്രകടമായ കുറവ് കാണുന്നു. കൂട്ടുകുടുംബമായി താമസിക്കുന്ന പ്രവണത പൊതുവെ കുറഞ്ഞു വരുന്നുണ്ട്.

വീടുകളുടെ തരംതിരിവ്

പട്ടിക 1

അടയ്ക്കുന്ന കെട്ടിട നികുതി	15–50	51–100	101–150	151–200	201–300
ണക്കാക്കിയിരിക്കുന്ന നിർമ്മാണ ചെലവു					
കെട്ടിടങ്ങളുടെ എണ്ണം					

പഞ്ചായത്തിലെ കെട്ടിടങ്ങളുടെ എണ്ണം വാർഡ് തിരിച്ച്

പട്ടിക 2

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഇരുനില കെട്ടിട. എണ്ണം	മേൽക്കൂരയുടെ സ്വഭാവം			
			കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
I	1013	1	47	441	506	18
II	1034	10	61	708	201	54
III	749	2	43	514	180	10
IV	1336	0	41	758	466	71
V	1408	1	40	824	503	40
VI	677	3	88	399	150	37
VII	500	5	40	323	104	28
VIII	967	23	159	566	182	37
IX	1342	6	45	850	377	64
X	774	19	49	608	75	25
XI	501	0	16	368	104	13
XII	729	0	37	503	168	21
XIII	467	4	26	315	108	14
XIV	796	0	27	537	216	16
ആകെ	12293	74	719	7714	3338	448

ഗ്രാമ പഞ്ചായത്തിൽ ആകെ 12293 വീടുകളിൽ 3786 എണ്ണത്തിന് നികുതി ഒഴിവുണ്ട്. ഇവയിൽത്തന്നെ 3000 ഓളം വീടുകളുടെ സ്ഥിതി വളരെ മോശവുമാണ്. കൂലിപ്പണിയെടുത്തു ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതൽ എന്നുള്ളതുകൊണ്ടുതന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് നമ്മുടെ പഞ്ചായത്തിൽ ഭൂരിപക്ഷവും.

448 ഓളം ഭവനങ്ങൾ വീടുകൾ എന്ന നിർവ്വചനത്തിൽപെടുത്താനേ കഴിയു. ഇവ ഏറ്റവും അടിയന്തരമായി മാറി പുതിയവ നിർമ്മിച്ചു നല്കേണ്ടതാണ്. വിടുകളുടെ നിലവാരം പരിശോധിച്ചാൽ പഞ്ചായത്തിന്റെ ചിത്രം മോശമാണെന്ന് മനസ്സിലാകും. 27.15% വീടുകൾ കുടിലുകൾ എന്ന വിഭാഗത്തിൽപ്പെട്ടവയാണ്. ഈ വിഭാഗത്തിലുള്ള വീടുകൾ മാറ്റി പുതിയവ നിർമ്മിക്കേണ്ടതാണ്. ഇതിൽ തന്നെ ഏറ്റവും അടിയന്തരമായി ഇടപെടേണ്ടിവരുന്നത് മത്സ്യതൊഴിലാളികൾ തിങ്ങപ്പാർക്കുന്ന 1.4.5.9 വാർഡുകളാണ് (പട്ടിക ശ്രദ്ധിക്കുക)

ഓടുമേഞ്ഞ വീടുകളിൽ ഗണ്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടതുമുണ്ട്. നിലവുലുള്ള ഭവന നിർമ്മാണ പദ്ധതികൾ നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമല്ല എന്നാണ് മനസ്സിലാകുന്നത്. വികസന വകുപ്പും പഞ്ചായത്തും ചേർന്ന് കൊണ്ട മാമൂൽ വിട്ട പ്രവർത്തന രീതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗത്തിനു വേണ്ടി മൂന്ന് കോളനികൾ നിലവിലുണ്ട്. ഈ കോളനികളിലെ വീടുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുവാൻ കഴിയുന്നില്ല. ലക്ഷം വീട് കോളനികളുടെ അവസ്ഥയും വിഭിന്നമല്ല. സാനിട്ടേഷൻ സംവിധാനങ്ങളുടെ സ്ഥിതിയും മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ലക്ഷം വീടുകൾ പലതും കൈമാറ്റം ചെയ്തതായും കാണുന്നുണ്ട്.

ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്ന പ്രവണതയും വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും വ്യാപകമാകുന്നുണ്ട്. കാർഷികമേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചാ
ത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്. ഉടമസ്ഥ
വകാശമില്ലാത്ത ഭൂമിയിൽ കുടിൽ കെട്ടി താ
സിക്കുന്നവർക്ക് പട്ടയം നല്കുന്നതിന് സംവ
ധാനം ഉണ്ടാവണം.

കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില
കയറ്റവും തൊഴിലാളികളുടെ കൂലിവർദ്ധനയും
കെട്ടിട നിർമ്മാണ ചെലവു വർദ്ധിപ്പിച്ചിട്ടുണ്ട്
വിദഗ്ധരായ തൊഴിലാളികളുടെ ദൗർലഭ്യം ഒരു
പരിധി വരെ കൂലി വർദ്ധനയെ സഹായിച്ചിട്ടു
ണ്ട്. സിമന്റ്, കമ്പി, ഇഷ്ടിക, വെട്ടുകല്ല്, തുടങ്ങിയവയുടെ ക്രമാതീതമായ വിലവർദ്ധന
നിർമ്മാണ പ്രവർത്തനങ്ങൾ കുറഞ്ഞുവരുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. സർക്കാർ
വിവിധ പദ്ധതികളിലൂടെ ലഭ്യമാക്കുന്ന ഭവന
നിർമ്മാണ വായ്പത്തുക തീരെ അപര്യാപ്തമാ
ണ്. ഇതുകൊണ്ടുതന്നെ ഈ തുക മറ്റുകാര്യ
ങ്ങൾക്കായി വിനിയോഗിക്കപ്പെടുന്ന പ്രവണത
യുണ്ട്.

റവന്യൂ വകുപ്പ് വഴി പ്രകൃതിക്ഷോഭ
ത്തിൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുന്നരധിവാസ
പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭി
ക്കുന്നുണ്ടെങ്കിലും വളരെ മോശപ്പെട്ട കണ
ക്കുകളാണ് ഈ പഞ്ചായത്തിലുള്ളത്. കടലോര
മേഖലയായ 1.4.5.9 എന്നീ വാർഡുകളിൽ കൂടു
തലായി അനുഭവപ്പെടുന്ന പ്രകൃതിക്ഷോഭം തട
യാനും അതുവഴി വീടിന്റെ സംരക്ഷണം ഉറപ്പു
വരുത്തുവാനും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

നിർദ്ദേശങ്ങൾ :-

1) തീരദേശമേഖലയിലെ പാർപ്പിട പ്രശ്നത്തിൽ പ്രത്യേകം ശ്രദ്ധ നല്കുക.

2) തീര പ്രദേശങ്ങളിൽ കടൽ ഭിത്തി കെട്ടുക.

3) തീരദേശ പരിപാലന നിയമം ഭവന നിർമ്മാണ രംഗത്തെ ബാധിക്കാത്തവിധം നടപ്പിലാക്കുക.

4) കാഴ്ചയിൽ ഭംഗി തോന്നിക്കുന്ന ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുക.

5) പഞ്ചായത്തുകളിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

6) നിർമ്മാണ സാമഗ്രി ചെലവു കുറച്ച് കൊണ്ടു

ന്ന പാർപ്പിട സംസ്കാരം വളർത്തിയെടുക്കുക.
ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതി
ുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക. വായ്പാ
ുക വർദ്ധിപ്പിക്കുക.
ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ നൽകുന്ന
സ്റ്റേജ് സർട്ടിഫിക്കറ്റ് അംഗീകരിക്കുക.
15,000 രൂപാ വരെ നിർമ്മാണ ചെലവുവരുന്ന
വനങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുക.
) സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ
ാമസിക്കുന്നവർക്ക പട്ടയം നൽകി വായ്പ ലഭ്യ
ാക്കുക, ഭൂമിയില്ലാത്തവർക്ക് പഞ്ചായത്ത് ഭൂമി
ല്കുക.
) പ്രാഥമിക ഹൗസിംഗ് സഹകരണ സംഘം
ഴി വിതരണം ചെയ്യുന്ന ഭവനിർമ്മാണ വായ്പ
ജിസ്ട്രേഷൻ ഫീസിൽ നിന്നും ഒഴിവാക്കുക.
) ഭൂമിയുടെ വിലയും ദൗർലഭ്യവും കണക്കി
ലടുത്ത് ഫ്ളാറ്റുകൾ സ്ഥാപിച്ച് ഭവന രഹിതരെ
ുനരധിവസിപ്പിക്കുക.
) കെട്ടിട നിർമ്മാണ സാമഗ്രികൾ സഹകരണാ
ിസ്ഥാനത്തിൽ നിർമ്മിക്കുകയും വിപണനം നട
ത്തുകയും ചെയ്യുക.
) വയലുകൾ നികത്തി വീടുവെയ്ക്കുന്ന പ്രവ
ണത കർശനമായും തടയുക.
) ലക്ഷംവീടു കോളനിയിലെയും പട്ടിക
ാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും വീടുക
ുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാന
ത്തിൽ പൂർത്തീകരിക്കുക.
) സ്ത്രീ - പുരുഷതൊഴിലാളികളുടെ കൂലിനി
ക്കിലുള്ള അന്തരം ഒഴിവാക്കുക.
) കെട്ടിട നികുതി പിരിവ് ഏരിയായെ അടിസ്ഥാ
നമാക്കി ശാസ്ത്രീയമായി നിർണ്ണയിക്കുന്നതി
നുള്ള നടപടി സ്വീകരിക്കുക.
) അശാസ്ത്രീയമായ കെട്ടിട നിർമ്മാണ ചട്ട
ങ്ങൾ പരിഷ്കരിക്കുക.
) കോൺക്രീറ്റ് സംസ്കാരത്തിന് തടയിടുന്നതി
നായി അമിതമായി പണം മുടക്കി നിർമ്മിക്കുന്ന
വീടുകൾക്ക് സർചാർജ്ജ് ഈടാക്കുക.
0) മത്സ്യതൊഴിലാളികൾക്ക് നൽകുന്ന ഭവന
നിർമ്മാണ വായ്പാ പരിധി ഉയർത്തുക. തീര
സംരക്ഷണ നിയമപ്രകാരമുള്ള നിയന്ത്രണങ്ങൾ കഴി
ധിക്കുവെളിയിൽ മത്സ്യതൊഴിലാളികൾക്കായി പ്രത്യേക സ്ഥലം കണ്ടെത്തുക. വർദ്ധിച്ചുവരുന്ന മത്സ്യതൊഴിലാളികളെ തീരത്തുതന്നെ താമസിപ്പിക്കുവാൻ സാധ്യമല്ല; അത് അപകടകരവുമായിരിക്കും.

21) പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക, എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ നൽകുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

സാമൂഹ്യക്ഷേമം

സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനത്തെ ലക്ഷ്യമാക്കി അവരുടെ സംരക്ഷണത്തിനും തൊഴിലിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും വിവിധപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 1975 ൽ രൂപീകൃതമായതാണ് സാമൂഹ്യക്ഷേമവകുപ്പ്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഐ. സി. ഡി. എസ്സ്. പ്രോജക്ടുകൾ കേരളാ ഗവൺമെന്റ് കേന്ദ്രസഹായത്തോടെ യൂണിസെഫുമായി സഹകരിച്ച് നടത്തുന്ന ഈ പ്രോജക്ട് കേരളത്തിലെ മലപ്പുറം ജില്ലയിലെ വേങ്ങര ബ്ലോക്കിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇന്ന് കേരളത്തിലെ 120 ഓളം ബ്ലോക്കുകളിലും 14 നഗര പ്രദേശങ്ങളിലും ഈ പദ്ധതി നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ ഒരു ശിശുവികസന പദ്ധതിയാണ് ഇത്. 6 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷണാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക, ശിശുവിന്റെ മാനസികവും ശാരീരികവുമായ വികസനത്തിന് അടിസ്ഥാനമിടുക, മരണം, രോഗം, പോഷണ കുറവ്, സ്കൂളുകളിൽ നിന്നും കുട്ടികൾ പൊഴിഞ്ഞുപോകുന്നവയുടെ തോത് കുറയ്ക്കുക, മാതാവിനു പോഷണ വിദ്യാ

ഭ്യാസം നൽകുക മുതലായവയാണ് അംഗൻവാടികളിൽ കൂടി ലഭിക്കുന്ന സേവനങ്ങൾ.

അംഗൻവാടികൾ

പഞ്ചായത്തിൽ 15 വാർഡുകളിലായി 37 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ അംഗൻവാടികളിലൂടെ 1301 കുട്ടികൾ അനുപൂരക പോഷകാഹാരം കഴിക്കുന്നു. 95-96 ൽ 212 ഗർഭിണികളും 218 മുലയൂട്ടുന്ന അമ്മമാരും അനുപൂരക പോഷകാഹാരം കഴിക്കുകയുണ്ടായി. ഉച്ചഭക്ഷണം കൊണ്ടുവരാൻ കഴിയാത്ത പ്രീസ്ക്കൂൾ കുട്ടികൾക്ക് അരിയും പയറും ഉപയോഗിച്ച് പോഷകമൂല്യമടങ്ങിയ ആഹാരം നൽകിവരുന്നു. ഇരുപത് അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടെങ്കിലും പതിനേഴെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കെട്ടിടം ഇല്ലാത്ത ഒരോ അംഗൻവാടികൾക്കും മൂന്നുസെന്റ് സ്ഥലം സ്വന്തമായി ഉണ്ടെങ്കിൽ സർക്കാർ 25000 രൂപാ കെട്ടിടം നിർമ്മിക്കുന്നതിനായി സഹായം നൽകുമെങ്കിലും സ്ഥലം ഇല്ലാത്തതിനാൽ ഇത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

പട്ടിക 1 അംഗൻവാടികൾ വാർഡ് തിരിച്ച്

വാർഡ്	1	2	3	4	5	6	7	8	9	10	11	12	13	14	15
സ്വന്തം കെട്ടിടത്തിൽ	3	1	1	3	3	0	0	1	2	0	0	0	2	1	3
വാടക കെട്ടിടത്തിൽ	0	1	1	0	1	3	1	0	5	2	0	2	0	0	1
ആകെ	3	2	2	3	4	3	1	1	7	2	0	2	2	1	4

ഐ. സി. ഡി. എസ്സ്. നടത്തിയ ഗ്രാമ സർവ്വേ 96 റിപ്പോർട്ട്

ആകെ ജനസംഖ്യ	47107
പുരുഷൻമാർ	23697
സ്ത്രീകൾ	23410
പട്ടികജാതിക്കാർ	2386
പട്ടികവർഗ്ഗം	29
1 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം	917
1 മുതൽ 3 വരെയുള്ള കുട്ടികൾ	1327
3 മുതൽ 5 വരെ	1744
മുലയൂട്ടുന്ന അമ്മമാർ	347
ഗർഭിണികൾ	287
95-96 ജനിച്ചകുട്ടികളുടെ എണ്ണം	917
ശിശുമരണം	5
മരണമടഞ്ഞവർ	263
വികലാംഗർ	818

ഗ്രാമ സർവ്വേ അവലോകനം

മരണനിരക്ക് ആയിരത്തിന്	5.58
ശിശുമരണ നിരക്ക്	5.45
ജനനിരക്ക്	19.45
പുരുഷന്മാർ	50.30
സ്ത്രീകൾ	49.70

പഞ്ചായത്തിലെ മരണനിരക്ക് സംസ്ഥാ
ത്തെ ശരാശരിയുമായി തട്ടിച്ച് നോക്കുമ്പോൾ
കുറഞ്ഞു വരുന്നു എങ്കിലും ജനനനിരക്ക്
സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്.
ശിശുമരണ നിരക്കിന്റെ കാര്യത്തിൽ സാധ്യത
രാശരിയേക്കാൾ കുറവു കാണിക്കുന്നത് ഗുണ
രമാണ്. സ്ത്രീകളെക്കാൾ 287 പുരുഷൻമാർ
കൂടുതലുണ്ട്. ആയിരം പുരുഷനു ആയിരത്തി
രുപത്തിരണ്ട് സ്ത്രീകൾ എന്നതാണ് സംസ്ഥാന
രാശരി എങ്കിൽ 1000 സ്ത്രീകൾക്ക് 1012 പുരു
ഷൻമാർ എന്നതാണ് ഈ പഞ്ചായത്തിൽ.

വിവിധ ക്ഷേമ പദ്ധതികളിലൂടെ ധനസഹായം ലഭിക്കുന്നവരുടെ എണ്ണം.

അഗതി പെൻഷൻ	1124
വിധവാ പെൻഷൻ	521
വികലാംഗ പെൻഷൻ	253
വാർദ്ധക്യ കാല പെൻഷൻ	350
അവശകലാകാരന്മാർ	8
ക്ഷയരോഗി പെൻഷൻ	244
കുഷ്ഠരോഗി പെൻഷൻ	43
കാൻസർ രോഗികൾ	60
കർഷകതൊഴിലാളി പെൻഷൻ	870
തൊഴിലില്ലായ്മാ വേതനം	2120

സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളി
ലൂടെ അർഹതപ്പെട്ട എല്ലാവർക്കും ആനുകൂല്യ
ങ്ങൾ ലഭിക്കുന്നില്ല. ക്ഷേമ പദ്ധതികളെകുറിച്ച്
രിയായ ധാരണ ജനങ്ങളിൽ ഇല്ലാത്തതിനാൽ
ബോധവൽക്കരണം അനിവാര്യമാണ്.

സംയോജിത ഗ്രാമവികസന പദ്ധതി

ദാരിദ്രരേഖയ്ക്ക് താഴെ കഴിയുന്ന ഗ്രാമീണ ജനതയുടെ ദാരിദ്യനിർമ്മാർജ്ജനം എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ഐ. ആർ. ഡി. പി. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ എല്ലാവരും ഇതിനു അർഹരാണെങ്കിലും അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നു. ഈ പദ്ധതിയിലൂടെ ഉണ്ടാക്കുന്ന ഉല്പനങ്ങൾ വിറ്റഴിക്കുന്നതിനും മറ്റും ബുദ്ധിമുട്ട് നേരിടുന്നു. ധന സഹായം ലഭിച്ച ഗുണഭോക്താക്കളിൽ ഭൂരിപക്ഷത്തിനും ലക്ഷ്യം നേടുവാൻ കഴിഞ്ഞിട്ടില്ല. ഐ. ആർ.ഡി.പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ 3939 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്.

ഡി. ഡബ്ലിയു. സി. ആർ. എ. ഗ്രാമീണ വനിതാശിശു വികസന പദ്ധതി

1983-84 ൽ ആണ് ഈ പദ്ധതി ആരംഭിച്ചത്. വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം 91-92 ൽ 15 വനിതകൾ അംഗങ്ങൾ ചേർന്ന് ഒരു റെഡിമെയ്ഡ് യൂണിറ്റും 94-95 ൽ 10 വനിതകൾ ചേർന്ന ഒരു കയർ മേക്കിംഗ് യൂണിറ്റും ആരംഭിച്ചു. ഈ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ലാ. ഉത്പനങ്ങൾ വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്.

ട്രൈസം പ്രോഗ്രാം

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഒരു പദ്ധതിയാണ് 95-96 വിവിധമേഖലകളിൽ 25 തൊഴിൽരഹിതർക്ക് പരിശീലനം നല്കി. 18 പേർ സ്വയം തൊഴിൽ കണ്ടെത്തി. എങ്കിലും 7 പേർ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടു.

ജവഹർതൊഴിൽദാന പദ്ധതി

തൊഴിൽരഹിതരായ ഗ്രാമീണർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. അടിസ്ഥാന ആവശ്യങ്ങൾ ഒച്ചപ്പെടുത്തുകയും തൻമൂലം ഗ്രാമീണരുടെ ജീവിത നിലവാരം ഉയർത്തുകയുമാണ് ലക്ഷ്യം.

പ്രശ്നങ്ങൾ

അംഗൻവാടികളുടെ എണ്ണം ജനസംഖ്യയുടെ അടിസ്ഥാനത്തിൽ എണ്ണത്തിൽ കുറവാണ്. കുട്ടികൾക്ക് ആവശ്യമായ പോഷക വസ്തുക്കൾ അടങ്ങിയ ആഹാരം ലഭിക്കുന്നില്ല. രോഗപ്രതിരോധ നടപടികൾ വേണ്ടവിധത്തിൽ നടക്കുന്നില്ല. സാംക്രമികരോഗവും മറ്റും മൂലം കുട്ടികളുടെ എണ്ണം പല സമയത്തും കുറഞ്ഞുകൊണ്ടിരിക്കുന്നു. പഠനോപകരണങ്ങളും കളിപ്പാട്ടങ്ങളും തീരെ ഇല്ല. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

ജീവനക്കാരുടെ വേതനം

1) ക്ഷേമപദ്ധതികളെ കുറിച്ച് എല്ലാവർക്കും അറിവില്ലാത്തതിനാൽ അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അനുവദിച്ച പെൻഷനാകട്ടെ യഥാസമയം ലഭിക്കുന്നില്ല.

3) അഗതികളെ സംരക്ഷിക്കുന്നതിനുള്ള സ്ഥാപനങ്ങളോ സംഘടനകളോ ഇല്ല.

4) വിവാഹപ്രായം കഴിഞ്ഞിട്ടും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന നിരാലംബരും നിർദ്ധനരുമായ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കണം.

5) വ്യാജവാറ്റും സാമൂഹിക വിരുദ്ധപ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നു.

6) വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല.

7) ഐ. ആർ. ഡി. പി. പ്രകാരം ലഭിക്കുന്ന സഹായം അപര്യാപ്തമാണ്. പല സംരഭങ്ങളും പരാജയപ്പെടുന്നു.

8) ഡി. ഡബ്ലിയൂ. സി. ആർ. എ. യൂണിറ്റുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല

9) ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്. പരിശീലനം ലഭിച്ചവർക്കും തൊഴിൽ കണ്ടെത്താൻ കഴിയുന്നില്ല.

10) ജെ. ആർ. വൈ. പദ്ധതിപ്രകാരം വേണ്ടത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നില്ല

11) ശ്മശാനങ്ങളുടെ അപര്യാപ്തത

നിർദ്ദേശങ്ങൾ

1) ജനസംഖ്യാനുപാതികമായി കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കുക. സ്വന്തമായി സ്ഥലവും കെട്ടിടവും നിർമ്മിച്ചു കൊടുക്കുന്നതിനു നടപടി സ്വീകരിക്കുക. അംഗൻവാടികളെ സ്ത്രീകളുടെയും കുട്ടികളുടെയും സാംസ്കാരിക കേന്ദ്രമാക്കി വളർത്തിയെടുക്കുക.

2) മുഴുവൻ പെൻഷൻ പദ്ധതികളും പഞ്ചായത്തിലൂടെ നല്കുക. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തണം.

3) നിർദ്ധന യുവതികൾക്ക് വിവാഹ സഹായധനം ലഭ്യമാക്കുക.

4) വ്യാജവാറ്റും വില്പനയും തടയാൻ വാർഡ് തല ജനകീയകമ്മറ്റിക്ക് രൂപം നല്കുക.

5) ഐ. ആർ. ഡി. പി. പദ്ധതിയുടെ സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുക. കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുക

6) ഐ. ആർ. ഡി. പി., ഡി. ഡബ്ലിയൂ. ആർ. സി. എ. പദ്ധതിപ്രകാരം നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനു പഞ്ചായത്ത് തലത്തിൽ മാർക്കറ്റിംഗ് സൊസൈറ്റികൾക്ക് രൂപം നല്കുക

7) ട്രൈസം പദ്ധതിയിലൂടെ കൂടുതൽ തൊഴിൽരഹിതർക്ക് പരിശീലനം നൽകി തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുക.

8) ജെ. ആർ. വൈ. പ്രകാരമുള്ള പദ്ധതികളുടെ നടത്തിപ്പിൽ കരാറുകാരെ ഒഴിവാക്കി ബെനിഫിഷറി കമ്മറ്റിയുടെ നേതൃത്വത്തിൽ തന്നെ

ത്തുന്നു എന്ന് ഉറപ്പാക്കണം.

9) എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീം അമ്പല പ്പുഴ ബ്ലോക്കിൽ നടപ്പിലാക്കുക.

10) വനിതാ ഹോസ്റ്റൽ സ്ഥാപിക്കുക

11) ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു വിവിധ ഏജൻസികൾ നടത്തുന്ന പദ്ധതികൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ പരസ്യപ്പെടുത്തുക.

12) ക്രഷുകൾ, വൃദ്ധസദനങ്ങൾ. അഗതിമന്ദിര ങ്ങൾ എന്നിവ നിർമ്മിക്കുക.

13) അംഗൻവാടികളുടെ നടത്തിപ്പിനു മേൽനോട്ടം വഹിക്കുവാനായി വാർഡുതല ജനകീയ കമ്മ റ്റിയും പഞ്ചായത്തുതല കോ-ഓർഡിനേഷൻ കമ്മറ്റിയും രൂപീകരിക്കുക.

14) ഗ്രാമ പഞ്ചായത്തിനു കീഴിൽ രണ്ടു പൊതു ശ്മശാനങ്ങൾ കൂടി അനുവദിക്കുക.

15) ജെ. ആർ. വൈ, ഡി. ഡബ്ല്യൂ. ആർ. സി. എ, ട്രൈസം പദ്ധതികളുടെ അർദ്ധവാർഷിക മോണി റ്ററിങ്ങ് സംഘടിപ്പിക്കുക.

16) റേഷൻ കാർഡിലൂടെ നിത്യോപയോഗ സാധ നങ്ങൾ വിതരണം ചെയ്യുക.

17) വർദ്ധിച്ചുവരുന്ന കൂലിനിരക്കുകളും ശമ്പള നിരക്കുകളും കണക്കിലെടുത്ത് സഹായ പദ്ധ തികൾക്കു വേണ്ടിയുള്ള സർക്കാരിന്റെ നിർവ്വ ചനം മാറ്റുക.

18) ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

VII

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിൽ ഒന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. ജല ലഭ്യതയിൽ നമ്മുടെ പഞ്ചായത്ത് മുൻ പന്തിയിലാണെങ്കിലും ആവശ്യത്തിനു ശുദ്ധജലമില്ലായ്മ നമ്മുടെ മുഖ്യ പ്രശ്നം തന്നെയാണ്. അതുകൊണ്ടു തന്നെ ശുദ്ധമല്ലാത്ത ജലം ഉപയോഗിക്കുവാൻ ജനങ്ങൾ നിർബന്ധിതരായി തീരുന്നു. ഇതിന്റെ ഫലമായി കോളറ, വയറിളക്കം തുടങ്ങിയ ഒട്ടേറെ സാംക്രമിക രോഗങ്ങൾ അടിക്കടി ഉണ്ടായികൊണ്ടിരിക്കുന്നു.

നിലവിലുള്ള ശുദ്ധജല പദ്ധതികൾ താഴെ പറയും പ്രകാരമാണ്.

പട്ടിക ഒന്ന്

വിശേഷാൽ ഗ്രാമ സഭകളിൽ ഉയർന്നു വന്നിട്ടുള്ളതും പഞ്ചായത്ത് തലത്തിൽ ബാധിക്കുന്നതുമായ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ആണ് ചുവടെ ചേർക്കുന്നത്

പീലിംഗ് ഷെഡുകൾ ഉള്ള സ്ഥലങ്ങളിലെ കിണറുകളും, കുളങ്ങളും ഉപയോഗശൂന്യമാണ്. തീരദേശത്ത് ഉപ്പു വെള്ളമാണ് ലഭിക്കുന്നത്. വരൾച്ച മൂലം കിണറുകളും കുളങ്ങളും വറ്റി പോകുന്നത് ഒരു പ്രശ്നമാണ്. പഞ്ചായത്തിന്റെ കിഴക്കൻ ഭാഗങ്ങളിൽ കിണറുകളിലും കുളങ്ങളിലും പുളിരസമുള്ളതിനാൽ ജലം ഉപയോഗ ശൂന്യമാണ്. ഏകദേശം 15% ജനങ്ങൾക്കമാത്രമേ പൈപ്പു വെള്ളം ലഭ്യമാകുന്നുള്ളു. അതിൽ തന്നെ പലയിടത്തും പൈപ്പ് ലൈൻ പൊട്ടിയും ടാപ്പുകൾ കേടായും കിടക്കുന്നതിനാൽ വെള്ളം പാഴായി പോകുകയും മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. പൈപ്പ് ലൈനുകളുടെയും ടാപ്പുകളുടെയും കേടുപാടുകൾ തീർത്ത് പ്രവർത്തനക്ഷമമാക്കേണ്ടത് അത്യാവശമാണ്. എല്ലാ പ്രദേശത്തു നിന്നും പൈപ്പ് ലൈൻ നീട്ടേണ്ടതിന്റെ ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ആനുപാതികമായി പുതിയ കുഴൽ കിണറുകളും വാട്ടർ ടാങ്കും കൂടി ഇതോടൊപ്പം ഉണ്ടായെങ്കിൽ മാത്രമേ ശുദ്ധജലം എല്ലാ പ്രദേശത്തും എത്തിക്കാൻ കഴിയുകയുള്ളു.

കഞ്ഞിപ്പാടത്ത് പുതിയ കുഴൽ കിണർ സ്ഥാപിക്കുകയും വളഞ്ഞവഴിയിൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ ഉള്ളതും ഉപയോഗിക്കാതിരിക്കുന്നതുമായ കുഴൽ കിണറും വാട്ടർ ടാങ്കും ഉപയോഗപ്പെടുത്തുന്നതും ഒരളവുവരെ ശുദ്ധജല ദൗർലഭ്യത്തിനു പരിഹാരമാണ്.

ശുദ്ധജലം ദുരുപയോഗപ്പെടുത്തുന്ന പ്രവണതയും ചില സ്ഥലങ്ങളിൽ കാണുന്നുണ്ട്. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പ്രധാന റോഡുകൾ കേന്ദ്രീകരിച്ചാണ് നിലവിലുള്ള പൈപ്പ് ലൈലനുകളും ടാപ്പുകളും കൂടുതൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഇടവഴികളിൽ കൂടി ഇവ വ്യാപിക്കേണ്ടതാണ്.

അമ്പലപ്പുഴ പഞ്ചായത്തിൽ വെള്ളക്കരം അടയ്ക്കാനും ഇവിടെ തന്നെ സംവിധാനം ഉണ്ടാകണം. ക്ലോറിനേഷൻ ഫലപ്രദമായി നടത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. ജല പരിശോധന നടത്തേണ്ടതും ഒരാവശ്യമായി ഗ്രാമ സഭകളിൽ നിന്നു ഉയർന്നു വന്നിരിക്കുന്നു. വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് ആവശ്യമാണ്.

വാർഡ് 5

കുടിവെള്ളം

1) നാഷണൽ ഹൈവേയുടെ പടിഞ്ഞാറെ സൈഡിൽ കൂടി പൈപ്പ് ലൈൻ സ്ഥാപിച്ചു. പടിഞ്ഞാറു ഭാഗത്തുള്ള സ്കൂളിലും വളഞ്ഞവഴി ജംഗ്ഷനിലും കുടുവെള്ളം എത്തിക്കുക.

2) കായ്പ്പിള്ളി ക്ഷേത്രത്തിന്റെ തെക്ക് ഭാഗത്തുകൂടിയുള്ള റോഡിൽ കൂടി വടക്കോട്ട് ഏകദേശം 150 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ആവശ്യമായ ടാപ്പുകൾ ഇടുക.

3) വളഞ്ഞവഴി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ടുള്ള ബീച്ച് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക.

4) ഈ ബീച്ച് റോഡിൽ നിന്നും റെയിൽവേക്രോസിനു കിഴക്ക് ഭാഗത്തുള്ള റോഡിൽ കൂടി തെക്കോട്ട് 150 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക.

5) ബീച്ച് റോഡിൽ നിന്നും വടക്കോട്ടുള്ള റോഡിൽ അതായത് നിഹാസു ഐസ് പ്ലാന്റു മുതൽ എസ്. എൻ. കവല റോഡുമായി യോജിപ്പിക്കുന്ന ഭാഗത്ത് കുടിവെള്ളം എത്തിക്കുക.

6) കായപ്പിള്ളി അമ്പലത്തിന്റെ തെക്കുവശത്തു കൂടി പടിഞ്ഞാറോട്ട് ചെന്ന് കമ്പിവളപ്പിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുക.

കുടിവെള്ളക്ഷാമബാധിത പ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

കെ. ഡബ്ലിയു. എ. വാട്ടർ ലൈനും വാട്ടർടാപ്പും

വാർഡ് ഒന്ന്

ക്രമനമ്പർ	വിവരണം	ലൈനിന്റെ നീളം (കി. മി)	ടാപ്പിന്റെ എണ്ണം.
1	കുറവൻതോടിനു പടിഞ്ഞാറുഭാഗത്ത് തെക്കോട്ട് പുത്തൻ വെളിവരെ	0.200	3
2	പാരലൽ റോഡ്	0.700	6
3	ശിശുവിഹാറിനു തെക്കുവശം അങ്കത്തി റോഡുവരെ	0.400	4
4	രാജാ കോളനിയിൽ	—	—
5	തീരദേശ റോഡിൽ പൂമീൻ പൊഴി മുതൽ തെക്കോട്ട്	0.600	6
6	പഞ്ചായത്ത് കോളനിമുതൽ തെക്ക് പഞ്ചായത്ത് കോളനിവരെ	0.600	6
7	ഐഡിയൽ പ്ലാന്റു മുതൽ പടിഞ്ഞാറോട്ട് കാൽപുറം വരെ	0.800	8

വാർഡ് ഒന്ന്

1	കുടത്തിങ്കൽ മുതൽ തെക്കോട്ട് കുരിയ്ക്കാ പറമ്പ് വരെ	0.250	2
2	ചാലടി മുതൽ തെക്കോട്ട് ഇടപ്പള്ളിത്തറ	0.250	3
3	കവിതാ റോഡുമുതൽ കിഴക്കോട്ട് ആറ്റുപുറം	0.200	2
4	കമ്പിവളപ്പു മുതൽ കിഴക്കോട്ട് കൊല്ലക്കുടി	0.250	3
5	തെക്കെ കുറ്റിമുതൽ തെക്കോട്ട് കുറുപ്പശ്ശേരി തോടു വരെ	0.300	3

6	പരിയാരം മുതൽ കിഴക്കോട്ട് കുമരപ്പുഴ	0.250	3
7	കുറവൻ തോടുമുതൽ വെളിയത്തേഴം	0.100	1
8	തെക്കാവു മുതൽ വടക്കോട്ട് മുണ്ടുപറമ്പ്	0.150	2
9	10 ൽ നിന്ന് കിഴക്കോട്ട് തുണ്ടിൽ പറമ്പ് വരെ	0.150	2
10	പനച്ചിത്തറ മുതൽ തെക്കോട്ട് കട്ടുങ്കൽ	0.100	1
11	മുറിമാവു മുതൽ കിഴക്കോട്ട് കൊങ്ങന്നൂർ	0.300	3
12	കൊച്ചുപറമ്പു മുതൽ കിഴക്കോട്ട് തുണ്ടിൽ പറമ്പ് വരെ	0.200	2

വാർഡ് മൂന്ന്

1	തേവരു നടയിൽ നിന്നും കിഴക്കോട്ട് കവല വരെയുള്ള റോഡിൽ	1.5	6
2	കവലയിൽ നിന്നും തെക്കോട്ട് കൊപ്പാറ കടവു ജംഗ്ഷൻ വരെ	0.5	3
3	ഇജ്ജാബാ ജംഗ്ഷനിൽ നിന്നും കിഴക്കോട്ട് ഐ. എസ്. ഡി. പി. കോളനി വരെ	1.5	10
4	നീർക്കുന്നം ചന്തയിൽ നിന്നും കിഴക്കോട്ട് വള്ളിത്ര ജംഗ്ഷൻ വരെ ലൈൻ വലിച്ച്	1.75	10
5	തട്ടയ്ക്കാട്ട് പടിഞ്ഞാറു വശത്തു നിന്നും വടക്കോട്ടുള്ള റോഡു ചെന്നു മുട്ടുന്ന കൊല്ലശ്ശേരി പുരയിടത്തിന്റെ തെക്കുവശം വരെയും അവിടെ നിന്നു കിഴക്കോട്ട് കൊങ്ങന്നൂർ പുരയിടം വരെ	0.75	14
6	ഗുരുപുരം ജംഗ്ഷൻ മുതൽ പന്നിമുക്കം	0.5	4
7	കഞ്ഞിപ്പാടം റോഡിൽ കൊപ്പാറക്കടവു ജംഗ്ഷനിൽ നിന്നു വടക്കോട്ടും അവിടെ നിന്നു കിഴക്കോട്ട് തോട്ടും കരചിറവരെയും ലൈൻ വലിച്ച്	1.0	10
8	ചാണയിൽ നിന്നും കിഴക്കോട്ട് പുന്നശ്ശേരി വീടിനു സമീപം വരെ ലൈൻ വലിച്ച്	0.5	4
9	ഇളന്താശ്ശേരി വീടിനു കിഴക്കോട്ട് പരുവയിൽ പുരയിടത്തിൽ കൂടി കിഴക്കോട്ട് കിഴക്കേ പരുവ വരെ ലൈൻ വലിച്ച്	0.5	4
10	പള്ളിത്തറ ജംഗ്ഷൻ മുതൽ വാഴകോട്ടങ്ങേരി	0.250	2

വാർഡ് നാല്

1	നീർക്കുന്നം വടക്കു പടിഞ്ഞാറു പൈ സുധാകരന്റെ വീടിന്റെ മുൻ ഭാഗം മുതൽ തെക്കോട്ടുള്ള ഇടവഴിയിൽ കൂടി വളഞ്ഞവഴി ഫ്ളാറ്റ് ജംഗ്ഷൻ വരെ ലൈൻ വലിച്ച്	1.500	15

2	ഗാന്ധി ജംഗ്ഷൻ – മാധവൻ മുക്കുവരെ നിലവിലുള്ള ലൈനുകളിൽ 50 മീറ്റർ അകലത്തിൽ	—	15
3	റോജി ഹോട്ടൽ ജംഗ്ഷൻ മുതൽ വടക്കോട്ട് അഴീക്കോടൻ ജംഗ്ഷൻ വരെ പുതിയ പൈപ്പ് ലൈൻ വലിച്ച്	1.500	20
4	എസ്. എൻ. ജംഗ്ഷൻ മുതൽ അപ്പയ്ക്കലൽ കാവു വരെ നിലവിലുള്ള ലൈനിൽ	1	10
5	തേവരുനട ജംഗ്ഷൻ മുതൽ കളപ്പുരയ്ക്കൽ ക്ഷേത്രം റോഡുവഴി തീരദേശ എൽ. പി. എസ്. വരെ പുതിയ ലൈൻ വലിച്ച്	1.500	15
6	എ. കെ. എഫ്. ഷെഡിന്റെ പടിഞ്ഞാറു വശമുള്ള റോഡുമുതൽ വടക്കോട്ട് തീരദേശ എൽ. പി. എസ്. ജംഗ്ഷൻ വരെ പുതിയ ലൈൻ വലിച്ച്	1	10
7	കളത്തിൽ കലാവതി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് ലൈൻ നീട്ടി	0.300	10
8	കളപ്പുരയ്ക്കൽ റോഡിന്റെ പടിഞ്ഞാറു വശം മുതൽ തീരദേശ റോഡുവരെ അവിടെ നിന്നും ആർ. ആർ. ഭവനം മുതൽ തീരദേശം വരെ	1	10
9	പഴുപ്പാറലിൽ ഷജൂവിന്റെ തെക്കുവശം മുതൽ തീരദേശ റോഡുവരെ	0.750	8

വാർഡ് അഞ്ച്

1	നാഷണൽ ഹൈവേയുടെ പടിഞ്ഞാറു വശത്തുകൂടി വലിച്ചിട്ടുള്ള ലൈൻ വേണ്ട ഭേദഗതി വരുത്തി പടിഞ്ഞാറുവശത്തുള്ള സ്കൂളുകളിലും വളഞ്ഞവഴി ജംഗ്ഷനിലും	—	4
2	കായിപ്പള്ളി റോഡിനു തെക്കുഭാഗത്തുകൂടിയുള്ള റോഡിൽ പടിഞ്ഞാറോട്ട് ചെന്ന് വടക്കോട്ട്	1.500	4
3	വളഞ്ഞവഴി ജംഗ്ഷനിൽ നിന്നും പടിഞ്ഞാറോട്ട് ബീച്ച് റോഡിൽ	1.500	4
4	വളഞ്ഞവഴി ബീച്ച് റോഡിൽനിന്നും റെയിൽവേ ക്രോസിനു കിഴക്കുഭാഗത്തുള്ള റോഡിൽ കൂടി തെക്കോട്ട്	1.500	4
5	വളഞ്ഞവഴി ബീച്ച് റോഡിൽ നിന്നും വടക്കോട്ടുള്ള റോഡിൽ നിഹാസ് ഐസ്പ്ലാന്റ് മുതൽ എസ്. എൻ. കവല വരെ എത്തുന്ന ഭാഗത്ത്	0.350	3
6	കായിപ്പള്ളി ക്ഷേത്രത്തിന്റെ തെക്കുഭാഗത്തു		

	കൂടി പടിഞ്ഞാറോട്ട് ചെന്ന് കമ്പിവളപ്പിലേക്ക്	0.300	3

വാർഡ് ആറു

1	പ്രതീക്ഷാ തീയേറ്ററിനു വടക്കുവശം കൂടി കിഴക്കോട്ട് കിടക്കുന്ന റോഡിൽ	1.500	15
2	നീർക്കുന്നം കഞ്ഞിപ്പാടം റോഡിൽ തോണി പുരയ്ക്കൽ വടക്കുവശത്തു നിന്നും തെക്കോട്ടും പിന്നീട് കിഴക്കോട്ടും ചെന്ന് ടാറിട്ട റോഡിൽ എത്തിച്ച് കിഴക്കോട്ടും പടിഞ്ഞാറോട്ടും ലൈൻ വലിച്ച്	1.000	10
3	ഇരുപത്തെട്ടിൽ ചിറയുടെ പടിഞ്ഞാറു നിന്നും ലൈൻ വലിച്ച് വെള്ളൂപ്പറമ്പ്-വാവുഷാപറമ്പ് റോഡിലെത്തിച്ച് തെക്കോട്ടും വടക്കോട്ടും ലൈൻ നീട്ടി	1.00	10
4	ഐ. സി. ഡി. എസ്. നു വടക്കുവശം കിഴക്കോട്ട് ലൈൻ വലിച്ചു മാമ്പലമുക്കിൽ എത്തിച്ച് തെക്കോട്ടും വടക്കോട്ടും ലൈൻ നീട്ടി	1.500	15
5	മാമ്പലമുക്കിൽ നിന്നും തെക്കോട്ട് ലൈൻ വലിച്ച് വെളുത്തേടത്തുപറമ്പ് പുരയിടത്തിൽ നിന്നും കിഴക്കോട്ട് ലൈൻ വലിച്ച്	0.750	8
6	കാക്കാഴം പോസ്റ്റാഫീസിനു വടക്കുവശത്തു നിന്നും കിഴക്കോട്ട് ലൈൻ വലിച്ചു പയ്യമ്പള്ളി മുക്കു വരെ	0.500	5

വാർഡ് ഏഴു

1	പാലൂക്കരി പാടശേഖരത്തിലെ ലൈനിൽ നിന്നും വടക്കു പടിഞ്ഞാറോട്ട് പിരളശ്ശേരി കിഴക്കു കൂടി വടക്കോട്ട്	0.200	3
2	ചെത്തിക്കാട്ടു മുതൽ കിഴക്കോട്ട് പാരലൽ റോഡുവരെ	0.400	7
3	അയ്യപ്പാ ലോഡ്ജ് മുതൽ തെക്കോട്ട് പുഴുക്കു പറമ്പ് ജംഗ്ഷൻ വരെ	0.350	4
4	വടക്കേ തയ്യിൽ മുതൽ ഇടമ്പാടം വരെ	0.100	1
5	കൊപ്പാറക്കടവിൽ നിന്നും മാപ്പിളശ്ശേരി കടവു വരെയുള്ള ലൈനിൽ നിന്നു വിരുത്തി വേലി ലക്ഷം വീട് കോളനിയിലേക്ക്	0.150	2
6	കറുകപ്പീടികയിൽ നിന്നും തെക്കോട്ട് ഇരുപത്തിയെട്ടിൽ വരെ	0.400	3

7	ഏഴരപീടികയിൽ നിന്നും കിഴക്കോട്ട് കാരിക്കൽ പാലം വരെ	0.750	3
8	മാമ്പലത്തറയിൽ നിന്നും വടക്കോട്ട് ലൈനും ടാപ്പും	0.1100	1
9	കാക്കാഴം സ്കൂളിനകത്തേക്ക്	0.050	2
10	കൊപ്പാറകടവു പാലത്തിനു മുകളിലുള്ള പൈപ്പ് ലൈൻ താഴ്ത്തി സ്ഥാപിക്കുക	——	——
11	അൻപതിൽ ചിറ ഭാഗത്ത് പട്ടിക ജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലത്തേക്ക്	0.175	3

വാർഡ് എട്ട്

1	സെമിനാരി മുതൽ മംഗലം വരെ	0.200	3
2	ആലക്കാട്ടുശ്ശേരി മുതൽ കോമ്പാക്കൽ വരെ	0.200	3
3	കൃഷ്ണാ തീയേറ്ററിനു കിഴക്കുവശത്തു നിന്നും പടിഞ്ഞാറോട്ട്	0.200	3
4	നൂറുപറ പാലത്തിനു പടിഞ്ഞാറെ കരയിൽ കൂടി തെക്കോട്ട് (പട്ടിക ജാതി പട്ടിക വർഗ്ഗ പരിഗണന)	0.200	3
5	നാല്പത്തിയഞ്ചിൽ പാലത്തിൽ നിന്നും കിഴക്കോട്ട് ചെന്നു തെക്കോട്ട് കൈതവാരം വരെ	0.200	3
6	നാല്പത്തിയഞ്ചിൽ പാലത്തിൽ നിന്നും കിഴക്കോട്ട്	0.600	9
7	കട്ടക്കുഴി ഭാഗത്ത് വായനശാല മുതൽ നാലുചിറ വരെ	0.200	3

വാർഡ് ഒൻപത്

1	തീരദേശ റോഡിൽ പള്ളിക്കാവു ജംഗ്ഷൻ മുതൽ തെക്കോട്ട് പായൽകുളങ്ങര വരെയുള്ള ലൈനിന്റെ	——	20
2	പാരലൽ റോഡിൽ നിന്നും കിഴക്കോട്ടുള്ള വഴി (എൻ. എച്ചി. ലേക്കുള്ള വഴി) യിൽ ഉള്ള ലൈനിൽ നിന്നും ലൈൻ തെക്കോട്ടും വടക്കോട്ടും നീട്ടി	0.400	5
3	പാരലൽ റോഡിൽ നിന്നും എർസലാ ആശുപത്രിക്കു പടിഞ്ഞാറോട്ടുള്ള വഴിയിൽ	0.700	7
4	പാരലൽ റോഡിൽ നിന്നും പടിഞ്ഞാറോട്ട് (പുഷ്പാംദന്റെ വീട്) ലൈൻ വലിച്ച്	0.200	2
5	പായൽകുളങ്ങര മുതൽ കാക്കാഴം ശ്മശാനം വരെയെത്തുന്ന സീവാൾ റോഡിൽ പൈപ്പ് ലൈൻ വലിച്ച്	2.500	25

6	പാരലൽ റോഡിൽ നിന്നും കിഴക്കോട്ട് സഹൃദയാ കോളനിയിലേക്കുള്ള റോഡിൽ ലൈൻ വലിച്ച്	0.200	2
7	പാരലൽ റോഡിൽ നിന്നും കിഴക്കോട്ട് രാജീവ് കോളനിയിലേക്കു ലൈൻ വലിച്ച്	0.300	3
8	പാരലൽ റോഡിൽ നിന്നും പടിഞ്ഞാറോട്ട് (ബാബുവിന്റെ വീടിനു മുൻവശത്തു കൂടി) ലൈൻ വലിച്ച്	0.200	2
9	സൂര്യാ ആശുപത്രിയുടെ വടക്കു ഭാഗത്തു കൂടി പടിഞ്ഞാറോട്ട് പോകുന്ന റോഡിൽ പടിഞ്ഞാറേ ജംഗ്ഷനിലും അംഗൻവാടിക്കു സമീപവും	—	2
10	കാക്കാഴം ലക്ഷം വീട് കോളനിയിലേക്ക് ലൈൻ വലിച്ച്	0.300	3
11	താഴ്ചയിൽ കോളനിയിലും പാരലൽ റോഡിൽ നിന്നും പടിഞ്ഞാറോട്ടും (ശ്മശാനത്തിനു തെക്കു കിഴക്കുള്ള ഭാഗം) ലൈൻ വലിച്ച്	0.400	4
12	നാഷണൽ ഹൈവേയിൽ അമ്പലപ്പുഴ ആശുപത്രിയ്ക്ക് വടക്കുവശത്തുകൂടി പടിഞ്ഞാറോട്ട് പാരലൽ റോഡിൽ എത്തുന്ന റോഡിലും അവിടെ നിന്നും പടിഞ്ഞാറോട്ടും ലൈൻ വലിച്ച്	0.4	4
13	നാഷണൽ ഹൈവേയിൽ നിന്നും പടിഞ്ഞാറോട്ട് എർസല ആശുപത്രിയുടെ മുൻവശത്ത് കൂടി വടക്കോട്ട് തിരിഞ്ഞ് പടിഞ്ഞാറോട്ട്	0.4	4
14	വെളിയിൽ കാവുക്ഷേത്രത്തിനു പടിഞ്ഞാറു വശത്തുള്ള ടാപ്പു പൊതു സ്ഥലത്തേക്ക് മാറ്റി അവിടെ നിന്നും തെക്കോട്ടും വടക്കോട്ടും ലൈൻ വലിച്ച്	0.3	3
15	പാരലൽ റോഡിൽ പടിഞ്ഞാറോട്ട് 1) പള്ളിമുക്കിനു പടിഞ്ഞാറുവശം വരെ 2) ശ്മശാനത്തിനു സമീപവും ഉള്ള അംഗൻവാടികളിലേക്ക് ലൈൻ വലിച്ച്	0.2	2
16	നാഷണൽ ഹൈവേയിൽ നിന്നും പടിഞ്ഞാറോട്ട് നവരാക്കൽ ക്ഷേത്രത്തിന്റെ തെക്കു ഭാഗത്തുകൂടി പടിഞ്ഞാറോട്ട് തീര ദേശ റോഡുവരെ ലൈൻ വലിച്ച്	0.4	4

17	പാരലൽ റോഡിൽ നിന്നും കിഴക്കോട്ട് (വള്ളിക്കാവു ക്ഷേത്രത്തിനു പടിഞ്ഞാറു) 11 കെ. വി. ലൈൻ വരെ ലൈൻ വലിച്ച്	0.300	3
18	കാക്കാഴം പി. ബി. ജംഗ്ഷനിൽ കിഴക്കോട്ട് വന്നു ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തു കൂടി തെക്കോട്ട്	1.000	10

വാർഡ് പത്ത്

ഓരോ അൻപതു മീറ്ററിലും ടാപ്പു സ്ഥാപിച്ചു ശുദ്ധജലം എത്തിക്കണം

1	തുണ്ടു പറമ്പ് തുണ്ടിൽ പറമ്പ്	0.200	2
2	ചെമ്പകപറമ്പ് – പടിഞ്ഞാറു വാളപ്പൻ പറമ്പ്	0.400	4
3	കോയിക്കാട്ട് വാളയ്ക്കൽ നിന്ന്കിഴക്കോട്ട് കറുകത്തറ	0.500	5
4	കാക്കാഴം പള്ളി – കിഴക്ക് തട്ടാപറമ്പിൽ	0.300	3
5	കൈയ്പള്ളി ഇല്ലത്ത് റോഡിൽ തെക്കോട്ട് നടുവിലേ പറമ്പ്	0.200	2
6	മിനി പ്രിന്റേഴ്സ് റോഡിൽ തൈപറമ്പ് മുതൽ കന്യേൽ പുത്തൻ പറമ്പ്	0.400	4

വാർഡ് പതിനൊന്ന്

1	കോനാട്ടുമഠത്തിനു വടക്കോട്ടും പടിഞ്ഞാറോട്ടും ലൈൻ വലിച്ച്	0.400	4
2	ചിറപ്പറമ്പ് വെള്ളാഞ്ഞിലി റോഡിൽ ലൈൻ വലിച്ച്	0.500	5
3	അട്ടിയിൽ റോഡിൽ നിന്നും കൊച്ചടി പ്രദേശത്തേക്കു ലൈൻ വലിച്ച്	0.800	8
4	റയിൽവേക്രോസിനു (അമ്പലപ്പുഴ) വടക്കുവശത്തേക്കു ലൈൻ വലിച്ച്	0.400	4
5	കരൂർ – അമ്പലപ്പുഴ നാട്ടുതോടു റോഡിൽ ലൈൻ വലിച്ച്	0.400	4

വാർഡ് പന്ത്രണ്ട്

1	പുതുപ്പുരയ്ക്കൽ നിന്നും കരിലാൻഡിലേക്കുള്ള ടാർ റോഡിൽ തെക്കേ കുന്നുപറമ്പു മുതൽ ഗ്രാമസേവാസമിതിയുടെ ഭാഗത്തുകൂടി പാട്ടത്തിൽ പുരയിടം വരെ ലൈൻ വലിച്ച്	3.000	15
2	ടാർ റോഡിൽ കുന്നുപറമ്പ് ജംഗ്ഷൻ–തോട്ടു കടവു വരെയും തയ്യിൽ ജംഗ്ഷനിൽ നിന്നും		

	തോട്ടുകടവു വരെയും മാനാം പുറം ജംഗ്ഷ നിൽ നിന്ന് നാട്ടു തോടുവരെയും അവിടെ നിന്ന് എൻ. എസ്. എസ്. കരയോഗം വരെയും പൂണിയിൽ ജംഗ്ഷൻ മുതൽ കളത്തിൽ വീടിന്റെ ഭാഗം വരെയും	1.500	15
3	ഗ്രാവൽ റോഡിൽ മാളിയേക്കൽ ജംഗ്ഷനിൽ നിന്നും വടക്കോട്ട് ശാന്തമംഗലം വഴി കിഴക്കോ ട്ട് ഹരിജൻ സെറ്റിൽമെന്റ് കോളനി വരെ അടിയന്തര പ്രാധാന്യം നൽകി ലൈൻ വലിച്ച്	0.750	8
4	ഗ്രാവൽ റോഡിൽ അറയ്ക്കൽ ജംഗ്ഷനിൽ നിന്നും ലക്ഷം വീട് വഴി ശാന്തമംഗലം വരെയും അറയ്ക്കൽ തെക്കുവശം തെക്കോട്ട് പടിഞ്ഞാറേ വീട് വഴി പടിഞ്ഞാറോട്ട് ടാർ റോഡു വരെയും, അറയ്ക്കൽ ജംഗ്ഷൻ മുതൽ പടിഞ്ഞാറോട്ട് കുന്നുംപറമ്പ് ജംഗ്ഷ ൻ വരെയും, കുന്നേൽ ജംഗ്ഷനു തെക്കോട്ട് ആര്യാട് മുക്കുവരെയും കാറാടി സ്കൂൾ ജംഗ് ഷൻ മുതൽ കിഴക്കോട്ട് കരുവാടി തോടുവ രെയും അവിടെ നിന്നു തെക്കോട്ട് നാട്ടുതോ ടിന്റെ അരികിൽ കൂടി അപ്പാത്തിക്കരി തോ ടിന്റെ മൂല വരെയും	2.500	20
5	അഞ്ചിൽക്കണ്ടം പൂവമ്പള്ളി റോഡിലും മുത്തങ്ങാപ്പള്ളി മൂലയിൽ നിന്നു പടിഞ്ഞാറോട്ട് തുണ്ടിച്ചിറ വരെയും ലൈൻ വലിച്ച്	1.000	10
	വാർഡ് പതിമൂന്ന്		
1	മുക്കൈൽ പാലം മുതൽ വടക്കോട്ട് ആറ്റു മുഖം വരെയും അവിടെ നിന്നും പടിഞ്ഞാറോട്ട് ലൈൻ വലിച്ച്	4.000	20
2	മേലത്തുംകരി പാടശേഖരം മുതൽ പുത്തൻ പറമ്പ് റോഡുവരെയും അവിടെ നിന്നും തെക്കോട്ട് കോരടിപാലം വരെയും ലൈൻ വലിച്ച്	0.600	6
3	ഷാപ്പു റോഡുമുതൽ ഹരിജൻ കോളനി വരെ ലൈൻ വലിച്ച്	0.200	2
4	പഴയമ്പള്ളി മുതൽ പെരുന്തുരുത്തി വരെ ലൈൻ വലിച്ച്	0.100	1
5	കൃഷ്ണൻ പറമ്പു മുതൽ പടിഞ്ഞാറോട്ട് പതിനഞ്ചിൽ പുരയിടം വരെ	0.100	6
6	സദാനന്ദന്റെ വീടു മുതൽ തെക്കോട്ട്		

	റെയിൽവേ ലൈൻ വരെ ലൈൻ വലിച്ച്	0.600	3
7	കരുമ്പേലിൽ കിഴക്കുവശം മുതൽ പതിനഞ്ചിൽ ചിറ വരെ ലൈൻ വലിച്ച്	0.200	2
8	കുട്ടന്തറ മുതൽ പടിഞ്ഞാറോട്ട് വലിയ വീട് വരെ ലൈൻ വലിച്ച്	0.300	3
9	കരുമാടി പാലത്തിനു തെക്കോട്ട് പഞ്ചായത്ത് പാലം വരെ ലൈൻ വലിച്ച്	0.250	2
10	കൈതകാട് മുതൽ വലിയ വീട് വരെ ലൈൻ വലിച്ച്	0.300	3

വാർഡ് പതിനാല്

1	തകഴി അമ്പലപ്പുഴ റോഡിൽ മുപ്പതിൽ പടിക്കൽ നിന്നും തെക്കോട്ട് പന്നക്കളം വരെ പൈപ്പു ലൈൻ വലിച്ച്	2.500	12
2	തകഴി – അമ്പലപ്പുഴ റോഡിൽ മുക്കറ കടവിൽ നിന്നും വടക്കോട്ട് കണ്ണംങ്കരി പാലം വരെ ലൈൻ നീട്ടുക. ടി. ലൈനിൽ നിന്നും തെക്കേ പള്ളിപ്പുറം മുതൽ ചക്കാല പറമ്പ് വരെയുള്ള റോഡിൽ ലൈൻ വലിച്ച്	1.000	10
3	മാന്നിയപുരയ്ക്കൽ നിന്നും വടക്കോട്ട് മുളക്കി വരെയുള്ള വഴിയിൽ പൈപ്പു ലൈൻ വലിച്ച്	0.350	3
4	ചക്കാലയ്ക്കൽ നിന്നു വടക്കോട്ട് പെരുമ്പള്ളിതറ വരെയുള്ള വഴിയിൽ ലൈൻ വലിച്ച്	0.200	2
5	വീടികചിറയിൽ നിന്നും വടക്കോട്ട് റെയിൽവേ ലൈൻ വരെ ലൈൻ വലിച്ച്	0.200	3
6	ശ്രീനിലയം മുതൽ തെക്കോട്ട് പുതുവാ പറമ്പ് വരെ പുന്നശ്ശേരി മുതൽ കിഴക്കോട്ട് പുതുമന ചിറ വരെ അട്ടിചിറയിൽ നിന്നും തോടിനടിയിൽ കൂടി പടിഞ്ഞാറെക്കര വരെ പുതുകോടം പാലം മുതൽ കിഴക്കോട്ട് സതി വിലാസം വരെ തെക്കെപ്പറമ്പ് മുതൽ മേലേപ്പറമ്പ് വരെ ലൈൻ വലിച്ച്	0.800	6

വാർഡ് പതിനഞ്ച്

1	ചെറുകേരിചിറ മുതൽ വടക്കോട്ട് ലൈൻ വലിച്ച്	1.000	6

2	നൂറ്റിനാല്പതിൽ ചിറ മുതൽ പടിഞ്ഞാറോട്ട് ലൈൻ വലിച്ച്	2.000	12
3	വട്ടപ്പായിത്തറ മുതൽ തെക്കോട്ട് ലൈൻ വലിച്ച്	0.500	3
4	പോട്ടത്തറ പാലം മുതൽ ലക്ഷം വീടുവരെ ലൈൻ വലിച്ച്	0.500	2
5	ചെറുവള്ളിത്തറയിൽ നിന്നും തോട്ടുപ്പുരയ്ക്കൽ വരെ ലൈൻ വലിച്ച്	1.500	8
6	രാമപുരത്തു നിന്നു വെള്ളത്ര വരെ ലൈൻ വലിച്ച്	0.500	7
7	മാധവന്റെ കടമുതൽ പടിഞ്ഞാറോട്ട് ലൈൻ വലിച്ച്	0.500	2
8	മുക്കൈൽ പാലം മുതൽ പടിഞ്ഞാറോട്ട് ലൈൻ വലിച്ച്	0.500	3
9	കൈതപ്പറമ്പ് മുതൽ വടക്കോട്ടും കിഴക്കോട്ടും ലൈൻ വലിച്ച്	0.500	3
10	വൈപ്പിൽ പാലം മുതൽ വടക്കോട്ട് ലൈൻ വലിച്ച്	0.500	3
11	നാഴുത്തോട്ടുങ്കൽ പടിഞ്ഞാറോട്ട് അഞ്ചപുര വരെ ലൈൻ വലിച്ച്	0.500	3
12	പന്ത്രണ്ടിൽചിറ മുതൽ കണ്ടത്തിൽ പറമ്പ് വരെ ലൈൻ വലിച്ച്	0.500	3
13	പന്ത്രണ്ടിൽചിറ മുതൽ കിഴക്കോട്ട് ലൈൻ വലിച്ച്	0.500	3
14	പുതുക്കരി പീടിക മുതൽ പടിഞ്ഞാറോട്ട് ലൈൻ വലിച്ച്	0.500	3
15	അറുനൂറിൽ പാടത്ത് ലൈൻ വലിച്ച്	0.500	3
16	മാടവന മഠം മുതൽ ആലപ്പാട് വരെ ലൈൻ വലിച്ച്	0.500	3



പൊതുജനാരോഗ്യം

തീരദേശവും കുട്ടനാടൻ പാടശേഖരവുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒരു പഞ്ചായത്താണ് അമ്പലപ്പുഴ. മത്സ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്ന പീലിംഗ് ഷെഡിൽ നിന്നും തുറന്നു വിടുന്ന മലിന ജലവും കുട്ടനാടൻ പാടശേഖരങ്ങളിൽ വർഷാവർഷം ഉപയോഗിക്കുന്ന കീടനാശിനികളും രാസവളങ്ങളും മൂലമുണ്ടാകുന്ന ജലമലിനീകരണവും ഈ പ്രദേശത്തെ ആരോഗ്യ രംഗത്ത് വലിയ വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. കോളറ, ടൈഫോയ്ഡ്, എലിപനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ ഉണ്ടാകുകയും ഇതുമൂലം മരണങ്ങൾ സംഭവിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ പൊതുജനാരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു വേണ്ടി സർക്കാർ തലത്തിൽ അമ്പലപ്പുഴ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ്, കരുമാടി ആയുർവ്വേദ ആശുപത്രി എന്നിവയെയാണ് പ്രധാനമായും ആശ്രയിക്കേണ്ടി വരുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയുടെ കുറെ ഭാഗങ്ങളും ഈ പഞ്ചായത്തിലാണ്. ഇവ കൂടാതെ ഒരു മലേറിയ കൺട്രോൾ യൂണിറ്റ് – സബ്സെന്ററുകളും ഉണ്ട്.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്ന ചർച്ചകളുടെ അടിസ്ഥാനത്തിലുള്ള പൊതു നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ പ്രധാന ആരോഗ്യ സ്ഥാപനമായ മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റിനു ഒട്ടേറെ പരിമിതികൾ ഉണ്ട്. ശിശു രോഗ വിദഗ്ദൻ, ഗൈനക്കോളജിസ്റ്റ് തുടങ്ങിയവരുടെ സേവനം നേരത്തെ ഇവിടെ ലഭ്യമായിരുന്നെങ്കിലും ഇപ്പോൾ ലഭ്യമല്ല. ഇതിന് സത്വര നടപടികൾ ഉണ്ടാകണം. രോഗികളുടെ അനുപാതമനുസരിച്ച് ജീവനക്കാരെ നിയമിക്കുകയും കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം. ഇവിടെ 24 മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ക്യാഷ്വാലിറ്റിയും മോർച്ചറിയും പുനഃസ്ഥാപിക്കണം. ആവശ്യാനുസരണം മരുന്നുകൾ ലഭ്യമാക്കുകയും വേണം. അത്യാസന നിലയിൽ രാത്രികാലങ്ങളിൽ എത്തുന്ന രോഗികളെ പരിചരിക്കുവാൻ ഡോക്ടറുമാരുടെ സേവനം ഇപ്പോൾ ഇവിടെ ലഭ്യമല്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തണം.

പട്ടിക 1

അലോപ്പതി (എം. സി. എച്ച്. യൂണിറ്റ്) പകർച്ചവ്യാധികൾ

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ	ആകെ
1994	652	43	155	850
1995	439	39	199	677
1996 (25-10-96)	523	38	434	995

പട്ടിക 2

രോഗികൾ (ഇൻപേഷ്യന്റ്-ഔട്ട്പേഷ്യന്റ്)

വർഷം	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	ആകെ
1993	2529	46046	48575
1994	3096	41340	44436
1995	879	37577	38456
1996 (25-10-96)	379	33555	33934

ആലപ്പുഴ മെഡിക്കൽ കോളേജ് ഈ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും ഇതോടനുബന്ധിച്ചുള്ള ആശുപത്രിയുടെ ഏതാനും വിഭാഗങ്ങൾ മാത്രമേ മെഡിക്കൽ കോളേജ് ക്യാമ്പസിൽ സ്ഥാപിതമായിട്ടുള്ളു. മെഡിക്കൽ കോളേജ് ആശുപത്രി പൂർണ്ണമായും മെഡിക്കൽ കോളേജ് ക്യാമ്പസിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്. ഇവിടെ ഒരു അത്യാഹിത വിഭാഗം അ യന്തിരമായി തുടങ്ങേണ്ടത് ആവശ്യമാണ്. ആ പത്രിക്ക് ഒരു ആംമ്പുലൻസ് സൗകര്യം കൂടുത ഉണ്ടാകേണ്ടത് മറ്റൊരു അത്യാവശ്യ കാര്യമാണ്

കരുമാടി ആയ്യൂർവ്വേദ ആശുപത്രിയി ഇൻപേഷ്യന്റ് വിഭാഗം തുടങ്ങുന്നതിനു അ വാദം ഉണ്ടെങ്കിലും അത് ഇതുവരെ നടപ്പിലാ ട്ടില്ല. സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

പട്ടിക 3

ആയ്യൂർവ്വേദം (ഗവ. ആയ്യൂർവ്വേദാശുപത്രി) രോഗികൾ

വർഷം	ഇൻ പേഷ്യന്റ്	ഔട്ട് പേഷ്യന്റ്	ത്വക്ക് രോഗം	വാത രോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ളവ
92-93	ഇല്ല	4165	853	906	7	10	2389
93-94	ഇല്ല	4675	951	1124	18	9	2573
94-95	ഇല്ല	3921	752	1422	5	6	1136
95-96	ഇല്ല	3184	611	1030	31	15	1497

ഒരു ഹോമിയോ ആശുപത്രി ഈ പഞ്ചായത്തിൽ ആരംഭിക്കേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്തതാണെന്ന അഭിപ്രായം എല്ലാ പ്രദേശങ്ങളിൽ നിന്നും ഉയർന്നു വന്നിരിക്കുന്നു. ഒരു ആയുർവ്വേദ ആശുപത്രി കൂടി ഈ പഞ്ചായത്തിൽ സ്ഥാപിക്കണമെന്ന ആവശ്യത്തിനു പ്രസക്തി ഉണ്ട്. കൂടുതൽ മെഡിക്കൽ സബ്സെന്ററുകൾ സ്ഥാപിക്കണമെന്നതും ഗ്രാമസഭകളുടെ നിർദ്ദേശങ്ങളിൽ പെടുന്നു. കക്കൂസുകൾ എല്ലാ വാർഡുകളിലും ആവശ്യത്തിനില്ല എന്നത് ഒരു പ്രധാന പരാതിയായി ഉയർന്നു വന്നിട്ടുണ്ട്. തുറസായ സ്ഥലം ഈ ആവശ്യത്തിനു ഉപയോഗിക്കുന്നതു കൊണ്ട് സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതായും കാണുന്നു. പാവപ്പെട്ട ജനങ്ങൾക്ക് കക്കൂസുകൾ അടിയന്തിരമായി നിർമ്മിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം അനുവദിക്കേണ്ടതാണ്. തീരദേശങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

പീലിംഗ് ഷെഡുകളിലെ മലിനജലം തോടുകളിലേക്ക് ഒഴുകുന്നത് ഒരു ആരോഗ്യ പ്രശ്നമായി ഉയർന്നു വന്നിരിക്കുന്നു. ഈ തോടുകളുടെ സമീപത്തുള്ള സ്കൂളുകളിലെ കുട്ടികൾക്ക് ഈ മലിനീകരണം മൂലം ബോധക്ഷയം പോലും സംഭവിച്ചിട്ടുണ്ട്. പീലിംഗ് ഷെഡുകളിലെ മലിനജലം കടലിലേക്ക് ഒഴുക്കാൻ സംവിധാനം ഉണ്ടാകണം. വളരെ പെട്ടെന്ന് നടപടി സ്വീകരിക്കേണ്ട ഒരു പ്രശ്നമായി ഇത് എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിരിക്കുന്നു.

ചെമ്മീൻതോട് പൊതുസ്ഥലത്ത് ഉണക്കുന്നത് നിരോധിക്കാനുള്ള നടപടി ഉണ്ടാകണം.

പീലിംഗ് ഷെഡിലെ തൊഴിലാളികൾക്ക് വൈദ്യപരിശോധനാ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. മലിനീകരണത്തിനു ഇറച്ചി വെട്ടുകാരുടെ വെയ്സ്റ്റും കാരണമാകുന്നുണ്ട്. കശാപ്പുശാല (സ്ലാംഗർ ഹൗസ്) സ്ഥാപിക്കേണ്ടത് ഒരാവശ്യമാണ്.

കക്കൂസുകൾ പൊതു തോടുകളിലേക്ക് തുറന്നിരിക്കുന്നത് മൂലമുള്ള മലിനീകരണം തടയേണ്ടത് ആവശ്യമാണ്. തോടുകളിലേ പോളയും മാലിന്യങ്ങളും കാലാകാലങ്ങളിൽ നിർമ്മാർജ്ജനം ചെയ്യാൻ സംവിധാനം ഉണ്ടാകണം. കീടനാശിനികളുടെ അമിതമായ ഉപയോഗം മൂലം കാർഷിക മേഖലയുമായി ബന്ധപ്പെട്ട തോടിലെ ജലം ഉപയോഗിക്കുന്ന ആളുകളിൽ ത്വക്ക് രോഗം ഉള്ളതായി കാണുന്നു. അടിയന്തിരമായി ശ്രദ്ധിക്കേണ്ട പ്രശ്നമാണ് ഇത്.

കെട്ടികിടക്കുന്ന മലിനജലം മൂലമുള്ള മലിനീകരണം കൊതുകുകളുടെ ശല്യം വർദ്ധിക്കുവാനും അതുമൂലമുള്ള രോഗങ്ങൾ പടർന്നു പിടിക്കാനും ഇടയാകുന്നു. കൊതുകു നിവാരണത്തിനു കമ്മ്യൂണിറ്റി മെഡിസിന്റെ സഹകരണത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് പകർച്ചവ്യാധികൾ തടയണം.

അംഗൻവാടികളിൽ കുട്ടികൾക്ക് നല്കുന്ന ഭക്ഷണ പദാർത്ഥങ്ങൾക്ക് ഉപയോഗിക്കുന്ന സാധനങ്ങൾ മാസങ്ങളോളം പഴക്കമുള്ളതാണെന്ന പരാതി പരക്കെ ഉണ്ട്. കൂടാതെ വേണ്ടരീതിയിൽ പാചകം ചെയ്യുന്നില്ലെന്നും പരാതി ഉണ്ട്. പാചകത്തിന് ആവശ്യമായ എണ്ണ ലഭിക്കുന്നില്ലാ എന്ന പ്രശ്നവും നിലനില്ക്കുന്നു. ഇവ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ വേഗം സ്വീകരിക്കേണ്ടതാണ്. അംഗൻവാടികൾ വഴി പ്രായഭേദമെന്യേ എല്ലാവർക്കും മരുന്നുകൾ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

പട്ടിക 4

കുട്ടികളുടെ പോഷണനിലവാരം

(6 വയസിൽ താഴെ)

ഗ്രേഡ് 1	(ലഘുവായ പോഷണക്കുറവു)	1103
ഗ്രേഡ് 2	(മിതമായ പോഷണക്കുറവു)	212
ഗ്രേഡ് 3	(ഗുരുതരമായ പോഷണക്കുറവു)	2

തെരുവുനായ്ക്കളുടെ ശല്യം മറ്റൊരു പ്രധാന പ്രശ്നമായി ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

കുട്ടികളുടെ മാനസികവും ആരോഗ്യപരവുമായ പുരോഗതി ലക്ഷ്യമാക്കികൊണ്ടുള്ള പരിപാടികൾ പ്രത്യേകം താല്പര്യമെടുത്ത് ആവിഷ്ക്കരിയ്ക്കേണ്ടതാണ്.

പട്ടിക 5

കുട്ടികളുടെ പോഷണനിലവാരം (6 വയസിൽ താഴെ)

1	ചലന വൈകല്യമുള്ളവർ	388
2	അന്ധർ	55
3	ബധിരർ	143
4	ആകെ	586

പട്ടിക 6 മന്ദബുദ്ധികൾ

പ്രായം	എണ്ണം
0–15	16
16 നു മേൽ	83
ആകെ	99

കുട്ടികളുടെയും ചെറുപ്പക്കാരുടെയും കായികപരിശീലനത്തിനു വേണ്ടി ഒരു പൊതുകളിസ്ഥലം നിർമ്മിക്കേണ്ടതാണ്. ആരോഗ്യപരിപാലനത്തെകുറിച്ചുള്ള ബോധവല്ക്കരണ പരിപാടി വളരെ പ്രധാന്യത്തോടെ നടപ്പിലാക്കേണ്ടതാണ്.

പട്ടിക 7

ജനനം 1995	321

പട്ടിക 8

മുലയൂട്ടുന്ന അമ്മമാർ	318
ഗർഭിണികൾ	498

പട്ടിക 9, 10

(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ 95–96)

	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ എണ്ണം
1 കുട്ടി	1412	ഇല്ല
2 കുട്ടികൾ	2230	822
2 ൽ കൂടുതൽ	2884	314
ആകെ	6526	1136

1) ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങു ഒരു കമ്മിറ്റി ഹോട്ടലുകളും, റസ്റ്റോറന്റുകളും ശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേ താണ്. 2) കച്ചേരിമുക്കിൽ ഒരു കംഫർട്ട് സ്റ്റേ സ്ഥാപിക്കണം. 3) വ്യാജ മദ്യ വില്പന തട ന്നതിനുള്ള നടപടികൾ സ്വീകരിക്കണം. 4) വടക്കാർ പൊതുസ്ഥലം മലിനപ്പെടുത്തുന്നത് യാനുള്ള നടപടികൾ സ്വീകരിക്കണം. 5) പഞ്ച ത്തിൽ ഒരു പൊതുശ്മശാനവും ഒരു ഹരി ശ്മശാനവും നിലവിൽ ഉണ്ടെങ്കിലും മറ്റൊ പൊതു ശ്മശാനവും കൂടി ഉണ്ടാകേണ്ടത് ആ ശ്യമാണെന്ന അഭിപ്രായം ഉയർന്നു വന്നിരിക്കുന

വാർഡുതലത്തിൽ ചെയ്യേണ്ട നിർദ്ദേശങ്ങൾ

വാർഡ് രണ്ട്

1) ഈ വാർഡിലുള്ള മാതൃശിശുസംരക്ഷ കേന്ദ്രം ഇപ്പോൾ ഒരു വീട്ടിലാണ് പ്രവർത്തി വരുന്നത്. ഈ സ്ഥാപനത്തിനു സ്വന്തമായി കെട്ടിടമോ അല്ലെങ്കിൽ ഒരു വാടക കെട്ടിട ഉണ്ടാകണം.

വാർഡ് പത്ത്

കച്ചേരിമുക്കിലെ പൊതുകിണർ വൃത്തിയാക്കണ

വാർഡ് പതിനൊന്ന്

1) പുത്തൻകുളം വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2) ക്ഷേത്രപരിസരത്തുള്ള മലനീകരണം തടയുന്നതിനു നടപടി സ്വീകരിക്കണം.

വാർഡ് പതിമൂന്ന്

1) ഈ വാർഡിനു സമീപം അനുവദിച്ചിട്ടുള്ള ഹെൽത്ത് സെന്ററിന്റെ നിർമ്മാണം ഉടൻ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണം.

2) കാവിൽ ക്ഷേത്രമൈതാനത്ത് കേന്ദ്രവാട്ട ബോർഡ് നിർമ്മിച്ച കുഴൽ കിണറിലെ ഔഷ ഗുണമുള്ള ജലം തക്ക് രോഗികൾക്ക് കുളിക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്നുണ്ട്. അവർക്ക് വേണ്ടി കുളിമുകൾ നിർമ്മിക്കേണ്ടതത്യാവശ്യമാണ്

വാർഡ് പതിനഞ്ച്

1) നിലവിലുള്ള 25 കുളങ്ങൾ വൃത്തിയാക്കണം

VIII

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

ജാതിപരമായ വേർതിരിവുകളുടെ - ചാതുർവർണ്ണ്യ വ്യവസ്ഥയുടെ ഇരുളടഞ്ഞ നാളുകളിൽ സാമൂഹ്യജീവിത ചുറ്റുപാടുകളിൽ നിന്നും പൂർണ്ണമായും അകറ്റിനിർത്തപ്പെട്ട ഒരു വിഭാഗം - അടിമത്തസമാനമായ ജീവിതത്തിന്റെ ചാലുകളിൽ നിന്നും മോചനത്തിന്റെ തീക്കാറ്റ് ഉയർത്തുന്ന ഒട്ടേറെ പോരാട്ടങ്ങളുടെ ഫലമായി വൈകിയെങ്കിലും മനുഷ്യരാണെന്ന് അംഗീകരിക്കപ്പെടേണ്ടി വന്നവർ നൊമ്പരപ്പെട്ട അവരുടെ മനസ്സുകളുടെ മുറിവുണക്കുവാൻ ഇതര ജനവിഭാഗങ്ങളോടൊപ്പം സാമൂഹിക സാമ്പത്തികരംഗങ്ങളിലേയ്ക്ക് ഉയർത്തികൊണ്ടുവരുന്നതിന് സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും മാറിമാറിവന്ന ഭരണകൂടങ്ങളും ഒട്ടേറെ ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചെങ്കിലും ഇന്നും "അന്യം നില്ക്കൽ" തുടരുന്നു എന്നതാണ് വസ്തുത. 1991 ലെ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനതയുടെ 94% പേരും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരാണ് എന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയുമ്പോളാണ് സാമൂഹിക പുരോഗതിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള നമ്മുടെ പ്രയാണത്തിൽ അവഗണനയിലാണ്ട ഒരു ജനതയുടെ അനാമ്പരങ്ങൾ വഴി മുടക്കുന്നത്. ഇവരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്താൻ നടപ്പാക്കപെടുന്ന ക്ഷേമപദ്ധതികൾ കൂടുതൽ ഗുണകരമാവുകയും വിദ്യാഭ്യാസ - ആരോഗ്യ - തൊഴിൽ - പാർപ്പിട രംഗങ്ങളിലെല്ലാം വ്യക്തമായ ശ്രമം ഉണ്ടാകേണ്ടിയിരിക്കുന്നു. സാമൂഹ്യരംഗത്തെ ഈ വെല്ലുവിളി ഏറ്റെടുക്കുകയും കഴിയും വേഗം പരിഹരിക്കുകയും ചെയ്യുക എന്നുള്ള കർത്തവ്യമാണല്ലോ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സുപ്രധാന കടമയും.

അമ്പലപ്പുഴ ഗ്രാമപഞ്ചായത്തിൽ 500 ഓളം കുടുംബങ്ങളിലായി 2386 പേർ പട്ടികജാതിയിലും 29 പേർ പട്ടികവർഗ്ഗവിഭാഗത്തിലും പെടുന്നവരാണ്. സാമൂഹ്യ - സാംസ്കാരിക രംഗത്ത് പുരോഗതി നേടിയിട്ടുണ്ടെങ്കിലും സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ബോധപൂർവ്വം അല്ലെങ്കിലും ജാതി പേർ വിളിക്കുന്ന രീതി വിരളമായിട്ടാണെങ്കിലും നമ്മുടെ പഞ്ചായത്തിലും ഉണ്ട്. സാമൂഹ്യ - രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതൃനിരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നമ്മുടെ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ ശ്ലാഘനീയം തന്നെയാണ്. നിലവിലുള്ള ഗ്രാമപഞ്ചായത്തിൽ ജനറൽ വാർഡിൽ നിന്നും ഒരു പട്ടികജാതിക്കാരനെ തെരഞ്ഞെടുക്കുവാൻ കാണിച്ച ഉത്സാഹം തന്നെ ജാതിപരമായ അന്ധതയിൽ നിന്നും മാറി ചിന്തിക്കുന്നതിന്റെ ശുഭോദർക്കമായ തുടക്കമാണ്.

അമ്പലപ്പുഴ പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവർ രൂക്ഷമായ പാർപ്പിട പ്രശനങ്ങൾ നേരിടുന്നവരാണ്. ഉള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തുകൊടുത്തും ഭൂമിയില്ലാത്തവർക്ക് ഭൂമി നല്കിയും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ കഴിയണം. പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള കോളനികളിലേയ്ക്കുള്ള ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോടൊപ്പം ശുദ്ധജലവും വൈദ്യുതിയും എത്തിക്കാൻ കഴിയണം.

പഞ്ചായത്തിൽ മൂന്ന് കോളനികൾ ഉണ്ട്. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമല്ല. ജീവിത സാഹചര്യങ്ങൾ മോശമായതിനാൽ ഉയർന്ന വിദ്യാഭ്യാസം നേടുന്നതിന്

പലർക്കും കഴിയുന്നില്ല. ചെറുപ്രായത്തിൽ തന്നെ ജോലിക്ക് പോയി കുടുംബം പുലർത്തേണ്ടി വരുന്നതിനാൽ എസ്. എസ്. എൽ. സി. യ്ക്ക് മുകളിൽ പഠിക്കാൻ കഴിഞ്ഞിട്ടുള്ള പെൺകുട്ടികളുടെ എണ്ണം വളരെ കുറവാണ്. ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ പഠനം മുമ്പോട്ട് കൊണ്ടു പോകുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് ആവശ്യമായ സംവിധാനങ്ങൾ അപര്യാപ്തമാണ്.

കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് കൂടുതൽ കാർഷിക രംഗത്തെ മാന്ദ്യം മൂലം ഏറെ ദിവസങ്ങളിൽ തൊഴിൽ ലഭിക്കുന്നില്ല. സ്ത്രീകളെയാണ് ഇത് കൂടുതലായി ബാധിച്ചിട്ടുള്ളത്. പരമ്പരാഗത കൈതൊഴിലുകളായ പായ് നെയ്ത്ത്, കുട്ട നിർമ്മാണം, കൗതുക വസ്തുക്കളുടെ നിർമ്മാണം എന്നിവയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ, സാമ്പത്തികം ഇവ ലഭ്യമാക്കി ചെറുകിട വ്യവസായ യൂണിറ്റുകൾ സംഘടിപ്പിക്കണം. ഗ്രാമജ്യോതിയിലൂടെയും മറ്റും വിപണനം ഉറപ്പാക്കേണ്ടതുണ്ട്. വിദഗ്ദതൊഴിലുകളിൽ പരിശീലനം നല്കി മാത്രമേ കാർഷികമേഖലയിൽ പണിയെടുക്കുന്നവരുടെ ഭാഗീകമായ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയൂ.

ഏതാണ്ട് 150 കുടുംബങ്ങൾക്ക് വീടില്ല. വീട് വെയ്ക്കാൻ സ്ഥലം പോലുമില്ലാത്ത കൂട്ടുകുടുംബങ്ങൾ ഉണ്ട്. 200 വീടുകൾ അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടവയാണ്. കൈവശഭൂമിക്ക് പട്ടയം കിട്ടിയിട്ടില്ലാത്ത ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്. വീട് വെയ്ക്കാൻ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കൊണ്ട് പല വീടുകളും പൂർത്തീകരിക്കാനാവാതെ കിടക്കുന്നുണ്ട്.

കോളനികളിൽ ആവശ്യത്തിന് കക്കൂസുകളില്ല. കുടിവെള്ളം പ്രശ്നം അതിരൂക്ഷമാണ്. കോളറബാധ ഉണ്ടായിട്ടുള്ള പ്രദേശങ്ങൾ ഉണ്ട്. കോളനികൾക്കും ഒറ്റപ്പെട്ട വീടുകൾക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കുകയും കുടിവെള്ളം കിട്ടുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം.

സാദ്ധ്യതകൾ

1) വീടില്ലാത്ത കുടുംബങ്ങൾക്ക് വീട് വെയ്ക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തേണ്ടവയ്ക്ക് ആവശ്യമായ ധനസഹായവും ലഭ്യമാക്കണം. വീട് വെയ്ക്കാൻ സ്ഥലം സ്വന്തമായി ഇല്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുവാനും സഹായം ലഭ്യമാക്കണം.

2) കൈവശഭൂമിക്ക് പട്ടയം ലഭ്യമാക്കണം. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഭൂമി അനധികൃതമായി കൈവശം വെച്ചിരിക്കുന്നവരിൽ നിന്നും ഒഴിപ്പിച്ച് കിട്ടണം.

3) താഴ്ന്ന് കിടക്കുന്ന ഭൂമി നികത്തിയെടുക്കുന്നതിന് ധനസഹായം നൽകുക. തോടിന്റെയും ആറിന്റെയും അരികിൽ താമസിക്കുന്നവരുടെ ഭൂമി ഇടിഞ്ഞുപോകാതിരിക്കുന്നതിനായി കൽക്കെട്ട് പണിയുക.

4) പട്ടികജാതിക്കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനു പൈപ്പുകൾ എത്തിക്കുകയും കൂടുതൽ ടാപ്പുകൾ ഏർപ്പെടുത്തുകയും വേണം.

5) കോളനികൾക്ക് സെപ്ടിടാങ്ക് കക്കൂസുകൾ നിർമ്മിച്ച് നല്കുക. ഒറ്റപ്പെട്ട വീടുകൾക്ക് കക്കൂസുകൾ നിർമ്മിക്കാൻ സഹായം നല്കുക.

6) കോളനികളിലേയ്ക്ക് റോഡുകൾ നിർമ്മിക്കുക, വഴിവിളക്കുകൾ സ്ഥാപിക്കുക.

7) കോളനികളിൽ കെട്ടിക്കിടക്കുന്ന ജലം ഒഴുക്കിവാക്കുന്നതിന് ഓടകൾ നിർമ്മിക്കുക.

8) മാരകമായ രോഗങ്ങൾ പിടിപ്പെട്ടവർക്ക് സൗജന്യവൈദ്യസഹായം ഏർപ്പെടുത്തണം.

9) സാമൂഹ്യക്ഷേമ പെൻഷനുകളും വിദ്യാഭ്യാസഗ്രാന്റുകളും യഥാസമയം ലഭ്യമാക്കണം.

10) കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കണം. അംഗൻവാടികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഫലപ്രദമായ പ്രീ പ്രൈമറി വിദ്യാഭ്യാസം കൂടി ലഭിക്കത്തക്ക വിധമാക്കണം.

11) പട്ടികജാതി പട്ടികവർഗ്ഗ അമ്മമാർക്കും കുട്ടികൾക്കും പോഷകാഹാര വിതരണം കാര്യക്ഷമമായി നടപ്പിലാക്കണം.

12) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക് ഹോസ്റ്റലിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി നിർദ്ധനകുടുംബങ്ങളിൽ നിന്നും ഉയർന്ന വിദ്യാ

്യാസം ലഭിക്കാനർഹതയുള്ള കൂടുതൽ കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുവാൻ കഴിയണം.

3) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തണം.

4) വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിക്കുന്നതിന് സഹായം നല്കുക.

5) മൂഴുവൻ വീടുകളിലും സൗജന്യമായി പരിഷത്തടുപ്പുകൾ സ്ഥാപിക്കുക.

6) പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം സ്ഥാപിക്കുക.

7) വനിതാ സംഘങ്ങൾ സ്ഥാപിച്ച് ചെറുകിട വ്യവസായ യൂണിറ്റുകളും വിപണനസംവിധാനങ്ങളും ഉണ്ടാക്കി സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുക.

8) കൈത്തൊഴിലുകളും പരമ്പരാഗത തൊഴിലുകളും ചെയ്യുന്നവർക്ക് പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും തൊഴിലുപകരണങ്ങളും ധനസഹായവും ലഭ്യമാക്കണം.

19) സ്വന്തമായി കൃഷിചെയ്യുന്നവർക്ക് സൗജന്യമായി കാർഷികോപകരണങ്ങൾ നൽകുക.

20) ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ തൊഴിൽരഹിതർക്കും വിദഗ്ദ തൊഴിലുകളിൽപരിശീലനം ഏർപ്പെടുത്തണം

21) സ്വയം തൊഴിൽ വായ്പയ്ക്കുള്ള നടപടികൾ ലഘൂകരിക്കണം

22) കോളനികളുമായി ബന്ധപ്പെട്ട് ഗ്രന്ഥശാലാ ഔട്ട്ലറ്റുകൾ ഏർപ്പെടുത്തണം, ക്ഷേമപദ്ധതികൾ അറിയാനുള്ള ഇൻഫർമേഷൻ സെന്ററുകൾ തുടങ്ങണം. കോളനികളിൽ പൊതുറേഡിയോയും ടെലിവിഷനുകളും ഏർപ്പെടുത്തണം

23) പൊതു ശ്മശാനം വേണം

24) ബഹുജനസംഘടനകളിലും കമ്മറ്റികളിലും പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുക

25) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം പഞ്ചായത്തിലൂടെ നടപ്പിലാക്കണം





IX
സഹകരണം

ഇൻഡ്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഔദ്യോഗിക രംഗപ്രവേശനം നടന്നത് 1904– ലാണ്. ഈ നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന കർഷക ജനതയെന്ന ബാദ്ധ്യതയിൽനിന്നും കരകയറ്റുകയെന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ഇൻഡ്യയുടെ സാമ്പത്തിക സാമൂഹിക ചരിത്രത്തിൽ പ്രസ്ഥാനത്തിന്റെ ആവിർഭാവം സുപ്രധാനമായ പല പരിവർത്തനങ്ങൾക്കും തുടക്കം കുറിച്ചു.

കേരള സംസ്ഥാനത്തിനു പൊതുവായി ഒരു സഹകരണ ആക്റ്റ് അംഗീകരിച്ചു നടപ്പിലായത് 1969 ലാണ്. അതിനു മുമ്പുവരെ തിരുക്കൊച്ചിയിൽ നിലവിലുണ്ടായിരുന്ന 1952 ലെ സഹകരണ നിയമമായിരുന്നു. കേരളത്തിൽ സഹകരണ പ്രസ്ഥാനം കടന്നു ചെല്ലാത്ത മേഖലകളില്ല. കേരളത്തിന്റെ സമൃദ്ധിയിലേയ്ക്കുള്ള പാതയായി സഹകരണം അംഗീകരിക്കപ്പെട്ടിരിക്കുന്നു. പ്രസ്ഥാനം കേരളത്തിലെ കാർഷിക വ്യാവസായിക മേഖലകളെ മാത്രമല്ല സമസ്ത മേഖലകളെയും സമ്പന്നമാക്കിക്കൊണ്ട് കേരള ജനതയുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി വളർന്നുകൊണ്ടിരിക്കുന്നു. പ്രാദേശിക അലന്തുലിതാവസ്ഥയും വരുമാന വിതരണത്തിലുള്ള അസമത്വവും തുടച്ചുനീക്കാൻ സഹകരണ പ്രസ്ഥാനത്തിനു മാത്രമേ കഴിയൂ. നമ്മുടെ ദേശീയ പ്രബുദ്ധതയ്ക്ക് ഊടും പാവും നൽകാനും സാമൂഹിക സാമ്പത്തിക വളർച്ച ഫലപ്രദവും യാഥാർത്ഥ്യവുമാക്കി മാറ്റുവാനും സഹകരണ പ്രസ്ഥാനത്തിനു കഴിയും.

കൊല്ലവർഷം 1095 കർക്കടകം 31 ന് താമരഭാഗത്ത് കുഞ്ഞുപിള്ള പണിക്കർ പ്രസിഡന്റായി അമ്പലപ്പുഴ പഞ്ചായത്തിൽ കാക്കാഴം നീർക്കുന്നം കരകൾ പ്രവർത്തന മേഖലയാക്കൊണ്ട് കാക്കാഴം, നീർക്കുന്നം പരസ്പ സഹായ സഹകരണ സംഘം 105 എന്ന പേരി ഒരു സഹകരണ സംഘം നിലവിൽ വന്ന ഇതാണ് ആദ്യമായി പഞ്ചായത്തിൽ രൂപീകരിപ്പെട്ട വായ്പാ സഹകരണ സംഘം. തുടർ അമ്പലപ്പുഴ, ആമയിട, കരുമാടി പടിഞ്ഞാറേ മു കരുമാടി കിഴക്കേമുറി എന്നീകരകൾ ഉൾടുത്തി തിട്ടയിൽ മാധവൻ പിള്ള പ്രസ ഡന്റായിക്കൊണ്ടുള്ള ഏഴംഗഭരണ സമിതിയു നേതൃത്വത്തിൽ 1101 കുംഭമാസം 10–ാം തീയ കരുമാടി പരസ്പര സഹായ സഹകരണസംഘ ക്ലിപ്തം 1141 ന്റെ പ്രവർത്തനമാരംഭിച്ചു. പിന്നീ ഇതേ പ്രവർത്തനം ലക്ഷ്യമാക്കി അമ്പലപ്പു സർവ്വീസ് സഹകരണ സംഘം 1794 അമ്പലപ്പു എം.പി.സി.എസ്സിന്. സഹകരണ സംഘം 1 എന്നിവ പ്രവർത്തനം തുടങ്ങിയെങ്കിലും കെ കാര്യസ്ഥതയും സാമ്പത്തിക ദുർവിനിയോഗവ കാരണം പ്രവർത്തനം നിന്നു പോയി. (കര സംഘത്തിന്റെ പ്രവർത്തന മേഖല ഇപ്പോൾ പു ക്കാട്ട് പഞ്ചായത്തിലാണ്). ഇതിനും പുറമേ ക മാടിയിൽ ഒരു ഇഷ്ടിക നിർമ്മാണ സഹകര സംഘവും അമ്പലപ്പുഴ ഒരു കയർ വ്യവസാ സഹകരണ സംഘവും മെഴുക്തിരി നിർമ്മാണ ബുക്ക് ബയന്റിംഗ്, അച്ചടി എന്നീപ്രവർത്തന നടത്തിവരുന്ന ഒരു വനിതാ വ്യവസായ സഹ രണ സംഘവും കെടുകാര്യസ്ഥതയും മൂ കാരണം പ്രവർത്തനം നിലച്ചു പോയി വണ്ടാ മെഡിക്കൽ കോളേജിൽ ഒരു സഹകര സംഘം പ്രവർത്തിക്കുന്നുണ്ട്. ഇതി പ്രവർത്തനം കൊണ്ട് പഞ്ചായത്തിലെ ജ ങ്ങൾക്ക് വലിയ നേട്ടം ഒന്നും ഇല്ല. അവിടുത്തെ ജീവനക്കാർക്ക് വേണ്ടി മാത്രം ഇതി

പ്രവർത്തനം പരിമിതപ്പെടുത്തിയിരിക്കുന്നു. അമ്പലപ്പുഴ പഞ്ചായത്ത് സെറികൾച്ചർ സംഘം നമ്പർ K.V.(IND) A 224 എന്ന മറ്റൊരു സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഒന്നും ഇല്ല. വണ്ടാനം കരയിൽ വണ്ടാനം ക്രയവിക്രയ സഹകരണ സംഘം ലിമിറ്റഡ് 2309 എന്ന പേരിൽ മറ്റൊരു സംഘവും പ്രവർത്തിക്കുന്നുണ്ട്.

ആലപ്പുഴ അർബൻ സഹകരണ ബാങ്കിന്റെയും ആലപ്പുഴ കാർഷിക വികസന ബാങ്കിന്റെയും പുന്നപ്ര സർവ്വീസ് സഹകരണ ബാങ്കിന്റെയും പ്രവർത്തന പരിധിയിൽ ഈ പഞ്ചായത്തു പ്രദേശം കൂടി വ്യാപിച്ചു കിടക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ നില

കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണ സംഘം, കരുമാടി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയാണ് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു സ്ഥാപനങ്ങൾ. ഇതിൽ കരുമാടി സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം ഒരു വിധം മെച്ചമാണെങ്കിലും പ്രവർത്തന മേഖലയിലെ അംഗങ്ങളുടെ കാർഷിക വും കാർഷികേതരവുമായ ആവശ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നില്ല. കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണ സംഘത്തിന്റെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സാമ്പത്തിക ഭദ്രത കൈവരിക്കേണ്ടിയിരിക്കുന്നു. തന്മൂലം അംഗങ്ങളുടെ വിവിധങ്ങളായ ആവശ്യങ്ങൾ സാധിച്ചു കൊടുക്കുന്നതിന് കഴിയുന്നില്ല. വണ്ടാനം ക്രയവിക്രയ സഹകരണ സംഘത്തിന് വളരെയേറെ വികസന സാദ്ധ്യതകൾ ഉണ്ടെങ്കിലും ഒരു റേഷൻ കട നടത്തുന്നു എന്നുള്ളതിൽ കവിഞ്ഞ് മറ്റു പ്രവർത്തനങ്ങളൊന്നും തന്നെയില്ല. ഈ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഭരണ സമിതിയും താല്പര്യം കാണിക്കുന്നില്ല. കഞ്ഞിപ്പാടം മിൽമാ സഹകരണ സംഘം, ആമയിട മിൽമാ സഹകരണ സംഘം, നീർക്കുന്നം മിൽമാ സഹകരണ സംഘം, അമ്പലപ്പുഴ മിൽമാ സഹകരണ സംഘം എന്നിവയാണ് പാലുത്പാദന വിപണന രംഗത്ത് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അമ്പലപ്പുഴ, ആമയിട സംഘങ്ങൾ ഒരു വിധം മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. മറ്റു രണ്ടു സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ട് കാര്യക്ഷമമാക്കാവുന്നതാണ്. ഈ പഞ്ചായത്തിൽ 5 സ്ക്കൂൾ സഹകരണ സംഘങ്ങൾ ഉണ്ട്. പഠന പുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്യുന്നതിൽ കവിഞ്ഞ് മറ്റു പ്രവർത്തനങ്ങൾ ഒന്നും ഇവിടെ നടക്കുന്നില്ല. മൂന്നു മത്സ്യ സഹകരണ സംഘങ്ങളുണ്ടെങ്കിലും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ടുള്ള സേവനം കാഴ്ച വയ്ക്കാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല.

വീടുകൾ നിർമ്മിക്കുന്നതിനും വീടുകളുടെ അറ്റകുറ്റപ്പണികൾക്കും വായ്പ ലഭിക്കുന്നതിന് ഈ പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘമില്ല.

വനിതകളുടെ ക്ഷേമത്തിനും തൊഴിൽ സാദ്ധ്യതകൾ ലഭിക്കുന്നതിനും അനുയോജ്യമായ രീതിയിൽ വനിതകൾക്കു വേണ്ടി ഒരു സഹകരണസംഘം ഇവിടെയില്ല.

വർദ്ധിച്ചുവരുന്ന വില നിലവാരം നിയന്ത്രിക്കുന്നതിന് മിതമായ വിലയ്ക്ക് അത്യാവശ്യ സാധനങ്ങൾ ലഭിക്കുന്നതിന് ഒരു കൺസ്യൂമർ സഹകരണ സ്ഥാപനം ഇവിടെയില്ല.

ആമയിട കേന്ദ്രമാക്കിക്കൊണ്ട് പ്രവർത്തിച്ചു വരുന്ന മന്നം സ്മാരക കൈത്തറി നെയ്ത്ത് വ്യവസായ തൊഴിലാളി സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

കയർ വ്യവസായ സഹകരണ സംഘങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ ധാരാളം സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ള യുവജനങ്ങൾ തൊഴിൽ ലഭിക്കാതെ നിൽക്കുന്നുണ്ട്. ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം നമ്മുടെ പഞ്ചായത്തിൽ ഇല്ലാത്തതു മൂലം പഞ്ചായത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന പലവിധമായ വികസന പ്രവർത്തനങ്ങളിലും മേൽപ

റഞ്ഞ യുവജനങ്ങളുടെ സേവനം വിനിയോഗിക്കുവാൻ കഴിയുന്നില്ല.

കാർഷിക രംഗം

നമ്മുടെ പഞ്ചായത്തിൽ ഏകദേശം 3800 ഓളം കാർഷിക കുടുംബങ്ങളുണ്ട്. ഇവയിൽ ഭൂരിപക്ഷവും നെൽക്കൃഷിക്കാരും തെങ്ങുകൃഷിക്കാരും ആണ്. കാർഷികവും കാർഷികേതരവുമായ ഹ്രസ്വകാല, മദ്ധ്യകാല വായ്പകൾ നൽകുന്നത് കരുമാടി സർവ്വീസ് സഹകരണ ബാങ്കും കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണ സംഘവും ആണ്. കർഷകരുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ പൂർണ്ണമായും പരിഹരിക്കുന്നതിന് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

കരുമാടി സർവ്വീസ് സഹകരണ ബാങ്ക്

അമ്പലപ്പുഴ പഞ്ചായത്തിന്റെ 8 മുതൽ 15 വരെയുള്ള വാർഡുകളിലും തകഴി പഞ്ചായത്തിന്റെ 7,9 വാർഡുകളിലും ഇതിന്റെ പ്രവർത്തനം വ്യാപിച്ചു കിടക്കുന്നു. ഏകദേശം 2500 കർഷക കുടുംബങ്ങളെങ്കിലും ബാങ്കിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുന്നുണ്ട്. ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ കർഷകർക്കാവശ്യമായ വായ്പ, വളം, കീടനാശിനി എന്നിവ ഈ ബാങ്കു വഴി വിതരണം ചെയ്യുന്നു. സ്വർണ്ണപ്പണയ വായ്പ, ചിട്ടി എന്നിവയും ഈ ബാങ്ക് കാര്യക്ഷമമായി നടത്തിവരുന്നു. എന്നാൽ അംഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കുന്നതിന് പര്യാപ്തമായതരത്തിൽ ബാങ്കിന്റെ സാമ്പത്തിക സ്ഥിതി വളർച്ച പ്രാപിച്ചിട്ടില്ല. കാർഷിക വായ്പകൾ മാത്രം നൽകുന്നതിൽ കുറഞ്ഞത് ഒരുകോടി രൂപയെങ്കിലും വേണ്ടിവരും. തൽസ്ഥാനത്ത് കഴിഞ്ഞ വർഷം കാർഷിക വായ്പയായി 26 ലക്ഷം രൂപയാണ് നൽകിയത്. വായ്പകൾ തിരിച്ചടക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുകയും ബാങ്ക് പ്രവർത്തനത്തിൽ കൂടുതൽ ജന വിശ്വാസം ആർജ്ജിച്ചുകൊണ്ടുവൻതോതിൽ നിക്ഷേപങ്ങൾ സ്വരൂപിക്കാൻ കഞ്ഞാൽ ബാങ്കിന്റെ പ്രവർത്തനം കുറെക്കൂടി മെച്ചപ്പെടുത്താൻ കഴിയും.

കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണ സംഘം

സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ചുകൊണ്ട് അമ്പലപ്പുഴ പഞ്ചായത്തിൽ ആദ്യമായി രൂപം കൊണ്ട താണ് കാക്കാഴം നീർക്കുന്നം സർവ്വീസ് സഹകരണസംഘം. അമ്പലപ്പുഴ പഞ്ചായത്തിലെ 3 മുതൽ 7 വരെയുള്ള വ്ർഡുകളിലും 15-ാം വാർഡിലുമായി ഇതിന്റെ പ്രവർത്തന മേഖല വ്യാപിച്ചു കിടക്കുന്നു. ഇവിടെ ഏകദേശം ആയിരത്തോളം കാർഷിക കുടുംബങ്ങൾ ഉണ്ട്. കാർഷിക മേഖലയുടെ സമഗ്രമായ പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സംഘത്തിന് കാര്യമായ ലക്ഷ്യപ്രാപ്തി നേടാൻ കഴിഞ്ഞിട്ടില്ല. കാർഷികാവശ്യങ്ങൾക്കായി കഴിഞ്ഞ വർഷം 305000 രൂപയാണ് അംഗങ്ങൾക്ക് നൽകിയത്. ഏറ്റവും കുറഞ്ഞത് 50 ലക്ഷം രൂപയെങ്കിലും കാർഷികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു വേണ്ടിവരും. കർഷകരുടെ ആവശ്യങ്ങൾ ഒരു പരിധി വരെയെങ്കിലും പരിഹരിക്കുന്നതിന് കഴിഞ്ഞില്ലെന്നുള്ളത് ഒരു വസ്തുതയാണ്. സാമ്പത്തികമായി വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ അനുയോജ്യമായ ഒരു മേഖലയാണ് സംഘം പ്രവർത്തന പരിധിയിലുള്ളത്. ഭരണസമിതിയുടേയും മറ്റും കൂട്ടായ പ്രവർത്തനംകൊണ്ട് സംഘം പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും. അതിലേയ്ക്ക് അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ട് സംഘം പ്രവർത്തനം വിപുലീകരിക്കണം.

വണ്ടാനം ക്രയവിക്രയ സഹകരണ സംഘം

അമ്പലപ്പുഴ പഞ്ചായത്തിന്റെ ഒന്നും രണ്ടും വാർഡുകളിലാണ് ഈ സംഘത്തിന്റെ

പ്രവർത്തന മേഖല. സംഘത്തിന്റെ ഉദ്ദേശ ലക്ഷ്യ ങ്ങളിൽ വായ്പാ വിതരണവും മറ്റും പറഞ്ഞിട്ടു ണ്ടെങ്കിലും അങ്ങനെയുള്ള യാതൊരു പ്രവർത്ത നവും ഇപ്പോൾ നടക്കുന്നില്ല. സംഘത്തിന്റെ ചുമ തലയിൽ ഒരു റേഷൻ കട നടത്തുന്നുണ്ട്. നെൽക്കൃഷിക്കാരും തെങ്ങുകൃഷിക്കാരും തിങ്ങി പാർക്കുന്ന ഒരു മേഖലയാണിതെന്നതുകൊണ്ട് വളരെയേറെ വികസന സാധ്യതകൾ ഈ സംഘ ത്തിനുണ്ട്. എന്നാൽ ഭരണ സമിതി തികച്ചും നിർജ്ജീവമാണ്. ഭരണസമിതിയും അംഗങ്ങളും ചേർന്നു പ്രവർത്തിച്ചാൽ വളരെ നല്ല കാര്യ ങ്ങൾ ഈ സംഘങ്ങൾ വഴി അംഗങ്ങൾക്ക് ചെയ്തുകൊടുക്കാൻ കഴിയും. തെങ്ങ് കൃഷി യുടെ അഭിവൃദ്ധി ലക്ഷ്യമാക്കികൊണ്ട് നാളി കേരം സംസ്കരിച്ച് വിപണനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുന്നത് വഴി ഈ മേഖല യിലെ തൊഴിലില്ലായ്മ ഒരു പരിധിവരെ പരി ഹാരം കണ്ടെത്താനും കഴിയും.

ദീർഘകാല വായ്പകൾ ലഭിക്കുന്നതി നുള്ള ഏക സ്ഥാപനമാണ് അമ്പലപ്പുഴ പഞ്ചാ യത്ത് കൂടിപ്രവർത്തനമേഖലയാക്കികൊണ്ട് ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ആലപ്പുഴ കാർഷികത വികസന ബാങ്ക്. ഈ ബാങ്കിൽ നിന്നും കാര്യമായ പ്രയോജനം നമ്മുടെ പഞ്ചാ യത്തിലുള്ളവർക്ക് ലഭിക്കുന്നില്ല. പ്രത്യേകിച്ചും ഇവിടെ വായ്പകൾ ലഭിക്കുന്നതിന് വളരെ കാല താമസവും നടപടിക്രമങ്ങളിൽ നേരിടേണ്ടിവ രുന്ന ക്ലേശവും മൂലം സാധാരണ ജനങ്ങൾ ഇതിന് വേണ്ടി ശ്രമിക്കാറില്ല. ഈ സ്ഥാപനം കൊണ്ടുള്ള പ്രയോജനത്തെപ്പറ്റി ജനങ്ങൾ ബോധവാന്മാരാല്ലാത്തതും ഒരു പ്രധാനകാരണ മാണ്. ഈ സ്ഥാപനത്തിൽ നിന്നും ജനങ്ങൾക്ക് കിട്ടാവുന്ന നേട്ടങ്ങളെപ്പറ്റി വിപുലമായ പ്രചരണം കൊടുക്കുന്നതോടൊപ്പം തുറന്ന വായ്പകൾ ലഭി ക്കുന്നതിനു നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ ലളിതവൽകരിക്കാനും ശ്രമങ്ങൾ നട ത്തണം.

ആലപ്പുഴ അർബൻ സഹകരണ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ അമ്പലപ്പുഴ പഞ്ചായത്തും ഉൾപ്പെടുന്നതാണെങ്കിലും അവ രുടെ യാതൊരു പ്രവർത്തനവും കാണുന്നില്ല. അമ്പലപ്പുഴയിൽ പ്രസ്തുത ബാങ്കിന്റെ ഒരു ശാഖ പ്രവർത്തിപ്പിച്ച് ചെറുകിട കച്ചവടക്കാർക്കും കൈത്തൊഴിൽക്കാർക്കും വായ്പാ സൗകര്യ ങ്ങൾ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കാവു ന്നതാണ്.



അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ശിശുവിഹാറിന്റെ ഉദ്ഘാടനം വണ്ടാനത്ത്

മിൽമാ സഹകരണ സംഘങ്ങൾ

1. ആമയിട എം.പി.സി.എസ്സ് ഏ (ഡി) 104

ആലപ്പുഴ പഞ്ചായത്തിലെ 12,13,14 വാർഡുകളിൽ ഇതിന്റെ പ്രവർത്തനം കേന്ദ്രീകരിച്ചിരിക്കുന്നു. സാമാന്യം നല്ല രീതിയിൽ പ്രവർത്തിക്കുന്ന വളരെയേറെ വികസന സാദ്ധ്യതയുള്ള ഒരു മേഖലയാണിത്. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന് ന്യായമായ വില ലഭിക്കുന്നില്ല എന്നുള്ള പരാതി വ്യാപകമായിട്ടുണ്ട്. പാലിന്റെ ഗുണനിലവാരം നിശ്ചയിക്കുന്നതിന് ഇലക്ട്രോണിക് സംവിധാനം ഏർപ്പെടുത്തി ഇതിന് പരിഹാരം കാണ്ടെത്തേണ്ടതാണ്. ഈ രംഗത്ത് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകളെ വാങ്ങി അംഗങ്ങൾക്ക് കൊടുക്കുകയും കാലിത്തീറ്റക്ക് കുറഞ്ഞവില നിശ്ചയിക്കുകയും ചെയ്താൽ കൂടുതൽ ആളുകളെ ഈ രംഗത്തേക്ക് കൊണ്ടുവരുവാൻ കഴിയും. അതിനുള്ള ശ്രമങ്ങൾ ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

2. നീർക്കുന്നം എം. പി. സി. എസ്സ് ഏ. 31 (ഡി)

അമ്പലപ്പുഴ പഞ്ചായത്തിന്റെ നീർക്കുന്നം, കാക്കാഴം കരകൾ ഉൾക്കൊള്ളുന്ന 3 മുതൽ 7 വരെയുള്ള വാർഡുകളിൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. നീർക്കുന്നം പ്രദേശത്തുള്ളവർക്ക് ഈ സംഘം കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നില്ല. സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്താൻ സാദ്ധ്യതകൾ ഉണ്ടെങ്കിലും അതിനുള്ള ശ്രമങ്ങൾ നടന്നു കാണുന്നില്ല. സംഘത്തിന്റെ പ്രവർത്തന മേഖലയിൽ താൽപ്പര്യമുള്ള ആളുകളെ കണ്ടെത്തി അത്യുൽപ്പാദന ശേഷിയുള്ള കറവമാടുകളെ വിതരണം ചെയ്തുകൊണ്ട് പ്രവർത്തനം മെച്ചപ്പെടുത്തണം. അതോടൊപ്പം നീർക്കുന്നം ഭാഗത്ത് പാൽ സംഭരിക്കുന്നതിനുള്ള ആ കേന്ദ്രം തുറന്നു പ്രവർത്തിക്കുന്ന പക്ഷം ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെട്ട നീർക്കുന്നത്തെ പാലുൽപാദകർക്കും പ്രയോജനം ലഭിക്കുന്നതാണ്.

3. കഞ്ഞിപ്പാടം എം. പി. സി. എസ്സ് ഏ 193 (ഡി)

ഈ സംഘത്തിന്റെ പ്രവർത്തനം അമ്പലപ്പുഴ പഞ്ചായത്തിന്റെ 15ാം വാർഡിൽ മാത്രം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. തികച്ചും കാർഷിക മേഖലയായതുകൊണ്ട് കന്നുകാലികളെ വളർത്തി പാലുൽപ്പാദിപ്പിക്കാൻ അനുകൂലമായ സാഹചര്യം ആണ് ഉള്ളത്. സംഘത്തിന് സ്വന്തമായ ഒരു കെട്ടിടം നിർമ്മിക്കുവാൻ കഴിഞ്ഞിട്ടില്ല. അംഗങ്ങൾക്ക് കൂടുതൽ കറവമാടുകളെ വിതരണം ചെയ്ത് സംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുകയും ചെയ്യാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

4. അമ്പലപ്പുഴ എം. പി. സി. എസ്സ് ഏ 105 (ഡി)

അമ്പലപ്പുഴ പഞ്ചായത്തിലെ 7 മുതൽ 10 വരെയുള്ള വാർഡുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു. ഒരു വിധം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നുണ്ട്. എന്നാൽ പ്രവർത്തനമേഖലയിൽപ്പെട്ട എല്ലാ വാർഡുകളിലും ഈ സംഘത്തിന്റെ പ്രയോജനം ലഭിക്കുന്നില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ സംഘത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഭരണസമിതി സ്വീകരിക്കുകയും ആവശ്യക്കാരെ കണ്ടെത്തി നല്ലയിനം കറവമാടുകളെ വിതരണം ചെയ്യുന്നതിനും തൊഴിലില്ലായ്മക്ക് പരിഹാരം കാണാനും ശ്രമിക്കുന്നതോടൊപ്പം സംഘത്തിന് സാമ്പത്തികമായ പുരോഗതി നേടാനും കഴിയുന്നതാണ്.

മത്സ്യ സഹകരണസംഘങ്ങൾ

അമ്പലപ്പുഴ പഞ്ചായത്തിൽ 2 ഉം പുന്നപ്ര പഞ്ചായത്തിൽ കൂടി പ്രവർത്തന പരിധിയുള്ള മറ്റൊരു സംഘവും ഉൾപ്പെടെ താഴെ പറയുന്ന 3 സംഘങ്ങളാണ് ഉള്ളത്.

1. അമ്പലപ്പുഴ – പുന്നപ്ര മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം F (A) 44
2. അമ്പലപ്പുഴ–പുന്നപ്ര മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം DF (A) 70/92
3. നീർക്കുന്നം മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘം DF (A) 71/92.

പ്രധാനമായും മത്സ്യത്തൊഴിലാളികളുടെ ക്ഷേമമാണ് സംഘങ്ങളുടെ പ്രവർത്തനലക്ഷ്യം. എന്നാൽ പ്രതീക്ഷക്കനുസരണമായ രീതിയിൽ ഈ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക ഭദ്രത കൈവരുത്തിക്കൊണ്ട് മത്സ്യത്തൊഴിലാളി കളുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുതകുമാറ് പ്രവർത്തനം വിപുലപ്പെടുത്തണം. കൂടാതെ മത്സ്യബന്ധനോപകരണങ്ങൾ ബോട്ടിന്റേയും യമഹാ എൻജിന്റേയും സ്പെയർ പാർട്ട്സുകൾ വല, മണ്ണെണ്ണ, ഡീസൽ തുടങ്ങിയവ ഈ സംഘങ്ങൾക്ക് പരിമിതമായ വിലയ്ക്ക ലഭ്യമാക്കണം. മത്സ്യത്തൊഴിലാളികൾ സംഭരിക്കുന്ന മത്സ്യത്തിനു ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കി ന്യായമായ വില ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഉണ്ടാക്കണം. മത്സ്യം ശേഖരിക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനും മാർക്കറ്റുകൾ കണ്ടെത്തി തൊഴിലാളികൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനും ഈ സംഘങ്ങളെ പ്രാപ്തമാക്കേണ്ടതാണ്.

കൈത്തറി നെയ്ത്ത് തൊഴിലാളി സംഘം

അമ്പലപ്പുഴ പഞ്ചായത്ത് 12ാം വാർഡിലെ ആമയിടയിൽ മന്നം സ്മാരക കൈത്തറി നെയ്ത്തു വ്യവസായ തൊഴിലാളി സംഘം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം വളരെ പരിമിതമായ തോതിൽ മാത്രമേ നടക്കുന്നുള്ളു. വനിതകൾക്ക് തൊഴിൽ സാദ്ധ്യത ലഭിക്കാൻ പറ്റിയ ഒരു മേഖലയാണിത്. വ്യവസായ വകുപ്പിൽ നിന്നും യഥാവസരം ലഭിക്കേണ്ടതായ സാമ്പത്തിക സഹായത്തിന്റെ കുറവും കാര്യക്ഷമമായ മേലന്വേഷണത്തിന്റെ അഭാവവും മൂലം സംഘത്തിന്റെ പ്രവർത്തനത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. കൂടുതൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തി കൂടുതൽ കാര്യക്ഷമതയോടെ നീങ്ങിയാൽ കുറഞ്ഞത് 25 പേർക്കെങ്കിലും പുതുതായി തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്.

ഉപഭോക്തൃ സഹകരണ സംഘങ്ങൾ

അമ്പലപ്പുഴ പഞ്ചായത്തിൽ ആകെ 5 ഉപഭോക്തൃ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. അമ്പലപ്പുഴ എച്ച്.എസ്സ്.സി.എസ്സ്. ഏ 25
2. കെ. കെ. കുഞ്ചുപിള്ള മെമ്മോറിയൽ ഹൈസ്ക്കൂൾ സി. എസ്സ്. ഏ. 584
3. കാക്കാഴം എച്ച്. എസ്സ്. സി. എസ്സ്. ഏ. 4
4. കാക്കാഴം എസ്സ്. എൻ. വി. ബി. ടി. എസ്സ്. ഏ. 759
5. നീർക്കുന്നം എസ്സ്. ഡി. വി. ഗവ: യു. പി. എസ്സ് സി. എസ്സ്. എ. 922

ഈ സംഘങ്ങളിലൊന്നും കാര്യമായ യാതൊരു പ്രവർത്തനവും നടക്കുന്നില്ല. സ്ക്കൂൾ തുറക്കുന്ന കാലഘട്ടത്തിൽ കുറെ പാഠപുസ്തകങ്ങൾ വാങ്ങി വിതരണം ചെയ്യുന്ന ഒരു ചടങ്ങല്ലാതെ മറ്റു പ്രവർത്തനങ്ങളൊന്നും തന്നെയില്ല. സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്ക് എല്ലാ അദ്ധ്യാപകരേയും ഏ ക്ലാസ്സ് അംഗങ്ങളായും എല്ലാ വിദ്യാർത്ഥികളേയും ബി ക്ലാസ്സ് അംഗങ്ങളായും ചേർക്കണം. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമുള്ള എല്ലാ കൺസ്യൂമർ സാധനങ്ങളും ഈ സംഘത്തിൽ നിന്നും വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം. സംഘം സെക്രട്ടറിയായി സേവനം അനുഷ്ടിക്കുന്ന അദ്ധ്യാപകന് പ്രതിമാസ അലവൻസ് നല്കണം. സംഘത്തിന്റെ പ്രവർത്തനം രാവിലെ 10 മണി മുതൽ 1 മണിവരെയോ അല്ലാത്തപക്ഷം 2 മണി മുതൽ 4 മണി വരെയോ നിജപ്പെടുത്തുന്ന പക്ഷം മറ്റു സമയങ്ങളിൽ സെക്രട്ടറിയായി സേവനം അനുഷ്ടിക്കുന്ന അദ്ധ്യാപകന് കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള സൗകര്യവും ലഭിക്കും. ഈ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും വിപുലവുമായ രീതിയിൽ നടത്താൻ കഴിയുന്ന പക്ഷം വളരെയേറെ സാമ്പത്തിക നേട്ടം സംഘത്തിന് കൈവരിയ്ക്കാൻ കഴിയും അതിന്റെ മെച്ചം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലഭിക്കുന്നതാണ്.

അമ്പലപ്പുഴ വനിതാ വ്യവസായ സഹകരണ സംഘം C I N D (A) 105

അമ്പലപ്പുഴ 11-ാം വാർഡിൽ വനിതകളുടേതായി ഒരു സഹകരണ സംഘം പ്രവർത്തിച്ചിരുന്നു. ഇവിടെ പ്രിന്റിംഗ് പ്രസ്സ്, ബുക്ക് ബയന്റിങ്ങ്, മെഴുകുതിരി നിർമ്മാണം എന്നിവ നടത്തിയിരുന്നു. എന്നാൽ 1989 ൽ സംഘത്തിന്റെ ഭരണം വ്യവസായ വകുപ്പ് ഏറ്റെടുക്കുകയും തുടർന്ന് പുതിയ ഭരണ സമിതിയെ തെരഞ്ഞെടുത്ത് ഭരണം കൈമാറുന്നതിനുള്ള നട പടികൾ സ്വീകരിച്ചിട്ടില്ല. തന്മൂലം സംഘം കെട്ടിടം ജീർണ്ണിച്ച് നാശോന്മുഖമാവുകയും അതിലെ ഉപകരണങ്ങളും യന്ത്രസാമഗ്രികളും നശിക്കുകയും ചെയ്തിരിയ്ക്കുകയാണ്. ആയതിനാൽ വ്യവസായ വകുപ്പിന്റെ ചുമതലപ്പെട്ട അഡ്മിനിസ്ട്രേറ്റർ സംഘത്തിന്റെ തെരഞ്ഞെടുപ്പു നടത്തി ഭരണം പുതിയ ഭരണസമിതിയെ ഏൽപ്പിക്കേണ്ടതും അപ്രകാരം ഭരണം ഏറ്റെടുക്കുന്ന ഭരണ സമിതി നാശോന്മുഖമായിപ്പോയ സംഘം വസ്തു വകകളുടെ വില ഡിപ്പാർട്ടുമെന്റിൽ നിന്നും ഈടാക്കി കിട്ടുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിനും വിപണനത്തിനും വളരെയേറെ സാധ്യതകൾ ഉള്ള പ്രദേശമാണ്. വനിതകൾക്ക് തൊഴിൽ അവസരങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്ക്കൂൾ യൂണീഫോറങ്ങളും മറ്റും ഈ സംഘം വഴി നിർമ്മിച്ചു വിതരണം ചെയ്യാൻ കഴിയും. വ്യവസായ ഡിപ്പാർട്ടുമെന്റിൽ നിന്നും മറ്റും ആവശ്യമായ സാമ്പത്തിക സഹായവും ലഭിക്കാൻ സാദ്ധ്യതകൾ ഉണ്ട്.

കൂൺ കൃഷി സഹകരണ സംഘം

കൂൺകൃഷിയിൽ പരിശീലനം നല്കിക്കൊണ്ട് വനിതകളെ ഈ മേഘലയിൽ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ കൂൺകൃഷി നടപ്പിലാക്കാൻ കഴിയും. വൻതോതിലുള്ള മൂലധന നിക്ഷേപം ഇല്ലാതെതന്നെ ഈ കൃഷി നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്. സർക്കാരിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കും. വനിതകൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യത ലഭിക്കുന്നതിനാൽ എല്ലാ വാർഡുകളിലും ഈ കൃഷി വ്യാപിപ്പിച്ച് വിജയകരമായി നടത്തുന്നതിന് പഞ്ചായത്ത് നേരിട്ട് മേൽനോട്ടം വഹിക്കേണ്ടതാണ്.

റൂറൽ ഹൗസിംഗ് സഹകരണ സംഘം

വൻതുകകൾ മുടക്കി കെട്ടിടങ്ങൾ നിർമ്മിക്കുന്ന ഒരു പ്രവണത ഇന്ന് ജനങ്ങളിൽ വ്യാപകമായിട്ടുണ്ട്. ഇതിന് കടിഞ്ഞാണിടേണ്ടതാണ്. കൂടുതൽ തുക ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. ഇന്നുള്ള ഓലപ്പുരകൾ എല്ലാം തന്നെ കാലക്രമേണ കേടുപാടുകൾ മാറ്റി ഷീറ്റോ ഓടോ ഉപയോഗിച്ചു പരിഷ്ക്കരിക്കുന്നതിനും വീടില്ലാത്തവർക്ക് പുതിയ വീടുകൾ കുറഞ്ഞ ചെലവിൽ നിർമ്മിച്ചു കൊടുക്കുന്നതിനും കെട്ടിട നിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ സ്വന്തമായി നിർമ്മിച്ചു വിതരണം ചെയ്യുന്നതിനും അനുയോജ്യമായ തരത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കേണ്ടതാണ്. തടിയുടെയും മറ്റും അമിതമായ വില കണക്കിലെടുത്ത് സിമന്റുപയോഗിച്ച് കട്ടിളയും ജനലും മറ്റും കുറഞ്ഞ ചിലവിൽ നിർമ്മിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞാൽ കെട്ടിട നിർമ്മാണ രംഗത്ത് ഒരു പരിധിവരെ ചിലവ് കുറയ്ക്കാൻ കഴിയുന്നതാണ്. സാങ്കേതിക പരിജ്ഞാനം ലഭിച്ച തൊഴിലാളികളുടേയും കാര്യക്ഷമതയുള്ള ഒരു ഭരണ നേതൃത്വവും ഇതിന്റെ വിജയത്തിനാവശ്യമാണ്.

ഭക്ഷ്യസംസ്ക്കരണ സംഘം

നമ്മുടെ നാട്ടിൽ എവിടെ നോക്കിയാലും തിരുവോറും എല്ലാമുറുക്കാൻ കടകളുടേയും സ്നാക്സ്നറി കടകളുടേയും കാളായ മിക്സ്ച്ചർ, ഉപ്പേരി, മുറുക്ക് മുതലായവ പായ്ക്കറ്റുകളിലാക്കി വില്ക്കാൻ വെച്ചിരിക്കുന്നത് കാണാൻ കഴിയുന്നതാണ്. ഇത് തികച്ചും സ്ത്രീകാര്യ മേഖലയിലുള്ളവരാണ് ഏറ്റെടുത്തു നടത്തുന്നത്. ഈ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരമോ വിലയോ പരിശോധിക്കുന്നതിനും നിശ്ചയിക്കുന്നതിനും സംവിധാനം ഇല്ല. അതിനാൽ മിക്സ്ച്ചർ, ഉപ്പേരി, മുറുക്ക്, അച്ചാറുകൾ, സ്ക്വാഷ്, ജാം എന്നിവ ശാസ്ത്രീയമായ രീതിയിൽ നിർമ്മിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നതിന് വേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. കാര്യക്ഷമമായി പ്രവർത്തിച്ചാൽ വളരെയേറെ വികസിപ്പിക്കാൻ കഴിയുന്ന ഒരു മേഖലയാണിത്. വനിതകൾക്ക് കൂടുതൽ തൊഴിൽ നൽകാൻ കഴിയും ഇവിടെ നിർമ്മിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തെപ്പറ്റിയും വിലയെപ്പറ്റിയും ജനങ്ങളിൽ ആവശ്യമായ ബോധവത്ക്കരണം നടത്തി മാർക്കറ്റ് പിടിച്ചെടുക്കണം. അങ്ങനെ ഈ വ്യവസായം പൂർണ്ണമായും സഹകരണ മേഖലയിൽ കൊണ്ടുവരുവാൻ കഴിയും.

പൊതു നിർദ്ദേശങ്ങൾ

അമ്പലപ്പുഴ പഞ്ചായത്തിന്റെ ഒന്നും രണ്ടും നാലും വാർഡുകൾ ചേർത്തും ഒൻപതും പത്തും വാർഡുകൾ ചേർത്തും 14ാം വാർഡിന് മാത്രമായും ഓരോ ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ അനുയോജ്യമായ വാർഡുകളിൽ പലവ്യഞ്ജനങ്ങൾ, പച്ചക്കറി, മത്സ്യം എന്നിവ ന്യായ വിലയ്ക്ക് ലഭിക്കുന്ന സഹകരണ മാവേലി സ്റ്റോറുകൾ സ്ഥാപിക്കേണ്ടതാണ്.

പഞ്ചായത്ത് കേന്ദ്രീകരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതിനുതകുമാറ് കയർ, കൈത്തറി നെയ്ത്ത്, നോട്ട്ബുക്ക് നിർമ്മാണ വിപണനം, തഴപ്പാ നെയ്ത്ത്, നാളികേര സംസ്ക്കരണം, കോഴി വളർത്തൽ, പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം എന്നിവയ്ക്ക് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.

നാടിന്റെ സാമ്പത്തിക വളർച്ചക്കും സർവ്വോന്മുഖമായ പുരോഗതിക്കും കാര്യമായ സംഭാവനകൾ നൽകുവാൻ കഴിവുള്ള സഹകരണ മേഖലക്ക് കൂടുതൽ ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു പ്രവർത്തനം ആയിരിക്കണം 9,10 പദ്ധതിയിൽ പഞ്ചായത്ത് വിഭാവന ചെയ്യുന്നത്.

സഹകരണ പ്രസ്ഥാനത്തെ കുറിച്ചും അതിന്റെ വിപുലമായ സാദ്ധ്യതകളെ കുറിച്ചും നമ്മുടെ ജനതയ്ക്ക് വേണ്ടത്ര പരിജ്ഞാനം ഇല്ലാത്തതാണ് ഈ മേഖല ഇന്ന് നേരിടുന്ന പ്രശ്നം. ആയതിനാൽ സഹകരണ മേഖലയുടെ ബഹുമുഖ സാദ്ധ്യതകളെക്കുറിച്ചും സഹകരണ ജനാധിപത്യത്തെക്കുറിച്ചും ജനങ്ങൾക്ക് വേണ്ടത്ര അറിവും പരിശീലനവും നൽകേണ്ടതാണ്. ഇതു കൂടുതൽ ജനവിഭാഗങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കുവാൻ കഴിയും. അതിനുള്ള ബോധപൂർവ്വമായ പ്രവർത്തനം സഹകരണ വകുപ്പും ജില്ലാ സഹകരണ ബാങ്കും ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണ സ്ഥാപനങ്ങളും ചേർന്ന് നടത്തേണ്ടതാണ്. പഞ്ചായത്ത് ഈ പ്രവർത്തനങ്ങളെ ആകെ ഏകോപിപ്പിക്കുന്നതിനുള്ള നേതൃത്വപരമായ പങ്ക് വഹിക്കണം.

സഹകരണ നിയമങ്ങളിലും ചട്ടങ്ങളിലും കാലോചിതമായ മാറ്റംവരുത്തി ജനോപകാരപ്രദമാക്കണം.

സഹകരണ സംഘങ്ങളിൽ നിന്നും വായ്പകൾ ലഭിക്കുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതും കാല താമസം ഒഴിവാക്കേണ്ടതും ആണ്. ദേശസാൽക്കൃത വാണിജ്യ ബാങ്കുകളോട് മത്സരിച്ച് അതിജീവിക്കാനുള്ള കഴിവ് നേടേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്തെ ജനങ്ങളുടെ സമ്പാദ്യത്തിൽ ബഹുഭൂരിപക്ഷവും ദേ

സാൽക്കൃത ബാങ്കുകളിലാണ് എത്തിച്ചേരുന്നത്. ഇതിൽ ചെറിയ ഒരു ഭാഗം മാത്രമേ വിവിധയിനം വായ്പകളായി ഈ പ്രദേശത്തെ ജനങ്ങളിൽ എത്തുന്നുള്ളു. സിംഹഭാഗവും സംസ്ഥാനത്തിന് പുറത്തേയ്ക്ക് ഒഴുകുന്നു. ഈ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചാൽ ഗ്രാമീണ ജനതയുടെ ആവശ്യങ്ങൾക്ക് നാട്ടിൽത്തന്നെ വിനിയോഗിക്കുവാൻ കഴിയും. തങ്ങളുടെ നിക്ഷേപങ്ങൾക്ക് വേണ്ടത്ര ഉറപ്പുണ്ടാകുമോ എന്ന സംശയം കൊണ്ടാണ് സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കുവാൻ ജനങ്ങൾ തയ്യാറാകാത്തത്. സർക്കാരും പഞ്ചായത്തും സാമൂഹ്യ സംഘടനകളും ചേർന്ന് ജനങ്ങളുടെ സംശയ നിവാരണത്തിനുതകുമാറ് ബോധവൽക്കരണം നടത്തേണ്ടതാണ്.

തൊഴിൽ സാദ്ധ്യതകൾ

നിലവിലുള്ള രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളിൽ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നാല് തസ്തികകൾ ഉണ്ടാകും.

വണ്ടാനം ക്രയവിക്രയ സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയാൽ പുതുതായി 3 തസ്തികകൾ ഉണ്ടാകുന്നതാണ്.

നിലവിലുള്ള 4 മിൽമാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം നിർദ്ദേശിച്ച പ്രകാരം മെച്ചപ്പെടുത്താൻ കഴിഞ്ഞാൽ 8 പുതിയ തസ്തികകളും പുതുതായി 2 മിൽമാ സഹകരണ സംഘങ്ങൾ രൂപീകരിച്ചാൽ 6 പേർക്കും പുതുതായി ജോലി ലഭിക്കും. കൺസ്യൂമർ സംഘം ആരംഭിക്കുന്നതു വഴി 4 പേർക്കും ഹൗസിംഗ് സംഘം വഴി 3 പേർക്കും ലേബർ കോൺട്രാക്ട് സംഘം വഴി കുറഞ്ഞത് 30 പേർക്ക് നേരിട്ടും പരോക്ഷമായി 10 പേർക്കും ജോലി ലഭിക്കാം.

കൈത്തറി നെയ്ത്ത് സംഘത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്ന പക്ഷം കുറഞ്ഞത് 1 പേർക്കും മത്സ്യത്തൊഴിലാളി ക്ഷേമസംഘം വ 60 പേർക്കും കോഴി വളർത്തൽസംഘം വഴി പേർക്കും വനിതാ വ്യവസായ സംഘം വഴി പേർക്കും കയർ വ്യവസായ സംഘം വഴി പേർക്കും പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസംഘ വഴി 2 പേർക്ക് പ്രത്യക്ഷമായും പരോക്ഷമായ 10 പേർക്കും പുതുതായി തൊഴിൽ ലഭിക്കും. സഹകരണ പ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്കും വികാസത്തിനും പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകാരികളുടെ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സ്ഥാപനങ്ങൾക്കാവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽ മുഖേന നൽകാവുന്നതും സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

മുകളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം സഹകരണ സ്ഥാപനങ്ങളുടെ സമഗ്രമായ മാറ്റം കൊണ്ട് തൊഴിൽ, കാർഷിക രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരുത്തുവാനും സാമ്പത്തിക രംഗത്ത് അമ്പലപ്പുഴ പഞ്ചായത്തിനെ മുൻപന്തിയിൽ എത്തിക്കുവാനും കഴിയുന്നതാണ്.

ഗ്രാമങ്ങളുടെ സമഗ്രമായ വളർച്ചക്ക് നിസ്തുലമായ പങ്ക് വഹിക്കുവാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ അമ്പലപ്പുഴ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളടങ്ങുന്ന ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി സമർപ്പിക്കുന്നു.

പട്ടിക 1 കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച തീയതി	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന പരിധി	പ്രവർത്തന മൂലധനം	നിക്ഷേപങ്ങൾ	കടം	ലാഭം/ നഷ്ടം	ജീവനക്കാരുടെ എണ്ണം
1	മന്നംമെമ്മോറിയൽ കൈത്തറി വ്യവസായ സഹ. സംഘം ക്ലിപ്തം നമ്പർ HL IND (A)	12-9-96	70	44883	അമ്പലപ്പുഴ പഞ്ചായത്ത്	62283	10200	12420	(-) 50164	1

പട്ടിക 2 മത്സ്യ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച വർഷം	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന പരിധി	പ്രവർത്തന മൂലധനം	നിക്ഷേപങ്ങൾ	നൽകിയ വായ്പകൾ	ജീവനക്കാരുടെ എണ്ണം
1	അമ്പലപ്പുഴ-പുന്നപ്ര മത്സ്യതൊഴിലാളി ക്ഷേമ സഹ. സംഘം ക്ലിപ്തം നമ്പർ F (A) 44	1988	2881	58810	അമ്പലപ്പുഴ പുന്നപ്ര പഞ്ചായത്ത്	354000	62257	108250	1
2	അമ്പലപ്പുഴ മത്സ്യതൊഴിലാളി വികസന ക്ഷേമ സഹ. സംഘം ക്ലിപ്തം നമ്പർ DF (A) 70/92	1993	712	37120	അമ്പലപ്പുഴ പഞ്ചായത്ത് 5, 9 വാർഡുകൾ	52000	—	15000	1
3	നീർക്കുന്നം മത്സ്യതൊഴിലാളി വികസന ക്ഷേമ സഹ. സംഘം നമ്പർ DF (A) 71/92	1993	627	37650	അമ്പലപ്പുഴ പഞ്ചായത്ത് 1, 4 വാർഡുകൾ	57650	—	20000	1

പട്ടിക 3 കാർഷിക സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച തീയതി	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന പരിധി	പ്രവർത്തന മൂലധനം	നിക്ഷേപങ്ങൾ	വായ്പകൾ കാർഷിക കാർഷികേതരം	ലാഭം നഷ്ടം	ജീവനക്കാരുടെ സ്ഥിരം/മറ്റുള്ളവ
1	കാക്കാഴം - നീർക്കുന്നം സർ. സഹ. സംഘം ക്ലിപ്തം നമ്പർ 105	31-12-1095 എം. ഇ	4019	299677	3-10, 15 വാർഡ്	2531471	3533119	304499 693400	(-) 346510	2 / 1
2	കരുമാടി സർ. സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1141	10-7-1101 എം. ഇ	5710	643935	അമ്പലപ്പുഴ കരുമാടി പില്ലേ. തകഴി വില്ലേ. പടഹാരം കരയും	14968947	12762874	2599500 12296753	(+) 20010	6 / 1
3	വണ്ടാനം ക്രയവിക്രയ സഹ. സംഘം ക്ലിപ്തം 2309	1-2-119 എം. ഇ	512	24263	1, 2 ഉം വാർഡുകൾ	52410	—	—	(-) 19030	1 / —

പുനരർപ്പണ ദിനമായ നവംബർ 1 നു കഞ്ഞിപ്പാടം വൈപ്പിൻമുട്ടു മുതൽ ചെറുവള്ളിത്തറ വരെയുള്ള റോഡ് നിർമ്മാണത്തിന്റെ ഉൽഘാടനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. വിജയൻ നിർവ്വഹിക്കുന്നു.

പട്ടിക 4 ക്ഷീര സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച തീയതി	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന പരിധി	ലാഭം/ നഷ്ടം	ഉല്പാദിപ്പിച്ച പാൽ	പാൽ വിറ്റു വരവു	ജീവ ക്കാ സ്ഥി മറ്റുള്ള
1	ആമയിട ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 104 (D)	10-7-83	617	6320	12,13,14 വാർഡുകൾ	+ 276214	311640 ലി.	2670493	4 —
2	നീർക്കുന്നം ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 31 (D)	30-3-88	486	4860	3-7 വരെ വാർഡുകൾ	+ 166591	132234 ലി.	925638	3 —
3	അമ്പലപ്പുഴ ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം A 105 (D)	28-11-83	474	4780	7-10 വരെ വാർഡുകൾ	+ 244432	204050 ലി.	1612058	3 —
4	കഞ്ഞിപ്പാടം ക്ഷീരോല്പാദക സഹ. സംഘം ക്ലിപ്തം നമ്പർ A 198 (D)	2-7-91	275	2850	വാർഡു 15	+ 134143	123861 ലി.	749854	3 —

പട്ടിക 5 ഉപഭോക്തൃ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	ആരംഭിച്ച തീയതി	അംഗങ്ങൾ	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	വിറ്റുവരവു	ലാഭം / നഷ്ടം	ജീവനക്കാർ
1	നീർക്കുന്നം എസ്. ഡി. വി. ഗവ. യൂ. പി. എസ്. ബി. എസ്. ഏ. 922	4-8-92	29	2383	3850	24010	+ 1271	ഇല്ല
2	കാക്കാഴം എസ്. എൻ. വി. ബി. ടി. എസ്. ബി. എസ്. ഏ. 759	—	51	1785	4009	25158	+ —	ഇല്ല
3	കാക്കാഴം ഹൈസ്കൂൾ ബി. എസ്. ഏ. 4	—	49	11480	14100	49470	+ 5934	ഇല്ല
4	കെ. കെ. കെ. എ. എം. ഗവ. ഹൈസ്കൂൾ ബി. എസ്. ഏ. 584	—	36	1590	2840	36938	+ 2905	ഇല്ല
5	അമ്പലപ്പുഴ ഗവ. മോഡൽ എസ്. ബി. എസ്. ഏ. 25	16-7-58	62	2710	4170	18899	+ 1302	ഇല്ല
6	റ്റി. ഡി. സെഡിക്കൽ കോളേജ് സഹ. സംഘം. നമ്പർ ഏ. 827	16-12-86	526	49150	73950	123157	+ —	1

X സംസ്കാരം

സംസ്കാരമെന്നാൽ സാഹിത്യവും ചെയ്യും മാത്രമല്ല മനുഷ്യരുടെ ധാർമ്മിക വിശ്വാ ങ്ങളും മൂല്യ ബോധവും ആചാരാനുഷ്ടാന ളും എല്ലാം അതിൽപ്പെടും. സമന്വയമായാലും ംഘർഷമായാലും സമൂഹത്തെ ഘടിപ്പിച്ചു ർത്തുന്നത് സംസ്കാരത്തിന്റെ കണ്ണികളാണ്. മൂഹത്തിൽ ഒരേ സമയം തന്നെ യാഥാസ്ഥി ത്തിന്റെ ഘടകങ്ങളെന്നപോലെ പുരോഗമ ത്തിന്റെ ഘടകങ്ങളും മത്സരിച്ച് പ്രവർത്തിക്കു തിനാൽ സംസ്കാരത്തിലും രൂപ രീതിഭേത ളുണ്ട്. ജാതിമത ഭിന്നതകളും ഭാഷാ ഭേദ ളും വർഗ്ഗ വിഭജനങ്ങളുമെല്ലാം വിവിധ ാസ്കാരിക ധാരകൾക്ക് ജൻമം നൽകുന്നു. വയെ വിശദീകരിച്ചും വിശകലനം ചെയ്തും ിച്ച് കാലോതിതമായിത്യാജ്യഗ്രാഹ്യ വിവേ നത്തോടെ നന്മയ്കും മേൻമയ്ക്കുമായി തെര ഞ്ഞെടുക്കുകയും അവയെ ഉയർത്തിപ്പിടിക്കുക യുമാണ് നമ്മുടെ കർത്തവ്യം.

സ്വാതന്ത്ര്യം, ജനാതിപത്യം, സോഷ്യ ലിസം തുടങ്ങിയ ആദർശങ്ങളും,ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം തുടങ്ങിയ സംര ങ്ങളും ഇരുപതാം നൂറ്റാണ്ടിലെ ലോകത്തിന്റെ മുഖമായ ആകെ മാറ്റിത്തീർത്തിരിക്കുന്നു. ഈ ാറ്റങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യദശക ായ നമ്മുടെ കാലയളവിൽ അത്യത്ഭുതകരമായ ാറ്റങ്ങൾക്കാണ് വഴിതിരിഞ്ഞുവെച്ചിരിക്കുന്നത്. ഈ വിസ്ഫോടനത്തിന്റെ അലകളിളകി ആർത്ത ക്കുന്ന വിവിധ രംഗങ്ങളിൽ സംസ്കാരം അതിവ പ്രാധാന്യം അർഹിക്കുന്നു.

കേരളത്തിന്റെ സാംസ്കാരിക ചരിത്ര ത്തിൽ നിത്യഭാസുരമയ ഒരു സ്ഥാനമാണ് ചെമ്പ കശ്ശേരിക്ക്. അഥവാ ഇന്നത്തെ അമ്പലപ്പുഴ ക്കുള്ളത്. ഈ നാട്ടുരാജ്യത്തിന്റെ അധിപൻമാ രായിരുന്ന ദേവനാരായണൻമാരുടെ കാലം ചെമ്പകശ്ശേരിയുടെ സുവർണ്ണകാലമായിരുന്നു. ചെമ്പകശ്ശേരി തമ്പുരാക്കൻമാരുടെ പ്രവർത്തന ങ്ങൾക്കെല്ലാം കേന്ദ്രമായിരുന്നത് അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമിക്ഷേത്രമാണ്. കേരളത്തിലെ മഹാക്ഷേത്രങ്ങളിൽ ആദ്ധ്യാത്മിക പ്രബുദ്ധത കൊണ്ടും ചരിത്ര പ്രസിദ്ധികൊണ്ടും മഹ ത്വമാർജ്ജിച്ചിട്ടുള്ള ഐതിഹ്യങ്ങളുടെ കലവറ യായ ഈ ക്ഷേത്രം സമ്പന്നമായ സംസ്കാരിക പൈതൃകത്തിന്റെ ഗർഭ ഗൃഹമായിരുന്നു.

ദേവനാരായണൻമാരുടെ പ്രശസ്തി മൂലം നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നും കലാ കാരൻമാരും സാഹിത്യകാരൻമാരും ചെമ്പകശ്ശേ രിയിലേയ്ക്ക് ആകർഷിക്കപ്പെട്ടു. അങ്ങനെ വന്നു ചേർന്ന മഹാപ്രതിഭകളുടെ നിരയിൽ പ്രമുഖ രാണ് മേൽപ്പത്തൂർ നാരായണ ഭട്ടതിരി, തുഞ്ചത്തു രാമാനുജനെഴുത്തച്ചൻ, കുഞ്ചൻ നമ്പ്യാർ തുടങ്ങിയവർ. മേൽപ്പത്തൂരിന്റെ പല ഉത്കൃഷ്ഠ കൃതികളും അമ്പലപ്പുഴ വെച്ചാണ് രചി യ്ക്കപ്പെട്ടിട്ടുള്ളത്. തുഞ്ചത്തെഴുത്തച്ചൻ ഒരു ചെമ്പകശ്ശേരി രാജാവിന്റെ ആജ്ഞയനുസരി ച്ചാണ് ആദ്ധ്യാത്മിക രാമായണം കിളിപ്പാട്ട്എഴു തിയതെന്ന് പ്രബലമായ ഒരു വിശ്വാസമുണ്ട്. കുഞ്ചൻ നമ്പ്യാർ തുള്ളൽ പ്രസ്ഥാനം ആരംഭിച്ചതും തന്റെ പ്രമുഖമായ തുള്ളൽ കൃതി കൾ രചിച്ച് കേരളക്കരയുടെ മഹാകവിയായതും അമ്പലപ്പുഴയിൽ വെച്ചാണ്.

ഇക്കാലത്തുതന്നെ അമ്പലപ്പുഴ ഉണ്ടായി രുന്ന മറ്റു പ്രതിഭാശാലികളാണ് കുട്ടഞ്ചേരി ഇരവി

ച്ചാക്യാർ, അമ്പലപ്പുഴ നാരായണ ചാക്യാർ, "ശിൽപ രത്നകർത്താവ്" ശ്രീകുമാരൻ നമ്പൂതിരി, 'കിരാതം' ആട്ടകഥാകർത്താവായ ഇരട്ടക്കുളങ്ങര രാമവാര്യർ തുടങ്ങിയവർ.

അടുത്ത തലമുറയിൽപ്പെട്ട ആറ്റുപുറത്തില്പത്തു കൃഷ്ണൻ നമ്പൂതിരി, അമ്പലപ്പുഴ ചിരട്ടപ്പുറത്തു തിരുമുല്പാട്, സാഹിത്യ പഞ്ചാനൻ, പി. കെ. നാരായണപിള്ള കല്യേപ്പിള്ളി ഗോപാലക്കുറുപ്പ്, സി. പി. ശ്രീകുമാർ, അമ്പലപ്പുഴ എൻ. എൻ. ഇളയത്, ആർ. നാരായണ പണിക്കർ, അമ്പലപ്പുഴ മഹാദേവശർമ്മ, അമ്പലപ്പുഴ ശുപ്പു അണ്ണാവി, അമ്പലപ്പുഴ മാധവപ്പൊതുവാൾ, അമ്പലപ്പുഴ കെ. വി. ഗോപാലപിള്ള, പി ദാമോദരൻ പിള്ള, എൻ. ശ്രീകണ്ഠൻ നായർ, പുതുമന ദാമോദരൻ നമ്പൂതിരി, അമ്പപ്പുഴ ഗണപതി ശർമ്മ, അമ്പലപ്പുഴ എൻ. ആർ. ദാസ്, അമ്പലപ്പുഴ സഹോദരൻമാർ, ഗ്രന്ഥശാലാ സംഘത്തിന്റെ സ്ഥാപകൻ പി. എൻ. പണിക്കർ തുടങ്ങിയവർ സാസ്കാരിക നഭോമണ്ഡലത്തിലെ നിത്യതാരകങ്ങളാണ്.

കൂത്തും കൂടിയാട്ടവും, കഥകളിയും, വേലകളിയും ഓട്ടൻ തുള്ളലും, കൈകൊട്ടിപ്പാട്ടും, കാക്കരശ്ശിയും നാദസ്വരവും, പടയണിയും, കോലം തുള്ളലുമെല്ലാം അമ്പലപ്പുഴയുടെ സാംസ്കാരിക തട്ടകത്തിലെ നിറം മങ്ങാത്ത കലാ വൈദഗ്ധ്യത്തിന്റെ ഉദാഹരണങ്ങളാണ്.



വേദപണ്ഡിതനും മുൻ പ്രസിഡന്റുമായിരുന്ന
പുതുമന ദാമോദരൻ നമ്പൂതിരി

ജാതിപരമായ ഉച്ചനീചത്വങ്ങൾ നിറഞ്ഞ ഒരു കാലഘട്ടമുണ്ടായിരുന്നെങ്കിലും മതകലഹങ്ങളോ വർഗ്ഗീയ സംഘർഷങ്ങളോ നാടിനെ തേടി എത്തിയിട്ടില്ല. ഹിന്ദു-മുസ്ലീം-ക്രൈസ്തവ വിശ്വാസങ്ങളിൽപ്പെടുന്ന മനുഷ്യർ നാട്ടിൽ ഇഴകലർന്നു ജീവിക്കുന്നതുതന്നെ മതസഹിഷ്ണുതയുടെ കേന്ദ്രമായതുകൊണ്ടുതന്നെയാണ് ക്ഷേത്രോത്സവങ്ങളുടെ അഭിവാജ്യഘടകങ്ങളായി വിഭിന്ന സമുദായങ്ങളുടെ അനുഷ്ടാനകലകൾ സമന്വയിപ്പിച്ചിരുന്നു. ഉത്സവങ്ങളിലും പള്ളിപ്പെരുന്നാളിലുമൊക്കെ മറ്റു വിഭാഗക്കാരും പങ്കാളിത്തം കൂടി ആചാരപരമായിത്തന്നെ ഉറപ്പാക്കുന്ന ചടങ്ങുകൾ ഇന്നും തുടർന്നു വരുന്നുണ്ട്.

ദേശീയപ്രസ്ഥാനത്തോടൊപ്പംതന്നെ സാമൂഹിക സമത്വത്തിനു വേണ്ടിയുള്ള ആ കാല പ്രചോദനങ്ങളുടെ ചരിത്രവും ഈ നാടിനുണ്ട്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ആരംഭിച്ച ശ്രീനാരായണ പ്രസ്ഥാനങ്ങളുടെ ആദ്യത്തെ 13,14,16 ശാഖകളും നമ്മുടെ പഞ്ചായത്തിനുള്ളിലാണ്. അവർണ്ണർക്ക് സഞ്ചാര സ്വാതന്ത്ര്യത്തിനായി നടത്തിയ 'റോഡ് സത്യാഗ്രഹം' നമ്മുടെ സാസ്കാരിക ചരിത്രത്തിലെ തിളക്കമാർന്ന അദ്ധ്യായമാണ്.

പ്രൊഫ: അമ്പലപ്പുഴ രാമവർമ്മ, പ്രൊഫ. അമ്പലപ്പുഴ ഗോപകുമാർ, എം. ജി. രാധാകൃഷ്ണൻ, ഡോ. ഓമനക്കുട്ടി, എം. ജി. ശ്രീകുമാർ, ബാലചന്ദ്രമേനോൻ, അമ്പലപ്പുഴ രാമചന്ദ്രൻ തുടങ്ങിയ പ്രശസ്തരായ സാംസ്കാരിക രംഗത്തെ നായകർ ഈ നാടിന്റെ അഭിമാനങ്ങളാണ്.

സാസ്കാരിക സംവേദത്തിന്റെ മൂന്നു രൂപങ്ങൾ വാമൊഴി, വരമൊഴി, ബിംബങ്ങൾ അഥവാ ഇമേജ് എന്നിവയാണ്. ഈ എല്ലാ രൂപങ്ങളേയും ഉപയോഗിക്കുന്ന സാമൂഹിക സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനം വിദ്യാലയങ്ങളാണ്. ഏതു സമൂഹത്തിനും വിദ്യാഭ്യാസം സാംസാകാരിക സംഭ്രമണത്തിന്റെ മുഖ്യോപാധികളാണ്. നിലവിലുള്ള വിദ്യാഭ്യാസ രംഗത്തെ ഇടപെടൽ സാധ്യതകൾ 'വിദ്യഭ്യാസം' എന്ന വിഷയഗ്രൂപ്പിൽ ചർച്ചക്കായി വെയ്ക്കുന്നു.

കൊണ്ട് ഇവിടെ കൂടുതൽ പരാമർശിക്കുന്നില്ല.

അമ്പലപ്പുഴയിലെ കലാസാംസ്കാരിക സ്ഥാപനങ്ങളിൽ പ്രധമഗണനീയമായിട്ടുള്ളത് അമ്പലപ്പുഴ പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലയാണ്. 1937 ൽ സ്ഥാപിച്ച ഈ ഗ്രന്ഥശാലയിൽ വെച്ചാണ് കേരള ഗ്രന്ഥശാലാ സംഘം 1945 ൽ പിറവിയെടുത്തത്. ഈ ഗ്രന്ഥശാലയോടനുബന്ധിച്ച് ബാലവാടി, യുവജനവിഭാഗം ഫെയർ, കലാ പരിശീലനകേന്ദ്രം എന്നിവയും പ്രവർത്തിക്കുന്നുണ്ട്. 1949ൽ പ്രവർത്തനം ആരംഭിച്ച നീർക്കുന്നം ജനസേവിനി ഗ്രന്ഥശാലയും വായനശാലയും നന്നായി പ്രവർത്തനം തുടരുന്നുണ്ട്. കരുമാടി കെ. കെ. കുഞ്ചുപിള്ള സ്മാരക ഗ്രന്ഥശാല, ഭാരതി ലൈബ്രറി എന്നിവയാണ് ഗ്രന്ഥശാല സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര ലൈബ്രറികൾ.

കാക്കാഴം പബ്ലിക്ക് ലൈബ്രറി, കഞ്ഞിപ്പാടം കമാരനാശാൻ സ്മാരക ഗ്രന്ഥശാല, ജനതാ വായനശാല & റീഡിങ്ങ് റൂം എന്നിവയുടെ പ്രവർത്തനം നിലച്ചുപോയി. കാരിക്കൽ ഫ്രണ്ട്സ്, വണ്ടാനം രണദിവെ തുടങ്ങിയ ചെറു ഗ്രന്ഥശാലകളും വായനശാലകളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

സാസ്കാരിക വകുപ്പിന്റെ ഭരണത്തിലുള്ള ആലപ്പുഴ കുഞ്ചൻനമ്പ്യർ സ്മാരകം ഇവിടെ പ്രർത്തിക്കുന്നു. എട്ടാം നൂറ്റാണ്ടിൽ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന കരുമാടിയിലെ ബുദ്ധ വിഗ്രഹം ആർക്കിയോളജി വകുപ്പ് സംരക്ഷിക്കുന്നു. സാഹിത്യ പഞ്ചാനൻ പി. കെ. നാരായണപിള്ളയുടെ ജന്മഗൃഹമായ ആലപ്പാട്ട് സാംസാകാരിക വകുപ്പ് ഇനിയും ഏറ്റെടുത്തിട്ടില്ല. അമ്പലപ്പുഴ ടൗൺ ഹാൾ കാര്യമായി ഉപയോഗിക്കപ്പെടുന്നില്ല. മാതൃഭൂമി സ്റ്റഡിസർക്കിളിന്റെ മൂന്നു യൂണിറ്റുകൾ നമ്മുടെ പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തനം സംഘടിപ്പിച്ചുവരുന്നുണ്ട്. വിശ്വ മാനവികതയ്ക്കും പാരസ്പര്യത്തിനും ചാലക ശക്തിയായി. 1973 മുതൽ പ്രവർത്തിക്കുന്ന ദർശനം പത്രവും ഈ ആശയത്തിന്റെ അടിസ്ഥാനത്തിൽ കഞ്ഞിപ്പാടത്തു നടന്നുവരുന്നു. അയൽക്കൂട്ട പരീക്ഷണവും ശ്രദ്ധേയമാണ്. അമ്പലപ്പുഴ ക്ഷേത്രപുരാണവുമായി ബന്ധപ്പെട്ട് ശ്രീവൽസം എന്ന മാസിക പ്രസിദ്ധീകരിക്കുന്നു.

ഏതാനും വർഷം മുമ്പുവരെ പ്രൊഫഷണൽ-അമച്വർ നാടകങ്ങളിൽ അമ്പലപ്പുഴയുടെ സാന്നിദ്ധ്യം സജീവമായിരുന്നു. നിലവിൽ ഏകാങ്ക നാടക മത്സരം ലക്ഷ്യം വച്ചുകൊണ്ടു പ്രവർത്തിക്കുന്ന ചില ക്ലബ്ബുകൾ മാത്രമാണുള്ളത്. കലാപരിശീലനത്തിനായി കുഞ്ചൻ സ്മാരകം കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന ശങ്കരനാരായണ കലാഭവൻ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ലോകോത്തര സിനിമകളെ പരിചയപ്പെടുത്തിയ ഫിലിം സൊസൈറ്റിയുടെ ആദ്യകാല പ്രവർത്തനങ്ങും നിലച്ചുപോയി.

സാധ്യതകൾ

ഗ്രന്ഥശാലകൾ പുസ്തകശേഖരണത്തിലും വിതരണത്തിലും മാത്രമായി ഒതുങ്ങിനിൽക്കാതെ ജാതിക്കും അന്ധവിശ്വാസത്തിനുമെതിരെയുള്ള കൂട്ടായ്മയുടെ വേദിയാക്കണം.

ഗ്രന്ഥശാലകളെ കൂടുതൽ ആകർഷകമാക്കുക; പഞ്ചായത്തുതല 'ലൈബ്രറി കോപ്ലക്സ്' സ്ഥാപിക്കുക.

ഗ്രാമീണ പുസ്തക വിതരണം ഫലപ്രദമാക്കുവാൻ വാർഡു തോറും ഫീഡിങ്ങ് ലൈബ്രറികൾ ഏർപ്പെടുത്തുക.

ഗ്രന്ഥശാലകൾ തോറും കുട്ടികളുടെ 'അക്ഷരക്കൂട്ടം', വനിതാവേദി, വായനാ ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുക. സ്ത്രീകൾക്കു മാത്രമായി പത്യേക സമയം/മുറി ഏർപ്പെടുത്തുക

പി. കെ. മെമ്മോറിയൽ ലൈബ്രറിയെ ജില്ലാ ലൈബ്രറിയായി ഉയർത്തുക, പി. കെ. എം. റഫറൻസ് ലൈബ്രറി വികസിപ്പിച്ച് ഗവേഷണ കേന്ദ്രമാക്കുക.

ഗ്രന്ഥശാലകളിൽ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുകയും മത്സര പരീക്ഷകൾക്ക് പരിശീലനം നൽകുകയും ചെയ്യുക.

കെ. കെ. കുഞ്ചുപിള്ള ഗ്രന്ഥശാലയുടെ പ്രവർത്തനത്തിൽ ഗ്രാമ പഞ്ചായത്ത് ഇടപെടു

കയും ജനപങ്കാളിത്തത്തോടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

മാധ്യമ രംഗത്തെ ഇലക്ട്രോണിക്സ് വിസ്ഫോടനത്തെക്കുറിച്ചും ആ പുരോഗതിയിലെ സ്ഥാപിത താല്പര്യക്കാർ ഏറെ സമർത്ഥമായി ദുരുപയോഗപ്പെടുത്തുന്നതും തിരിച്ചറിയുക. പുരോഗമന സൃഷ്ടിയുടെ ബദലുകൾ ഉയർത്തുകയും ചെയ്യുക. ഇതിനായി ഫിലിം ക്ലബ്ബുകൾ, വീഡിയോ ക്ലബ്ബുകൾ എന്നിവ രൂപീകരിക്കുക

ഗ്രന്ഥശാലകളുമായി ഇവയെ ബന്ധിപ്പിക്കുക

വായനശാലകൾ ഇല്ലാത്ത മുഴുവൻ വാർഡുകളിലും അവ സ്ഥാപിക്കുക.

അംഗൻവാടികളെ സ്ത്രീകളുടെ സാംസ്കാരിക കേന്ദ്രമാക്കി വളർത്തിയെടുക്കുക.

അന്യമായി കൊണ്ടിരിക്കുന്ന നാടൻ കലകളായ ഞാറ്റു വേലപ്പാട്ട്, കൊയ്ത്ത് പാട്ട്, തെയ്യം മുതലായ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കുക.

കുഞ്ഞൻനമ്പ്യാർ സ്മാരകം കേന്ദ്രമാക്കി കലാപരിശീലന കേന്ദ്രം സ്ഥാപിക്കുക. നമ്പ്യാർ കൃതികളെ കുറിച്ച് പഠിക്കുന്നതിനു കുഞ്ഞൻ പഠന കേന്ദ്രം തുടങ്ങുക.

ക്ഷേത്രകലകൾ പരിശീലിപ്പിക്കുന്നതിനായി ക്ഷേത്ര കലാപീഠം സ്ഥാപിക്കുക.

കരുമാടിക്കുട്ടൻ സ്ഥിതി ചെയ്യുന്ന സ്ഥലം ടൂറിസ്സം പ്രാധാന്യമുള്ള കേന്ദ്രമാക്കുന്നതിനുള്ള പാശ്ചാത്തല സൗകര്യ ഒരുക്കുക.

പഞ്ചായത്തിലുള്ള കലാസാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പഞ്ചായത്തുതല സാംസ്കാരിക സമിതിക്കു രൂപം കൊടുക്കുക.

കലാസാംസ്കാരിക സംഘടനകളെ കൊണ്ട് പഞ്ചായത്തുതല പ്രോജക്ടുകൾ ഏറ്റെടുപ്പിക്കുക.

കേരളോത്സവം സംഘാടനത്തിലെ പോരായ്മകൾ പരിഹരിക്കുക. വിപുലമായ പങ്കാളിത്തം ഉറപ്പു വരുത്തുക. വിജയികൾക്ക് സാംസ്കാരിക നിലയം കേന്ദ്രീകരിച്ച് തുടർ പരിശീലനം നല്കുക.

സ്കൂൾ ലൈബ്രറികളെ ഫലപ്രദമാക്കുക.

അശ്ലീല സിനിമാ പോസ്റ്ററുകൾ നിരോധിക്കുക.

കായികരംഗം

ഒരു സമൂഹത്തിൽ നടത്തുന്ന വിവി
കായിക പ്രവർത്തനങ്ങളുടെ ഫലമായി മുഴുവ
ജനങ്ങളിലും വളർത്തിയെടുക്കുവാൻ കഴിയു
സ്വഭാവവിശേഷങ്ങളുടെ ആകെ തുകയാ
കായിക സംസ്കാരം എന്നതുകൊണ്ട് അർ
മാക്കുന്നത്. ചാമ്പ്യന്മാരെ സൃഷ്ടിക്കലും മെഡ
നേടലും അല്ല കായിക പ്രവർത്തനത്തിന്റെ മു
ലക്ഷ്യം. സാർവത്രികമായ കായികപരിശീല
എന്നതായിരിക്കണം അതിന്റെ ഉദ്ദേശ്യം. ഇ
ശക്തിയുള്ള, ആത്മവിശ്വാസമുള്ള, ആരോഗ്യ
ഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കു
യാണ് പ്രബുദ്ധമായ കായികസംസ്കാരത്തി
കടമ.

റേഡിയോയും, ടെലിവിഷനും വ്യാപ
മായി കൊണ്ടിരിക്കുന്ന നമ്മുടെ പഞ്ചായത്
പ്രദേശത്ത് മൂന്ന് കേബിൾ ടി. വി. നെറ്റ്വർക്
കൾ പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രോണിക് മാ
മങ്ങളുടെ ഈ ശൃംഖല അറിവു നേടാനും പു
ലോകത്തെ മനസ്സിലാക്കുവാനും നമ്മെ സഹ
യിക്കുന്നുണ്ടെങ്കിലും നാം അറിയാതെ നമ്മു
സംസ്കാരത്തിന്മേലുള്ള കടന്നുകയറ്റം ഇ
മാധ്യമങ്ങളിലൂടെ നടന്നു വരികയാണ്. മനുഷ്
മനസ്സുകളെ ദുഷിപ്പിച്ച് തിനമയിലേക്ക് നയിക്
ന്നതിനു ഇലക്ട്രോണിക് മാധ്യമങ്ങൾ വ്യാപ
മായി ഉപയോഗിക്കപ്പെടുന്നു. സിനിമകളിലും
വി. യിലും വൃത്തികെട്ട സെക്സിന്റെ അതി
സരം കടത്തിവിട്ട് കുടുംബാന്തരീക്ഷം വരെ ന
പ്പിക്കുന്നു. മുഴുവൻ സമയവും ടി. വി. ക
മുന്നിൽ പിടിച്ചിരുത്തുന്നത് കൊണ്ട് ശരിയാ
ഒരു കായികസംസ്കാരം ഉണ്ടാക്കിയെടുക്കു
തിൽ നിന്നു പോലും ജനതയെ ബോധപൂർ
അകറ്റുന്നു. വരുന്ന തലമുറയെങ്കിലും ഈ
സാംസ്കാരിക ആക്രമണങ്ങളിൽ നിന്നു ര
പ്പെടുന്നതിനു നാം തന്നെ മുൻകൈ എടുക്കണ
അതിനു കഴിയുന്ന തരത്തിലുള്ള ബഹുജ
മാധ്യമ ശൃംഖല തന്നെ നമുക്കുണ്ട്. കു
സാംസ്കാരിക സംഘടനകൾ, ഗ്രന്ഥശാലക
യുവജന മഹിളാ പ്രസ്ഥാന ഫിലിം സൊസൈ
റ്റികൾ എന്നിവയൊക്കെ ശക്തിപ്പെടുത്തി ഈ

അധാർമികതയ്ക്കെതിരെ സജീവമാക്കി കൊണ്ട് മാത്രമേ നമ്മുടെ സാംസ്കാരിക മേഖലയിൽ കടന്നു വരുന്ന വൈദേശിക അധീശത്വത്തെ ചെറുത്തു നില്ക്കാനാവൂ.

അമ്പലപ്പുഴ ടൗൺ ക്ലബ്, കരുമാടി വൈ. എം. എ., നീർക്കുന്നം അക്ഷര എന്നിവയാണ് ഇവിടുത്തെ പ്രധാന കായിക സംഘടനകൾ. വോളിബോളിലും, ഫുട്ബോളിലും മറ്റും ഒട്ടേറെ കായികതാരങ്ങളെ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ഈ ക്ലബുകളുടെയെല്ലാം ഇപ്പോഴത്തെ പ്രവർത്തനങ്ങൾ ആശാവഹമല്ല. സ്കൂൾ കുട്ടികളിലെ കായികപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ഓപ്പറേഷൻ ഒളിമ്പിയ' പരിശീലനം അമ്പലപ്പുഴ മോഡൽ ഹൈസ്കൂൾ കേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. കായികരംഗത്ത് ശോഭിക്കുവാൻ കഴിയുന്ന മറ്റുകുട്ടികളെ കൂടി ഉൾകൊള്ളിച്ച് കൊണ്ടുള്ള പരിശീലനം ഇതോടൊപ്പം നടത്തുന്നതിനുള്ള സംവിധാനം പഞ്ചായത്തും ഗവൺമെന്റും ഏർപ്പെടുത്തേണ്ടതാണ്.

സാദ്ധ്യതകൾ

* ഔപചാരിക വിദ്യാഭ്യാസത്തിന്റെ അവിഭാജ്യ ഘടകമായി കായികപ്രവർത്തനത്തെ മാറ്റുക.
* സമൂഹവുമായി അഭേദ്യബന്ധമുള്ള ഗ്രാമീണ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക.
* ഗ്രാമീണ തലത്തിൽ കായികപ്രവർത്തനം സംഘടിപ്പിക്കുന്നതിനു ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.
* പെൺകുട്ടികൾക്കും സ്ത്രീകൾക്കും കായിക പരിശീലനത്തിനു പ്രത്യേക വനിതാ സമിതികൾ – പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക.
* അമ്പലപ്പുഴ ടൗൺഹാൾ, പഞ്ചായത്ത് ഏറ്റെടുത്ത് കായികപരിശീലന കേന്ദ്രമാക്കുക.
* പഞ്ചായത്ത്തല സ്റ്റേഡിയം ജനപങ്കാളിത്തത്തോടെ നിർമ്മിക്കുക.
* പഞ്ചായത്തുതല വോളിബോൾ, ഫുട്ബോൾ ടീം രൂപീകരിക്കുക.

XI സ്ത്രീകേന്ദ്രീകൃതം

കേരളം ഒൻപതാം പദ്ധതിയിലൂടെ നേരിടുവാൻ ശ്രമിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണല്ലോ സ്ത്രീകളുടെ അനൃവത്ക്കരണം. നമ്മുടെ വികസന മാതൃകയുടെ ദൗർബല്യങ്ങളിൽ ഒന്നായി ചൂണ്ടിക്കാണിച്ചിട്ടുള്ളത് വികസനപ്രക്രിയയിലെ കുറഞ്ഞ സ്ത്രീപങ്കാളിത്തമാണ്. ഇത് മറി കടക്കണമെങ്കിൽ ഇന്നു നടക്കുന്ന പ്രാദേശിക ആസൂത്രണ പ്രക്രിയയിലും വികസന പ്രവർത്തനത്തിലും വൻതോതിൽ സ്ത്രീകളെ പങ്കെടുപ്പിക്കേണ്ടതുണ്ട്. നാം ഇന്നു നേരിടുന്ന എല്ലാ വെല്ലുവിളികളും പുരുഷൻമാരെക്കാൾ തീക്ഷണമായി അനുഭവിക്കേണ്ടി വരുന്ന വിഭാഗവും സ്ത്രീകളാണ്. തൊഴിലിന്റെയും സാമ്പത്തിക പദവിയുടെ കാര്യത്തിലും വിദ്യാഭ്യാസരംഗത്തും, സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിലും എല്ലാം സ്ത്രീകൾക്ക് എതിരായുള്ള വിവേചനങ്ങൾ നിലനില്ക്കുന്നുണ്ട്. പെൺവാണിഭ റാക്കറ്റുകൾ സമീപകാലത്തായി കേരളത്തിലും സജ്ജീവമായികൊണ്ടിരിക്കുന്നു. ഇതിനെ അതിജീവിക്കാൻ യോജിച്ച ബഹുജ മുന്നേറ്റം സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

അമ്പലപ്പുഴ പഞ്ചായത്തിലെ ജനസംഖ്യയിൽ 1991 ലെ സെൻസസ് അനുസരിച്ച് 229 പേർ സ്ത്രീകളാണ്. ഇത് ജനസംഖ്യയുടെ ഏതാണ്ട് 51 ശതമാനത്തോളംവരും. 1996 ലെ സെ സി. ഡി. എസ്. കണക്ക്പ്രകാരം നമ്മുടെ പഞ്ചായത്തിൽ സ്ത്രീകൾ 49.70% ഉം പുരുഷൻമാ 50.30% ഉം ആണ്. സംസ്ഥാനശരാശരിയിൽ നിന വ്യത്യസ്ഥമായി പഞ്ചായത്തിൽ പുരുഷൻമാരുടെ എണ്ണമാണ് കൂടുതൽ.

വിദ്യാസമ്പന്നരും അല്ലാത്തവരുമായ സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെകൂടുതലാണ്. സമ്പത്തുത്പാദനവുമായി ബന്ധപ്പെടുത്തിയാലെ അവരുടെ സ്വയംപര്യാപ്തതയും കുടുംബത്തിന്റെ ക്ഷേമവും ഉറപ്പുവരുത്താനാകൂ. 19 ലെ തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന സെൻസസ് പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 1

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണ
കർഷക തൊഴിലിൽ	2125	1639
കെട്ടിട നിർമ്മാണം	62	352
മത്സ്യബന്ധനം	—	4826
ഗതാഗതം വാർത്താവിനിമയം	46	701
വ്യാപാരം	110	1775
മറ്റുള്ളവ	671	1611

അവലംബം : 1991 സെൻസസ്

തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് നിലനിൽക്കുന്ന ക്രൂരമായ അവഗണന നിലനിൽക്കുന്നു എന്ന് പട്ടിക പരിശോധിച്ചാൽ മനസിലാകും. കാർഷിക മേഖലയിൽ മാത്രമാണ് ഇന്ന് സ്ത്രീകൾ കൂടുതലായി പണിയെടുക്കുന്നത്. എങ്കിലും കാരഷികമേഖലയിലെ മുരടിപ്പ് ഇവരുടെ തൊഴിലവസരം കുറയാൻ കാരണമായിട്ടുണ്ട്. കാർഷിക മേഖലയിൽ പണിയെടുക്കുന്ന ഭൂരിഭാഗം സ്ത്രീകളും റോഡ് പണി, കെട്ടിടം പണി തുടങ്ങിയ മേഖലകളിലേയ്ക്ക് മാറിപോകുന്നുണ്ട്. കൂടുതൽ ശാരീരിക ശേഷി ആവശ്യമുള്ളതും സുരക്ഷിതത്ത്വം കുറഞ്ഞതുമായ ഇത്തരം ജോലികളിൽ നിന്നും ഇവരെ കാർഷിക മേഖലയിലേക്ക് തിരിച്ചുവിട്ടാൽ കാർഷിക മുന്നേറ്റപ്രവർത്തനങ്ങളിൽ ക്രീയാത്മക ഘടകമായി സ്ത്രീകളെ മാറ്റിയെടുക്കണം. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ ഉണ്ടാവുമെന്ന് ഉറപ്പുവരുത്തുവാൻ കഴിയണം.

കേരളത്തിന്റെ സമ്പത്ത്ഘടനയിൽ പ്രധാന്യമായ പങ്കുവഹിക്കുന്ന നമ്മുടെ മത്സ്യമേഖലയുടെ സ്ഥിതിയും വ്യത്യസ്തമല്ല. മത്സ്യവിപണന രംഗത്തേ സ്ത്രീകൾ തന്നെ ആരോഗ്യപരവും തൊഴിൽ പരവുമായ ഒട്ടേറെ പ്രതിസന്ധികളെ നേരിടുന്നുണ്ട്. മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഒന്നും തന്നെ ഇവർക്ക് പ്രയോജനപ്പെടുന്നില്ല എന്ന് വ്യക്തമാണ്.

വിദ്യാഭ്യാസ ആരോഗ്യപുരോഗതിയിൽ കേരളത്തിലെ സ്ത്രീകൾക്ക് പുരുഷൻമാരോട് ഏതാണ്ട് തുല്യത കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്, എന്നിട്ടും സ്ത്രീയുടെ പൊതു സാമൂഹ്യപദവി നമ്മുടെ സംസ്ഥാനത്തും അണിയറയിൽ മാത്രമായി തുടരുന്നു. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ തൊഴിലില്ലായ്മയും അതിരൂക്ഷമാണ്. വിദ്യാസമ്പന്നകളെങ്കിലും തൊഴിൽമേഖലകളിലും വ്യക്തമായ ലിംഗ വിവേചനം കാണാൻ കഴിയും. കൂലിയുടെ കാര്യത്തിലും സാരമായ അന്തരം കാണുന്നുണ്ട്. തൊഴിൽ സാധ്യത ഏറെയുള്ള സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ പിന്നോക്കം നില്ക്കുന്നു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ശുചിത്വമില്ലായ്മയും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഓരോ മേഖലയിലും അവിദഗ്ദ തൊഴിലുകളിൽ സ്ത്രീയെ തളച്ചിടുകയാണ്. ചെയ്യുന്ന ജോലിക്ക് അദ്ധ്വാനശേഷിയുടെ പുനരുത്പാദനത്തിന് ആവശ്യമായ കൂലിപോലും കൊടുക്കാറുമില്ല. തീരദേശത്തെ സ്ത്രീകളുടെ തൊഴിൽമേഖലയായി വളർന്നുവരുന്ന പീലിംഗ് രംഗത്താകട്ടെ ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയും ശുചിത്വമില്ലായ്മയും ആരോഗ്യരംഗത്ത് പുത്തൻ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

വ്യത്യസ്ത തൊഴിൽ മേഖലകളിൽ നിലനില്ക്കുന്ന കൂലി വ്യതിയാനം സ്ത്രീകൾക്കെതിരായ പ്രത്യക്ഷ വിവേചനത്തിന്റെ ചിത്രം വിശദമാക്കുന്നു.

പട്ടിക 2 കൂലിനിരക്ക്

തൊഴിൽ മേഖല	സ്ത്രീകളുടെ ദിവസക്കൂലി	പുരുഷന്മാരുടെ ദിവസക്കൂലി
കർഷകതൊഴിലാളി	44	70
നിർമ്മാണ തൊഴിലാളി	70	100
കോൺക്രീറ്റ്	70	100
കരിങ്കൽ ചുമട്	78	83

നിരവധി തൊഴിൽ മേഖലകളിൽ നിലനില്ക്കുന്ന തൊഴിൽ നിഷേധമാണ് മറ്റൊരു പ്രശ്നം. വയറിംഗ്, പ്ലംമ്പിംഗ്, ഇലക്ട്രോണിക് സർവ്വീസിംഗ്, വാഹന റിപ്പയറിംഗ്, ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം സ്ത്രീയെ അകറ്റി നിർത്തിയിരിക്കുന്നു. പല പരമ്പരാഗത തൊഴിലുകളിലും സാധ്യത അടയുമ്പോൾ, ഉള്ള തൊഴിൽ മേഖലകളിൽ പുത്തൻ സാങ്കേതിക വിദ്യ പകർത്തുമ്പോൾ ഇനിയും പറിച്ചെറിയപ്പെടുന്നത് സ്ത്രീ തന്നെയാവും എന്ന വസ്തുത യാഥാർത്യബോധത്തോടെ നോക്കികാണാൻ കഴിയണം.

വനിതകൾക്കായുള്ള സർക്കാർ ഏജൻസികൾ നടത്തുന്ന വിവിധക്ഷേമ പ്രവർത്തനങ്ങൾ ഉദ്ദേശിക്കുന്ന ഫല പ്രാപ്തിയിലെത്തുന്നുമില്ല. ട്രൈസം, ഡി. ഡബ്ളിയു. സി. ആർ. ഏ. തുടങ്ങിയ ഏജൻസികളുടെ നേതൃത്വത്തിൽ നടത്തുന്ന വനിതാ ക്ഷേമപദ്ധതികളെ കുറിച്ച് കാര്യമായ മോണിട്ടറിംഗ് നടത്തേണ്ടിയിരിക്കുന്നു.

ജനാധിപത്യ പ്രക്രിയയുടെ പ്രധാന ദൗർലഭ്യങ്ങളിൽ ഒന്ന് സ്ത്രീയുടെ അദൃശ്യതയാണ്. പാർലമെന്റിൽ സ്ത്രീകളുടെ എണ്ണം ഒരുകാലത്തും 8% ത്തിലധികം വന്നിട്ടില്ല. കേരള നിയമസഭയിലാകട്ടെ ഇത് 10 ൽ കൂടുതൽ ഉണ്ടായിട്ടില്ല. ഈ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലാണ് പുതിയ പഞ്ചായത്ത്രാജ് മുനിസിപ്പൽ നിയമങ്ങളിൽ അംഗത്വവും പ്രസിഡന്റ് സ്ഥാനത്തിലും മൂന്നിലൊന്ന് സംവരണം ചെയ്തിരിക്കുന്നതിന്റെ പ്രാധാന്യം തെളിയുന്നത്. തെരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികളിൽ മഹാഭൂരിപക്ഷം പേരും ആദ്യമായാണ് രാഷ്ട്രീയ പ്രവർത്തന രംഗത്ത് വരുന്നത്. പുരുഷ പ്രതിനിധികളെ അപേക്ഷിച്ച് വിദ്യാസമ്പന്നരാണ് വനിതാ പ്രതിനിധികളെങ്കിലും സാമൂഹ്യരാഷ്ട്രീയ രംഗങ്ങളിൽ തീരുമാനം എടുക്കുന്നതിൽ ചാലകശക്തിയായി മാറാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടില്ല. ശരിയായ കാഴ്ചപാടിന്റെ അഭാവം കഴിഞ്ഞകാലങ്ങളിൽ ഭരണരംഗത്ത് ഉണ്ടായിരുന്ന ഭൂരിഭാഗം വനിതാ പ്രതിനിധികളുടെയും പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തിയിട്ടുണ്ട്. പതിവു ചുമതലകൾക്കപ്പുറമേ കമ്മറ്റികളിൽ വോട്ടെടുപ്പുകളിൽ അനുകാശം വിനിയോഗക്കലും മാത്രമായി അവരുടെ പ്രവർത്തന മേഖല ചുരുങ്ങി. ഈ സാഹചര്യത്തിൽ വനിതകളുടെ യഥാർത്ഥ ഭരണപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സ്ത്രീ സാമാന്യത്തിന്റെ നില മെച്ചപ്പെടുത്തുന്നതിനു വനിതാ പ്രതിനിധികളോടൊപ്പം രാഷ്ട്രീയ സാമൂഹ്യ പ്രസ്ഥാനങ്ങളും ലിംഗ നീതി ഉറപ്പ് വരുത്തുന്നതിൽ ഗൗരവമായി ഇടപ്പെടേണ്ട ഒരു വിഷയമാണ്. ഒപ്പം സ്ത്രീകളുടെ ഭരണപങ്കാളിത്തം ഫലപ്രദമാകണമെങ്കിൽ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനശൈലിയിൽ ഒട്ടേറെ മാറ്റങ്ങൾ കൂടിയേതീരൂ.

പ്രശ്നങ്ങൾ

1) കൂലിനിരക്കിലെ പ്രകടമായ അന്തരം.
2) സ്ത്രീ പീഡനങ്ങൾ, അശ്ലീല സിനിമ പോസ്റ്റർ ഇവയുടെ വ്യാപനം.
3) വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ സാങ്കേതിക വിദ്യഭ്യാസ രംഗത്തെ ശ്രദ്ധേയമായ കുറവ് പാഠ്യേത്തര മേഖലയിലെ പങ്കാളിത്ത കുറവ്.
4) മത്സ്യതൊഴിലാളി സ്ത്രീകളിൽ പ്രത്യേകിച്ച് പീലിംഗ് തൊഴിലാളികൾക്ക് ഏകീകൃത കൂലി ഇല്ലയ്മ.
5) തൊഴിൽ പരമായ രോഗങ്ങൾ
6) വർദ്ധിച്ചുവരുന്ന ലൈംഗീക ചൂക്ഷണം.
7) സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനങ്ങളിലെ പങ്കാളിത്ത കുറവ്.
8) വായനാ ശീലത്തിൽ വരുന്ന മൂല്യശോഷണം
9) അംഗൻവാടി അദ്ധ്യാപകർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല – സൗകര്യ കുറവുകൾ
10) സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാര കുറവ് മൂലം അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും കുടുങ്ങികിടക്കുന്നു.

സാധ്യതകൾ

1) അശ്ലീല സിനിമകളും പോസ്റ്ററുകളും പ

അതുവദിക്കില്ലെന്ന് തീരുമാനിക്കുക.
വ്യാജവാറ്റിനെതിരായി സ്ത്രീപങ്കാളിത്ത
മനകീയ കമ്മറ്റികൾ രൂപീകരിക്കുക.
ചെയ്തുവരുന്ന അതിക്രമങ്ങൾക്കെതിരെ
കാലത്തിൽ ജാഗ്രതാ സംഘങ്ങൾ രൂപീ
ക്കുക.
വേതന നിരക്ക് നിജപ്പെടുത്തുന്ന
കളിൽ സ്ത്രീപങ്കാളിത്തവും അഭിപ്രായവും
പ്പാക്കുക.
സ്ത്രീധന വിവാഹങ്ങളെ നിരുത്സാഹപ്പെടു
ക്കുക. ആർഭാട വിവാഹങ്ങൾക്ക് നികുതി ഈടാ
ക്കുക.
മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും
സ്ഥലങ്ങളിലും വൃത്തിയുള്ളതും അട
പ്പുള്ളതുമായ മൂത്രപുരകൾ ഉണ്ടെന്ന് ഉറപ്പു
ക്കുക.
ആരോഗ്യസുരക്ഷാ കേന്ദ്രങ്ങളിൽ സ്ത്രീക
ടെ സ്വകാര്യതയ്ക്ക് ആവശ്യമായ സൗകര്യം
ണ്ടെന്ന് ഉറപ്പാക്കുക.
സ്വന്തം ശരീരത്തെകുറിച്ച് പെൺകുട്ടികളെ
ബോധവതികളാക്കുന്നതിനു ഹൈസ്ക്കൂൾ തലം
പെൺകുട്ടികൾക്കായി ആരോഗ്യക്ലാസ്സു
കൾ നടത്തുക.
അമ്മ-ശിശു സംരക്ഷണ പ്രവർത്തനങ്ങൾ
കാര്യക്ഷമമാക്കുക.
അഗതികളെയും നിരാലംബകളെയും പുനരധി
വസിപ്പിക്കുന്നതിന് അഭയകേന്ദ്രങ്ങൾ തുറക്കുക.
സാമൂഹിക-രാഷ്ട്രീയ ട്രേഡ് യൂണിയൻ
കളിൽ സ്ത്രീകൾക്ക് നിർണ്ണായകമായ
ലഭിക്കുവാൻ വേണ്ട സമ്മർദ്ദങ്ങൾ
ചെലുത്തുക.
വായനശാലകളിൽ സ്ത്രീകൾക്ക് സൗകര്യ
മുണ്ടാക്കുക. വായനശാലാ പ്രവർത്ത
നങ്ങളിൽ സ്ത്രീകളെ കൂടി പങ്കാളികളാക്കുക.
സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധി
പ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ.
സ്ത്രീകൾക്ക് വിദഗ്ദ്ധതൊഴിൽ പരിശീലന കേന്ദ്ര
ങ്ങൾ ആരംഭിക്കണം, മേസ്തിരി പണി, ആശാരി
പണി, ഇലക്ട്രോണിക് സർവ്വീസിംഗ്, വയറിംഗ്,
പ്ലംബിംഗ് ഇവയിലൊക്കെ സ്ത്രീകൾക്ക് പരിശീ
ലനം നല്കുവാനുള്ള പദ്ധതി ആവിഷ്ക്കരിക്ക
ണം. പഞ്ചായത്തിൽ നിലവിൽ ഉള്ളവർക്ക്
ഷോപ്പുകൾ, സർവ്വീസ് സെന്ററുകൾ എന്നിവയു
മായി ബന്ധപ്പെടുത്തി ഇത്തരം പരിശീലന പരി
പാടിക്ക് പഞ്ചായത്ത് നേതൃത്വം നല്കണം.

14) സ്ത്രീകൾക്കായി ചെറുകിട വ്യവസായ യൂണി
റ്റുകൾ ആരംഭിക്കണം. ഇലക്ട്രോണിക്ക്
വസ്തുക്കൾ, ഇലക്ട്രോണിക്ക് ഉപകരണ
നിർമ്മാണം തുടങ്ങിയവയ്ക്കൊക്കെ പ്രാധാന്യം
നല്കണം. പുത്തൻ സാങ്കേതികവിദ്യാഭ്യാസാധിഷ്ഠി
തമായ തൊഴിലുകളിന്മേൽ സ്ത്രീക്ക് നിയന്ത്രണം
ലഭിക്കുക എന്നതും കൂടി ലക്ഷ്യമായിരിക്കണം.

15) കന്നുകാലി സംരക്ഷണവും ക്ഷീരവിക
സനവും സ്ത്രീകൾക്ക് ഫലപ്രദമായി പ്രവർത്തി
പ്പിക്കാവുന്ന മേഖലകളാണ്.

16) അംഗൻവാടികളെ സ്ത്രീകളുടെ സാം
സ്കാരിക കേന്ദ്രമാക്കി ഉയർത്തിയെടുക്കുക.

17) വനിതാക്ഷേമത്തെ മുൻനിർത്തിയുള്ള എല്ലാ
പദ്ധതികളും യഥാർത്ഥ ഗുണഭോക്താക്കൾക്ക്
തന്നെ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ്വരുത്തുക.

18) പഞ്ചായത്തിലെ മുഴുവൻ പദ്ധതികളിലും
പൊതുവായ സ്ത്രീകാഴ്ചപ്പാട് ഉണ്ടായിരിക്കണം.

19) മഹിളാ പ്രസ്ഥാനങ്ങൾ വനിതാ സഹകരണ
സംഘങ്ങൾ മഹിളാസമാജങ്ങൾ തുടങ്ങിയവ ഉപ
യോഗിച്ച് സ്ത്രീകളുടെ സംഘടിത ശക്തി മെച്ച
പ്പെടുത്തുക. വനിതാക്ഷേമപദ്ധതികളെ കുറിച്ച്
പ്രചരണം, ബോധവല്ക്കരണം, വിഭവസമാഹ
രണം എന്നിവയ്ക്ക് നേതൃത്വം നൽകുക.

20) സ്ത്രീകളുടെയും കുട്ടികളുടെയും വാർഡ്
വണ്ടാനം മെഡിക്കൽ കോളേജ്ജ് ഹോസ്പിറ്റ
ലിൽ ആരംഭിക്കുക. മെഡിക്കൽ കോളേജ്ജ്
ഹെൽത്ത് യൂണിറ്റിലും സ്ത്രീകൾക്കും കുട്ടി
കൾക്കും മുൻഗണന നൽകുക.

21) മത്സ്യ പീലിംഗ് മേഖലയിലെ സ്ത്രീകൾക്ക്
മെച്ചപ്പെട്ട ഭൗതീക സാഹചര്യങ്ങളും വൈദ്യപ
രിശോധനയും ഉറപ്പാക്കുക.

22) നിർദ്ധനരായ സ്ത്രീകൾക്ക് നിയമസഹായം
ലഭ്യമാക്കുവാൻ പഞ്ചായത്തിലെ നിയമസഹായ
സെൽ സ്ഥാപിക്കുക.

XII

വിഭവസമാഹരണം

അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ഈ രേഖയിലെ വിഷയഗ്രൂപ്പ് പരിശോധിച്ചാൽ മനസ്സിലാവും. ഒരുപക്ഷേ ഇനിയും കൂട്ടിച്ചേർക്കാൻ പല നിർദ്ദേശങ്ങളുമുണ്ടാകാം. ഒൻപതാം പദ്ധതിയുമായി ബന്ധപ്പെട്ടു ലഭിക്കുന്ന വിഹിതം കൊണ്ട് ഇവയെല്ലാം പരിഹരിക്കാൻ കഴിയുകയുമില്ലല്ലോ. സാധ്യമായ മറ്റെല്ലാ വഴികളും തേടുക എന്നതാണ് നമുക്ക് അഭികാമ്യം. മാനുഷികവും പ്രകൃതിദത്തവുമായ വിഭവങ്ങളുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന നിലയിലാകണം വിഷയമേഖലയിലെ വെല്ലുവിളികളെ ഏറ്റെടുക്കുവാൻപോകുന്ന പദ്ധതികൾക്ക് രൂപം നൽകേണ്ടത്.

അമ്പലപ്പുഴ ഗ്രാമപഞ്ചായത്ത് ഇന്നനുഭവിക്കുന്ന വികസന പ്രതിസന്ധികൾക്ക് ഒരളവോളം പരിഹാരം ഈനാട്ടിലെ ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും കിടമത്സരവും ഒഴിവാക്കിക്കൊണ്ടുള്ള ബോധപൂർവ്വമായ ഇടപെടലും കൊണ്ട് ഉണ്ടാക്കാവുന്നതാണ്. ഏറ്റവും വലിയ വിഭവം ഇവിടുത്തെ ജനത തന്നെയാണ്. പഴയ കാലത്തെ ചില അനുഭവങ്ങളെ കൂടുതൽ ശക്തിയോടെ തിരിച്ചുകൊണ്ടുവരുവാൻ കഴിയണം. അന്നൊക്കെയുള്ള ജനങ്ങളുടെ കൂട്ടായ്മയും മാനസിക ബന്ധവും എത്രയോ പ്രതിസന്ധികളെ അതിജീവിക്കുവാൻ അവർക്കു കരുത്തു നൽകിയിരുന്നു.

ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ ഇത്തരത്തിലുള്ള കൂട്ടായ്മയുടേയും സന്നദ്ധപ്രവർത്തനങ്ങളുടേയും വേദിയൊരുക്കുവാനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. 96 നവംബർ 1 ന് കേരള പിറവി ആഘോഷിക്കുന്നത് സന്നദ്ധ സേവനത്തോടുകൂടിയുള്ള പുനരർപ്പണ ദിനത്തോടുകൂടിയാവണമെന്ന് നിർദ്ദേശിച്ചതിനു പിന്നിൽ ഈ മനുഷ്യ വിഭവത്തെത്തന്നെയാണ് ലക്ഷ്യംവെച്ചത് അഭിമാനമെന്നു പറയ ഏതാണ്ട് 75,000 രൂപക്കു മേൽ തുക ചെല വരുമായിരുന്ന മനുഷ്യ സേവനം സന്നദ്ധ വർത്തനമായി നമുക്കു ലഭിച്ചു. ഈ കൂട്ടാ ഒരു മുതൽക്കൂട്ടായി സ്വരൂപിച്ച് ചിട്ടയായ വി സന ലക്ഷ്യത്തോടെമുന്നേറിയാൽ ആശാവ മായ നേട്ടങ്ങൾ കൊയ്യുവാൻ സാധിക്കും.

വ്യാവസായിക – കാർഷിക മേഖലയി പിന്നോക്കാവസ്ഥ വിഭവസമാഹരണത്തെ കാ മായിത്തന്നെ ബാധിച്ചിട്ടുണ്ട്. എടുത്തുപറ വാൻ പറ്റുന്ന വലിയ വ്യവസായ സംരംഭങ്ങ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ ഇല്ല. ചെ കിട വ്യവസായങ്ങളാവട്ടെ രോഗഗ്രസ്ഥവുമാ ഈ രണ്ടുരംഗത്തും ഗുണപരമായ മാറ്റം ഉണ്ട കുവാനുള്ള മാർഗ്ഗങ്ങൾ തേടേണ്ടതാണ് വൈദ്യുതിയുടേയും സ്ഥലലഭ്യതയുടേയും പ മിതികൾ പരിഹരിക്കുന്നതിനും ചെറുകിട വ്യ സായ തല്പരർക്ക് ആവശ്യമായ ബാങ്ക് ലോ ഉൾപ്പെടെയുള്ള സൗകര്യങ്ങൾക്കായി സഹ യിച്ചും ഇടപെടാവുന്നതാണ്.

കാർഷിക മേഖലയിലാകട്ടെ ദീർഘകാ വീക്ഷണത്തോടെയുള്ള ചിലപരിപാടിക ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. കൃഷിനി ങ്ങൾ താമസപറമ്പുകളായി മാറുന്നതും ഉത്പാ ദന ക്ഷമത അനുദിനം ഇടിയുന്നതുമെല്ലാം ഇ രംഗം വിടാൻ കരഷകരെ പ്രേരിപ്പിച്ചിട്ടുണ് കാർഷികമേഖലയെ ആകർഷകവും ആദായ രവുമാക്കാൻ പറ്റുന്ന ചില നിർദ്ദേശങ്ങൾ കൃ യിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇവ ഏറ്റെടുക്കാനുള്ള മനോഭാവത്തിലേക്ക് കൃഷിക്കാരെ വളർത്തിക ടുക്കണം.

കാലാകാലങ്ങളിൽ ഗവൺമെന്റി നിന്നും ലഭിക്കേണ്ട ഗ്രാന്റുകൾ കൃത്യമായി ല ക്കാറില്ല. ഒരു തലത്തിലുമുള്ള വിവേചനം നി നിർത്താതെ ഗ്രാന്റുകൾ പിരിക്കുന്ന മേഖലയി

വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്താൻ കഴിയണം. സ്റ്റാമ്പ് ഡ്യൂട്ടി സർചാർജ്ജ്, ബേസിക് ടാക്സ്, മോട്ടർ വെഹിക്കിൾ ടാക്സ് തുടങ്ങിയവകളുടെ പഞ്ചായത്തിനു ലഭിക്കേണ്ട വിഹിതം കിട്ടാൻ കാലതാമസം നേരിടുന്നത് ഫണ്ടിന്റെ ദുരുപയോഗത്തിന് കാരണമാകുന്നുണ്ട്. ഗ്രാൻടുകളുടെ നീതിപൂർവ്വമായ വിതരണം ഉറപ്പു വരുത്തുകയും വേണം. ഉത്പാദന മേഖലയിലെ തിരിച്ചടികൾ വ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാതിരുന്നത് ഗൾഫ് പണത്തിന്റെ സ്വാധീനം കൊണ്ടുതന്നെയാണ്. കെട്ടിട നിർമ്മാണം പോലുള്ള ആഡംബര രംഗത്തേക്കുമാത്രമുള്ള നിക്ഷേപത്തിന്റെ ഗതി ഉത്പാദനമേഖലയിലേക്ക് തിരിച്ചുവിടുന്നതിനുവേണ്ടുയുള്ള ശ്രമങ്ങൾ കൂടി ഉണ്ടാവണം. ഗൾഫ് മേഖലകളിൽ നിന്നും തിരിച്ചുവിടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതും ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.

പട്ടിക 1 വരവു സംബന്ധിച്ച വിവരങ്ങൾ – '95–96

	ഇനം	ധനാഭ്യർത്തന	പിരിച്ചതുക	ബാക്കി
	1	2	3	4
1	കെട്ടിട നികുതി	564199.55	559894.75	429.80
2	തൊഴിൽ നികുതി	390713.00	388138.00	2575.00
3	വിനോദ നികുതി	56819.00	56819.00	–
4	അഡി. വിനോദനികുതി	34081.00	34081.00	–
5	പ്രദർശന നികുതി	5695.00	5695.00	–
6	പ്രദർശന നികുതിയിൻമേൽ ഉള്ള സർചാർജ്ജ്.	1458.25	1458.00	–
7	ലാൻഡ് സെസ്സ്	NIL	NIL	NIL
8	ലൈസൻസ് ഫീസ്	20809.00	20809.00	2500.00
9	ചന്ത വരവ്	NIL	NIL	NIL
10	കെട്ടിട നികുതി സർചാർജ്ജ്	NIL	NIL	NIL
11	വസ്തു കൈമാറ്റ നികുതി 75%	161980.00	161980.00	–
12	വസ്തു കൈമാറ്റ നികുതി 25%	123657.00	123657.00	
13	സർക്കാർ ഗ്രാൻഡ് ഒഴികെയുള്ള മറ്റു വരുമാനങ്ങൾ	294797.00	294797.00	–
14	സംഭാവന	NIL	NIL	NIL
15	ഡിപ്പോസിറ്റ്	57860.00	57860.00	–
16	മറ്റുള്ളവ	346824.75	346824.75	–
17	സർവ്വീസ് ചാർജ്	NIL	NIL	NIL
18	വാഹനനികുതി	NIL	NIL	NIL
	ആകെ	2051988.25	2051988.25	6996.80

പട്ടിക 2 ചിലവു സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	676446.50
പൊതുമരാമത്ത്	1070155.00
വിദ്യാഭ്യാസം	16340.00
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം.	101207.00
തെരുവു വിളക്കുകൾ കത്തിക്കുന്നതിന്	188239.00
സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ	56326.00
നിലത്ത് എഴുത്ത് ആശാൻമാർക്ക് ഗ്രാന്റ്	13000.00
കടത്ത്	14700.00
മറ്റുള്ളവ	447878.00 1478786
ആകെ	2284290.00

ചെലവു സംബന്ധിച്ച വിവരങ്ങൾ

നിലവിലുള്ള നികുതികൾ യുക്തി സഹമാക്കുകയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കുക വഴി ചെയ്യുന്നതെന്ന് ജനങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻ കഴിയും. തങ്ങൾ തരുന്ന നികുതി പണം ഒട്ടും തന്നെ വൃഥാ വഴിക്ക് പോകുന്നില്ല എന്ന് ഓരോരുത്തരേയും ബോധ്യപ്പെടുത്തുകയും വേണം. ഇതിനായി കണക്കുകൾ ജനങ്ങൾ മുമ്പാകെ അവതരിപ്പിക്കണം. അഴിമതി പരിഹരിക്കുന്നതിനും ജനപങ്കാളിത്തം ഊർജ്ജിതപ്പെടുത്തുന്നതിനും ഇതു സഹായകമാകും.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

A നിലവിലുള്ള സംവിധാനങ്ങളെ കാര്യക്ഷമമാക്കുക.

1) കെട്ടിട നികുതി : ഇപ്പോൾ കെട്ടിട നികുതി ചുമത്തുന്നത് ശാസ്ത്രീയമായല്ല. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ല ആഢംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. വ്യക്തിബന്ധങ്ങളും രാഷ്ട്രീയ പരിഗണനയും മറ്റ് അഴിമതിയും ഒഴിവാക്കാൻ ഗ്രാമസഭകളുടെ സഹായം തേടണം. ഓരോ വാർഡിലേയും ഓരോരുത്തരിൽ നിന്നും ഈടാക്കുന്ന കെട്ടിട നികുതി ഗ്രാമസഭയിൽ ബന്ധപ്പെട്ടവർ അവതരിപ്പിക്കണം.

പട്ടിക

വർഷം	കെട്ടിട നികുതി
93–94	511286.65
94–95	524380.95
95–96	555635.10

(വിശദമായ വിവരം പാർപ്പിട വിഷയത്തിൽ ശ്രദ്ധിക്കുക.)

2) വിനോദ നികുതി :

ഗ്രാമപഞ്ചായത്തിൽ മൂന്ന് സിനിമാശാലകൾ ഉണ്ടെങ്കിലും നികുതിയിനത്തിൽ പഞ്ചായത്തിൽ വരുന്നത് അർഹമായ പകുതി പോലുമില്ല എന്ന കണക്കുകൾ വ്യക്തമാക്കുന്നു. വിനോദ നികുതി കർക്കശമാക്കുക എന്നതാണ് ഈ ചോർച്ചയ്ക്ക് പരിഹാരം. പ്രേക്ഷകരുടെ എണ്ണവും നികുതി വരവും പരിശോധിച്ചാൽ ഒട്ടേറെ കൃത്രിമങ്ങൾ നടക്കുന്നുണ്ട് എന്ന് ബോധ്യമാകും ഓരോ ഷോയും അവസാനിക്കും മുമ്പായി വെളിയിൽ പ്രദർശിപ്പിക്കുന്ന സംവിധാനം ഉപയോഗിച്ചാൽ ജനപങ്കാളിത്തത്തോടെ ഈ രംഗത്ത് ഫലപ്രദമായി ഇടപെടാൻ കഴിയും

പട്ടിക 3 പ്രേക്ഷകരുടെ എണ്ണം

സിനിമാശാല	90–91	91–92	92–93	93–94	94–95	95–96
ശ്രീകൃഷ്ണ	34000	31674	24700	40092	27000	25100
സ്വപ്ന	42000	34900	33200	28200	30000	22700
പ്രതീക്ഷ	38400	33000	27000	18600	21600	15300
ആകെ പ്രേക്ഷകർ	114400	99574	849000	87892	78600	63100

പട്ടിക 4 വിനോദ നികുതി

സിനിമാശാല	90–91	91–92	92–93	93–94	94–95	95–96
ശ്രീകൃഷ്ണ	13100	15304	27725	21512	21512	28811
സ്വപ്ന	16378	15129	34650	29600	39540	33184
പ്രതീക്ഷ	13100	15304	27725	18323	24382	28840
ആകെ	42578	45737	90100	69435	85434	90835

പട്ടിക 5 95–96 ലെ ശരാശരി പ്രേക്ഷകരും വരുമാനവും

സിനിമാശാല	പ്രേക്ഷകർ (എണ്ണം)			പഞ്ചായത്തിന്റെ വരുമാനം (Rs.)		
	ഒരുവർഷം	ഒരു ദിവസം	ഒരു ഷോ	ഒരുവർഷം	ഒരു ദിവസം	ഒരു ഷോ
ശ്രീകൃഷ്ണ	25100	68.77	22.92	28811	78.93	26.31
സ്വപ്ന	22700	62.19	20.73	33184	90.92	30.31
പ്രതീക്ഷ	15300	41.92	13.97	28840	79.01	26.34

പട്ടിക 6 വീടുകൾ (കെട്ടിടങ്ങൾ) നികുതിയുടെ അടിസ്ഥാനത്തിൽ തിരിച്ചത്

26 രൂപായ്ക്ക് താഴെ	26 മുതൽ 100 വരെ	101 മുതൽ 200 വരെ	201 മുതൽ 300 വരെ	300 രൂപായക്ക് മുകളിൽ
2451	3945	917	387	516

15 വാർഡുകളിലായി ആകെ നകുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങൾ – 8216

തൊഴിൽ നികുതി

തൊഴിൽ ചെയ്യുന്ന മുഴുവൻ പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിലാളികളെ മുഴുവൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീമിന്റെ കീഴിൽ കൊണ്ടുവരുകയും അംഗത്വമുള്ളവരിൽ നിന്നു തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം.

4) ലൈസൻസ് ഫീസ്

ലൈസൻസ് എടുക്കാതെ തന്നെ പല ചെറുകിട സ്ഥാപനങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയുണ്ടായാൽ അനായാസം ഇത് പരിഹരിക്കാൻ കഴിയും.

ഇതര സാദ്ധ്യതകൾ

1) തെരുവു വിളക്ക്

ഇന്നു പഞ്ചായത്തിൽ നിന്നും കത്താത്ത വിളക്കിനും കെ. എസ്. ഇ. ബി. ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇതൊഴിവാക്കി ഉപയോഗിക്കുന്ന കറന്റിനു മാത്രം ചാർജ്ജ് ഈടാക്കണം. ഇതിനായി പ്രത്യേക മീറ്റർ സമ്പ്രദായം കൊണ്ടു വരണം. തെരുവു വിളക്കുകൾ ഇരുട്ട് വ്യാപിക്കുന്ന സമയത്ത് മാത്രം തെളിക്കുക.

2) പഞ്ചായത്തിന്റെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളുടെയും കൂലി ഇനത്തിൽ വരുന്ന ചിലവു ശ്രമദാനമായി സംഘടിപ്പിക്കണം.

3) ഭൂനികുതിയിൽ വർദ്ധന ഉണ്ടാക്കുക.

4) പുറമ്പോക്കായി കിടക്കുന്ന സ്ഥലം തരിശ് ആയി കിടക്കാതെ സൂക്ഷിക്കുക. കഴിയുന്നത്ര പുറമ്പോക്ക് സ്ഥലം ലീസായി കൊടുക്കുക.

5) ചിട്ടി രജിസ്ട്രേഷൻ പഞ്ചായത്തിലൂടെ നടത്തുക, സർവ്വീസ് സഹകരണ സംഘം പഞ്ചായത്തിന്റെ ബാങ്കായി മാറണം.

6) പഞ്ചായത്ത് നിവാസികളുടെ ചെറുതും വലുതും ആയ ഡിപ്പോസിറ്റുകൾ പ്രദേശത്തെ സഹകരണ സ്ഥാപനങ്ങളിൽ നിക്ഷേപിക്കാൻ ആവശ്യമായ പ്രചരണം, ഡിപ്പോസിറ്റ് പരമരഹസ്യം ആയിരിക്കണം.

7) ഗൾഫിൽ ജോലി ചെയ്യുന്നവർ നാട്ടിൽ വരുമ്പോൾ അവരെ കൊണ്ട് വികസന പ്രവർത്തനങ്ങൾ ഏതെങ്കിലും സ്പോൺസർ ചെയ്യാൻ പ്രേരിപ്പിക്കുക.

8) പരേതരായ സ്വന്തക്കാരുടെയും ബന്ധുക്കളുടെയും സ്മരണകൾക്കായി പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ സ്മാരകമെന്നോണം കണ്ട് സഹായിക്കുന്നതിനു വേണ്ടയുള്ള ബോധവത്ക്കരണം നടത്തുക.

9) പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനം മുഴുവൻ ജനകീയ കമ്മറ്റിയുടെ മുഖാന്തിരം ആയിരിക്കണം.

10) പഞ്ചായത്ത് അതിർത്തിയിലുള്ള മദ്യഷാപ്പുകൾക്ക് പരമാവധി ഫീസ് ഈടാക്കണം.

11) പാരൽ കോളേജ്, സ്വകാര്യ ക്ലീനിക്ക് എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീസ്.

12) പഞ്ചായത്ത് അതിർത്തിയിൽ പരസ്യപ്പെടുത്തുന്ന എല്ലാത്തരം പരസ്യങ്ങൾക്കും അഡ്വർട്ടൈസ്മെന്റ് നികുതി.

13) മഹിളാപ്രധാൻ ഏജന്റ് മുഖേന ഉള്ള നിക്ഷേപം വർദ്ധിപ്പിക്കുവാൻ ജനകീയ ബോധവത്ക്കരണം. ഈ നിക്ഷേപത്തിന്റെ 20% വരെയുള്ള തുക ബന്ധപ്പെട്ട പഞ്ചായത്തിന് തന്നെ ലഭിക്കുമെന്ന് ഓർക്കുക.

15) പഞ്ചായത്തല സ്റ്റാറ്റർ ഹൗസ് (കശാപ്പുശാല) സ്ഥാപിച്ച് ലേലത്തിനു നല്കുക.

16) മത്സ്യമാർക്കറ്റ്

ഒട്ടേറെ മത്സ്യ വിപണി ഉള്ള മേഖലയെങ്കിലും ഈയിനത്തിൽ നമ്മുടെ പഞ്ചായത്തിന് വരുമാനം ഇല്ല എന്നത് ശ്രദ്ധേയമാണ്. നിയമവിരുദ്ധമായി മത്സ്യ വിപണന കേന്ദ്രങ്ങൾ നിരോധിക്കണം. പഞ്ചായത്തിന്റെ നേതൃത്തത്തിൽ വളഞ്ഞവഴിയിൽ മത്സ്യമാർക്കറ്റ് സ്ഥാപിച്ച് ലേലത്തിനു കൊടുക്കാവുന്നതാണ്.

തീരദേശ മത്സ്യമാർക്കറ്റുകൾ

മത്സ്യതൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കൈമാറ്റം ചെയ്യുന്നതിനു വിസ്തൃതമായ ഷെഡും, വാഹനങ്ങൾക്ക് പാർക്ക്

പയ്യാൻ പാർക്കിംങ്ങ് ഏരിയായും ഉള്ള
സ്യമാർക്കറ്റ് വളഞ്ഞവഴി പടിഞ്ഞാറ്
ക്കോഴം പടിഞ്ഞാറ് അമ്പലപ്പുഴ പടിഞ്ഞാറ്

എന്നിവടങ്ങളിൽ സ്ഥാപിക്കാവുന്നതും മത്സ്യശേ
ഖരത്തിനു എത്തുന്ന വാഹനങ്ങളിൽ നിന്നടക്കം
പ്രവേശന നികുതി ഈടാക്കാവുന്നതാണ്.

കച്ചേരി ജംഗ്ഷനിൽ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന്റെ ശിലാ സ്ഥാപന കർമ്മം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ .വിജയൻ നിർവ്വഹിക്കുന്നു.



പി. കെ. മെമ്മോറിയൽ ഗ്രന്ഥശാലാ

ഉപസംഹാരം

വികസന പ്രശ്നങ്ങൾക്ക് അവസാനമില്ല
വികസന പ്രവർത്തനങ്ങൾക്കും
ആസൂത്രണത്തിലും നിർവഹണത്തിലും വന്ന അപാകതകൾ മൂലം
സമൂഹത്തിന്റെ വികസന സങ്കൽപ്പത്തിലും വികലമായ
മാറ്റങ്ങൾ പ്രകടമായിട്ടുണ്ട്.
സമൂഹത്തിന്റെ മുന്നോട്ടുള്ള കുതിപ്പിനു ആക്കം കൂട്ടുന്ന പ്രക്രിയക്ക്
നാന്ദികുറിക്കുവാൻ, ഒരു പുത്തൻ വികസന സങ്കൽപ്പം കരുപ്പിടിപ്പിക്കുവാൻ,
ജനകീയാസൂത്രണ പ്രസ്ഥാനത്തിനു കരുത്ത് പകരുക.
സ്നേഹത്തിന്റെ, കൂട്ടായ്മയുടെ, ചക്രവാളങ്ങൾ തേടാൻ,
തിന്മയുടെ - അഴിമതിയുടെ കറുത്ത ശക്തികൾക്കെതിരെ,
ജനമുന്നേറ്റമായി മാറാൻ വരിക. ഈ നവജാത ശിശുവിനു ശക്തി നല്കുക.
അപൂർവ്വമായി ലഭിക്കുന്ന ഈയവസരത്തെ ആവുന്നത്ര
ഗുണപരമാക്കി മാറ്റാൻ, ക്രിയാത്മക നിർദ്ദേശങ്ങൾക്കായി
ഈ രേഖ സമർപ്പിക്കുന്നു.

——— ജനകീയ ആസൂത്രണ സമിതി

പഞ്ചായത്തിന്റെ സാരഥികൾ

എഡിറ്റോറിയൽ വിഭാഗം

ശ്രീ. എൻ. കൃഷ്ണപ്പണിക്കർ (ചീഫ്)

ശ്രീ. പുരുഷോത്തമപ്പണിക്കർ

ശ്രീ. അശോക് കുമാർ

പ്രൊഫ. ഗോപിനാഥ പിള്ള

ശ്രീ. ആർ. വി. ഇടവന

ശ്രീ. ജെ. ശ്രീധരൻ

ശ്രീ. ഷെർലി

ശ്രീ. കെ. എസ്. കുട്ടപ്പൻ

ശ്രീ. ശ്രീകുമാരൻ തമ്പി

കവർ & ഡിസൈൻ
ശ്രീ. കെ. എസ്. ശിവൻ (ചിക്കൂസ്)